തിന്റെ വിവിധവശങ്ങളെക്കുറിച്ചു പരിശോധിച്ചു ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഉള്ള യാതൊരു വ്യത്യാസവും ഗവൺമെൻറ് ഇ ാര്യത്തിൽ കാണുന്നില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വികസന പ്രവർത്തന രംഗത്തെ എല്ലാ അഴിമതിയും ഇല്ലായ്മ ചെയ്യുകയും എവിടെയെങ്കിലും അനധികൃതമായോ അലസമായോ എന്തെങ്കിലും അഴിമതികൾ നടക്കുന്നുണ്ടെങ്കിൽ അതു തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിന് ഗവൺമെൻറിന് യാതൊരു വൈമനസ്യവും ഇല്ലായെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണം നടത്താൻ നിശ്ചയിച്ച വിവരം സസന്തോഷം ഞാൻ സഭയെ അറിയിക്കുകയാണ്.

VI റൂൾ 130 അനുസരിച്ചുള്ള ഉപക്ഷേപം

കല്ലട–ഇടമലയാർ അണക്കെട്ടുകളിലുണ്ടായ ചോർച്ചയെത്തുടർന്നുളവായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം

ശ്രീ. ബേബി ജോൺ : സർ, കേരളത്തിലെ പ്രമുഖ ജലസേചന-വൈദ്യുതി പദ്ധതികളായ കല്ലട, ഇടമലയാർ അണക്കെട്ടുകളിലുണ്ടായ ചോർച്ചയെത്തുടർന്ന് സംജാതമായ ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഈ ഉപക്ഷേപത്തിന് കുറച്ച് ദിവസങ്ങൾക്കു മുമ്പായിരുന്നു നോട്ടീസ് നൽകിയതെന്ന് അങ്ങേക്കും സഭാനേതാവിനും അറിയാവുന്നതാണ്. അതിന്റെ ചർച്ച ഇന്നു വരുമെന്നും അറിയാമായിരുന്നു. ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ അറിയിച്ചിരിക്കുന്നു, ഈ കാര്യങ്ങളെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നുവെന്ന്. അത്രത്തോളമായി. കമ്മിറ്റിയുടെ റിപ്പോർട്ട് എന്ന് പറയുന്നത് അദ്ദേഹം പറഞ്ഞതുപോലെ തന്നെ കക്ഷി വ്യത്യാസം കൂടാതെയുള്ള സഭയുടെ കമ്മിറ്റിയുടെ റിപ്പോർട്ടാണ്. കഴിഞ്ഞ ജൂലൈ മാസത്തിലായിരുന്നു പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട് ഈ സഭയിൽ അവതരിപ്പിച്ചത്. ഇത് സെപ്റ്റംബർ മാസമാണ്. എന്നിട്ടും ഈ നോട്ടീസ് കിട്ടിയതിന്റെ ചർച്ചയ്ക്ക് വരുന്ന അവസരത്തിൽ മാത്രമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആ റിപ്പോർട്ടിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കണ എന്ന് തോന്നിയത്.

ആ റിപ്പോർട്ടിന്റെ അവസാന ഭാഗം അങ്ങയുടെ അറിവിനുവേണ്ടി ഞാൻ വായിക്കുകയാണ്. The Committee desire that an enquiry should be conducted immediately about all the aspects in the construction of the Dam including the leakage and its causes by an independent agency consisting of top level experts not connected in any way with the construction of the Dam.

Responsibilities should be fixed for the various.... .....

എന്നു പറഞ്ഞതാണ്. ഈ കമ്മിറ്റി ജൂലൈ 30-ാം തീയതിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. പബ്ലിക് അണ്ടർടേക്കിങ്ങ്സ് കമ്മിറ്റിയുടെ റിപ്പോർട്ട് 4-ാം തീയതിയാണ് സമർപ്പിച്ചത് എന്നാണെന്റെ ഓർമ്മ. അതിൽ പറഞ്ഞിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത് ഇതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ഒരു ജൂഡീഷ്യൽ അന്വേഷണം വേണമെന്നാണ്. ഞാൻ ഇതിനെ സംബന്ധിച്ച് ഒരു ചർച്ച വേണമെന്ന് ഉപക്ഷേപം അവതരിപ്പിച്ചത് ആരെയെങ്കിലും പ്രത്യേകമായികുറ്റപ്പെടുത്താനോ സഹായിക്കാനോ അല്ല. ഇപ്പോഴും ഇതിനകം തന്നെ ചില സാങ്കേതിക വിദഗ്ദ്ധൻമാർ നമ്മുടെ സംസ്ഥാനത്തുവന്നു. അവരുടേതാണെന്ന് പറയുന്ന ചില റിപ്പോർട്ടുകളും ഈ സഭയിൽവന്നതെ വച്ചു. ഇടമലയാറിനെ സംബന്ധിച്ചും കല്ലടയെ സംബന്ധിച്ചും എങ്ങനെ ഇപ്പോഴുള്ള കുറവുകളും പരിഹരിക്കാൻ കഴിയുമെന്നുള്ളതാണ് അവരുടെ നിർദ്ദേശത്തിൽ ഉണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തുകൊണ്ട് ഇതുണ്ടായി എന്ന് പരിശോധിക്കേണ്ടതായിരുന്നു. ആ പരിശോധന വാസ്തവത്തിൽ നമ്മുടെ ഉത്തമതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിന് ആവശ്യമാണ് എന്ന വിശ്വാസമാണെനിക്കുള്ളത്. ഇത് ആരുടെ കാലത്തായാലും ശരി, ഉപ്പു തിന്നവൻ വെള്ളം കുടിക്കട്ടെ. ഞാൻ പറയുന്നത് ഭാവിയിൽ നമ്മുടെ പ്രവർത്തനങ്ങളിൽ ഈ കുറവുകൾ ഒഴിവാക്കണം. അതുകൊണ്ട് എന്താണു കുറവ്, എന്താണു കുറ്റം എന്നുള്ളതിനെ സംബന്ധിച്ച് ഒരു പരിശോധന നടത്തി ഭാവിയിലെ പ്രവർത്തനങ്ങൾക്കുകൂടി സഹായകരമാക്കണമെന്നാണ് ഞാൻ പറയുന്നത്. കല്ലടയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ടാണ് ആദ്യം കിട്ടിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ വളരെയേറെ പ്രതീക്ഷയോടുകൂടി ജനങ്ങൾ നോക്കിക്കാണുന്ന രണ്ടു പ്രധാനപ്പെട്ട പ്രോജക്ടുകളാണിവ. കല്ലട ഡാമിന്റെ പണി വർഷങ്ങൾക്കു മുമ്പു തുടങ്ങിയതാണ്. പല കാരണങ്ങളാൽ നീണ്ടു പോയി. കല്ലട പ്രോജക്ടിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് നിയമസഭയിൽ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകി അതിനെപ്പറ്റി ചർച്ച ചെയ്യുന്ന അവസരത്തിൽ ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രി പറഞ്ഞ വാക്കുകൾ ഞാൻ ഓർക്കുകയാണ്. "ഒരു ചെറിയ കിണിച്ച" " എന്നാണ് പറഞ്ഞത്. ചെറിയ ഒരു നനവ് എന്ന അർത്ഥത്തിലാണ് ഞാൻ മനസ്സിലാക്കിയത്. അതിനുശേഷമാണ് ഈ കമ്മിറ്റിപോയി അവിടെ പരിശോധിച്ചത്. നമ്മുടെ ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രി പറഞ്ഞ ഒരു 'ചെറിയ കിനിവല്ലായിരുന്നു അത്. ആ ഡാം മുഴുവൻ ചോരുകയായിരുന്നു. "From top to bottom" എന്തിനാണ് ഈ വസ്തുത സഭയിൽനിന്നും മറച്ച് വച്ചത്? മന്ത്രിയുടെ കക്ഷികൂടി ഉൾക്കൊള്ളുന്ന കമ്മിറ്റിപോയി എഴുതിയ റിപ്പോർട്ടിലാണ് ഈ വിവരമുള്ളത്. Not only on the face of the dam ഗ്യാലറി മുഴുവൻ ഉണ്ടായിരുന്നു. അതിനെക്കുറിച്ച് ഗവൺമെന്റ് അന്വേഷിക്കണമെന്നാണ് എന്റെ അഭിപ്രായം. നിയമസഭയുടെ ഒരു കമ്മിറ്റി ആ പദ്ധതി നേരിട്ട് കണ്ട് പരിശോധിക്കുന്നതിന് അവിടെ പോയപ്പോഴും അവരെ കാണിക്കാതെ മറച്ചു വച്ചിരുന്ന ഒരു പ്രദേശമുണ്ട് പി. എ. സി. യിലെ അംഗങ്ങൾക്കെല്ലാവർക്കും കല്ലട പ്രോജക്ടിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള അതിന്റെ എ. ബി. സി. അറിഞ്ഞിരിക്കണമെന്നില്ല. ഉദ്യോഗസ്ഥൻമാരുടെ ബാദ്ധ്യതയാണ് ആ പ്രോജക്ടിനെ സംബന്ധിച്ചുള്ള എല്ലാ പ്രവർത്തന മേഖലകളിലും കമ്മിറ്റി അംഗങ്ങളെ കൊണ്ടുപോയി കാണിക്കുകയെന്നുള്ളത്. ഒരു പ്രദേശത്ത് ഭയങ്കരമായ ചോർച്ചയായിരുന്നു. അവിടെ ഇറങ്ങാൻ സാധിക്കുകയില്ലായിരുന്നു. അത്ര ചോർച്ചയായിരുന്നു. അവിടം അടച്ചു വച്ചിരുന്നു. 'അനുവർക്ക് പ്രവേശനമില്ലായെന്ന്', പറഞ്ഞ് അടച്ചു വച്ചിരുന്നു. അംഗങ്ങളെ കാണിച്ചില്ല. ഗുരുതരമായ കുറ്റമല്ലേ അത്. മന്ത്രിക്ക് അറിയില്ലേ? എന്ത് നടപടി ഇതിൻമേൽസ്വീകരിച്ചുവെന്ന് ഞാൻ ചോദിക്കുകയാണ്. ഞങ്ങൾ വിദഗ്ധൻമാരല്ല, ഞങ്ങൾ അവിടെക്കണ്ട ചില വസ്തുതകൾ പറഞ്ഞുവെന്നുമാത്രമേയുള്ളൂ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് തെറ്റായിരുന്നുവെന്ന്. ഡാം മുഴുവൻ വെള്ളം ഒലിച്ചുകൊണ്ടിരിക്കുന്നു. 'ജെറ്റ് പ്ലോ' കണക്കെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ഷൻ ഗ്യാലറിയിൽ വെള്ളം ഒഴുകുന്നത് എന്നാണ് ആ കമ്മിറ്റി യുടെ റിപ്പോർട്ടിന്റെ ഒരു ഭാഗത്ത് പറയുന്നത്. ഞങ്ങൾ എഞ്ചിനീയറോട് ചോദിച്ചു അങ്ങനെ വരുമോയെന്ന്. അദ്ദേഹം പറഞ്ഞത് There is a provision for it ഇങ്ങനെ വരുന്ന അവസരത്തിൽ വെള്ളം പോകാനുള്ള ഒരു പ്രൊവി ഷനുണ്ട്. അപ്പോൾ ഇത്രയും വലിയ അളവിൽ പോകുമോ ? അത് പാടില്ലാ യിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ പറയുന്നത് കല്ലട ഡാമിൽ എന്നും ചോർച്ചയായിരിക്കും. പെർമനന്റ് ചോർച്ച. ആ ചോർച്ച കൊണ്ട് എന്തെങ്കിലും പ്രത്യേകമായ അപകടം ഉണ്ടാകുമോയെന്ന് എനിക്ക് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഇൻസ്പെക്ഷൻ ഗ്യാലറിയിലും ഡാമിലും കണ്ട ചോർച്ച മാത്രമല്ല, രണ്ടുമൂന്ന് സ്ഥലത്ത് ഇത്രയും ഫോഴ്സിലൊന്നുമല്ലെങ്കിലും വെള്ളം ചോർന്നുകൊണ്ടിരിക്കുന്നു. ഇതെന്താ ണെന്ന് എഞ്ചിനീയറോട് ചോദിച്ചു. അത് വരാൻ പാടില്ലാത്തതായിരുന്നു വെന്നാണ് മറുപടി. ഇതിന് പരിഹാരം നിർദ്ദേശിച്ച ശ്രീ. മാധവനോട് ഞങ്ങൾ ചോദിച്ചു. "Leave it as it is" എന്നാണ് അതിന് അന്നേ പറഞ്ഞത്. അത് അടച്ചാൽ വേറെ ഒരിടത്ത് പൊട്ടും. അതാണ് ഞാൻ പറഞ്ഞത് സ്ഥായിയായ ചോർച്ചയായിരിക്കും കല്ലട ഡാമിൽ ഉണ്ടാവുകയെന്ന്. അതുകൊണ്ട് എന്ത് അപകടം ഉണ്ടാകുമെന്ന് എനിക്ക് പറയാൻ കഴിയില്ല. ഗവൺമെന്റ് അവകാശപ്പെടുന്ന വിദഗ്ധനായ ശ്രീ. മാധവൻ അത്നെക്കുറിച്ച് പറഞ്ഞിരിക്കുന്നു "leave it as it is". കാരണം അതടച്ചാൽ വേറെയാരിടത്ത് ബ്ലോജ് ചെയ്തു പൊട്ടും. അതാണ് നമ്മുടെ കല്ലട ഡാമിന്റെ സ്ഥിതി. ഇങ്ങനെ വരുന്ന അവസരത്തിൽ നമ്മൾ ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അദ്ദേഹത്തിന്റെ കാലത്തല്ല അതിനു മുമ്പുള്ളതായിരുന്നുവെന്ന്. ഞാൻ പറയുന്നത് ആരുടെ കാലത്തെന്നുള്ളതല്ല ; ഈ ഡാമിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഈ സഭയിൽത്തന്നെ ചില പരാതികൾക്കിടയായപ്പോൾ അന്വേഷണത്തിനായി ചീഫ് ടെക്നിക്കൽ എക്സാമിനറെ ഏർപ്പാടു ചെയ്തു. നല്ല കാര്യമാണ്. എനിക്കു കിട്ടിയ പരാതികൾ എല്ലാം ചീഫ് ടെക്നിക്കൽ എക്സാമിനറെ ഏല്പിച്ചുവെന്ന് പറയുന്ന മന്ത്രി ആ എക്സാമിനറുടെ റിപ്പോർട്ടിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നുള്ളതാണ് അറിയേണ്ടത്. അദ്ദേഹം റിപ്പോർട്ട് ചെയ്തത് ഈ ഡാമിന്റെ മുകൾപ്പരപ്പിൽക്കൂടി, അതിന്റെ പണിമുഴുമിപ്പിക്കാത്ത ആ സ്ട്രക്ച്ചറിൽക്കൂടി ഭാരം കയറിയ ലോറി ഓടിച്ചുകൊണ്ടുപോയി എന്നാണ്. അതിനുള്ള സൗകര്യത്തിനുവേണ്ടി കട്ടിക്ക് മണൽ നിരത്തിയി രുന്നു. ഇത് ഡാമിന്റെ safety ക്ക് വളരെ ദോഷം ചെയ്തിരിക്കുന്നുവെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആ റിപ്പോർട്ടും മന്ത്രിക്ക് കിട്ടിയില്ലേ ? എന്ത് നടപടി സ്വീകരിച്ചുവെന്നാണ് ഞാൻ ചോദിക്കുന്നത്. ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അവിടെയാണ് അതിന്റെ കേസ്. നടപടിയൊന്നും സ്വീകരിച്ചില്ല എന്നുമാത്രമല്ല, ആ കോൺട്രാക്ടർക്ക് ശിരുവാണിയിൽ 25 ലക്ഷം രൂപയുടെ കോൺട്രാക്ട് ടെണ്ടർപോലും വിളിക്കാതെ കൊടുത്തു. ഈ ഡാമിന്റെ പുറത്തുകൂടി ലോറി കൊണ്ടുപോയി. അങ്ങനെ കൊണ്ടുപോകരുതെന്ന് നിയമമുണ്ട്. അതിന് വേറെ വഴികൾ കൊടുത്തിട്ടുണ്ട്. ഹെഡ് ലോഡായി കൊണ്ടുപോകു ന്നതിനാണ് റേറ്റ്. ഇതെല്ലാം ഡാമിന്റെ ഭദ്രതക്ക് ദോഷം വരുന്ന പ്രവർത്ത നങ്ങളാണെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ റിപ്പോർട്ട് ചെയ്തിട്ട് അതിൻമേൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചത് ? ഗവൺ മെന്റിന്റെ ഈ നടപടിയിലാണ് എനിക്ക് അമർഷമുള്ളത്. അവിടെയാണ് പ്രതിഷേധമുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, പിന്നീട് പറഞ്ഞു അവിടെ മണ്ണിട്ടിരിക്കുന്നു. എന്ന് അതിന്റെ പുറത്താണ് അടുത്ത കൺസ്ട്രക്ഷൻ കെട്ടിയത്. നമ്മൾ ആരും വിദഗ്ധരല്ല. സാധാരണ മേസൻറി വർക്കുകളിൽ ഇടയ്ക്ക് മണ്ണ് ലൂസായിട്ട് കിടന്നാൽ അതിന്റെ പുറത്ത് വച്ച് കെട്ടിയാൽ ബലക്കില്ല. അതാണ് സി. റ്റി. ഇ. പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് അത് ഡാമിന്റെ ഭദ്രതയ്ക്ക് വളരെ അപകടമുണ്ടാക്കുമെന്നാണ്. കെട്ടിയത് അവിടെ ഉറച്ചിട്ടില്ല. പുതിയ കൺസ്ട്രക്ഷനും പഴയ കൺസ്ട്രക്ഷനും തമ്മിലുള്ള ബന്ധം ഉറച്ചിട്ടില്ല എന്നാണ് സി. റ്റി. ഇ. പറഞ്ഞിരിക്കുന്നത്. ഇത് ഞാൻ പറയുന്നതല്ല. എന്നിട്ട് ഈ ഗവൺമെന്റ് ആ റിപ്പോർട്ട് വായിച്ചിട്ട് എന്ത് നടപടി സ്വീകരിച്ചു? അവിടെയാണ് ആലോചിക്കേണ്ടത്. ആ റിപ്പോർട്ട് വാങ്ങി വച്ചിട്ട് യാതൊരു നടപടിയും സ്വീകരിച്ചില്ല. വളരെ വേദനാജനകമായ കാര്യമാണ്. ഗവൺമെന്റ് നിയോഗിച്ച് ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം റിപ്പോർട്ട് തയ്യാറാക്കിക്കൊടുത്ത ഉദ്യോഗസ്ഥന് കിട്ടിയ പ്രതിഫലമെന്താണെന്നറിയാമോ? സർവ്വീസിൽനിന്ന് പോയിട്ട് ഇതുവരെ അദ്ദേഹത്തിന് പെൻഷൻ കിട്ടിയിട്ടില്ല. സത്യസന്ധമായി ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഡാമിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കിക്കൊടുത്ത ആ ഉദ്യോഗസ്ഥൻ തന്നെയായിരുന്നു ശിരുവാണിവാൽ വിന്റെ കാര്യത്തിലും റിപ്പോർട്ട് തയ്യാറാക്കിയത്. അതിനെക്കുറിച്ച് ഇന്നത്തെ 'ഇൻഡ്യൻഎക്സ്പ്രസ്സി'ൽ വന്നിരിക്കുന്നു. പത്രവാർത്തയെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഇതിൽ ധാരാളം ക്രമക്കേടുകളുണ്ട്. അത് വിജിലൻസ് കണ്ടുപിടിച്ചതായിട്ടും പന്ത്രണ്ട് ഉദ്യോഗസ്ഥൻമാർ ഇതിലുണ്ടെന്നും, അതിൽ നാലുപേർ പെൻഷനായിയെന്നും എട്ടുപേർ ഇപ്പോഴും അതിലുണ്ടെന്നും ഇന്ദിരാകോർപ്പറേഷനിലുള്ള ഉദയകുമാർ എന്നൊരാളാണ് ഇതിലെ പ്രതിയാണെന്നുമാണ് റിപ്പോർട്ട്. അദ്ദേഹം വിജിലൻസിന് കൊടുത്ത മൊഴിയിൽ പറഞ്ഞിരിക്കുന്നത്, അദ്ദേഹത്തിന് വിഹിതമായി കിട്ടിയതിൽനിന്ന് ഒരോഹരി സഹായിച്ച ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തുവെന്നാണ്. പത്തു ശതമാനം മറ്റാവശ്യങ്ങൾക്കുവേണ്ടി കൊടുത്തു. ആ പത്തു ശതമാനം ആർക്ക് എന്ത് ആവശ്യത്തിന് കൊടുത്തുവെന്ന് പറഞ്ഞിട്ടില്ല. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഞാൻ പറഞ്ഞത്, കല്ലടഡാമിന്റെ പ്രവർത്തനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ അതിനെക്കുറിച്ച് ശ്രദ്ധിക്കുകയും അതിന് മറ്റു ദോഷങ്ങൾവല്ലതുമുണ്ടോയെന്നും കണ്ടുപിടിക്കുകയും വേണം. ഞാൻ മന്ത്രിയോട് ചോദിക്കട്ടെ, വളരെ വിവാദപരമായ കല്ലടഡാമിന്റെ നാൽപ്പതുലക്ഷം രൂപയുടെ വാൽവ് അടൂർ സ്റ്റോറിൽ കൊണ്ടുപോയി സൂക്ഷിച്ചിരിക്കുകയല്ലേ? ഇത് എന്തിനാണ്? അപ്പോൾ നിങ്ങളുടെ താൽപര്യം കല്ലടഡാമിനെ സംരക്ഷിക്കുകയല്ല. നിങ്ങൾ ഉദ്യോഗസ്ഥൻമാർക്ക് അനാവശ്യം കാണിക്കുന്നതിന് കൂട്ടുനിൽക്കുകയാണ്, നിങ്ങൾ അനധികൃതമായി വാൽവ് വാങ്ങിക്കൂട്ടുന്നു. ഇങ്ങനെയല്ലേ അവിടെ നടന്നിട്ടുള്ളത്? കല്ലടപ്രോജക്ടിന്റെ ലെഫ്റ്റ് കനാലിൽ ഹെഡ്റഗുലേറ്ററിന്റെ പണിയുണ്ട്. അതിൽ ചില ക്രമക്കേടുകൾ ഉണ്ടായി. അതിൽ കൂടുതലുമുള്ളത് plum കോൺക്രീറാണ്. ഈ ക്രമക്കേടിനെക്കുറിച്ചൊരു പെറ്റീഷൻ വിജിലൻസിന് കിട്ടി. വിജിലൻസ് അന്വേഷണത്തിന് പോയി. അപ്പോൾ കണ്ടുപിടിച്ചത്, plum കോൺക്രീറ്റ് മാറ്റി ഗ്രേഡഡ് കോൺക്രീറാക്കി, അതുമൂലം ഗവൺമെന്റിന് നഷ്ടം വരുന്നു. അതുകൊണ്ട് സമ്മതിക്കരുതെന്ന് പറഞ്ഞ് ആ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. ആ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ട് ഗവൺമെന്റ് കോൺട്രാക്ടറെ സഹായിക്കാൻവേണ്ടി ഇങ്ങനെ ചെയ്തു. അവിടെയാണ് കുഴപ്പങ്ങൾ വരുന്നത്. അതുപോലെ കെ. ഐ. പി. ശാസ്താംകോട്ട ബ്രാഞ്ച് കനാലിൽ ഒരു കോൺട്രാക്ട് ഉണ്ട്. പാറ

LIBRARY ARCHIVES Kerala Legislative Assembly

മണ്ണാക്കി മാറ്റുന്നതിനെ സംബന്ധിച്ചുള്ളതാണ്. അങ്ങനെ പല ക്രമക്കേടുകളുടെ ആകെത്തുകയാണ് ഇന്നത്തെ ഡാമിലുള്ളത്. ഡാമിനുവേണ്ടി ടെണ്ടർവിളിക്കാതെ ഒരുകോടി രൂപയുടെ പൈപ്പ് വാങ്ങി. ഇപ്പോഴും ആ പൈപ്പ് അവിടെയിട്ടോയെന്നെനിക്കറിയില്ല. അത് വെയിലുകൊണ്ടാൽ ഒട്ടുന്ന ഒരുതരം പൈപ്പായിരുന്നു. ഇതാണ് കല്ലടഡാമിന്റെ പൊതുവായ സ്ഥിതി. മുഖ്യമന്ത്രി ഇതിനെക്കുറിച്ച് അന്വേഷിക്കാമെന്ന് സമ്മതിച്ചതാണ്. ഇതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും അന്വേഷിക്കണം. ടെണ്ടർ വിളിക്കാതെ പൈപ്പ് വാങ്ങിയതിനെക്കുറിച്ചും plum കോൺക്രീറ്റ് ഗ്രേഡഡ് കോൺക്രീറ്റാക്കിയതിനെക്കുറിച്ചും ഡാമിന്റെ പ്രവർത്തനത്തെക്കുറിച്ചും. ഇതിൽ ഗവൺമെന്റിന് നഷ്ടം വന്നിട്ടുണ്ടോയെന്നും ഡാമിന്റെ ഭദ്രതയിൽ കുഴപ്പമുണ്ടോയെന്നും, ഡാമിന്റെ പണി തീരാതെ അതിന്റെ മുകളിൽക്കൂടി പാറകയറ്റിയ ലോറി കൊണ്ടുപോയിട്ടുണ്ടോ, അതിനിടയിൽ മണ്ണിട്ടിരുന്നോ, ലോറി പോയിട്ടുണ്ടെങ്കിൽ അപകടം തടയാൻവേണ്ടി എന്തു നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത് എന്നുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കണം. അങ്ങനെ ആകെക്കൂടി നമുക്ക് അക്കാര്യത്തിൽ ഒരു പരിശോധന ആവശ്യമുണ്ടെന്നുള്ളതുകൊണ്ടാണ് ഞാൻ കല്ലടപദ്ധതിയെക്കുറിച്ച് സംസാരിക്കണമെന്ന് പറഞ്ഞത്. കല്ലടപദ്ധതിയുടെ പിന്നിൽ ഉദ്യോഗസ്ഥൻമാരും മറ്റു പലരും ചേർന്ന് ഉള്ള സാമ്പത്തികനേട്ടമാണുണ്ടായിരുന്നതെങ്കിൽ ഇടമലയാർ പദ്ധതിയുടെ പിന്നിലുണ്ടായിരുന്നത് രാഷ്ട്രീയം കൂടിയായിരുന്നു ; സാമ്പത്തിക–രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടിയായിരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. അവിടെയും ജൂഡീഷ്യൽ അന്വേഷണം വേണമെന്നു പറയുന്നു. എനിക്കിതുവരെ അതിനെക്കുറിച്ച് കേട്ടുകേഴ്വിപോലുമില്ല. ചിലപ്പോൾ നടക്കുമായിരിക്കും. അവിടെ ടണലിന്റെ വർക്കിന് ഒരു ടെണ്ടർ വിളിച്ചിരുന്നു. ആ തീയതി റിപ്പോർട്ടിലുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. എന്നിട്ട് നാലുപ്രാവശ്യം അത് നീട്ടി, നീട്ടി ഒരു വർഷംവരെ കൊണ്ടുപോയി. അതിനുകാരണം ചോദിച്ചപ്പോൾ സ്പെസിഫിക്കേഷൻ റിപ്പോർട്ട് കിട്ടിയിട്ടില്ലായെന്നായിരുന്നു മറുപടി. അങ്ങനെ സ്പെസിഫിക്കേഷൻ റിപ്പോർട്ട് ശരിയായില്ലായെന്നു പറഞ്ഞ് നാലുപ്രാവശ്യം നീട്ടിക്കൊണ്ടുപോയി. അവിടെ രണ്ടുപേർ ടെണ്ടർകൊടുത്തതിൽ ഒന്ന് പൊട്ടിച്ചതേയില്ല. പ്രീകാളിഫിക്കേഷൻ ഇല്ലാത്തതുകൊണ്ട് അത് പൊട്ടിച്ചില്ലായെന്ന് പറഞ്ഞു. മറേത് 163 ശതമാനം കൂടുതലായി കൊടുത്തു. പ്രീകാളിഫിക്കേഷൻ നിശ്ചയിക്കുന്നത് വർക്കിന്റെ ടെണ്ടറിൽകൂടിയല്ല. അങ്ങനെയാണെങ്കിൽ നേരത്തെ അത് പറയണമായിരുന്നു. മറിച്ച് നേരത്തെ തന്നെ പ്രീകാളിഫിക്കേഷൻ നടത്തും. അങ്ങനെയുള്ള ആളുകൾക്ക് പാർട്ടിസിപ്പേറ്റു ചെയ്യാനുള്ള സൗകര്യം ചെയ്യുന്നതാണ് ഈ പ്രീകാളിഫിക്കേഷൻ ടെണ്ടർ. അങ്ങനെയാണ് ഫിക്സ് ചെയ്യുന്നത്. ഇവിടെ രണ്ട് ടെണ്ടർ വന്നു, ഒന്ന് പൊട്ടിക്കുന്നില്ല. കാരണം പ്രീകാളിഫിക്കേഷനില്ല. ഒരു ടെണ്ടർമാത്രമേയുള്ളൂ ഒന്നുകൂടി റീ ടെണ്ടർ ചെയ്യാതെ അങ്ങനെയൊരു നെഗോഷ്യേഷനിൽ പൈസ കുറച്ചു കൊടുത്തു. ഇലക്ട്രിസിറ്റിബോർഡിന്റെ പ്രവർത്തനത്തിൽ ഒരു പ്രമുഖമായ പങ്ക് എച്ച്. സി. സി. ക്ക് ഉണ്ട്. എന്നാൽ അവരെ ബോധപൂർവ്വം അതിൽനിന്ന് മാറ്റിനിറുത്തിയിരുന്നുവെന്നാണ് എനിക്കുപറയുവാനുള്ളത്. ആർക്ക് കോൺട്രാക്ട് കൊടുത്തുവെന്നതിലേക്ക് ഞാൻ കടക്കുന്നില്ല. ഇതിനുകാരണമായി ചോദിച്ചപ്പോൾ പറഞ്ഞത്, അവിടെ പാറയിളക്കമുള്ള സ്ഥലമായതുകൊണ്ടാണെന്നാണ്. അപ്പോൾ ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ എന്താണ് നിർദ്ദേശിച്ചിരുന്നത് ? അതിന് നിങ്ങൾ എന്തു നടപടി സ്വീകരിച്ചു ? ചെയർമാൻ ഞങ്ങളോട് പറഞ്ഞ മറുപടി, ഇതുപോലൊരു പദ്ധതിക്ക് "It was a calculated risk" എന്നാണ്. ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കൂടെ ഉണ്ടായിരുന്ന ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞു,"It is a deliberate action". ഇതാണ് സ്ഥിതി. അവിടത്തെ ഇപ്പോഴത്തെ സ്ഥിതി വളരെ ശോചനീയമാണ്. കോൺട്രാക്ടിലെ എസ്റ്റിമേറ്റിൽ അങ്ങോട്ടുമിങ്ങോട്ടുമൊക്കെ ചില വ്യത്യാസങ്ങൾ വരും. അതെനിക്ക് മനസ്സിലാക്കാൻ കഴിയും. ആ വ്യത്യാസങ്ങൾ റേറ്റിൽ മാത്രമല്ല, മെറ്റീരിയൽസിലും ഉണ്ട്. അത് മനസ്സിലാക്കാവുന്നതേയുള്ളൂ.

സർ, പ്രഷർ ഗ്രൗട്ടിംഗിന് എസ്റ്റിമേറ്റ് കരാറനുസരിച്ച് 3373 ചാക്ക് സിമൻറാണ് വേണ്ടത്. ഉപയോഗിച്ചത് 300 ചാക്കാണ്. സിമൻറാണല്ലോ കൂടുതൽ വേണ്ടത്. എന്നാലല്ലേ പുറത്തുകൊണ്ടുപോയി വിൽക്കാൻ സാധിക്കുകയുള്ളൂ. 3373 ചാക്ക് വേണ്ടിടത്ത് ഉപയോഗിച്ചത് 300 ചാക്ക്. അതുപോലെതന്നെ റീ-ഇൻഫോഴ്സ്മെൻറ്. അതിന് കുറച്ച് ജോലിയൊക്കെ ഉണ്ട്. അതിന് കമ്പിയും കാര്യങ്ങളുമൊക്കെവേണം. 300 ടൺ ആണ് വേണ്ടത്. അതിന് നൂറിപത്തഞ്ചേ ഉള്ളൂ. പിന്നീടാണ് കോൺക്രീറിംഗ് (ട്രാൻസിഷൻ ഓഫ് കർവ്സ്.) അത് വലിയ പ്രയാസമുള്ള ജോലിയാണ്. കരാറനുസരിച്ച് എസ്റ്റിമേറ്റ് 4800 ക്യു. മീ. ആണ്. ചെയ്തതോ 132 ക്യു. മീ. കരാറും എസ്റ്റിമേറ്റുമായി എന്തു ബന്ധമുണ്ടെന്ന് ആലോചിക്കുക. ഫിക്സിംഗ് ഗ്രൗട്ടിംഗ് പൈപ്പ് 1700 മീറ്റർ വേണ്ടതാണ് കരാറിൽ. ചെയ്തത് 48 മീറ്ററും. ഡ്രില്ലിംഗും ഗ്രൗട്ടിംഗുമാണ് പ്രധാനമായ കാര്യം. എസ്റ്റിമേറ്റ് 5600 മീറ്റർ. ചെയ്തത് 287.25 മീറ്റർ. ഇതിൽ നിന്ന് മനസിലാക്കാൻ കഴിയും അതിന്റെ എസ്റ്റിമേറ്റും യഥാർത്ഥത്തിലുള്ള പ്രവർത്തനവും തമ്മിൽ എന്തു ബന്ധമുണ്ടായിരുന്നുയെന്നുള്ളത്. ഇടമലയാർ പദ്ധതി അറബിക്കടലിൽ പോയാലും ഒന്നുമില്ല. ഇത് നടത്തിക്കുന്ന ആളുകൾക്കും ചെയ്യുന്ന ആളുകൾക്കും അവിഹിതമായി വളഞ്ഞ വഴിയിൽകൂടി മാറു നടപടികൾ സ്വീകരിക്കും. അതിന്റെ ഭാഗമായിട്ടാണ് ഇത്. കോൺട്രാക്ടിൽ ഒരു വ്യവസ്ഥയുണ്ട് മൊബിലൈസേഷൻ അഡ്വാൻസ്. അതിനായി ആവശ്യമായ എക്വിപ്മെൻറ്സ് വാങ്ങിക്കണം. അത് ഹൈപ്പോത്തിക്കേറ്റ് ചെയ്യണം. ഉപകരണങ്ങൾ വാങ്ങിച്ച് അത് പണയപ്പെടുത്തിയാണ് അഡ്വാൻസ് കൊടുക്കുന്നത്, അതാണുള്ളത്. അവിടെ യന്ത്രം വാങ്ങിക്കാതെ അഡ്വാൻസ് കൊടുക്കണം.—ഒരു എൻജിനീയർ ഒക്കുകയില്ലായെന്നുപറഞ്ഞു. അതിന്റെ പിറ്റെ ദിവസം എഞ്ചിനീയർക്ക് ട്രാൻസ്ഫർ. അങ്ങനെ നിരവധി ആളുകൾ- ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇവരെയൊക്കെ കോൺട്രാക്ടറുടെ ഹിതത്തിന് വിരുദ്ധമായി ടണലിന്റെ കാളിറ്റി ഇംപ്രൂവ് ചെയ്യുന്നതിനുവേണ്ടി പ്രവർത്തിച്ചതിന്റെ ഫലമായി രായ്ക്കുരാമാനം ട്രാൻസ്ഫർ ചെയ്യുകയാണ്. അഡ്വാൻസ് ചോദിച്ചപ്പോഴേ ഉപകരണമില്ലാതെ അഡ്വാൻസ് തരാൻ ഒക്കുകയില്ലായെന്നു പറഞ്ഞാൽ പിറേന്ന് ട്രാൻസ്ഫർ. ഇവിടെയൊക്കെയാണ് സംശയം വരുന്നത്. അവിടെയാണ് അപകടം വരുന്നത്.

അതുകൊണ്ട് എനിക്ക് പറയാനുള്ള ഒരു കാര്യം ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു ഒരു ജുഡീഷ്യൽ എൻക്വയറിക്ക് തയ്യാറാണെന്ന്. എനിക്ക് ഒരു ചെറിയ നിർദ്ദേശം ഉള്ളത്-ആരെയും അവിശ്വാസമായിട്ടല്ല-നമ്മുടെ സംസ്ഥാനത്തിന് പുറത്തുള്ള ഒരു ഹൈക്കോടതി ജഡ്ജിയെക്കൊണ്ട് ഒന്ന് അന്വേഷിപ്പിക്കണം. ഇങ്ങനെയൊക്കെയുള്ള കാര്യങ്ങളിൽ വാസ്തവത്തിൽ ചെയ്യേണ്ടതെന്താണ് ? ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് വാങ്ങിച്ചു വച്ചുകൊണ്ട് നടപടി എടുക്കാത്തതിന്റെ പേരിൽ എന്താണ് ചെയ്യേണ്ടത് ? നിയമസഭ ഇംപീച്ച് ചെയ്യുകയാണ് വേണ്ടത്. നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താൽപ്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് കക്ഷിഭേദമില്ലാതെ വസ്തുനിഷ്ഠമായി ചർച്ച ചെയ്ത് വിശദാംശങ്ങളും മനസ്സിലാക്കിക്കൊണ്ട് സംസ്ഥാനത്തിനു പുറത്തുള്ള ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ : സർ, റൂൾ 130 അനുസരിച്ച് ശ്രീ. ബേബിജോൺ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുകയാണ്. ഈ നിയമസഭയും കേരളത്തിലെ ജനങ്ങളും നന്ദിപറയേണ്ടത് ശ്രീ. ബേബിജോണിനോടാണ്. ഞാൻ ഇത് പറയാൻ കാരണം, 210 കോടി രൂപ മുതൽ മുടക്കുള്ള കല്ലട ജലസേചന പദ്ധതിയും 88 കോടി രൂപ മുതൽമുടക്കുള്ള ഇടമലയാർ ജല വൈദ്യുത പദ്ധതിയും-കേരളത്തിലെ ഈ രണ്ടു ബൃഹത്തായ പദ്ധതികളെ സംബന്ധിച്ച്, അതിന്റെ നിർമ്മാണത്തിലുണ്ടായ ഗുരുതരമായ ക്രമക്കേടുകൾ മൂലം സംഭ്രമജനകമായ ഒരു പ്രതിസന്ധി കേരളത്തിൽ നിലനിൽക്കുകയാണ്. ഇടമലയാർ പദ്ധതിയെ സംബന്ധിച്ച്, ചോർച്ചയുണ്ടായപ്പോൾ ഈ നിയമസഭയിൽ ശ്രീ. എം. വി. രാഘവൻ ഒരു അടിയന്തിര പ്രമേയം അവതരിപ്പിക്കുകയും ജുഡിഷ്യൽ അന്വേഷണം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കല്ലട പദ്ധതിയെ സംബന്ധിച്ച് ഞാൻ തന്നെ ഈ നിയമസഭയിൽ ഒരു അടിയന്തിര പ്രമേയം അവതരിപ്പിക്കുകയും അതിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഒരു ചർച്ചയ്ക്കുപോലും ഈ ഗവൺമെന്റ് തയ്യാറായില്ല. അതിനുശേഷം ഈ നിയമസഭയുടെ രണ്ടു കമ്മിറ്റികളും പബ്ലിക് അക്കൗൺസ് കമ്മിറ്റിയും പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മറ്റിയും ഈ രണ്ടു സ്ഥലങ്ങളിൽ പോയി, ഇതിൽ അത്യന്തം ഗുരുതരമായ ക്രമക്കേടുകൾ വന്നിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടു. അതിനുശേഷം എത്രയോ ക്യാബിനറ്റുകൾ കൂടി, ഒരൊറ്റ ക്യാബിനറ്റിലും ഇത് അംഗീകരിക്കാൻ തയ്യാറായില്ല. എന്നാൽ ഈ സഭയിൽ റൂൾ 130 അനുസരിച്ച് കേരളത്തിലെ ജനങ്ങളിൽ ഉൽക്കണ്ഠ ഉളവാക്കിയിരിക്കുന്ന ഈ പ്രശ്നത്തെ സംബന്ധിച്ച് ചർച്ച ചെയ്യണമെന്ന് വീണ്ടും ഉന്നയിച്ചപ്പോൾ മാത്രമാണ് ശ്രീ. കരുണാകരനും ഈ ഗവൺമെന്റും അതംഗീകരിക്കുവാൻ തയ്യാറായത് വൈകി വന്ന മുഖ്യമന്ത്രിയുടെയും ഈ ഗവൺമെന്റിന്റെയും വിവേകത്തിനന്ദി. ഇതൊരു നാടകമാക്കരുതെന്നു മാത്രമാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ശ്രീ. ബേബിജോൺ ഉന്നയിച്ച ആ ഒരു നിർദ്ദേശം ഈ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നീതിപൂർവ്വമായി, നിഷ്പക്ഷമായി ഈ കാര്യങ്ങളിൽ ഒരു അന്വേഷണം ഉണ്ടാകണമെന്നുള്ളതുകൊണ്ടാണ് കേരളത്തിനു വെളിയിലുള്ള ഏതെങ്കിലും ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നു പറയുന്നത്. ഇതിൽ മാത്രമല്ല. കേരളത്തിൽ നടക്കുന്ന, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽനടക്കുന്ന എല്ലാ പദ്ധതികളിലും ഈ തരത്തിലുള്ള ഗുരുതരമായ ക്രമക്കേടുകൾ ഉയർന്നുവന്നിരിക്കുകയാണ്.

അതുപോലെതന്നെയാണ് ശിരുവാണി പ്രോജക്ട്. ആ പ്രോജക്ടിന്റെ പ്രവർത്തനത്തിൽ വളരെ ഗുരുതരമായ ക്രമക്കേടുകൾ നടന്നിരിക്കുന്നു. ഈ ക്രമക്കേടുകളൊക്കെ നടക്കുന്നത് ഇറിഗേഷൻ വകുപ്പു മന്ത്രിയുടെ അറിവോടും സമ്മതത്തോടും കൂടിയാണെന്നാണ് കാണാൻ കഴിയുന്നത്. ഇൻഡ്യൻ എക്സ്പ്രസിൽ പറയുന്നുണ്ട്,.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഈ സഭയിൽ പല ബഹുമാനപ്പെട്ട അംഗങ്ങളും ആരോപണങ്ങളും എഴുതിത്തന്നിട്ടുണ്ട്. ഈ കാര്യത്തിൽ അങ്ങേക്ക് വല്ലതും പറയാനുണ്ടെങ്കിൽ എഴുതി തന്നാൽ മതി.

ശ്രീ. എ. വി. താമരാക്ഷൻ : ഇവിടെ ഈ നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങളാണ്. സ്റ്റൂയിസ് വാൽവിനെ സംബന്ധിച്ച്, അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഈ നിയമസഭയിൽ അതിഗുരുതരമായി ഉന്നയിച്ചതാണ്. ഇന്നിപ്പോഴും വിജിലൻസ് എൻക്വയറി നടത്തിയ ശേഷം ചീഫ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെയുള്ള പന്ത്രണ്ട് എഞ്ചിനീയർമാരുടെ പേരിൽ നടപടിയെടുക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. എട്ടുപേർ ഇപ്പോഴും സ്ഥലത്തുള്ളവരാണ്. നാലു പേർ വെളിയിലാണ്. ആ എഞ്ചിനീയർമാരെ രക്ഷിക്കാൻ രാഷ്ട്രീയ സമ്മർദ്ദം നടക്കുകയാണ്. ഇടമലയാർ കല്ലട പദ്ധതികളെ സംബന്ധിച്ച് ഈ നിയമസഭയിൽ നടത്തിയ വൻപിച്ച പോരാട്ടത്തിന്റെ, അടിയന്തിര പ്രമേയമടക്കമുള്ള പോരാട്ടത്തിന്റെ ഫലമായിട്ടാണ് ഗവൺമെന്റ് അവസാനം ജുഡീഷ്യലന്വേഷണം നടത്താൻ തയ്യാറായത്. അതുപോലെ ഇന്ന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഈ നിലയിൽ അന്വേഷിക്കുമെങ്കിൽ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയെ എന്തു ചെയ്യണമെന്ന് അറിയില്ല. ആ നിലയിൽ സാർവ്വത്രികമായി അഴിമതി നടക്കുകയാണ്. അതുപോലെ തന്നെ ഈ ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ കല്ലട പദ്ധതിയിലും ഇടമലയാർ പദ്ധതിയിലും ആത്മാർത്ഥത കാണിച്ചതുപോലെ സ്റ്റൂയിസ് വാൽവിന്റെ കാര്യത്തിലും ശീരുവാണിയുടെ കാര്യത്തിലും ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകണം. കേരളത്തിന് വെളിയിലുള്ള ഒരു ജഡ്ജിയെക്കൊണ്ട് തന്നെ അന്വേഷണം നടത്തി ഉൽക്കണ്ഠ അവസാനിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. തോമസ് : സർ, ശ്രീ. ബേബിജോൺ റൂൾ 130 അനുസരിച്ചുള്ള ഉപക്ഷേപം കല്ലട ഇടമലയാർ പ്രോജക്ടുകളുടെ ചോർച്ചയെ സംബന്ധിച്ച് ഇവിടെ അവതരിപ്പിച്ച് സംസാരിച്ച് കഴിഞ്ഞു. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട ശ്രീ. താമരാക്ഷനും അദ്ദേഹം പറഞ്ഞ അഭിപ്രായം തന്നെ പറഞ്ഞു. എന്തായിരുന്നാലും ബഹുമാനപ്പെട്ട ബേബിജോണിന്റെ ഉപേക്ഷ പത്തിന് വലിയ പ്രസക്തിയില്ലാതായിപ്പോയി. അദ്ദേഹം അത് പ്രതീക്ഷിച്ചു കാണുകയില്ല. കല്ലട ഇടമലാർ പ്രോജക്ടുകളുടെ ചോർച്ചയെ സംബന്ധിച്ച് ഈ സഭയിലെ രണ്ടു കമ്മിറ്റികളുടെ റിപ്പോർട്ടുകളെ ആദരിച്ച് ജുഡീഷ്യലന്വേഷണത്തിന് ക്യാബിനറ്റ് തീരുമാനിച്ച വിവരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ അറിയിച്ചു. ഹൈക്കോടതിയിലെ സ്ഥിരം ജഡ്ജിയുടെ സേവനം വിട്ടുതരുന്നതിന് അഭ്യർത്ഥിച്ചിരിക്കുകയാണ്. അതോടൊപ്പം പി. യു. സി. കമ്മിറ്റി സാങ്കേതിക വിദഗ്ദ്ധൻമാരുടെ സഹായം ഈ കാര്യത്തിലുണ്ടാകണമെന്നും പറഞ്ഞു. അതിനേയും മുഖ്യമന്ത്രി അംഗീകരിച്ചിരിക്കുകയാണ്. അതിനുശേഷം ബഹുമാനപ്പെട്ട ബേബിജോൺ ഇവിടെ പറഞ്ഞ കാര്യങ്ങളെല്ലാം ജലസേചന വകുപ്പുമന്ത്രിക്കെതിരായി കഴിഞ്ഞ സമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങളാണ്. പൈപ്പിന്റെ കാര്യത്തെപ്പറ്റിയും കല്ലട ഡാമിന്റെ ചോർച്ചയെപ്പറ്റിയും ഇവിടെ പരാമർശിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ടമന്ത്രി രാജിവയ്ക്കണമെന്ന് പറയുമോയെന്ന് ഞാൻ സംശയിച്ചു. എന്തായിരുന്നാലും അദ്ദേഹം അത് ആവശ്യപ്പെട്ടില്ല. അതിന്റെ ആവശ്യമില്ലെന്ന് അദ്ദേഹത്തിന് അറിയാമെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. മുഖ്യമന്ത്രി ജുഡീഷ്യലന്വേഷണം നടത്താം സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

വിദഗ്ദ്ധരുടെ സേവനം ആവശ്യപ്പെടാം അതോടൊപ്പം ഹൈക്കോടതിയിലെ സിറ്റിങ്ങ് ജഡ്ജിയുടെ സേവനവും അഭ്യർത്ഥിച്ചിരിക്കുകയാണ് എന്നു പറഞ്ഞു. ശ്രീ. ബേബിജോൺ ഈ സഭയിലെ പഴക്കംചെന്ന അംഗമാണ്. കേരളത്തിലെ ജുഡീഷ്യറിയുടെ സ്വതന്ത്രമായ പ്രവർത്തനത്തിൽപോലും അങ്ങ് രാഷ്ട്രീയമായ പകപോക്കലിന്റെപേരിൽ വിശ്വസിക്കുന്നില്ലെന്ന് ഒടുവിൽ ആവശ്യപ്പെട്ട കാര്യത്തിൽനിന്നും ബോധ്യപ്പെട്ടു. ഞാൻ പറയുന്നത് അങ്ങ് രാഷ്ട്രീയതിമിരത്തിലാണെന്നാണ്. ശ്രീ. താമരാക്ഷനിൽനിന്നും ഇതു പ്രതീക്ഷിക്കാമായിരുന്നു. അങ്ങ് സംസ്ഥാനത്തിനു വെളിയിൽ നിന്നുമുള്ള ജഡ്ജിയെകൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ടത് വളരെ തെറ്റായിപ്പോയി. കല്ലട പദ്ധതി 1960-ൽ രൂപം കൊണ്ടതാണ്. രൂപം കൊണ്ടതിനുശേഷം ഡാം നിർമ്മാണം തുടങ്ങിയതിനുശേഷം കേരള രാഷ്ട്രീയത്തിൽ എന്തെല്ലാം വ്യതിയാനം സംഭവിച്ചു ! ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് നമ്മുടെ സംസ്ഥാനത്ത് ഏഴുകക്ഷികളെ കൂട്ടുപിടിച്ച് കോൺഗ്രസ് വിരോധം തീർക്കുന്നതിനുവേണ്ടി 1967-ൽ ഗവൺമെന്റ് ഉണ്ടാക്കി ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ സപ്തകക്ഷി ഗവൺമെന്റ് സൃഷ്ടിച്ച തീജ്വാലകളും മായജ്വാലകളുമൊക്കെ എന്തായിരുന്നു. അവസാനം അന്വേഷണത്തിന്റെ പേരിൽ ആ ഗവൺമെന്റ് നിലംപതിച്ചു. "ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ ജുഡീഷ്യൽ അന്വേഷണത്തിന് ആവശ്യപ്പെട്ടു. അന്നത്തെ ഭരണകക്ഷി അംഗങ്ങളും തന്നെ. ശ്രീ. നമ്പൂതിരിപ്പാട് അതിനു വഴങ്ങിയില്ല. ഒരു ഗവൺമെന്റിനെതന്നെ നശിപ്പിച്ചു. കേരളം എക്കാലവും ആദരിക്കുന്ന യശഃശരീരരായ ടി. വി. തോമസ്സിനെയും എം. എൻ. ഗോവിന്ദൻ നായരേയും ആക്ഷേപിച്ചു. ഈ സഭയിൽ അവർ വികാരഭരിതരായി ഇ. എം. എസ്സിനെ നോക്കി സംസാരിച്ച വസ്തുത പ്രൊസീഡിങ്ങ്സ് പരിശോധിച്ചാൽ കാണാൻ കഴിയും. അതിനുശേഷം സി. പി. ഐക്ക്. അതിന്റെ പ്രയാണം ഇടതുപക്ഷമുന്നണിയിൽനിന്നും മാറേണ്ടതായി വന്നു. എട്ടുവർഷം കോൺഗ്രസ്സുമായിട്ട് ചങ്ങാത്തമുണ്ടാക്കി. ശ്രീ. നമ്പൂതിരിപ്പാട് അഖിലേന്ത്യാ ഭരണാധികാരിയാണെങ്കിൽ സി. പി. ഐ. ക്ക് എതിരായി ഇന്ന് ജുഡിഷ്യലന്വേഷണം നടത്തും. അങ്ങനെ സംഭവിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. ഇപ്പോഴും ഇടതുപക്ഷ മുന്നണിയിൽ ഉറച്ചുവെന്നാണ് ശ്രീ. കാനം രാജേന്ദ്രന്റെയും ശ്രീ. കെ. പി. പ്രഭാകരന്റെയും ഒക്കെ വിശ്വാസം. പറ്റില്ല. 1963-ൽ നടന്ന പിളർപ്പ് 1965-ൽ ഒറ്റയ്ക്കു നിന്നപ്പോഴും സി. പി. ഐ.ക്ക് ഉണ്ടായ പരാജയം 1967-ലെ ഗവൺമെന്റിനെ പൊളിച്ചത്, കോൺഗ്രസ്സുമായിട്ട് പിന്നീട് ചങ്ങാത്തം കൂടിയത് ഉപതെരഞ്ഞെടുപ്പിൽ സി. പി. എം. സ്ഥാനാർത്ഥിയെ പരാജയപ്പെടുത്താൻ വേണ്ടി ശ്രമിച്ചത്, ബീഹാറിലെ കളളക്കളി ഇതിനെല്ലാം ശ്രീ. ഇ. എം. എസ്. ഇൻഡ്യൻ ഭരണാധികാരിയായിരുന്നെങ്കിൽ ഒരു ജുഡീഷ്യലന്വേഷണം സി. പി. ഐ. ക്കെതിരായി നടത്തുമായിരുന്നു. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഇന്നലെ പ്രധാനപ്പെട്ട ബില്ലിനെപ്പറ്റി സംസാരിച്ചപ്പോഴും എന്താണ് പറഞ്ഞത് ? രാഷ്ട്രീയമാണോ ? രാഷ്ട്രീയത്തിനപ്പുറം കടന്ന് സംസാരിച്ചു. കല്ലട ഇടമലയാർ പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ ജുഡീഷ്യലന്വേഷണത്തിന് വിടാൻ തീരുമാനിച്ചുവെന്ന് മുഖ്യമന്ത്രി പറഞ്ഞു കേരളത്തിലെ ഹൈക്കോടതി ജഡ്ജിയുടെ സേവനം ആവശ്യപ്പെട്ടുവെന്ന് പറഞ്ഞപ്പോഴും ശ്രീ. ബേബിജോൺ പറഞ്ഞത് കേരളത്തിനു പുറത്തുള്ള ജഡ്ജി വേണമെന്നാണ്. അപ്പോഴും കേരളത്തിലെ ജഡ്ജിമാരിൽ വിശ്വാസമില്ലെന്നാണ് അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം. ഇതിനുമുമ്പ് അങ്ങനെയുള്ള പാരമ്പര്യമുണ്ടോ ? അതെപ്പറ്റി പറയാൻ അദ്ദേഹത്തിനു അവകാശമില്ല. അദ്ദേഹം ദീർഘകാലം മന്ത്രിയായിരുന്നതാണ്. 1980-ൽ ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ സ്പിരിറ്റ് കുംഭ

LIBRARY ARCHIVES Kerala Legislative Assembly

കോണത്തിന് ജുഡീഷ്യലന്വേഷണം ആവശ്യപ്പെട്ടു. ഭരണകക്ഷിയാണ് ആവശ്യപ്പെട്ടത്. ജുഡീഷ്യലന്വേഷണം ഫുർപ്പെടുത്തി. പുറത്തുനിന്ന് ജഡ്ജിയെ കൊണ്ടുവന്നോ ? ജുഡീഷ്യലന്വേഷണത്തിന് ഉത്തരവിട്ടതിനെ അന്നത്തെ പ്രതിപക്ഷം സ്വാഗതം ചെയ്യുകയാണ് ചെയ്തത്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ബഹുമാനപ്പെട്ട ബേബിജോൺ തീർത്താൽ തീരാത്ത വിരോധം ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിക്കെതിരായിട്ട് ഇപ്പോഴും മനസ്സിൽ വച്ചുകൊണ്ടിരിക്കുകയാണ്. കല്ലട 1960-ൽ ആരംഭിച്ച പദ്ധതിയാണ്. നിരവധി ഗവൺമെൻറുകളും വരികയും പോവുകയും ചെയ്തു. ഈ ഗവൺമെൻറ് അധികാരത്തിൽവന്നപ്പോൾ 300 അടിക്ക് താഴെ പണി തീർന്നിരുന്നു. പരിശോധിക്കാൻ ചെന്നവർക്ക് കാണാൻ കഴിഞ്ഞത് മുന്നൂറ് അടിക്ക് താഴെയുള്ള ബ്ലോക്കുകളിൽ ചോർച്ചയുള്ളതായിട്ടാണ്. ലോക ബാങ്കിൻെറ വിദഗ്ദ്ധസംഘം പരിശോധിച്ചിട്ട് പറഞ്ഞു ഡാമിന് അപകടമില്ല പരിഹരിക്കാവുന്നതുമാത്രമേയുള്ളുവെന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വികസനപ്രവർത്തന രംഗത്തുള്ള പദ്ധതികളെ സംബന്ധിച്ച് പറഞ്ഞു. നിരവധി ജലവൈദ്യുതപദ്ധതികളും തീർന്നെങ്കിൽ മാത്രമേ കാർഷികവും വ്യാവസായികവുമായ ആവശ്യത്തിനുള്ള വിദ്യുച്ഛക്തി നമുക്ക് ലഭിക്കുകയുള്ളൂ. വിദ്യുച്ഛക്തി ലഭിക്കുന്നതിനുവേണ്ടി, രാഷ്ട്രീയമായ കാഴ്ചപ്പാടിൽകൂടി ഇങ്ങനെയുള്ള പ്രശ്നത്തെ കാണാതെ വികസനരംഗത്തെ പുരോഗതിക്കുവേണ്ടി ചിന്തിക്കണം. നമുക്ക് പണി തീർക്കേണ്ട ധാരാളം ജലസേചന പദ്ധതികളുണ്ട്. വൻകിടയും ചെറുകിടയുമായ ധാരാളം ജലസേചനപദ്ധതികളുണ്ട്. മീനച്ചിൽ പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നു. മൂവാറ്റുപുഴ ജലസേചന പദ്ധതി തീരാൻപോകുന്നു. കേരളത്തിൽ ജലസേചനസൗകര്യം ഉണ്ടെങ്കിൽമാത്രമേ കാർഷികരംഗം അഭിവൃദ്ധിപ്പെടുകയുള്ളൂ. വികസനപ്രവർത്തനരംഗത്ത് അപാകതകൾ സൃഷ്ടിക്കാതെ രാഷ്ട്രീയമായി ഈ പ്രശ്നത്തെ എടുക്കാതെ വികസനപ്രവർത്തനങ്ങൾക്ക് പുരോഗതിയുണ്ടാക്കുന്നതിനുവേണ്ടി ശ്രമിക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർമാരോട് അഭ്യർത്ഥിക്കുന്നു. ജുഡീഷ്യലന്വേഷണത്തിന് ഉത്തരവിട്ട ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നടപടിയെ സ്വാഗതം ചെയ്തുകൊണ്ട് എൻെറ വാക്കുകൾ അവസാനിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. ജി. വരദൻ</u> : എൻെറ നിയോജകമണ്ഡലത്തിലെ ഇടമലയാർ കനാൽ പദ്ധതി ആകെ തകർന്നു പോയി. ആ കനാൽ തകർന്നതോടുകൂടി അതിൻെറ മുൻമന്ത്രി ശ്രീമാൻ ബാലകൃഷ്ണപിള്ളയും തകർന്നു. അതാണ് സ്ഥിതി. കനാൽ തകർന്നപ്പോൾ ബാലകൃഷ്ണപിള്ളയുടെ മന്ത്രിസ്ഥാനവും തകർന്നു ; എല്ലാം തകർന്നു. കനാൽ പണിയുമ്പോൾ, അതിൻെറ കോൺട്രാക്ട് കൊടുക്കണമെങ്കിൽ നിലവിൽ ചില നിയമങ്ങളുണ്ട്. ആ നിയമങ്ങളെല്ലാം ലംഘിച്ചുകൊണ്ട് കേരളാ കോൺഗ്രസിൻെറ പ്രധാനപ്പെട്ട നേതാക്കൻമാർക്ക് കോൺട്രാക്ട് കൊടുത്തു. ടെൻറർ നാല് പ്രാവശ്യം മാറ്റിവച്ചു. രണ്ട് ടെൻറർ ഉള്ളതിൽ ഒരു ടെൻറർ പൊട്ടിക്കാതെത്തന്നെ കേരളാ കോൺഗ്രസിൻെറ പ്രധാനപ്പെട്ട ഒരാളിന് ടെൻറർ കൊടുത്തു. ഏകദേശം 4 കോടി രൂപയ്ക്കുള്ള കോൺട്രാക്ട് യായൊരു മാനദണ്ഡവും കൂടാതെ തന്നെ സ്വന്തം പാർട്ടിക്കാർക്കുവേണ്ടി ശ്രീമാൻ ബാലകൃഷ്ണപിള്ള കൊടുത്തു. അത് ദേശീയ നഷ്ടമാണ്. നമ്മുടെ സംസ്ഥാനത്തുള്ള ആകെ ജനങ്ങളുടെ നഷ്ടമാണ്. ആ നഷ്ടം നികത്താൻ എന്തെങ്കിലും വഴിയുണ്ടോ, ഇല്ല. ആ കനാൽ പൊട്ടാൻ തന്നെ കാരണമെന്താണ് ? എങ്ങനെ പൊട്ടി ? എൻെറ മണ്ഡലമായതുകൊണ്ട് ഞാൻ നിയമസഭയിൽ ആ കാര്യം ഉന്നയിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എം. മാണിയും ഞാനും കൂടി അവിടെ പോയി. അവിടെ ചെന്നപ്പോഴാ ഉംപ്പുറത്തുനിന്നും വെള്ളം ചാടികൊണ്ടിരിക്കുന്നു. ഇറങ്ങാൻ ബുദ്ധിമുട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞത് ഒരു മുടിയളവിൽ പൊട്ടലുണ്ടെന്നാണ്. അവിടെ ചെന്നപ്പോഴാ കൈ പോകുന്നു. അതുകഴിഞ്ഞ് എന്റെ പ്രിയപ്പെട്ട നേതാക്കൻമാർ അവിടെയെത്തി. എത്തുമ്പോഴാ എന്താണ് സ്ഥിതി ? കനാൽ മുഴുവൻ പൊട്ടിത്തകർന്നിരിക്കുന്നു. അതിനകത്ത് മനുഷ്യൻ ചെന്നാൽ തിരിച്ചുകയറി വരുമെന്നുള്ളതിന് യാതൊരു ഉറപ്പുമില്ല. ശ്രീ ബേബിജോണും മറ്റ് നേതാക്കൻമാരും എല്ലാം അതിനകത്തുകയറി പരിശോധിച്ചു. പരിശോധിക്കുമ്പോഴാ എന്താണ് സ്ഥിതി ? അപകടമാണ്. 140 മീറ്റർ മാത്രമല്ല, ആ കനാലിന്റെ മുഴുവൻ പണിയും, അവിടെ ചെയ്തതെല്ലാം വളരെ മോശമാണ്. അതിന്റെ പിന്നിൽ രാഷ്ട്രീയ തട്ടിപ്പും കൊള്ളയുമുണ്ട്. ഇതുപറഞ്ഞാൽ ഇന്ന് മന്ത്രിമാരോ ഗവൺമെന്റോ അംഗീകരിക്കുകയില്ല. കാരണം കേരളാ കോൺഗ്രസിനെ നിലനിറുത്താൻവേണ്ടി, അവരുടെ പാർട്ടിയിലെ ഭിന്നിപ്പു തീർക്കാൻ വേണ്ടി മാത്രമാണ് നാലര കോടിരൂപ, നമ്മുടെ ഖജനാവിൽനിന്ന് തൂത്തുവാരിയത്. ഇതിന്റെ പേരിൽ ജുഡീഷ്യൽ എൻകയറി മാത്രം പോര, ശ്രീ. ബാലകൃഷ്ണപിള്ളയെ കൽത്തുറുങ്കിൽ അടയ്ക്കണം, അദ്ദേഹത്തിന് കൈയ്ക്കു വിലങ്ങ് വയ്ക്കണം. അങ്ങനെ ചെയ്തെങ്കിൽ മാത്രമേ ഈ സംസ്ഥാനത്തിന്റെ അന്തസ് നിലനിറുത്താൻ കഴിയുകയുള്ളു. അത് ഈ നിയമസഭ ചെയ്യണം. അതല്ലാതെ അദ്ദേഹം രാജിവച്ച്പോയി, പുറത്തു പോയി എന്ന് പറഞ്ഞിട്ടൊന്നും കാര്യമില്ല. അതുപോലെതന്നെ ജുഡീഷ്യൽ അന്വേഷണം നടത്തുന്നത് ഈ സംസ്ഥാനത്തിന് പുറത്തുനിന്നുമുള്ള ഒരു ജഡ്ജിയെ കൊണ്ടായിരിക്കണം. ഈ സംസ്ഥാനത്തുള്ള ജഡ്ജിമാരോടുള്ള വിശ്വാസക്കുറവല്ല കാരണം. ജഡ്ജിമാർ എന്തെല്ലാം വിധികൾ പുറപ്പെടുവിക്കാറുണ്ടെന്ന് നമുക്ക് അറിയാമല്ലോ. പക്ഷേ അതിന് യാതൊരു വിലയുമില്ല. അതുകൊണ്ടാണ് പുറത്തുനിന്നുള്ള ജഡ്ജിയെകൊണ്ട് അന്വേഷിപ്പിച്ച് കുറെക്കാരെ ശിക്ഷിക്കണമെന്ന് പറയുന്നത്. അതിന് ദയവുണ്ടാകണം. ശ്രീ. ബേബിജോൺ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഇടമലയാർ, കല്ലട ഡാമുകളെക്കുറിച്ചുള്ള ചർച്ച വളരെ നന്നായി എന്നാണ് ഈ അവസരത്തിൽ എനിക്ക് പറയുവാനുള്ളത്. പ്രത്യേകിച്ച് ഇവിടെ ഉയർന്നുവന്നിട്ടുള്ള ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചു എന്നുള്ളതും വലിയ കാര്യമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ തീരുമാനത്തിന്റെ ഫലമായി ഈ രാജ്യത്തെ പൊതുസ്വത്ത് നോക്കാൻ ആളുണ്ടെന്ന് വന്നു എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. കാരണം, വലിയവരും ചെറിയവരുമായിട്ടുള്ള നിരവധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെട്ട എഞ്ചിനീയർമാരും ബാക്കിയുള്ളവരും ഉൾപ്പെട്ട വൻകൊള്ളകൾ കണ്ടുപിടിക്കാനും ഉദ്യോഗസ്ഥൻമാരെയും മറ്റും നിയന്ത്രിക്കാനും ബാദ്ധ്യസ്ഥമായ രണ്ടു കമ്മിറ്റികളാണ് ഇതു സംബന്ധിച്ചുള്ള അഭിപ്രായപ്രകടനം നടത്തിയത്. ഒന്ന് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, മറ്റൊന്ന്, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി. ഈ രണ്ടു കമ്മിറ്റികളും പരിശോധിക്കുകയും ഈ പ്രോജക്ടുകളിൽ വന്ന ക്രമക്കേടുകൾ അന്വേഷിക്കണമെന്ന് പറയുകയും ചെയ്തപ്പോൾ, അത്തരമൊരു അന്വേഷണത്തിന് അവസരമുണ്ടായത്, പൊതുസ്വത്തിനെ സംബന്ധിച്ചിടത്തോളവും ഇതുപോലുള്ള പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളവുമൊക്കെ, ജനങ്ങളുടെ താൽപര്യം സംരക്ഷിക്കാൻ ഈ സഭയ്ക്കും അതുപോലെതന്നെ അതിന്റെ കമ്മിറ്റിക

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ കഴിയുമെന്ന് തെളിയിച്ചിരിക്കുകയാണ്. അതുപോലെതന്നെ ചില കാര്യങ്ങളും ഇവിടെ തുറന്നുപറയേണ്ടതുമുണ്ട്. അതുകൊണ്ടാണ് ഈ ചർച്ച നന്നായിയെന്ന് ഞാൻ പറയാൻ കാരണം. ഒരു ഇടമലയാറും ഒരു കല്ലടയും മാത്രമല്ല, ഇത്തരം പണികളിലൊന്നും പെർഫെക്ഷൻ ഇല്ലായെന്നുള്ളതാണ് സത്യം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : രണ്ടു കമ്മിറ്റികളുടെ നിർദ്ദേശത്തെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. പുറത്തുനിന്നുള്ള ഒരാളിനെക്കൊണ്ട് അന്വേഷിപ്പിക്കണം എന്നുള്ളതിനുപുറമെ ഈ രണ്ടു കമ്മിറ്റികളുമായി ആലോചിച്ച് അതിന്റെ ടേംസ് ആഫ് റഫറൻസ് തീരുമാനിക്കണമെന്നുള്ള നിർദ്ദേശത്തെ അങ്ങ് അനുകൂലിക്കുന്നുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : പുറത്തുനിന്നുള്ള ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണം എന്ന് പറയുന്നതിനോട് എനിക്ക് വലിയ യോജിപ്പില്ല. അത് പുതുതായി വന്ന ഒരു നിർദ്ദേശമാണ്. അത് വളരെ ബാലിശമാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഈ രണ്ടു കമ്മിറ്റികളോടും ടേംസ് ആഫ് റഫറൻസ് ആവശ്യപ്പെടണമെന്നില്ല. കാരണം നിയമസഭാ കമ്മിറ്റിയെപ്പോലെതന്നെ ജനപ്രതിനിധികളടങ്ങുന്നതാണ് ക്യാബിനറ്റ്. ആ ക്യാബിനറ്റാണ് ജ്യുഡീഷ്യൽ അന്വേഷണത്തിന് തീരുമാനമെടുത്തത്. ടേംസ് ആഫ് റഫറൻസ് അവർ തീരുമാനിക്കട്ടെ. ആ ടേംസ് ആഫ് റഫറൻസിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വേണമെന്നുള്ള കാര്യത്തിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ജസ്റ്റീസ് ജാനകിയമ്മ കമ്മീഷനിൽ ടേംസ് ആഫ് റഫറൻസ് ഗവൺമെൻറാണ് തീരുമാനിച്ചത്. അതൊരു പ്രഹസനമായി മാറിയില്ലേ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ടേംസ് ആഫ് റഫറൻസിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വരണമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. കാരണം ഈ പണി പെർഫക്ട് അല്ലായെന്നുള്ളത് ഒരു സത്യം മാത്രമാണ്. ഇതിന് ഉത്തരവാദപ്പെട്ട ആളുകളും പെർഫക്ട് അല്ല. ഏതെങ്കിലും മന്ത്രിയേയോ അല്ലെങ്കിൽ ആ തരത്തിലുള്ള ആളുകളെയോ അല്ല ഞാൻ ഉദ്ദേശിക്കുന്നത്. അതാതു കാലത്ത് ഉത്തരവാദികളായവരെ മാറ്റി നിറുത്തുന്നുമില്ല. പ്രത്യേകിച്ച് ആരെയും പറയുന്നുമില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : അങ്ങ് ഭരണകക്ഷിയിലെ പ്രമുഖനായ ഒരു അംഗമാണല്ലോ. ടേംസ് ആഫ് റഫറൻസ് തീരുമാനിക്കുമ്പോൾ പ്രതിപക്ഷത്തോടുകൂടി ആലോചിക്കാൻ അങ്ങ് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഞാൻ ഭരണകക്ഷിയിലെ പ്രമുഖനൊന്നുമല്ല.

ശ്രീ. തോപ്പിൽ രവി : ഈ വിഷയത്തെക്കുറിച്ച് മറ്റു സ്റ്റേറ്റുകളിലുള്ള പ്രതിപക്ഷ മെമ്പർമാരെക്കൊണ്ട് പ്രസംഗിപ്പിക്കണം എന്ന അഭിപ്രായത്തോട് ബഹുമാനപ്പെട്ട മെമ്പർ യോജിക്കുമോ ?

ശ്രീ. പി കെ. കുഞ്ഞാലിക്കുട്ടി : അത് വേണോ ? ഏതായാലും ഈ സംഗതി പെർഫക്ട് അല്ല ; ഇതുമായി ബന്ധപ്പെട്ടവരും പെർഫക്ട് അല്ല എന്നുള്ളത് സത്യം മാത്രമാണ്. കല്ലടയിൽ ഞങ്ങൾ ചെന്നപ്പോൾ അവിടെ രസാവഹമായ പല കാര്യങ്ങളുമുണ്ടായി. ശ്രീ. ബേബി ജോൺ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞ ചില കാര്യങ്ങളും സത്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾ സത്യമാണ്. ഡാമും ഗ്യാലറിയും കനാലുമെല്ലാം പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെയുള്ള സാധാരണക്കാരനായ ഒരാൾ എന്നോട് പറയുകയുണ്ടായി, എന്തിനാണ് ഇവിടെ തപ്പുന്നത്. യഥാർത്ഥത്തിലുള്ള ചോർച്ച കാണണമെങ്കിൽ അത് വേറെ പല സ്ഥലത്തുമുണ്ട്. ഇവിടെ പല വീടുകളിലും പോയി തപ്പിയാൽ കാണാൻ കഴിയും". പത്തോ പതിനഞ്ചോ കൊല്ലമായി ഇതിന്റെ പണിയുമായി ബന്ധപ്പെട്ട പ്യൂൺ മുതൽ ഉന്നത ഉദ്യോഗസ്ഥൻ വരെയുള്ളവർ വലിയ പണക്കാരായി എന്നുള്ളത് ഒരു സത്യമാണ്. കനാലിൽനിന്നും ചോർന്നത് വേറെ പലയിടത്തും പൊന്തിയിട്ടുണ്ട്. അതൊരു ഫാക്ടാണ്. അതുകൊണ്ട് ഈ സംഗതി പെർഫക്ട് അല്ല, ഇതുമായി ബന്ധപ്പെട്ട ആളുകളും പെർഫക്ട് അല്ല എന്നുള്ളത് സത്യമാണ്.

അതുപോലെതന്നെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ഉദ്യോഗസ്ഥൻമാരെ വിളിച്ച് വിചാരണ ചെയ്തു. വിചാരണ ചെയ്തപ്പോൾ എന്താണുണ്ടായത് ? മുട്ട് വിറയ്ക്കാതെ ഒരാളിനും മറുപടി പറയാൻ കഴിയുന്നില്ല, മര്യാദക്കാർ ആണെങ്കിൽ എന്തിനാണ് മുട്ടു വിറയ്ക്കുന്നത് ? കള്ളത്തരമുണ്ടെന്നുള്ളത് സത്യമാണ്. ഇല്ലെങ്കിൽ അവർക്ക് അന്തസ്സായി മറുപടി പറഞ്ഞുകൂടെ ?

സർ, അതുപോലെതന്നെ നഗ്നമായ കണ്ണുകൊണ്ട് കാണാവുന്ന ചില സംഗതികളുണ്ട്. ഇതുമായി ബന്ധപ്പെടാത്ത എന്നാൽ പരിശോധനക്ക് ഉത്തരവാദപ്പെട്ട ചില ഉദ്യോഗസ്ഥൻമാരുണ്ട്, അവരുടെ പേരും

11 a. m.] തസ്തികയും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം ഞങ്ങൾ വ്യക്തിപരമായി ചോദിച്ചപ്പോൾ, രേഖപ്പെടുത്തുകയില്ലെന്നു പറഞ്ഞപ്പോൾ അവർ യഥാർത്ഥ കാരണങ്ങൾ പറഞ്ഞതാണ്. യഥാർത്ഥത്തിൽ ഈ ചോർച്ചയുടെ കാരണം എന്താണെന്നു പറയാമോ എന്നു ചോദിച്ചപ്പോൾ ഒരു ശുദ്ധഗതിക്കാരനായ ഉദ്യോഗസ്ഥൻ പറഞ്ഞു സർ, യഥാർത്ഥത്തിൽ സിമൻറ് മോഷ്ടിച്ചതാണ് കുഴപ്പം എന്ന്. ഇതുകേട്ടപ്പോൾ ഞങ്ങളെല്ലാവരും കൂടി ചിരിച്ചുപോയി. യഥാർത്ഥത്തിൽ സിമൻറ് മോഷ്ടിച്ചതാണ് കുഴപ്പമെന്ന് അദ്ദേഹം പറയുകയുണ്ടായി. അതുകൊണ്ട് ഈ ഡാമിനെക്കുറിച്ച് തീർച്ചയായും അപാകതകളുണ്ടായിട്ടുണ്ടെന്നുള്ളത് ഒരു സത്യമാണ്.

ഡാമിന്റെ മുകളിൽ കൂടി ലോറി കൊണ്ടുപോയ കാര്യം പറഞ്ഞു. റോപ്പ്വേ കെട്ടിയിട്ടോ അല്ലെങ്കിൽ ഹെഡ്ലോഡ് ആയിട്ടോ കൊണ്ടുപോയി ഇതു ചെയ്യണമെന്നു പറഞ്ഞിടത്താണ് ഡാമിന്റെ മുകളിൽ കൂടി ലോറി കൊണ്ടുപോയത്. എത്ര അപകടകരമായ ഒരു നീക്കമായിരുന്നു അതെന്ന് നമ്മൾ ചിന്തിക്കേണ്ടതുണ്ട്. അവിടെ ജോലി ചെയ്യിപ്പിച്ചുകൊണ്ടിരുന്ന കോൺട്രാക്ടറുടെ ആജ്ഞാനുവർത്തികളായിട്ടാണ് ഈ ഉദ്യോഗസ്ഥൻമാർ പ്രവർത്തിച്ചതെന്നുള്ളത് ഒരു സത്യം മാത്രമാണ്.

ഇവിടെനിന്ന് സിമൻറ് ചോർന്നിട്ടില്ലെന്ന് ആർക്കും പറയാൻ കഴിയുകയില്ല. ആരുടെ കാലത്ത്, എപ്പോൾ, ഏത്, എന്നൊന്നും ഞാൻ പറയുന്നില്ല. കാരണം അങ്ങനെയൊന്നും പറയുന്നത് ശരിയല്ല എന്നുള്ളതുകൊണ്ടുതന്നെ. വളരെക്കാലമായി തുടങ്ങിയ ഈ പ്രോജക്ടിൽ നിന്ന് സിമൻറ് വളരെയധികം ചോർന്നിട്ടുണ്ടെന്നുള്ളത് ആർക്കാണ് അറിഞ്ഞുകൂടാത്തത് ? അതിനു വലിയ വിദഗ്ദ്ധാന്വേഷണമൊന്നും ആവശ്യമില്ല. നമ്മുടെ നാട്ടിൽ മാറു പല സിമൻറ് ഫാക്ടറികളുടേയും പേരു പറയുന്നതുപോലെ എ. സി. സി. സിമൻറ്, മലബാർ സിമൻറ് എന്നു പറയുന്നതുപോലെ കല്ലട സിമൻറും മാർക്കറ്റിലുണ്ടായിരുന്നു. എന്റെ പ്രദേശത്തുണ്ടായിരുന്നു. ഇത് ഏത് സിമൻറാണെന്നു ചോദിച്ചാൽ കച്ചവടക്കാർ പറയും കല്ലട സിമൻറാണെന്ന്. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ആ സിമൻറിൻെറ പേർ കല്ലട സിമൻറായി മാറിയിരിക്കുന്നു. അത്ര സുലഭമായി സിമൻറ് മാർക്കറ്റിലുണ്ടായിരുന്നു. സിമൻറ് അവിടെ നിന്നു ചോർന്നു പോയിയെന്നുള്ളത് സത്യം മാത്രമാണ്. ആശങ്കയ്ക്ക് വകയില്ലെന്നാണ് ഇപ്പോൾ പറയുന്നത്. അത് പരിഹാസ്യമാണെന്നാണ് എൻെറ അഭിപ്രായം. കുട്ടികളുടെ പുസ്തകത്തിൽ ഒരു കഥയുണ്ട്. ചെന്നായയുടെ തൊണ്ടയിൽ നിന്ന് മുള്ള് എടുക്കുന്നതിനുവേണ്ടി കൊക്ക് ചെന്നായയുടെ വായിൽ തലയിട്ടപ്പോൾ കടിക്കാത്തത് കൊക്കിനോട് ചെയ്ത ഉപകാരമാണെന്ന് പറഞ്ഞതുപോലെ, നമുക്ക് മുഴുവൻ അഭിമാനകരമാകേണ്ട കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഉണ്ടാക്കിയ പ്രോജക്ടിൻെറ പണി തീരാറായപ്പോൾ ആശങ്കക്ക് വകയില്ല, ഇത് പൊട്ടുകയില്ല എന്നൊക്കെ പറഞ്ഞാൽ അത് അത്രയൊന്നും അഭിമാനകരമായ കാര്യമാണെന്ന് പറയാൻ നിവൃത്തിയില്ല. ഇത് പെർഫെക്ട് ആകേണ്ടതായിരുന്നു. അതിനുപകരം ഇത് പൊട്ടുകയില്ല ഭീഷണിക്ക് വകയില്ലെന്ന് കോടിക്കണക്കിന് രൂപ ചെലവാക്കിയതിനു ശേഷം പറഞ്ഞാൽ വലിയ അർത്ഥമൊന്നുമില്ല. അതുകൊണ്ട് ഇതിന് ഉത്തരവാദികളായ ആളുകളെ കണ്ടുപിടിക്കുകതന്നെ വേണം, അവരുടെ പേരിൽ നടപടി എടുക്കുകതന്നെ വേണം. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

കല്ലടഡാമിനെ സംബന്ധിച്ചിടത്തോളം അസാധാരണമായ ചിലതൊക്കെയുണ്ടെന്ന് ഇവിടെ പറഞ്ഞത് ശരിയാണ്. ഞങ്ങൾ അവിടെ പോയി പരിശോധിച്ച സമയത്ത് ഡ്രെയിനേജ് ഗ്യാലറിയിലെ വെള്ളത്തെ സംബന്ധിച്ചു ചോദിച്ചപ്പോൾ ഇതൊക്കെ സാധാരണമാണ്, അതിനാണ് ചാലൊക്കെ ഉണ്ടാക്കിയിരിക്കുന്നത്, അതിലൂടെ വെള്ളം ഒഴുകിപോകുന്നുണ്ടല്ലോ, അല്ലെങ്കിൽ പിന്നെ ചാല് ഉണ്ടാക്കണമോ, അല്ലെങ്കിൽ ഈ വെള്ളം ഒഴുകിവരാനുള്ള സംവിധാനം ഉണ്ടാക്കണമോയെന്നു ചോദിച്ചു. യഥാർത്ഥത്തിൽ ഈ ചാലിൽക്കൂടി ഒഴുകാനുള്ള അത്രമാത്രം വെള്ളമല്ല ഒഴുകുന്നത്. അപ്പോൾ അതിൽ അപാകതയുണ്ട്; ഇത് അസാധാരണമാണെന്നുള്ളത് സത്യം മാത്രമാണ്. അതുമാത്രമല്ല ജനങ്ങളും നമ്മളും പറയുന്നത് വിശ്വസിക്കാതായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഇപ്പോൾ സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാർ പറയുന്നത് യാതൊരു അപാകതയുമില്ലെന്നാണ്. എന്നാൽ ഇതുമായി ബന്ധപ്പെടാത്ത ഇന്ന് സർവ്വീസിലില്ലാത്ത, റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരും വിദഗ്ദ്ധൻമാരുമൊക്കെ പറയുന്നത് പല അപാകതകളും ഇതിലുണ്ടെന്നാണ്. ശിരുവാണി പ്രോജക്ടിനെക്കുറിച്ചൊക്കെ പത്രങ്ങളിൽ റിപ്പോർട്ട് വന്നതാണ്. അതുകൊണ്ട് ജനങ്ങളുടെ ഇടയിൽ വിശ്വാസം ഉണ്ടാക്കാനും അതുപോലെതന്നെ പൊതുസ്വത്തിനെക്കുറിച്ച് ചോദിക്കാൻ നാഥനുണ്ടെന്നുള്ള സ്ഥിതി വരുത്താനും അന്വേഷണം ആവശ്യമാണ്. അത് ചെയ്ത ഗവൺമെൻറിനെ ഞാൻ അഭിനന്ദിക്കുകയാണ്. ആ അന്വേഷണം നിഷ്പക്ഷമായിരിക്കണമെന്നുള്ളതിൽ തർക്കമില്ല. അതേസമയത്ത് ഈ അന്വേഷണം ഈ സംസ്ഥാനത്തിനു പുറത്തുള്ള ഒരു ജഡ്ജിയെകൊണ്ടായിരിക്കണമെന്നു പറയുന്നത് ബാലിശമാണ്, ആ വാദത്തിൽ യാതൊരു അർത്ഥവുമില്ല അതുകൊണ്ട് ഈ അന്വേഷണം എത്രയുംവേഗം നടത്തണമെന്ന അഭിപ്രായത്തോടു കൂടി ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കാനം രാജേന്ദ്രൻ : സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇടമലയാർ, കല്ലട പ്രോജക്റ്റുകളിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം പ്രതിപക്ഷം ഉന്നയിച്ച സന്ദർഭത്തിൽ അതിനെ നിഷ്ക്കരുണം തള്ളിക്കളഞ്ഞ ഗവൺമെൻറ് ഈ ചർച്ചാവേളക്ക് മുമ്പ് എങ്കിലും ഒരു ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചതിൽ സന്തോഷമുണ്ട്. എന്നാൽ അതോടൊപ്പം അവശേഷിക്കുന്ന ചില ആശയങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കൂടി ചൂണ്ടികാണിക്കേണ്ടതു് എന്റെ ചുമതലയാണു്. ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുന്നതു് ജനങ്ങളുടെ ഇടയിൽ നിന്നും പ്രതിപക്ഷത്തുനിന്നും ഉയർന്നുവന്ന പ്രശ്നങ്ങളിൽ ഒരു പുകമറ സൃഷ്ടിക്കുന്നതിനുവേണ്ടിയാണെങ്കിൽ അതുകൊണ്ടു് യാതൊരു അർത്ഥവുമില്ല.

ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുമ്പോൾ അതിൽ ഏറ്റവും പ്രധാനം അതിന്റെ ടേംസ് ഓഫ് റഫറൻസാണു്. എന്തിനാണു് ഈ അന്വേഷണം എന്നുള്ളതിനെ സംബന്ധിച്ചു് ഈ സഭയ്ക്കു് അറിയാനുള്ള ആഗ്രഹമുണ്ടു്. എന്തിനുവേണ്ടിയാണു് ഈ അന്വേഷണം നടത്തുന്നതെന്നുള്ളതിനെ സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുമ്പോൾ ഗവൺമെന്റിനു് ഇക്കാര്യത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ ആ ടേംസ് ഓഫ് റഫറൻസിനെക്കുറിച്ചു് പ്രതിപക്ഷവുമായി ചർച്ച ചെയ്യാൻ തയ്യാറാകേണ്ടതാണു്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. എന്നാൽ അദ്ദേഹം രാവിലെ ഇതു പറഞ്ഞപ്പോൾ ഇതിന്റെ ടേംസ് ഓഫ് റഫറൻസിനെ സംബന്ധിച്ചു് പ്രതിപക്ഷവുമായി ചർച്ച ചെയ്യാൻ തയ്യാറാണെന്നോ എന്തായിരിക്കണമെന്നോ എന്നുള്ളതിനെ സംബന്ധിച്ചു് ഒന്നും സൂചിപ്പിച്ചില്ല.

മറ്റൊരുകാര്യംകൂടി എനിക്കു സൂചിപ്പിക്കാനുള്ളതു് ഇന്നു് ഈ അന്വേഷണം നടത്തുന്ന സന്ദർഭത്തിൽ ഇടമലയാറിന്റെ പ്രവർത്തനങ്ങൾക്കു് നേതൃത്വം നൽകിയ ഏറ്റവും അവസാനത്തെ വിദ്യുച്ഛക്തിവകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള പുറത്താണു്. പല കാരണങ്ങളാലും അദ്ദേഹം മന്ത്രിയല്ല. എന്നാൽ ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ യാതൊരു കറുത്ത പാടുകളും വരാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ലെന്നു്. അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ഞാൻ ചോദ്യംചെയ്യുന്നില്ല. എന്നാൽ എന്റെ സുഹൃത്തു് ശ്രീ. ഗംഗാധരൻ ഈ അന്വേഷണം നടക്കുന്ന സമയത്തും ഈ മന്ത്രിസഭയിൽ മന്ത്രിയാണെന്നുള്ളതുകൊണ്ടു് അദ്ദേഹം ഇക്കാര്യത്തിൽ ഇരട്ടത്താപ്പു് നയം സ്വീകരിച്ചിട്ടുണ്ടോയെന്നു് ജനങ്ങളും സംശയിക്കുന്നു. അതു് ഈ മന്ത്രിസഭയ്ക്കും അദ്ദേഹത്തിനും നല്ലതല്ല എന്നുള്ളതുകൊണ്ടു് ബഹുമാന്യനായ മന്ത്രി രാജിവെച്ചു് ഈ അന്വേഷണത്തെ നേരിടാൻ തയ്യാറാകുന്നതല്ലേ നല്ലതെന്നുള്ളതു് ഗൗരവപൂർവ്വം ആലോചിക്കണം.

ഇടമലയാറിന്റെ പ്രശ്നത്തെ സംബന്ധിച്ചും കല്ലടയിലെ കാര്യത്തെ സംബന്ധിച്ചും രണ്ടു് നിയമസഭാ കമ്മിറ്റികളും അന്വേഷണം നടത്തുകയും ഈ നിയമസഭാകമ്മിറ്റികളുടെ അന്വേഷണ റിപ്പോർട്ടുകളും ഇവിടെ വരികയും ചെയ്തിട്ടുണ്ടു്. വളരെയധികം ക്രമക്കേടുകളും ഇക്കാര്യത്തിലുണ്ടെന്നുള്ളതു് ഈ സഭാവേദിയിൽതന്നെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. കമ്മിറ്റി, ഉദ്യോഗസ്ഥൻമാരുമായി ചർച്ചചെയ്തതിനുശേഷം അവർ ചോദ്യങ്ങൾക്കു് നൽകിയ ഉത്തരങ്ങൾ പരിശോധിച്ചതിനുശേഷം വിദഗ്ദ്ധമായ നിഗമനങ്ങളിൽ എത്തിയിരിക്കുകയാണു്. അതുകൊണ്ടു് ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സമഗ്രമായ ഒരന്വേഷണം വേണമെന്നുണ്ടെങ്കിൽ ടേംസ് ഓഫ് റഫറൻസിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം വളരെയേറെ വ്യക്തത വേണം. കഴിഞ്ഞ പ്രാവശ്യം ഡാമിന്റെ പ്രശ്നത്തെ സംബന്ധിച്ച് ചർച്ച ചെയ്ത അവസരത്തിൽ ഞങ്ങളുന്നയിച്ച ക്രമക്കേടുകളും ഇപ്പോഴും ഈ കമ്മിറ്റികളുടെ റിപ്പോർട്ടിൽ അതു ശരിയാണെന്ന് തെളിയിക്കത്തക്കവിധത്തിലുള്ള വിവരങ്ങളും ലഭിച്ചിട്ടുണ്ട്. അന്ന് വൈദ്യുതി വകുപ്പിന്റെകൂടി ചുമതല വഹിക്കുന്ന ബഹുമാന്യനായ ധനകാര്യമന്ത്രി പറഞ്ഞു ഒരു ടെക്നിക്കൽ മെമ്പറെ, ഒരു കമ്മിറ്റിയെ ഈ കാര്യങ്ങളെകുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട് ഈ കമ്മിറ്റികളുടെ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞതിനുശേഷം ഇക്കാര്യത്തിലാവശ്യമായ നടപടികളും സ്വീകരിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. സെൻട്രൽ വാട്ടർ കമ്മിഷൻ മെമ്പറായ ശ്രീ. മാധവനാണ് അന്വേഷണം നടത്തിയത്. ടേംസ് ഓഫ് റഫറൻസിനെക്കുറിച്ച് ഞാൻ ആവർത്തിച്ചു പറഞ്ഞതിന്റെ കാര്യം ശ്രീ. മാധവന്റെ അന്വേഷണ റിപ്പോർട്ടിന്റെ ഒരു കോപ്പി എന്റെ കൈവശം ഉണ്ട്. ചോർച്ച എങ്ങനെയുണ്ടായി എന്നു പരിശോധിക്കാനാണ് ശ്രീ. മാധവനോട് ആവശ്യപ്പെട്ടത്. ചോർച്ച ഒരു വിള്ളൽമൂലമാണെന്ന് അദ്ദേഹം റിപ്പോർട്ടിൽ എഴുതിയിട്ടുണ്ട്. ചോർച്ച എങ്ങനെയുണ്ടായി എന്നുമാത്രം അന്വേഷിച്ചാൽ മതിയോ ? ഇടമലയാറിന്റെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നടത്തിയതായി ഇവിടെ ആരോപിക്കപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം അന്വേഷണം നടത്തണം. അതിനു അദ്ദേഹം എന്താണ് പറഞ്ഞിട്ടുള്ളത് ? "We do not see any obvious construction defect. However, it is proposed to carryout tests on concrete and rock" എന്നാണ് പറഞ്ഞിട്ടുള്ളത്.

സർ, പൂനയിലെ റിസർച്ച് സെന്ററിന്റെ സഹായത്തോടുകൂടി ഈ ടെസ്റ്റ് നടത്തുമെന്ന് അദ്ദേഹത്തിന്റെ മിനിട്സിൽ പറഞ്ഞിട്ടുണ്ടെങ്കിലും അത്തരം കാര്യങ്ങളും എത്ര ഗൗരവത്തോടുകൂടി കാണുന്നുണ്ടെന്നുള്ളതിനെ സംബന്ധിച്ച് നമുക്ക് സംശയമില്ല, ഒരു ദിവസം ടണലിൽ ഇറങ്ങി നോക്കിയാൽ ഡിഫക്ട് കണ്ടുപിടിക്കാൻ ആർക്കും സാധിക്കുകയില്ല. എന്നുമാത്രമല്ല ഇതു വളരെ നിസ്സാരമാണെന്നു പറഞ്ഞപ്പോഴും ഞാൻ ശ്രീ. മാധവനെക്കുറിച്ച് അന്വേഷിച്ചു. അദ്ദേഹം മണിപ്പൂരിലെ ലൊക്ടെക് പ്രോജക്ടിലെ ചീഫ് എഞ്ചിനീയറായിരുന്നു. ഇൻഡ്യയിൽ നാഷണൽ ഹൈഡ്രോ ഇലക്ട്രിക് പവ്വർ കോർപ്പറേഷൻ നടത്തുന്നവളരെ പ്രധാനപ്പെട്ട ഒരു പ്രോജക്ടാണിത്. ആ പ്രോജക്ടിന്റെ ടണൽ നിർമ്മാണത്തിന്റെ സന്ദർഭത്തിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ ഉൾപ്പെടെ നൂറുകണക്കിന് തൊഴിലാളികളും ടണൽ ഇടിഞ്ഞു വീണു മരിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു പ്രോജക്ടാണത്. അവിടെനിന്ന് ശ്രീ. മാധവൻ വന്ന് പരിശോധിച്ചപ്പോൾ ഒരു ചെറിയ ക്രാക്ക് ഉണ്ടെന്നു പറയുന്നത് വലിയ കാര്യമാണെന്നു തോന്നുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഓപ്പൺ ഹാർട്ട് സർജറി നടത്തുന്ന ഒരു സർജനു് അപ്പൻറിസൈറ്റി സിൻറെ ഓപ്പറേഷൻ വലുതാണെന്നു ഞാൻ കരുതുന്നില്ല. എന്നു മാത്രമല്ല ഇവിടുത്തെ നിർമ്മാണപ്രവർത്തനങ്ങളിൽ എന്തെല്ലാം കുഴപ്പമുണ്ടെന്നുള്ളതിനെ സംബന്ധിച്ചു് വിദഗ്ധമായ ഒരു അന്വേഷണം വേണം, ഇന്നു ടണൽ നിർമ്മിക്കുന്നതിനും അതുപോലെതന്നെ കോൺക്രീറ്റ് ചെയ്യുന്നതിനും വളരെ സോഫിസ്റ്റിക്കേറ്റഡ് ആയിട്ടുള്ള മെഷിനറികളുണ്ട്. നാഷണൽ പവർ കോർപ്പറേഷൻ Alphin Minor പോലെയുള്ള യന്ത്രങ്ങളും ഉപയോഗിച്ചു നടത്തുകയും New Australian Tunneling Technology ഉപയോഗിക്കുകയും ചെയ്താണു് നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയതു്. എന്നാൽ ഇവിടെ വളരെ പ്രാകൃതമായ മാർഗ്ഗങ്ങളും ഉപയോഗിച്ചു് ലൈനിംഗ് ഉൾപ്പടെയുള്ള പ്രവർത്തനങ്ങളും നടത്തിയതിൻറെ ഫലമായി ഒരു ദിവസം രണ്ടര മീറ്ററും മൂന്നു മീറ്ററും മാത്രമാണു് ടണൽ നിർമ്മിച്ചിട്ടുള്ളതു്. എൻറെ കൈവശം അതിനെ സംബന്ധിച്ച രേഖകളുണ്ടു്. രണ്ടു സ്റ്റീൽ ഷട്ടർ ഉപയോഗിച്ചുകൊണ്ടാണു് ഈ പണി മുഴുവൻ ചെയ്തതു്. കമ്മറ്റിയുടെ പഠനത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞതു് രണ്ടു സ്റ്റീൽ ഷട്ടറുകളും മാത്രമല്ല രണ്ടു വുഡൻ ഷട്ടറുകളും കൂടി ഉപയോഗിച്ചിട്ടുണ്ടു് എന്നാണു്. അതുപോലെതന്നെ അത്തരം പ്രധാനപ്പെട്ട ജോലി ചെയ്യുമ്പോൾ ഇത്ര ഉത്തരവാദിത്വരഹിതമായി പെരുമാറിയിട്ടുണ്ടെങ്കിൽ ആ കാര്യത്തെ സംബന്ധിച്ചിടത്തോളം അന്വേഷിക്കാതെ എന്തുകൊണ്ടു് ചോർച്ച ഉണ്ടായി എന്നു മാത്രം അന്വേഷിക്കുന്നതിൽ കാര്യമില്ല. ഒരു ദിവസം 15 മീറ്റർ ടണൽ വർക്ക് ചെയ്യത്തക്ക വിധത്തിൽ Italian Telescopically Mobile Multi-panal Shutters ഉപയോഗിച്ചു് നാഷണൽ ഹൈഡ്രോ ഇലക്ട്രിക് കോർപ്പറേഷൻ ഇന്നു ടണലിൻറെ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നുണ്ടു്. അതുപോലെതന്നെ വളരെ സോഫിസ്റ്റിക്കേറ്റഡ് ആയിട്ടുള്ള മെഷിനറികളും ഉള്ള വളരെ വിദഗ്ദമായ സാങ്കേതിക വിദ്യയുള്ള.....

ശ്രീ. എ. ജോർജ് : മുഴുവൻ മെക്കനൈസേഷൻ ചെയ്യണമെന്നാണോ ശ്രീ. രാജേന്ദ്രൻറെ അഭിപ്രായം.

ശ്രീ. കാനം രാജേന്ദ്രൻ : ഇതു ഷട്ടറിൻറെ കാര്യമാണു്. അങ്ങേയ്ക്കു് മനസ്സിലാകാത്തതുകൊണ്ടാണു്, ഇതു വളരെ വിഷമമുള്ള കാര്യമാണു്. ശ്രീ. ബാലകൃഷ്ണപിള്ളയോടു് സ്നേഹമുള്ളതുകൊണ്ടു് ഇതു മനസ്സിലാവുകയില്ല. വളരെ ആധുനികമായ യന്ത്രങ്ങളും ഉപയോഗിച്ചുകൊണ്ടു് വളരെ സൂക്ഷ്മതയോടുകൂടി ഈ ജോലി ചെയ്യുന്നതിനു പകരം യാതൊരു കാരണവശാലും പരിചയം ഇല്ല എന്നു് എല്ലാവരും സമ്മതിക്കുന്ന കോൺട്രാക്ടർമാരെ ഉപയോഗിച്ചു് ഈ പ്രവർത്തനം നടത്തിയതിൻറെ ഫലമായി വളരെയേറെ അപകടങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ടെന്നുള്ളതു സത്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ റോക്ക് കവറെജിനെ സംബന്ധിച്ച് ശ്രീ. മാധവന്റെ റിപ്പോർട്ടിലും ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ 77/1/1 ഡി എന്ന ഡ്രോയിംഗിൽ, ചീഫ് എഞ്ചിനീയർ ശ്രീ. മാധവന്റെ ഒപ്പോടുകൂടിയുള്ള ഡ്രായിംഗിൽ ഈ സ്റ്റഡിൽ ലൈനിംഗിന്റെ ലിമിറ്റ് കൂട്ടിക്കൊടുത്താൽ 37 മീറ്റർ റോക്ക് കവറേജ് കിട്ടും എന്നുപറഞ്ഞിട്ടുണ്ട്. അങ്ങനെ 37 മീറ്റർ റോക്ക് കവറേജ് കിട്ടത്തക്ക വിധത്തിൽ ഒരു ഡ്രായിംഗ് തയ്യാറാക്കുകയും അതനുസരിച്ചുള്ള പ്രവർത്തനത്തിന് പ്ലാൻ തയ്യാറാക്കുകയും ചെയ്തതിനുശേഷം വളരെവേഗം അതിൽ മാറ്റം വരുത്താനുള്ള കാരണമെന്താണെന്ന് അന്വേഷിക്കണം.

അതുപോലെതന്നെ നിരവധി പ്രശ്നങ്ങളുണ്ട്. ഈ നിർമ്മാണപ്രവർത്തനങ്ങളുടെ അവസാനഘട്ടത്തിൽപോലും സ്റ്റഡിൽ ലൈനിംഗ് ഇടുന്നതിനെ സംബന്ധിച്ച് അവസാനതീരുമാനമെടുത്തത് 30 പൈപ്പ് വേണമെന്നായിരുന്നു. സർ, അവിടെ 29 പൈപ്പ് മാത്രമേ ഇട്ടിട്ടുള്ളൂ. 29-ാമത്തെ പൈപ്പിനുശേഷം 30-ാമത്തെ പൈപ്പുകൂടി ഇട്ടിരുന്നുവെങ്കിൽ ഇന്ന് ശ്രീ. കെ. എം. മാണിക്കും നിയമസഭയുടെ സബ്ജക്റ്റ് കമ്മിറ്റിയിലെ മെമ്പർമാർക്കും ആ ടണലിൽ ഇറങ്ങുന്നത് ഒഴിവാക്കാൻ കഴിയുമായിരുന്നു. ആ ബ്രാക്കിന്റെ ഭാഗം കൂടി കവർ ചെയ്യാൻ കഴിയുമായിരുന്നു. എഗ്രിമെന്റിൽ ഉള്ളതിൽനിന്നും വ്യത്യസ്തമായി, ടെണ്ടർ ചെയ്തതിൽനിന്നും വ്യത്യസ്തമായി ഇവിടെ പ്രവർത്തനങ്ങൾ നടത്തിയ ധാരാളം ഉദ്യോഗസ്ഥൻമാരെ ഞാൻ കഴിഞ്ഞ പ്രാവശ്യം പ്രസംഗിച്ചപ്പോൾ ചൂണ്ടിക്കാണിച്ചതാണ്.

അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ഈ വിധത്തിൽ വളരെയധികം ക്രമക്കേടുകൾ ഇടമലയാർ ഡാമിന്റെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുണ്ട്. ഇടമലയാർ ഡാമിന്റെ പ്രവർത്തനത്തിലും അതുപോലെതന്നെ ടണലിന്റെ പ്രവർത്തനത്തിലും വളരെ കാര്യക്ഷമതയോടുകൂടി ആ പ്രവർത്തനങ്ങൾ നീങ്ങിയിരുന്നുവെങ്കിൽ അതിനുശേഷമുള്ള പ്രവർത്തനത്തിൽ വളരെ കുറഞ്ഞരമായ അനാസ്ഥ ഉണ്ടായിട്ടുണ്ടെന്നു സൂചിപ്പിക്കാതിരിക്കുവാൻ നിർവ്വാഹമില്ല.

ഇവിടെ ടെണ്ടറുകൾ ചെയ്തതിനെക്കുറിച്ച് സൂചിപ്പിച്ചു. ആവർത്തിച്ച് ആവർത്തിച്ച് ടെണ്ടർ ചെയ്യുകയും ആരും ഇല്ലാത്ത സാഹചര്യത്തിൽ ഉറപ്പിക്കുകയും ചെയ്യുന്ന അനുഭവമുണ്ട്. അതുപോലെയുള്ള ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കാനും ആ അന്വേഷണത്തിനിടയിൽ അവിടെനിന്നും ഉദ്യോഗസ്ഥൻമാരെ സ്ഥലംമാറ്റിക്കൊണ്ട് കോൺട്രാക്ടർമാർക്ക് സൗകര്യം ഉണ്ടാക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും പ്രധാനമായും അന്വേഷിക്കണം. സർ, ഇലക്ട്രിസിറ്റി ബോർഡിന്റെ എഗ്രിമെന്റ് അനുസരിച്ച് ഇലക്ട്രിസിറ്റി ബോർഡിന്റെ മെഷിനറി ഉപയോഗിക്കുന്ന ആളുകൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കുവാൻ പാടില്ല. മൊബിലൈസേഷൻ അഡ്വാൻസ് കൊടുക്കണമെന്ന് ചീഫ് എഞ്ചിനീയർ ശ്രീ. ഗണേശപിള്ള ആവശ്യപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും അവിടെയുണ്ടായിരുന്ന ഉദ്യോഗസ്ഥൻമാർ എഗ്രിമെൻറിനു പുറത്തുള്ള കാര്യമായതുകൊണ്ട് പാടില്ലെന്നു പറഞ്ഞപ്പോഴും അവിടെനിന്നും ആ ഉദ്യോഗസ്ഥൻമാരെ സ്ഥലംമാറ്റി. കഴിഞ്ഞ ദിവസം നിയമസഭയിൽ ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ആരേയും സ്ഥലം മാറ്റിയിട്ടില്ല എന്നാണ്. സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്ക്കറിയ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, തങ്കപ്പൻ നായർ, അസിസ്റ്റൻറ് എക്സി ക്യൂട്ടീവ് എഞ്ചിനീയർ, വി. ജി. കെ. മേനോൻ തുടങ്ങിയ ഉദ്യോഗസ്ഥൻ മാരെ സ്ഥലം മാറ്റി. എഗ്രിമെൻറിനുള്ളിൽനിന്നുകൊണ്ടുമാത്രമേ ധന സഹായം ചെയ്യാൻ പാടുള്ളൂ എന്നു പറഞ്ഞതിന് അവരെ സ്ഥലം മാറ്റി. അതുപോലെതന്നെ ഇന്ന് ഇങ്ങനെയുള്ള ചർച്ച ഇവിടെ നടക്കുന്ന സന്ദർഭത്തിലും ഇടമലയാർ ടണലിൻെറ പ്രവർത്തനത്തിനുവേണ്ടി ഉപയോഗിച്ചി രുന്ന മുഴുവൻ മെഷിനറിയും ബുക്ക് വാല്യൂവിന് ആ കോൺട്രാക്ടർക്ക് വിൽക്കാനുള്ള നടപടിയെടുത്തിരിക്കുകയാണ്. എത്ര സ്വാധീനമുള്ള ആളാണ് ആ കോൺട്രാക്ടർ എന്നുള്ളതിന് സൂചനയാണ് ഇതെല്ലാം. അതുപോലെ തന്നെ എല്ലാ കാര്യങ്ങളെക്കുറിച്ചും സമഗ്രമായ അന്വേഷണം നടത്തത്തക്കവിധ ത്തിൽ ഉള്ള ജ്യുഡീഷ്യൽ എൻക്വയറിയുടെ ടേംസ് ഓഫ് റഫറൻസ് എന്തായി രിക്കണം എന്നതിനെക്കുറിച്ച് പ്രത്യക്ഷമായി ആലോചിച്ച ഈ കമ്മിറ്റി യുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു അന്വേഷണം നടത്തണമെ ന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ എൻെറ ബഹുമാന്യനായ സുഹൃത്ത് ശ്രീ. കുഞ്ഞാലിക്കുട്ടി സംസാരിച്ചപ്പോൾ പുറത്തുനിന്നുള്ള ഒരു വ്യക്തിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നത് ശരിയല്ലെന്ന് സൂചിപ്പിക്കുക യുണ്ടായി. കേരളത്തിൽതന്നെ അതിന് കീഴ്വഴക്കങ്ങളുണ്ട്. സർ, അങ്ങ് രാജൻ കേസിനെക്കുറിച്ച് ഓർക്കുന്നില്ലേ ? കേരളത്തിൽ പതിനാല് സെഷൻസ് കോടതികൾ ഉണ്ടായിരുന്നിട്ടും തമിഴ്നാട്ടിലെ ഒരു ജഡ്ജിയെവച്ചാണ് വിചാ രണ നടത്തിയത്. പീർമുഹമ്മദിൻെറ കോടതിയിൽവച്ചാണ് വിചാരണ നട ത്തിയത്. സീസറുടെ ഭാര്യ സംശയാതീതയായിരിക്കണം എന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽതന്നെ പോകണം. കോടതിയെക്കുറിച്ചുള്ള വിമർശനങ്ങളു ലേക്ക് ഞാൻ കടക്കുന്നില്ല. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പുറത്ത നിന്നുള്ള ഒരാളെ കമ്മീഷനായിട്ട് വയ്ക്കണം. മുള്ളാ കമ്മീഷനെ ഇവിടെ വച്ചിട്ടുണ്ട്. കേരളത്തിനു പുറത്തുനിന്നുള്ള ഒരു സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തത്തക്കവിധത്തിൽ തീരുമാനമെടു ക്കണം. അതിൽ ഭരണഘടനാപരമായ, സാങ്കേതികമായ യാതൊരു പ്രശ്ന ങ്ങളും ഇല്ല. അങ്ങനെയുള്ള കീഴ്വഴക്കങ്ങൾ ഉണ്ട്. ഈ ഗവൺമെൻറിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ ടേംസ് ഓഫ് റഫറൻസിനെക്കുറിച്ച് ചർച്ച ചെയ്യണം. സംസ്ഥാനത്തിനു പുറത്തുനിന്നുള്ള ഒരു സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയെവച്ച് അന്വേഷണം നടത്താൻ തയ്യാറാകണം. അത് മാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് മാത്രം ശിക്ഷ കൊടുത്താൽ പോരാ. അദ്ദേഹത്തിന്റെ സുഹൃത്തായ ശ്രീ. ഗംഗാധരനും പുറത്തുനിന്നുകൊണ്ട് അന്വേഷണത്തെ നേരിടാൻ ആത്മാർത്ഥത കാണിക്കണമെന്നു മാത്രമാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി. സുരേന്ദ്രൻപിള്ള : സർ, ഇവിടെ കഴിഞ്ഞ നിയമസഭാസമ്മേളന കാലത്ത് സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് പദ്ധതികളുടെ പ്രവർത്തനത്തിൽ ഉണ്ടായ ചില തകരാറുകളെക്കുറിച്ചു ചൂണ്ടിക്കാട്ടി. കല്ലട പദ്ധതിയെപ്പറ്റി ചൂണ്ടിക്കാട്ടിയത് മറ്റാരുമല്ല. കഴിഞ്ഞ നിയമസഭാസമ്മേളന കാലത്ത് 'മാതൃഭൂമി' പത്രത്തിൽ കല്ലട പദ്ധതിയുടെ അണക്കെട്ടിൽ ചോർച്ചയുണ്ടായിരിക്കുന്നു എന്നു വാർത്ത വന്ന അന്നുതന്നെ ബഹുമാനപ്പെട്ട ശ്രീ. എ. ജോർജ്, എം. എൽ. എ. ഒരു സബ്മിഷൻ മുഖേന അത് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി അതിനെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുവേണ്ടിയുള്ള എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കുകയും ചെയ്തു. ഞാൻ കല്ലട ജലസേചന പദ്ധതിയുടെ പ്രോജക്ട് അഡ്വൈസറി കമ്മിറ്റി ബോർഡിലെ ഒരു മെമ്പറാണ്. അന്നുതന്നെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഞാനും ഉൾപ്പെടെയുള്ളവർ കല്ലട ഡാമിൽ പോയി സന്ദർശിച്ചു. എന്തുമാത്രം ചോർച്ച ഉണ്ട് ; എങ്ങനെ ഉണ്ടായി ? എന്താണ് അതിനു കാരണം എന്ന് അന്വേഷിച്ചു. അവിടെ ഉണ്ടായിരുന്ന എഞ്ചിനീയർ പറഞ്ഞത്, ഇത് കാലാകാലങ്ങളിലായി ഡാമിന്റെ പണി നടന്നുകൊണ്ടിരിക്കുമ്പോഴൊന്നും കൃത്യമായി ഡാം മുകളിലേക്ക് കെട്ടിപൊങ്ങുമ്പോഴേ നടത്തേണ്ട ഗ്രൗട്ടിംഗ് പണി നടത്താത്തതുകൊണ്ടാണ് ചോർച്ച ഉണ്ടായത് എന്നാണ്. ആ ഗ്രൗട്ടിംഗ് പണി നടത്താത്തത് ചോർച്ചക്ക് കാരണമാണ്. ഗ്രൗട്ടിംഗും ഗണ്ണൈറ്റിംഗും കഴിഞ്ഞാൽ ചോർച്ച പരിഹരിക്കും എന്ന് അവിടെയുള്ള ഉദ്യോഗസ്ഥൻമാർ പറയുകയും ഞങ്ങൾ അതു മനസ്സിലാക്കുകയും ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുകയും ചെയ്തു. ബഹുമാനപ്പെട്ട ബേബി ജോൺ അതേക്കുറിച്ച് ഇന്നു പറഞ്ഞതിൽ വിഷമമുണ്ട്. ഇത്രയും ബഹുമാനപ്പെട്ട, ആരാധിക്കപ്പെട്ട ഒരു വ്യക്തി റൂൾ 130 അനുസരിച്ച് ഈ ഉപക്ഷേപം അവതരിപ്പിക്കരുതായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ആശങ്കയുള്ള ഈ കാര്യത്തെക്കുറിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാം, ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പരിശോധിക്കാം എന്നു പറഞ്ഞിരുന്നു. എവിടെയാണ് തകരാറ് ; എവിടെയാണ് കുഴപ്പം ? ആരാണ് ഇതിനു ഉത്തരവാദി എന്നൊക്കെ അന്വേഷിച്ച് കണ്ടു പിടിക്കാനുള്ള മാദ്ധ്യമം ഇന്നു നമുക്കു ഉണ്ട്. അത് അനൗൺസ് ചെയ്തുകഴിഞ്ഞതിനുശേഷവും അദ്ദേഹം ഇത് അവതരിപ്പിക്കരുതായിരുന്നു. മറ്റ് ആരെയെങ്കിലുംകൊണ്ട് അവതരിപ്പിക്കാമായിരുന്നു. ഇത് ഒരു പാർട്ടി, അല്ലെങ്കിൽ ഇന്നയാൾ ചെയ്തു എന്നൊന്നും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. 1970-ൽ ജനപങ്കാളിത്തത്തോടുകൂടി തുടങ്ങിയ ഒരു പദ്ധതിയാണ് ഇത്. ഞാനും അവിടെപോയി മൺവെട്ടികൊണ്ട് കിളച്ചിട്ടുള്ളതാണ്. അന്നുതുടങ്ങിയ പണി ഇത്രയും പൂർത്തിയായപ്പോൾ ചില അപാകതകൾ ഉണ്ടായി. അതേക്കുറിച്ച് അന്വേഷിക്കാൻ സിറ്റിംഗ് ജഡ്ജിയെ ചുമതലപ്പെടുത്തി. 1970-ൽ ആ ഡാമിന്റെ പണി തുടങ്ങിയപ്പോൾ നിങ്ങൾക്ക് ആർക്കും അതുമായി യാതൊരു ബന്ധവും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നില്ല. എന്റെ നിയോജകമണ്ഡലത്തോട് ചേർന്നുകിടക്കുന്ന പ്രദേശമാണ്. 1970-ൽ ഡാമിന്റെ പ്രവർത്തനം തുടങ്ങുമ്പോൾ ഞങ്ങൾ ഒക്കെ അവിടെ പോയിരുന്നു. അതിനുവേണ്ടി പ്രവർത്തിച്ചിരുന്നു. ഞാൻ പറഞ്ഞു വന്നത് അന്നത്തെ യുവജനവിദ്യാർത്ഥിസംഘടനകളുടെ നേതൃത്വത്തിൽ അവിടെ പൊതുജനപങ്കാളിത്തത്തോടുകൂടി തുടങ്ങിയ പദ്ധതിയിൽ പ്രത്യക്ഷമായും പരോക്ഷമായും ഞങ്ങളൊക്കെ ബന്ധപ്പെട്ടിട്ടുണ്ടെന്നാണ്. അതിനു ശേഷം ഇത്രയും വർഷം കഴിഞ്ഞു. കാലാകാലങ്ങളായി മാറിമാറി വന്ന നിരവധി ഗവൺമെന്റുകളും ഈ പണികൾക്ക് നേതൃത്വം കൊടുത്തു. ഇപ്പോൾ ഒരു തകരാറുണ്ടായി. ഇവിടെ ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ തകരാറു ഉണ്ടായില്ല എന്ന് ഞങ്ങളാരും വാദിക്കുന്നില്ല. തകരാറുകൾ എവിടെയൊക്കെയോ ഉണ്ടായി. ആ തകരാറുകൾ എങ്ങനെയുണ്ടായി, എവിടെയുണ്ടായി, എന്തുകൊണ്ടുണ്ടായി എന്ന് പരിശോധിക്കുവാൻ ഈ ഗവൺമെന്റു തന്നെ തീരുമാനമെടുത്തു. അവസാനം ശ്രീ. ബേബിജോണിന്റെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു ഈ സംസ്ഥാനത്തിനു പുറത്തുള്ള ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന്. എത്ര വിരോധാഭാസമാണ്. പണ്ടൊരിക്കൽ രണ്ട് സംസ്കൃതപണ്ഡിതൻമാർ തമ്മിൽ തർക്കമുണ്ടായി. ഒരാൾക്ക് സംസ്കൃതത്തിൽ വലിയ പാണ്ഡിത്യമുണ്ട്. മറേറ ആൾക്ക് അത്ര പാണ്ഡിത്യമില്ല. രണ്ടുപേരുടേയും തർക്കം മൂത്ത് ഓരോ തർക്കത്തിനും മറുപടി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തോൽക്കുന്ന ആൾ, സംസ്കൃതത്തിൽ കൂടുതൽ പാണ്ഡിത്യമില്ലാത്ത ആൾ മറേറ ആൾ എന്തു പറഞ്ഞാലും അല്ല അല്ല എന്ന് പറഞ്ഞുകൊണ്ടിരുന്നു. അവസാനം പാണ്ഡിത്യമുള്ള ആൾ പറഞ്ഞു 'തവമാതാ പതിവ്രത' എന്ന് എന്നു പറഞ്ഞാൽ തന്റെ മാതാവ് പതിവ്രത യാണെന്നാണ്. അപ്പോഴും പാണ്ഡിത്യമില്ലാത്ത ആൾ പറഞ്ഞു അല്ല അല്ല എന്ന്. അതുപോലെ ഈ രണ്ടു പ്രോജക്ടുകളുടേയും പണികളിലുണ്ടായ പാകപ്പിഴകൾ എങ്ങനെ പരിഹരിക്കണം, എവിടെയാണ് കുഴപ്പമുണ്ടായത്, ആരുടെ കാലത്താണ്, ഏത് ഉദ്യോഗസ്ഥൻമാരാണ്, അതോ കോൺട്രാക്ടർമാരാണോ, എൻജിനീയർമാരാണോ ഇതിനുത്തരവാദികൾ എന്നുള്ളതു പരിശോധിക്കാൻ നമ്മുടെ സംസ്ഥാനത്ത് മാദ്ധ്യമമുണ്ട്. നമ്മുടെ സംസ്ഥാനത്ത് അതിനുള്ള വേദിയുണ്ടായിരിക്കുമ്പോൾ ഇതൊക്കെ ശരി, എന്നാലും ഞങ്ങൾക്ക് അങ്ങേപ്പുറത്തുള്ള ആൾ വേണമെന്നു പറയുന്നത് ജുഡീഷ്യറിയോട് കാണിക്കുന്ന അവഹേളനമാണ് എന്നതിൽക്കവിഞ്ഞ് മറൊന്നും എനിക്ക് പറയാനില്ല. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും വന്നത് ബാലിശമായിപ്പോയി എന്നു മാത്രമേ എനിക്ക് പറയാനുള്ളു. നമ്മുടെ സംസ്ഥാനത്തെ കോൺട്രാക്ടറുടെ ഭാഗത്തുനിന്നും ചിലപ്പോൾ തകരാറുണ്ടായിക്കാണും. എന്നാലും നമ്മുടെ സംസ്ഥാനത്തെ വികസനപ്രവർത്തനരംഗത്ത് ഇവിടത്തെ ജനങ്ങളെല്ലാം ഒന്നിച്ചു നോക്കിക്കൊണ്ടിരിക്കുന്ന ഈ രണ്ടു പദ്ധതികളിലും എന്ത് അപാകതകളുണ്ടെങ്കിലും എന്ത് ബുദ്ധിമുട്ടുകളുണ്ടെങ്കിലും എവിടെ കുഴപ്പമുണ്ടെങ്കിലും അതു അന്വേഷിച്ച് കണ്ടുപിടിച്ച് കുറ്റക്കാരായവർ ആരായാലും ശരി അവരെ ശിക്ഷിക്കുകതന്നെ ചെയ്യും. ഇവിടെ ശ്രീ. വരദൻ പറഞ്ഞു ബാലകൃഷ്ണപിള്ളയെ കൈവിലങ്ങുവച്ച് കൊണ്ടുപോകണമെന്ന്. ശ്രീ. ബാലകൃഷ്ണപിള്ള തെറ്റ് കാണിച്ചിട്ടുണ്ടെങ്കിൽ ബാലകൃഷ്ണപിള്ളയെ ശിക്ഷിക്കണം. മറാരെങ്കിലുമാണ് തെറ്റ് കാണിച്ചതെങ്കിൽ അപ്പോൾ നിങ്ങൾ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറരുത്. ഇതിന്റെ പണി എന്നാണ് തുടങ്ങിയത്, എവിടെയാണ് കുഴപ്പം എന്നുള്ളതിനെക്കുറിച്ചുള്ള വിവിധവശങ്ങൾ പരിശോധിച്ച് ജനങ്ങൾക്കുണ്ടായിരിക്കുന്ന ആശങ്ക ദൂരീകരിക്കുന്നതിന് എല്ലാ നടപടികളും നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

2/1095/S.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, കേരളത്തിലെ ഏറ്റവും പ്രമുഖവും വലുതുമായ രണ്ടു പദ്ധതികൾ ആശങ്കയിലേക്ക് നിങ്ങിക്കൊണ്ടിരിക്കുന്നതി നിടയിലാണ് കേരളത്തിലെ പ്രതിപക്ഷ രാഷ്ട്രീയകക്ഷികൾ, പ്രത്യേകിച്ചും ഈ നിയമസഭയിലെ പ്രതിപക്ഷ അംഗങ്ങൾ ഈ രണ്ടു പദ്ധതികളെ ക്കുറിച്ചുമുള്ള ആക്ഷേപങ്ങളുമായി ഈ സഭയിൽ വന്നത്. അങ്ങനെ വന്നപ്പോൾ അങ്ങനെ ഒരു സംഭവമേ നടന്നിട്ടില്ല, രണ്ടു പദ്ധതിക്കും ഒരു കോട്ടവും ഉണ്ടായിട്ടില്ല, ഇനി അഥവാ വല്ല കോട്ടവും ഉണ്ടായിട്ടുണ്ടെങ്കിൽത്തന്നെയും അത് പരിഹരിക്കാവുന്നതേയുള്ളൂ എന്ന നിലപാട് സ്വീകരിച്ച ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അതിനുശേഷം ഇവിടെ ചൂണ്ടിക്കാണി ച്ചതുപോലെ നിയമസഭയിലെ രണ്ട് ഉത്തരവാദപ്പെട്ട കമ്മിറ്റികൾ അവിടെ പോയി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. കേരളത്തിലെ പ്രതിപക്ഷ കക്ഷികൾ മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തുകൊണ്ട് ഇതിനെപ്പറ്റി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടു. അടിയന്തിര പ്രമേയവും ഇവിടെ കൊണ്ടുവന്നു. അന്നെല്ലാം നിഷേധാത്മകമായ ഒരു സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചത്. ഇന്ന് ഈ ചർച്ച ഇവിടെ വന്നത് എങ്ങനെയാണ് സർ ? ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ അതിശക്തിയായി വാദിച്ചതിനുശേഷം, നിയമ നിർമ്മാണ നടപടികൾ നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഉച്ചയ്ക്കുശേഷം ഞങ്ങൾ ഇരുന്നുകൊള്ളാമെന്ന് സമ്മതിച്ചതിനുശേഷമാണ്, ഇത്രയും വാശി പ്രതിപക്ഷം പിടിച്ചതിനുശേഷമാണ് ഈ ചർച്ചപോലും ഇവിടെ അനുവദിച്ചത്. അല്ല എന്ന് നിഷേധിക്കാൻ ആർക്കെങ്കിലും കഴിയുമെങ്കിൽ നിഷേധിക്കട്ടെ. കഴിഞ്ഞ ദിവസവും ബിസിനസ് അഡ്വൈസറി കമ്മിറ്റി യോഗം ചേർന്നു. ഇന്നിപ്പോൾ ഒരൽഭുതം സൃഷ്ടിക്കുന്ന മാതിരി മുഖ്യമന്ത്രി ഇവിടെ വന്ന് ഞങ്ങൾ അന്വേഷണത്തിന് തയ്യാറാണെന്ന് പറഞ്ഞു. ഞാൻ അതിനെ ഒട്ടും ചെറുതായി കാണുന്നില്ല. പക്ഷേ അങ്ങനെയായിരുന്നുവെങ്കിൽ കഴിഞ്ഞ ദിവസം ചേർന്ന ബിസിനസ് അഡ്വൈസറി യോഗത്തിൽ വച്ചെങ്കിലും ഇതിനൊരു ചർച്ച ആവശ്യമില്ലെന്നും ഞങ്ങൾ ഒരന്വേഷണത്തിന് ഉത്തരവിടാൻ പോകുന്നുവെന്നും പറഞ്ഞിരുന്നുവെങ്കിൽ ഇന്ന് നാളികേരത്തെക്കുറിച്ച് ചർച്ച ചെയ്യാമായിരുന്നില്ലേ ? എങ്കിൽ എത്ര വിലയേറിയ സമയം നമുക്ക് ലാഭിക്കാ മായിരുന്നു ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഗവൺമെന്റ് ബിസിനസ് ഉച്ചയ്ക്കുശേഷം മാറ്റിവച്ചുകൊണ്ട് ഈ ചർച്ച ഗവൺമെന്റ് ഭാഗത്തുനിന്നും അംഗീകരിക്കുകയല്ലേ ചെയ്തത് ?

ശ്രീ. എ. കെ. ശശീന്ദ്രൻ: അതേ. ധനകാര്യമന്ത്രി പറഞ്ഞത് ശരിയാണ്. പ്രതിപക്ഷവുംകൂടി ഉച്ചയ്ക്കുശേഷം ഇരുന്നുകൊള്ളാമെന്നു സമ്മതിച്ചതിനു ശേഷമാണ്, വാശിപിടിച്ചതുകൊണ്ടാണ്.

ശ്രീ. ബേബി ജോൺ : ഉച്ചയ്ക്കുശേഷവും ഇരുന്നേ മതിയാകൂ എന്ന് നിർബന്ധം പിടിച്ചതുകൊണ്ടല്ലേ ?

ശ്രീ. എ. കെ. ശശീന്ദ്രൻ : അങ്ങനെ ചെയ്തിരുന്നുവെങ്കിൽ നമുക്ക് നാളികേരത്തെക്കുറിച്ച് ചർച്ച ചെയ്യാമായിരുന്നു. അപ്പോൾ ഇന്നു രാവിലെ അല്ലെങ്കിൽ ഇന്നലെ രാത്രി എന്തുകൊണ്ടാണ് നമ്മുടെ മുഖ്യമന്ത്രിക്ക് ഒരു ഭൂതോദയമുണ്ടായത് ? അതിന് ഒരു പ്രത്യേക സാഹചര്യമുണ്ടായിട്ടുണ്ട്. ബാലകൃഷ്ണപിള്ളയുടെ രക്തത്തിന് ദാഹിക്കുന്നവർ ഞങ്ങളേക്കാൾ കൂടുതൽ അപ്പുറത്താണിരിക്കുന്നതെന്ന് എനിക്ക് നന്നായി അറിയാം. അപ്പോൾ ഇനി അവസാനത്തെ ആണിയുമടിക്കണം. അവസാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

ആണിയുമടിക്കുമ്പോൾ ഒന്നുമാത്രമായി എങ്ങനെ പറയും ? അതുകൊണ്ട് ശ്രീ. ഗംഗാധരനേയും കൂട്ടത്തിൽപ്പെടുത്താമെന്നു വിചാരിച്ചു. പെടുത്തിയാലോ ? എനിക്ക് കോടതിയോട് ഒരു ബഹുമാനക്കുറവുമില്ല. ഭരണപക്ഷത്തിരിക്കുന്ന എം. എൽ. എ. മാരോട് നെഞ്ചത്ത് കൈവച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്, കഴിഞ്ഞ കുറേ നാളുകളായി നമ്മുടെ സംസ്ഥാനത്തിലെ കോടതികൾ സ്വീകരിച്ച സമീപനങ്ങളിൽ നിങ്ങൾ തൃപ്തരാണോ ? സംശയാസ്പദമല്ലേ അവരുടെ നടപടികളിൽ പലതും? അതിനപ്പുറം ഞാൻ പറയുന്നില്ല. അല്ലേ എന്നുമാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ. ഒരു കോർട്ടലക്ഷ്യവും ഞാൻ പറയുന്നില്ല. ഒരു ദുഃസൂചനയും ഞാൻ നൽകുന്നില്ല. അല്ലേ എന്ന് നിങ്ങൾ ആലോചിക്കണം. അങ്ങനെയൊരു സാഹചര്യത്തിൽ ടേംസ് ഓഫ് റഫറൻസ് വേണ്ടെന്ന് ശ്രീ. കരുണാകരൻ തീരുമാനിച്ചതിന്റെ പിന്നിലും പ്രശ്നമുണ്ട്. ടേംസ് ഓഫ് റഫറൻസിന്റെ കാര്യത്തിൽ ശ്രീ. ബാലകൃഷ്ണപിള്ളയുടെ കാര്യത്തിൽ ശ്രീ. കരുണാകരൻ നിഷ്കർഷ കാണിക്കും. അതിന് വേറെ ആരും വേണ്ട. ആ ടേംസ് ഓഫ് റഫറൻസ് ഞങ്ങളുമായി ചർച്ച ചെയ്യണമെന്നു ഞാൻ പറയുന്നില്ല. അത് ശ്രീ. കരുണാകരൻ അസ്സലായി നോക്കും. പക്ഷേ ശ്രീ. ഗംഗാധരന്റെ കാര്യമോ ? എല്ലാം താങ്ങിയ ശ്രീ. കരുണാകരൻ എല്ലാം സംരക്ഷിച്ച ശ്രീ. കരുണാകരൻ; ഞങ്ങൾ അറിഞ്ഞുകൊണ്ടാണ് കാര്യങ്ങൾ ചെയ്യുന്നത് എന്ന് ശ്രീ. ഗംഗാധരനെപ്പറ്റി ഈ നിയമസഭയിൽത്തന്നെ പറഞ്ഞ ശ്രീ. കരുണാകരൻ ഇരിക്കുമ്പോൾ ടേംസ് ഓഫ് റഫറൻസ് വേണമോ, വേണ്ടയോ ? ഇപ്പോൾ ശ്രീ. രാജേന്ദ്രൻ പറഞ്ഞത് ഞാൻ ആവർത്തിക്കുന്നു. ശ്രീ. ബാലകൃഷ്ണപിള്ള മന്ത്രിസ്ഥാനത്തില്ല. ശ്രീ. ഗംഗാധരൻ മന്ത്രിസ്ഥാനത്തുണ്ട്. നിയമസഭയിൽ ഈ ചർച്ച വന്നപ്പോൾ രണ്ടു പ്രകടമായ വ്യത്യാസമുണ്ടായി. അങ്ങനെ ആലോചിക്കണം. ഞാൻ ധനകാര്യമന്ത്രിയെ അത്രത്തോളം അഭിനന്ദിക്കാൻ തയ്യാറാണ്. അദ്ദേഹം ആ വകുപ്പ് കൈകാര്യം ചെയ്ത സമയത്ത് ചർച്ച വന്നപ്പോൾ അന്വേഷിക്കാം, പരിശോധിക്കാം, വേണമെങ്കിൽ അന്വേഷണത്തിന് ഉത്തരവിടാം, അതിലൊക്കെ എനിക്ക് കലവറയില്ലാത്ത സമീപനമാണുള്ളതെന്നു പറഞ്ഞു. ഇറിഗേഷൻ വകുപ്പുമന്ത്രി എന്താണ് പറഞ്ഞത് ? ഒന്നും സംഭവിച്ചിട്ടില്ല, അന്വേഷണവും ആവശ്യമില്ല, എല്ലാം ശരിയാണ്, എല്ലാ റിപ്പോർട്ടുകളും കറക്ടാണ് എന്നാണ്. അവിടെ തോന്ന്യാസങ്ങൾ നടന്നിട്ടുണ്ടെങ്കിൽ, തോന്ന്യാസം എന്ന ഒറ്റവാക്കിൽ ഞാൻ പറയുന്നു, കാരണം ശ്രീ. കുഞ്ഞാലിക്കുട്ടി ആ പ്രദേശത്തെ ചീഞ്ഞുനാറുന്ന കഥകൾ വിശദീകരിച്ചതാണ്. ആ പ്രദേശത്തുപോയാൽ അതിനെക്കുറിച്ചറിയാമെന്ന് ശ്രീ. കുഞ്ഞാലിക്കുട്ടി സമ്മതിച്ചു. ആ ചീഞ്ഞുനാറുന്ന കഥകളെയെല്ലാം മൂടിവയ്ക്കാനാണ് മന്ത്രി ശ്രമിച്ചത്, ഇവിടത്തെ രേഖകൾ പരിശോധിച്ചാൽ അത് അറിയാം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : ഞാൻ പറഞ്ഞത് ശ്രീ. ശശീന്ദ്രൻ പറഞ്ഞതല്ല. നിയമസഭയിൽ പറഞ്ഞത് നിങ്ങൾ ആരോപിക്കുന്ന രീതിയിലുള്ള വലിയ അപകടമൊന്നും കാണുന്നില്ല. ഞാൻ പോയി പരിശോധിച്ചു, സ്വീപ്പേജ് ഉണ്ട്. നടപടികളെടുക്കുന്നുണ്ട്. ഇനി ഏതെങ്കിലും ഉദ്യോഗസ്ഥൻമാരോ മറ്റോ ക്രമക്കേട് കാണിച്ചിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ ഈ ഗവൺമെന്റ് കർശനമായ നടപടിയെടുക്കുമെന്നാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : ഞാൻ വാദപ്രതിവാദത്തിലേയ്ക്കൊന്നും കടക്കുന്നില്ല. പക്ഷേ ധനകാര്യവകുപ്പു മന്ത്രിയുടേയും ഇറിഗേഷൻ മന്ത്രിയുടേയും പ്രസംഗങ്ങൾ കേട്ട ഈ സഭയിലെ 140 അംഗങ്ങൾക്കും പ്രകടമായ വ്യത്യാസം അനുഭവപ്പെട്ടിട്ടുണ്ട് എന്നേ ഞാൻ പറയുന്നുള്ളൂ. അപ്പോൾ ആ ഗംഗാധരൻ തൽസ്ഥാനത്ത് തുടരുന്നു. എല്ലാ അഴിമതികളേയും

LIBRARY ARCHIVES Kerala Legislative Assembly

മൂടിവയ്ക്കാൻ ആത്മാർത്ഥമായ ശ്രമം നടത്തിയെന്നു ഞാൻ പറയുന്നില്ലെങ്കിലും ശ്രമം നടത്തി. ശ്രമം നടത്തിയ ഗംഗാധരൻ ആ സ്ഥാനത്ത് തുടരുന്നു. ടേംസ് ഓഫ് റഫറൻസ് തീരുമാനിച്ചിട്ടുമില്ല. ഇങ്ങനെയൊരു സാഹചര്യത്തിൽ നമ്മുടെ മുഖ്യമന്ത്രി ഇന്നിവിടെ ആമുഖമായി അന്വേഷണത്തിന് ഉത്തരവിട്ടുകൊണ്ട് ഒരു ഗോളടിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അത് ശ്രീ. രാജേന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പുകമറ സൃഷ്ടിക്കാനല്ല എന്ന് തെളിയിക്കേണ്ട ബാദ്ധ്യത മുഖ്യമന്ത്രിക്കുണ്ട്.

അങ്ങനെയാണെങ്കിൽ ആ സ്ഥാനത്ത് നിന്ന് ഇറിഗേഷൻ വകുപ്പുമന്ത്രിയെ മാറ്റി നിർത്തിയ ഒരു അന്വേഷണത്തിൽ കൂടിയല്ലാതെ സത്യം പുറത്തു വരാൻ പോകുന്നില്ല. മുഖ്യമന്ത്രി മുൻപ് ബാലകൃഷ്ണപിള്ളയ്ക്ക് എതിരെ അന്വേഷണ ഉത്തരവിട്ടിട്ടുണ്ട്, അതിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. അതുപോലുള്ള ഒരു അന്വേഷണ പ്രഹസനമായി ഈ അന്വേഷണം അവസാനിക്കാൻ പോകുകയാണ്. അത് മതിയോ ? ഭരണകക്ഷി പ്രതിപക്ഷ ഭേദമെന്യേ ബോദ്ധ്യപ്പെട്ട ഈ വിഷയങ്ങളിൽ അത് മതിയോ എന്ന വിനീതമായ ഒരു പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഇവിടെ രണ്ട് കമ്മറിറികളുണ്ട്, അതിൽ ഒന്നിൽ ഞാൻ അംഗമായിരുന്നു. ആ രണ്ടു കമ്മിറിറികളിൽ പങ്കെടുത്ത അംഗങ്ങൾക്ക് അവിടെ നടന്ന കാര്യങ്ങൾ സഹിക്കാൻ പറ്റാത്തതാണ് എന്നാ ബോദ്ധ്യപ്പെട്ടു.

ശ്രീ. ഗംഗാധരൻ പാപിയാണ് എന്നു ഞാൻ പറയുന്നില്ല. പാപിയാണ് എന്നു പറയാൻ ഞാനും അദ്ദേഹവുമായുള്ള സൗഹൃദം എന്നെ സമ്മതിക്കുന്നില്ല. പക്ഷേ നിങ്ങൾ പാപികളുടെ കൂട്ടത്തിൽ പെടരുത്. 37,000 ഹെക്ടർ ആദ്യഘട്ടത്തിലും 27,000 ഹെക്ടർ രണ്ടാം ഘട്ടത്തിലും കനകം വിളയിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച ഒരു പദ്ധതി—അവരുടെ സ്വപ്നം ആ സ്വപ്നം ഇന്ന് കരിഞ്ഞ് ചാമ്പലാകുകയാണ് ; അവരുടെ ശാപങ്ങൾക്കു മുമ്പിൽ, താങ്കൾ ഒരു പാപിയാണ്. താങ്കൾ പാപിയല്ല എന്നു തെളിയിക്കാൻ വേണ്ടി ഈ സ്ഥാനത്തുനിന്ന് മാറി നിന്ന് ഇതാ അന്വേഷണത്തിന് തയ്യാറാകുന്നു എന്ന് പ്രഖ്യാപിക്കാൻ ഉള്ള വിവേകം അങ്ങേക്കുണ്ടാകട്ടെ എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. ജി. ആർ. കർത്താ : സർ, ഭരണപക്ഷവും പ്രതിപക്ഷവും ഒരു പോലെ കാണുന്ന ഈ പ്രശ്നത്തിന് ഒരു പരിഹാരം കണ്ടെത്താൻ വേണ്ടി ഇന്ന് മുഖ്യമന്ത്രി ഇവിടെ അറിയിച്ച തീരുമാനം വളരെയധികം സ്വാഗതാർഹമാണ്. അതിനെപ്പറ്റി കൂടുതലായി ഒന്നും തന്നെ സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ജനവികാരങ്ങളെ മാനിച്ചുകൊണ്ട് ഗവൺമെൻറ് എടുത്ത ഈ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പംതന്നെ ന്യായാധിപൻ ആര് വേണം എന്നുള്ള കാര്യത്തിന് തർക്കത്തിനവകാശമില്ല. തന്റെ മുമ്പിൽ വരുന്ന തെളിവുകളും സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് ഏത് ന്യായാധിപൻ തീരുമാനിച്ചാലും അത് ശരിയാകുമെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. കേരളത്തിലെ ഉന്നതമായ നീതിന്യായ പീഠങ്ങളിൽ ഇരിക്കുന്ന ഏതെങ്കിലും ഒരു ന്യായാധിപൻ ഈ കാര്യം കൈകാര്യം ചെയ്താൽ ശരിയാകുമെന്നുതന്നെയാണ് എന്റെ അഭിപ്രായം. നീതിയ്ക്കുവേണ്ടി അന്യ രാജ്യങ്ങളിലേയ്ക്ക് പോകണമെന്ന് എനിക്ക് അഭിപ്രായമില്ല. അതുകൊണ്ട് ഞാൻ വളരെ ചുരുക്കുകയാണ്. കേരളത്തിലെ തന്നെ പ്രമുഖനായ ഒരു ന്യായാധിപനെക്കൊണ്ട് അന്വേഷിപ്പിച്ച് കുറ്റക്കാരെ കണ്ടുപിടിച്ച് അവർക്ക് ന്യായമായശിക്ഷ നല്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി : ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തിയ ശേഷവും ബഹുമാനപ്പെട്ട ബേബിജോൺ ഇത് അവതരിപ്പിച്ചതിലാണ് ഭരണകക്ഷിയിലുള്ള പലർക്കും ആക്ഷേപം. ഇത് അവതരിപ്പിച്ചില്ലെങ്കിൽ അങ്ങനെയൊരു സംഭവം നടക്കുമോ ? ശ്രീ. ഗംഗാധരൻ മഹാസൂത്രശാലിയാണ്. അദ്ദേഹം കുഴിച്ച കുഴിയിൽ അദ്ദേഹം തന്നെയാണ് വീണത്. ശ്രീ. ബാലകൃഷ്ണപിള്ളയെ ഒന്നുശരിയാക്കാൻവേണ്ടി ശ്രമിച്ചുനോക്കിയ അവസരത്തിൽ അദ്ദേഹത്തെയും കൂടി അതിൽ പങ്കുചേർക്കേണ്ടതായിരുന്നു. കഴിഞ്ഞ പി.എ.സി. ജൂലൈയിൽ റിപ്പോർട്ട് സമർപ്പിച്ചു. ഇത്രയും നേരം അതിനെക്കുറിച്ച് ഒരു നടപടിയും എടുത്തിട്ടില്ല. ഇപ്പോൾ ശ്രീ. ഗംഗാധരന്റെ സുഹൃത്തും ആത്മമിത്രവുമായ ശ്രീ. തങ്കച്ചൻ ഉൾപ്പെടെയുള്ളവർ പി. യു. സി. യിൽ ശ്രീ.ബാലകൃഷ്ണപിള്ളയ്ക്കെതിരായി ഐകകണ്ഠ്യേന ജുഡീഷ്യൽ അന്വേഷണത്തിന് റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ട് സമർപ്പിച്ചപ്പോൾ ഇത് നല്ല ഒരു അവസരമാണെന്ന് കേരളാ കോൺഗ്രസിന് തോന്നി. ഇന്നലെ ക്യാബിനറിൽ ഉണ്ടായതെന്താ? കേരളാ കോൺഗ്രസിലെ മന്ത്രിമാർ പറഞ്ഞു, എങ്കിൽ ശരി പി. യു. സി. റിപ്പോർട്ട് അംഗീകരിച്ചു കളയാം, ആയിക്കോട്ടേ എന്ന് പറഞ്ഞു. അതിന്റെ കൂടെ കല്ലടയും ആക്കിക്കോട്ടേ എന്നു പറഞ്ഞു, അതല്ലേ അവിടെ ഉണ്ടായ സത്യം? എന്നിട്ട് ഇവിടെ വന്ന് ഞങ്ങൾ ജുഡീഷ്യൽ അന്വേഷണം നടത്തി, ഈ രാജ്യത്തെ രക്ഷിക്കാൻ എന്നു പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ ? അതല്ലേ വാസ്തവത്തിൽ ഇന്നലെ ഇവിടെ നടന്നത്

ശ്രീ. പി. പി. തങ്കച്ചൻ : അന്വേഷണം വേണ്ട എന്നാണോ പറയുന്നത് ?

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഞങ്ങളുടെ മഹാമനസ്ക്കത കൊണ്ടാണ് അത് ഉണ്ടായത് എന്നു പറയണ്ട എന്നാണ് പറഞ്ഞത്. ഇന്നലെ ശ്രീ. സീതിഹാജി പറഞ്ഞത് എന്താണ് ? ഈ പ്രമേയത്തിനെതിരായി വോട്ടു ചെയ്യേണ്ടി വന്നാൽ ഞാൻ ഇവിടെ ഉണ്ടാകുകയില്ല എന്നാണ്. ആ കാരണങ്ങൾ കൊണ്ടൊക്കെ ജനങ്ങളുടെയും പ്രതിപക്ഷത്തിന്റെയും ഒക്കെക്കൂടിയുള്ള നിർബന്ധത്തിന്റെ പേരിൽ അന്വേഷണത്തിനു വന്നു എന്നല്ലാതെ ആത്മാർത്ഥതയോടു കൂടിയ ഒരു അന്വേഷണമാണോ ?

കല്ലടയിലെ കാര്യം ഞങ്ങൾ ടേംസ് ഓഫ് റഫറൻസിൽ പ്രതിപക്ഷത്തോട് യോജിക്കണമെന്ന് പറയുന്നതിൽ ചില കാര്യങ്ങളുണ്ട്. കല്ലട ഡാമിനെക്കുറിച്ച് മുമ്പ് ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. അതിനുശേഷം ഉണ്ടായ ഒന്നു രണ്ടു കാര്യങ്ങൾ മാത്രം പറയാം. അവിടത്തെ കോൺട്രാക്ടിനെക്കുറിച്ച് ശ്രീ. ബേബിജോൺ പറഞ്ഞു. അദ്ദേഹം പറഞ്ഞു അതിന്റെ മുകളിൽക്കൂടി ലോറി പോകാൻ പാടില്ലായെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ പറഞ്ഞു.എന്ന്. അതിനുശേഷം ലോറി ഓടിച്ചു. ലോറി ഓടിക്കാൻ സമ്മതിക്കാതിരുന്ന രണ്ട് എൻജിനീയർമാരേയും അവിടെ നിന്ന് സ്ഥലം മാറ്റി, അതിനുശേഷം ആ കോൺട്രാക്ടർക്ക് പറ്റിയ ഒരു എൻജിനീയറെ അവിടെ പോസ്റ്റ് ചെയ്തു. അതു കഴിഞ്ഞശേഷം ഇപ്പോൾ എന്താണ് ചെയ്തത് ? പുതിയ ഒരു സംഭവം കൂടി നടന്നിട്ടുണ്ട്. ഒരു കോടി രൂപയുടെ കനാൽ-മുകളിൽക്കൂടി ലോറി ഓടിച്ചുപോയതിന് ചീഫ് ടെക്നിക്കൽ എക്സാമിനർ വളരെ മോശമായി എഴുതിയ ആ കരാറുകാരന് കൊടുക്കാൻ റിപ്പോർട്ട് ആക്കി വച്ചിട്ടുണ്ട്. ഇപ്പോഴുള്ള ചീഫ് എൻജിനീയറുടെ മുമ്പിലത്തെ ചീഫ് എൻജിനീയർ ഈ ഒരു കോടി രൂപയുടെ കനാൽ വർക്ക് ഒരു കോൺട്രാക്ടർക്കു കൊടുക്കാൻ പാടില്ല എന്നുപറഞ്ഞ് എഴുതിവച്ച ശേഷം ഇപ്പോൾ അയാളെ മാറ്റി പുതിയ ചീഫ് എൻജിനീയറെ കൊണ്ടുവന്ന് ഒരു കോടി രൂപയുടെ വർക്ക് ഈ

LIBRARY ARCHIVES Kerala Legislative Assembly

കനാലിന് കൊടുത്തു. അതുമാത്രമല്ല ഇതിനെക്കുറിച്ച് അന്വേഷണമുണ്ടോ ? ഈ ഭാഗങ്ങളൊക്കെ അന്വേഷിക്കണമെന്നു പറഞ്ഞ് ടേംസ് ഓഫ് റഫറൻസിൽ പ്രതിപക്ഷത്തോടുംകൂടി ആലോചിക്കണമെന്നു പറഞ്ഞത് ശ്രീ. ഗംഗാധരന്റെ പരോക്ഷമായ കൈകടത്തൽ ഇതിൽ പ്രവർത്തിച്ചിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ്. അതിനെക്കുറിച്ച് അന്വേഷിക്കണ്ടേ ? ഇപ്പോൾ നടക്കുന്ന വർക്ക്, ഈ കമ്മിറ്റിയൊക്കെ വന്നതിനുശേഷം ഉള്ള ഒരു വർക്ക് 35 ലക്ഷം രൂപയുടെ ഒരു വർക്കു കൂടി ഈ കരാറുകാരന് കൊടുത്തു. അതിലൊന്നും ഇടതുഹേത്തിന് പങ്കില്ല എന്നുപറയാൻ പറ്റുമോ ? അതുകൊണ്ടാണ് ഞങ്ങൾ വളരെ വ്യക്തമായി പറയുന്നത്, ഇത് അന്വേഷിക്കുന്നതിന് കേരളത്തിലുള്ള ജഡ്ജിമാർ പോരാ, പുറത്തുള്ള ജഡ്ജിമാർ തന്നെ വേണം എന്ന്. അതുപോലെ ടേംസ് ഓഫ് റഫറൻസിൽ ഇവിടത്തെ പ്രതിപക്ഷത്തോടുംകൂടി ആലോചിച്ചുവേണം ഇതു ചെയ്യാൻ എന്ന് ഉൾപ്പെടുത്തണം. ഇതിൽ ശ്രീ. ഗംഗാധരന്റെ പേരിൽ ഇപ്പോൾ തന്നെ അന്വേഷണം നടത്തണം എന്നു പറഞ്ഞ് പ്രധാനമന്ത്രി കേരളം സന്ദർശിച്ചപ്പോൾ പ്രതിപക്ഷ നേതാക്കൻമാർ മെമ്മോറാണ്ടം കൊടുത്തു. അപ്പോൾ തന്നെ രണ്ടുമൂന്നു മന്ത്രിമാരെക്കുറിച്ചുകൂടി അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് നിവേദനം കൊടുത്തു. അങ്ങനെ കൊടുത്തതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് പ്രധാനമന്ത്രി മുഖ്യമന്ത്രിക്ക് എഴുതി കൊടുത്തിരിക്കുകയാണ്. അഴിമതിയുടെ സ്വത്തിനെക്കുറിച്ചുമൊക്കെ അന്വേഷിക്കണം. ഈ അന്വേഷണം കൂടി ഒന്നിച്ചു വച്ചാൽ കല്ലട പ്രശ്നം മാത്രമായി ഒതുക്കാതെ എല്ലാം ഇതിൽ വരുമായിരുന്നു. അതിനൊരു മറുപടി പറയാൻ മുഖ്യമന്ത്രി തയ്യാറായില്ല. അഴിമതി അതിനെ ഒളിച്ചുവച്ചിരിക്കുകയാണ്. മുഖ്യമന്ത്രി അതിൽ എന്തു നടപടി എടുക്കുമെന്ന് നമുക്ക് കാണാം. ചീഫ് ടെക്നിക്കൽ എക്സാമിനർ നേരത്തെ ഒരു റിപ്പോർട്ടു കൊടുത്തു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഗംഗാധരൻ യാതൊരു നടപടിയും അതിനെക്കുറിച്ച് ഇതുവരെ എടുത്തില്ല.

അതുമാത്രമല്ല ഇപ്പോൾ ഒരു റിപ്പോർട്ട് ചീഫ് ടെക്നിക്കൽ എക്സാമിനർ കൊടുത്തിട്ടുണ്ട്. അതിന്റെ പേരിൽ എന്തു നടപടി എടുത്തിട്ടുണ്ട് ? ആ റിപ്പോർട്ടും അതിന്റെ അന്വേഷണ പരിധിയിൽ കൊണ്ടുവരാൻതയ്യാറുണ്ടോ? ഇപ്പോൾ കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തു നടപടിയാണ് അഴിമതി എടുത്തത് എന്ന്. മറുപടി പ്രസംഗത്തിൽ വ്യക്തമാക്കിയാൽ കൊള്ളാം. അല്ലെങ്കിൽ ആ റിപ്പോർട്ട് ഇവിടെ മേശപ്പുറത്തു വയ്ക്കാൻ തയ്യാറുണ്ടോ ? കമ്മിറ്റി പോയിവന്നശേഷം കൊടുത്ത റിപ്പോർട്ട് കൂടി മേശപ്പുറത്തു വയ്ക്കാൻ അഴിമതി തയ്യാറുണ്ടോ ? എങ്കിൽ വളരെ കൂടുതൽ കാര്യങ്ങൾ നമുക്ക് വെളിച്ചത്ത് കൊണ്ടുവരാൻ കഴിയും. അതിൽ മന്ത്രിക്കുള്ള പങ്ക് വ്യക്തമാകും. ഞാൻ ഇങ്ങനെയൊരു ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനോട് യോജിക്കുന്നു. അത് പുറത്തുള്ള ഒരു സിറ്റിങ്ങ് ജഡ്ജിയെക്കൊണ്ട് ആയിരിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. വി. വിജയരാജൻ : ഇടമലയാർ, കല്ലട ഡാമുകളുടെ ചോർച്ചയെ പറ്റി ഇതിനുമുമ്പും പ്രതിപക്ഷത്തുനിന്നും ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അന്ന് ഒരു വിദഗ്ധനെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നും ആ അന്വേഷണത്തിൽ വിശദമായ ഒരു അന്വേഷണം ആവശ്യമെങ്കിൽ അത് നടത്താം എന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു. അതനുസരിച്ച് ഇപ്പോൾ ഒരു ജുഡീഷ്യൽ എൻക്വയറിക്ക് ഓർഡർ ഇട്ടിരിക്കുകയാണ്. പ്രതിപക്ഷത്തു നിന്നുള്ള സമ്മർദ്ദംകൊണ്ട് മാത്രമാണ് ഇത് നടത്തിയത് എന്നാണ് ഇവിടെ പ്രസംഗിച്ചവരുടെയൊക്കെ വാദം. കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കണമെങ്കിൽ ഇടതുപക്ഷജനാധിപത്യമുന്നണി ജയിക്കണം, ഏതെങ്കിലും കാരണവശാൽ തോറ്റുപോയാൽ അത് കിട്ടുകയില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ് പറഞ്ഞത്. ഈ ഗവൺമെന്റ് കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ തുടങ്ങിയപ്പോഴേ അത് ഞങ്ങളുടെ സമ്മർദ്ദം കൊണ്ടാണ് എന്നും അന്ന് ഒന്നരലക്ഷം പേർക്ക് കൊടുത്തിരുന്നത് ഇപ്പോഴേ രണ്ടര ലക്ഷമോ മൂന്നുലക്ഷമോ പേർക്ക് കൊടുക്കുന്നു എങ്കിൽ അതും ഞങ്ങളുടെ നേട്ടമാണെന്നുമാണ് പറഞ്ഞു നടക്കുന്നത്. അതുപോലെ ഈ ഡാമിന്റെ ചോർച്ച ഒരു വിദഗ്ധനെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നും വേണമെങ്കിൽ വിശദമായഅന്വേഷണം വീണ്ടും നടത്താമെന്നും മുഖ്യമന്ത്രി നേരത്തെ ഈ സഭയെ ധരിപ്പിച്ചതനുസരിച്ച് ഇപ്പോഴേ ഒരു അന്വേഷണത്തിന് തയ്യാറായപ്പോഴേ അത് തങ്ങളുടെ സമ്മർദ്ദം കൊണ്ടാണ് എന്നാണ് പറയുന്നത്. അങ്ങനെ എന്ത് നേട്ടം വന്നാലും അത് തങ്ങളുടെ നേട്ടമാണെന്ന് പറയുന്നത് ശരിയാണോ ? ഈ ഗവൺമെന്റ് എന്തെങ്കിലും ചെയ്യാൻ പോകുമ്പോഴേ അതിനെ സമ്മതിക്കുമോ ? കഴിഞ്ഞ മൂന്നു ദിവസമായി എന്തായിരുന്നു ഇവിടെ ? ഇവിടെ ഗവൺമെന്റില്ല, ഇപ്പോഴേ, ഈ മിനിട്ടിൽ പോകും എന്നൊക്കെ പറഞ്ഞു. ഇപ്പോഴേ ശബ്ദമില്ല. ഇന്നിപ്പോഴേ ഗവൺമെന്റിനെപ്പറ്റി പറയുന്നില്ല. ഇപ്പോഴേ എന്ത് നല്ലകാര്യം ചെയ്താലും അത് ചെയ്യിക്കാതിരിക്കുന്നതിനുള്ള തന്ത്രം എന്നുള്ളതല്ലാതെ ഈ രാജ്യത്ത് ഭരണം ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ സഹായം പ്രതിപക്ഷത്ത് നിന്നും ഉണ്ടാകുന്നില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. ഭരിക്കാൻ അവരുടെ ഗവൺമെന്റിനെ പല പ്രാവശ്യം അനുവദിച്ചിട്ടുണ്ട്, ഭരിക്കുമോ ? ഭരിക്കുകയില്ല, ആരെങ്കിലും ഭരിക്കാൻ തുടങ്ങിയാൽ അവരെ കൊണ്ട് ഭരിക്കാൻ സമ്മതിക്കാതിരിക്കുക—അങ്ങനെയൊരു നയമാണ് സ്വീകരിച്ചിരിക്കുന്നത്. അത് മാറ്റി ഡാമിന്റെ ചോർച്ചക്ക് ഉത്തരവാദികളായവരെ കൈയാമംവച്ച് ജയിലിൽ അടയ്ക്കാനുള്ള അവസരം ഉണ്ടാക്കണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

പ്രൊ. ലോനപ്പൻ നമ്പാടൻ : സർ, ഇടമലയാർ കല്ലട ഡാമുകളുടെ സംഭ്രമേജനകമായ സ്ഥിതിയെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് പബ്ലിക് അണ്ടർടേക്കിങ്ങ്സ് കമ്മിറ്റിയും പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയും വളരെ മുൻപ് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടും നാളിതുവരെ നിരവധി ക്യാബിനറ്റുയോഗങ്ങൾ നടത്തിയിട്ടും അന്വേഷണം നടത്താൻ മുഖ്യമന്ത്രി തയ്യാറായിട്ടില്ല. പ്രൊ. ബേബി ജോണിന്റെ ഉപക്ഷേപം വന്നപ്പോഴും ഗത്യന്തരമില്ലാതെ അന്വേഷണം പ്രഹസനമായി നടത്തുമെന്നാണ് പറയുന്നത്. വകുപ്പുമന്ത്രിയെ മാറ്റിനിർത്തിക്കൊണ്ട് അന്വേഷിക്കണം. മുഖ്യമന്ത്രിയും ജലസേചനവകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ കൂട്ടുപ്രതികളാണ്. മന്ത്രി പ്രൊ. ഗംഗാധരന് പകരം ഈ കമ്മിറ്റിയുടെ ചെയർമാൻ കൂടിയായ ലീഗിലെ പ്രൊ. സീതിഹാജിയെ മന്ത്രിയാക്കണം. ഏതായാലും ഒരു മന്ത്രിയെക്കൂടി അവർക്ക് കൊടുക്കേണ്ടതാണ്. ഇതൊരു അവസരവുമാണ്. ഇടമലയാറിന്റെ പണി നടത്തിയത് കെ. പി. പൗലോസും പി. കെ. സജീവും കൂടിയാണ്. പി. കെ. സജീവ് കേരള കോൺഗ്രസിന്റെ ഇന്നത്തെ വർക്കിംഗ് കമ്മിറ്റി മെമ്പറും കൂടിയാണ്. മുൻമന്ത്രി പതിമൂന്നു ലക്ഷം രൂപ വാങ്ങിയെന്നും അതിൽ രണ്ട് ലക്ഷം രൂപ മാത്രം പി. കെ. സജീവിന്റെ പേരിൽ കേരള കോൺഗ്രസിന്റെ അക്കൗണ്ട് ബുക്കിൽ വരവ് വച്ചിട്ടുണ്ട് എന്നും ആ പാർട്ടിയിലെ ഉത്തരവാദപ്പെട്ടയാളുകൾ പറയുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇലക്ട്രിസിറ്റി വകുപ്പ് കേരള കോൺഗ്രസ് മുഖ്യമന്ത്രിയെ ഏല്പിക്കണം. ആ പാർട്ടിയിലെതന്നെ മന്ത്രി ആ വകുപ്പ് കൈകാര്യം ചെയ്യുന്നത് ശരിയല്ല. 13 പേരുള്ള കമ്മിറ്റിയിൽ പ്രൊ. വി. വി. ജോസഫ്, തോമസ് കല്ലംപള്ളി എന്നീ കേരള കോൺഗ്രസ് എം. എൽ. എ. മാർ അടക്കം 6 ഭരണകക്ഷി എം. എൽ. എ. മാർ ഉള്ളതാണ്. 1976 ഒക്ടോബർ മാസം 12-ാം തീയതിയാണ് ഇടമലയാറിന്റെ പണി ആരംഭിച്ചത്. അതിനകം

LIBRARY ARCHIVES Kerala Legislative Assembly

7 ചീഫ് എൻജിനീയർമാരും 3 സൂപ്രണ്ടിംഗ് എൻജിനീയർമാരും 7 എക്സ് കൃട്ടീവ് എൻജിനീയർമാരും ഡസൻകണക്കിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരും അസിസ്റ്റന്റ് എൻജിനീയർമാരും മാറിമാറി വരുകയാണ്. അഴിമതിക്ക് കൂട്ടുനിൽക്കാത്തതിന്റെ പേരിൽ സ്ഥലം മാറ്റുകയുണ്ടായി. നിരവധി എൻജിനീയർമാരെ മണിക്കൂർവച്ച് സ്ഥലംമാറ്റുകയുണ്ടായി.

ശ്രീ.പി.പി. തങ്കച്ചൻ : സർ, ഞാനുംകൂടി അംഗമായിട്ടുള്ള പബ്ലിക്ക് അണ്ടർ ടേക്കിംഗ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ശുപാർശ സ്വീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ തീരുമാനം ഇന്ന് മുഖ്യമന്ത്രി ഈ സഭയെ അറിയിച്ചപ്പോൾ എന്തെന്നില്ലാത്ത ഒരു സന്തോഷമാണ് ഈ സഭയിലെ എല്ലാ ഭാഗത്തും ഉണ്ടായതെന്നാണ് എന്റെ വിശ്വാസം. ശ്രീ. ബേബിജോണിന് മാത്രം വലിയ നിരാശക്ക് അത് വഴി നൽകിയെന്നു പറഞ്ഞാൽ അത് അദ്ദേഹംതന്നെ നിഷേധിക്കുകയില്ലെന്നാണ് എനിക്ക് തോന്നുന്നത്. കുരങ്ങു ചത്ത കുറവനെപ്പോലെയാണ് അദ്ദേഹത്തിന്റെ ഇരിപ്പ്. വലിയ ഒരു സംഭവം ഇവിടെനടത്തുന്നുണ്ടെന്നുള്ള ഒരു തോന്നൽ ഉണ്ടാക്കിക്കൊണ്ടാണ് അദ്ദേഹം ഈ സഭയിൽ വന്നത്. എന്നാൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഗവൺമെന്റ് വളരെ നിഷ്പക്ഷമായും നീതിപൂർവ്വമായും പ്രവർത്തിക്കുന്നുവെന്നുള്ളതിന്റെ ഒരു തെളിവുകൂടി ഹാജരാക്കിയിരിക്കുകയാണ്. എന്നു പറഞ്ഞാൽ ഒരു തൂവൽ കൂടി തുന്നിച്ചേർക്കത്തക്ക രീതിയിൽ ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ശുപാർശ അനുസരിച്ചുകൊണ്ട് നിഷ്പക്ഷമായ ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറായിരിക്കുന്നുവെന്ന് അദ്ദേഹം അറിയിച്ചു. അതോടുകൂടി ഈ ചർച്ചയുടെ പ്രസക്തി പോയി. വാസ്തവത്തിൽ ശ്രീ. ബേബി ജോണിനെപ്പോലെയുള്ള ഒരാൾ ഈ തീരുമാനം വന്നതിനെത്തുടർന്ന് ചർച്ച ഇനി വേണ്ട, ഇത് അവസാനിപ്പിക്കാമെന്ന് പറയുമെന്നായിരുന്നു ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. പക്ഷേ പിന്നീടാണ് എനിക്ക് ഒരു കാര്യം മനസ്സിലായത്. ശ്രീ. ബേബിജോണിന്റെയും അദ്ദേഹത്തെ പിന്താങ്ങിക്കൊണ്ട് സംസാരിച്ച താമരാക്ഷന്റെയും പ്രസംഗം കേട്ടുകഴിഞ്ഞപ്പോഴാണ് പഴയ വ്യക്തിപരമായ ഒരു വൈരാഗ്യം തീർക്കാൻ വേണ്ടിയാണ് ഈ അവസരം മുതലെടുത്തത് എന്ന് മനസ്സിലായത്. അദ്ദേഹം മന്ത്രിയായിരുന്നവസരത്തിൽ ഈ നിയമസഭയിൽ അദ്ദേഹം മന്ത്രിസ്ഥാനം ദുരുപയോഗപ്പെടുത്തി വളരെയധികം സ്വത്ത് സമ്പാദിച്ചുവെന്നുപറഞ്ഞ് ശ്രീ. എം.പി. ഗംഗാധരൻ അക്കമിട്ട് ഏഴെട്ട്, ആരോപണങ്ങൾ എഴുതിക്കൊടുത്തു. ആ ഒരു വിരോധം അദ്ദേഹത്തിനുണ്ട്. ആ ഒരു വിരോധം തീർക്കാൻവേണ്ടിയാണ്, ശ്രീ. എം. പി. ഗംഗാധരനെ തേജോവധം ചെയ്യാൻ വേണ്ടിയാണ് മനഃപൂർവ്വം ഈ അവസരം ഉപയോഗപ്പെടുത്തിയത്. ശ്രീ. എ. വി. താമരാക്ഷനും പിന്നീട് സംസാരിച്ച സഹപ്രവർത്തകർക്കും കല്ലട ഡാമിലെ ചോർച്ചയെപ്പറ്റി അന്വേഷണം നടത്തുകയെന്നുള്ളതല്ലാതെ ശ്രീ. എം. പി. ഗംഗാധരനോടുള്ള വ്യക്തിപരമായ വൈരാഗ്യം തീർക്കണമെന്നുള്ളതായിരുന്നു ഉദ്ദേശമെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആകെ തുക ഒന്നുപരിശോധിച്ചാൽ മനസ്സിലാകും. കല്ലട ഡാമിന്റെചോർച്ചയെപ്പറ്റിയുള്ള അടിയന്തിര പ്രമേയങ്ങളും ശ്രദ്ധക്ഷണിക്കലും ഒക്കെ വന്ന അവസരത്തിൽ പ്രതിപക്ഷ അംഗങ്ങളും പ്രതിപക്ഷ നേതാക്കൻമാരും ഇവിടെ സംസാരിച്ചത് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നായിരുന്നു. ഇന്ന് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തീരുമാനിച്ചപ്പോൾ അവർ അവിടെനിന്നു മാറി. ഇപ്പോൾ പറയുന്നത് അന്യ സംസ്ഥാനത്തു നിന്നുള്ള ഒരു ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തണമെന്നാണ്. റിട്ടയേർഡ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തിക്കുമെന്ന് പറഞ്ഞാൽ അവർ പായും സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തണമെന്ന്. സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തുമെന്ന് ഗവൺമെന്റു പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

അവർ പറയും അത് പോരാ വെളിയിൽനിന്നുള്ള ഒരാളെക്കൊണ്ട് വേണം അന്വേഷണം നടത്താൻ എന്ന്. വെളിയിൽനിന്നുള്ള ഒരാളെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നുപറഞ്ഞാൽ അവർ പറയും സുപ്രീംകോടതി ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന്. അങ്ങനെ പറയാൻപോലും പ്രതിപക്ഷം തയ്യാറാകുമെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. അവർ പറയുന്നതിൽ വലിയ ആത്മാർത്ഥത ഒന്നുമില്ലെന്നുള്ള പക്ഷക്കാരനാണ് ഞാൻ.

എന്റെ സ്നേഹിതന്മാർ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു ഇതു വളരെമുൻപേകൊടുത്ത ഒരു റിപ്പോർട്ടാണ് എന്ന്. പബ്ലിക് അണ്ടർടേക്കിങ്സ് കമ്മിറ്റി റിപ്പോർട്ട് കൊടുത്തത് ഈ 3-ാം തീയതി മാത്രമാണ്. റിപ്പോർട്ട് കൊടുത്തിട്ട് ഏതാനും ദിവസങ്ങളേ മാത്രമേ ആയിട്ടുള്ളു. മൂന്നാം തീയതി കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അതിനുശേഷം കൂടിയ ക്യാബിനറ്റിൽ, ഇന്നത്തെ ക്യാബിനറ്റിലാണ് തീരുമാനം എടുത്തത്. അതുകൊണ്ട് വൈകി എന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇവിടെ മന്ത്രിമാരെ മാറ്റി നിർത്തിക്കൊണ്ട് അന്വേഷണം നടത്തണമെന്നു പറഞ്ഞു. ഞാൻ ചോദിക്കട്ടെ. അങ്ങനെ ആണെങ്കിൽ അടിയന്തിര പ്രമേയം അവതരിപ്പിച്ച അവസരത്തിലും ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ച സമയത്തും പ്രതിപക്ഷ നേതാക്കൻമാർക്ക് പറയാമായിരുന്നല്ലോ ; അന്ന് ഈ ആവശ്യം ആരും ഉന്നയിച്ചിരുന്നില്ല. അന്ന് ആകെ പറഞ്ഞത് നിഷ്പക്ഷമായി ഇതിനെക്കുറിച്ച് അന്വേഷണം നടത്തി കാര്യങ്ങൾ പുറത്തുകൊണ്ടുവരണമെന്നു മാത്രമായിരുന്നു. അന്ന് അത് പറഞ്ഞില്ല. അതുകൊണ്ടാണ് ഞാൻ പറയുന്നത് എന്തെങ്കിലും നിങ്ങൾ പറഞ്ഞാൽ അതിന് ഭരണകക്ഷി സമ്മതിച്ചാൽ അതിൽ നിന്ന് നിങ്ങൾ മാറും എന്ന്. ഇങ്ങനെ ഓരോ ദുർന്യായം കണ്ടുപിടിച്ച് ആശയക്കുഴപ്പം ഉണ്ടാക്കാനാണ് അല്ലെങ്കിൽ പുകമറ സൃഷ്ടിക്കാനാണ്. അല്ലാതെ പ്രതിപക്ഷത്തിന്റെ വാദത്തിൽ വലിയ ആത്മാർത്ഥതയില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും.

കല്ലടയെക്കുറിച്ച് പറഞ്ഞു. പതിനഞ്ചുകോടിയോളം രൂപ വേണ്ടിവരുന്ന പദ്ധതിയിൽ ഒരു കോടി അറുപതു ലക്ഷം രൂപ വരുന്ന മുകൾ ഭാഗത്തുള്ള പണി മാത്രമേ ബഹുമാനപ്പെട്ട എം.പി. ഗംഗാധരന്റെ കാലഘട്ടത്തിൽ നടത്തിയിട്ടുള്ളു. ആ ഭാഗത്ത് ചോർച്ച ഉണ്ടായിട്ടില്ല. അതുകൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നുള്ള കാര്യത്തിൽ ഭരണകക്ഷിയിലുള്ള ആളുകളും പൂർണ്ണമായി സന്തോഷിക്കും. ഏത് മന്ത്രി അധികാരത്തിൽ ഇരുന്ന കാലഘട്ടത്തിൽ പണിത ഭാഗത്താണ് ചോർച്ച ഉണ്ടായത് എന്ന് വളരെ വ്യക്തമായി ഇവിടെ വെളിച്ചത്ത് കൊണ്ടുവരണമെന്നുള്ളതുകൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണം തന്നെ ഇക്കാര്യത്തിൽ വേണം. അതിൽ ഏറ്റവും സന്തോഷിക്കുന്ന ആളുകൾ ഞങ്ങളാണ്. അപ്പോൾ അറിയാം ഇന്ന് അപ്പുറത്തുനിന്ന് വാദിച്ച പല ആളുകളുടേയും നേതാക്കൻമാർ രാജ്യം ഭരിച്ചിരുന്ന കാലഘട്ടത്തിലും ബോർഡിന്റെ ചുമതല വഹിച്ചിരുന്ന കാലഘട്ടത്തിലുമാണ് കല്ലടയിൽ ചോർച്ച ഉണ്ടായിട്ടുള്ള ഭാഗം പണി തീർത്തത് എന്ന്. അതൊക്കെ അന്വേഷണം വരുമ്പോൾ പുറത്തുവരും. ഈ രാജ്യത്തെ ജനങ്ങൾക്ക് അതൊക്കെ അറിയാം. അതുകൊണ്ടാണ് പറഞ്ഞത് അന്വേഷണം വേണം, അന്വേഷണത്തിന്റെ കാര്യത്തിൽ ഞങ്ങൾക്ക് എതിരഭിപ്രായമില്ലായെന്ന്.

മേസൺറി ഡാമുകളിൽ ആദ്യത്തെ ഫില്ലിംഗിൽ സീപ്പേജ് ഉണ്ടാകും എന്ന് ആർക്കും അറിയാം. ആരും അത് നിഷേധിക്കുകയില്ല. സെൻട്രൽ ബോർഡ് ഓഫ് ഇറിഗേഷൻ തന്നെ ഒരു പരിധി വരെയുള്ള ചോർച്ച അനുവദിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം മേസൺറി ഡാമുകളിൽ ചോർച്ച ഉണ്ടാകുമെന്നാണ്. ഈയിടെ മലമ്പുഴ ഡാമിൽ ഒരു ചോർച്ച ഉണ്ടായതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പത്രങ്ങളിൽ വായിച്ചില്ലേ ? ഒരു പരിധിവരെ മേസൺറി ഡാമുകളിൽ ചോർച്ചയുണ്ടാകുമെന്നുള്ളതുകൊണ്ടുതന്നെയാണ് സെൻട്രൽ ബോർഡ് ഓഫ് ഇറിഗേഷൻ ഒരു പരിധിവരെ സീപ്പേജ് അനുവദിച്ചിട്ടുള്ളത്. അതുപോലെ തന്നെ ഡാം പരിശോധിച്ച ഡാം റിവ്യൂ പാനലും സെൻട്രൽ വാട്ടർ കമ്മീഷനും ഈ ഡാമിന്റെ ചോർച്ച ആശങ്കക്ക് വകയില്ലാത്തതാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളത് ഈ അവസരത്തിൽ എടുത്തു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കല്ലട ഡാമിന്റെ ചോർച്ച ഇതിനകം ഒട്ടുമുക്കാലും പരിഹരിച്ചു കഴിഞ്ഞുവെന്നാണ് വിദഗ്ദ്ധന്മാർ പറഞ്ഞിട്ടുള്ളത്. എങ്കിൽ പോലും ജനങ്ങളുടെ ആശങ്കയും പ്രതിപക്ഷം സൃഷ്ടിച്ചിട്ടുള്ള പുകമറയും മാറാൻ ഒരു അന്വേഷണം നടത്തുന്നത് ഏറ്റവും ആവശ്യമാണ്. ഈ അന്വേഷണം നടത്തുന്ന കാര്യത്തിൽ പ്രതിപക്ഷം ആത്മാർത്ഥമായി സഹകരിക്കുമെന്നാണ് എന്റെ വിശ്വാസം. ഇടമലയാർ ഡാമിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ എൻക്വയറിയെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പി. സി. ചാക്കോയെക്കുറിച്ചും ബേബി ജോണിനെക്കുറിച്ചും ആരോപണങ്ങൾ വന്നു. അന്ന് ഒരു എൻക്വയറിക്ക് ഓർഡർ ചെയ്യാൻ പോലും ആ ഗവൺമെന്റ് തയ്യാറായില്ല.

സർ, നേരെ മറിച്ച് ഈ ഗവൺമെന്റ് ഇപ്പോൾ ഈ നിയമസഭയിലെ കമ്മിറ്റി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരു എൻക്വയറിക്ക് ഓർഡർ ചെയ്തിരിക്കുകയാണ്. ശ്രീ. എം. കെ. കൃഷ്ണനെക്കുറിച്ച് സ്പിരിറ്റ് കംഭകോണത്തിന്റെ അടിസ്ഥാനത്തിൽ എൻക്വയറിക്ക് ഓർഡർ ചെയ്തപ്പോൾ അദ്ദേഹത്തെ മന്ത്രിസ്ഥാനത്തുനിന്നും മാറ്റിനിർത്തിയിട്ടുവേണം എൻക്വയറി നടത്താനെന്ന വാദഗതി ആരെങ്കിലും ഉന്നയിച്ചിരുന്നോ ? ഈ കേരളത്തിന്റെ ചരിത്രത്തിൽ ഏതെങ്കിലും കാലഘട്ടത്തിൽ ഏതെങ്കിലും മന്ത്രിമാരെ മാറ്റി നിർത്തിക്കൊണ്ട് എൻക്വയറി നടത്തിയിട്ടുണ്ടോ ? ഒരു മന്ത്രിസഭയുടെ കാലത്തും മന്ത്രിമാരെ മാറ്റിനിർത്തിക്കൊണ്ട് എൻക്വയറി നടത്താൻ ഓർഡർ ചെയ്തിട്ടില്ല. എന്നുതന്നെയല്ല ഇത്തരം ഒരു വാദഗതി ഈ അടിയന്തിര പ്രമേയം അവതരിപ്പിച്ചപ്പോഴോ ശ്രദ്ധക്ഷണിക്കൽ നടത്തിയപ്പോഴോ ആരും ഉന്നയിച്ചിട്ടുമില്ല. ഒരു ജുഡീഷ്യൽ എൻക്വയറിക്ക് ഓർഡർ ചെയ്യാൻ ഞങ്ങൾ പി. യു. സി. കൂടിയപ്പോഴാണ് തീരുമാനിച്ചു. ഈ അഴിമതിനിരോധന കമ്മീഷൻ കോടതിയെക്കാളുമൊക്കെ വ്യത്യസ്തമായതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ഇവിടെ സൂചിപ്പിച്ചു. പല കാലഘട്ടങ്ങളിലായി നടന്ന പണിയിൽ പല ഉദ്യോഗസ്ഥന്മാർ ബന്ധപ്പെട്ടിട്ടുണ്ടെന്നുള്ളതുകൊണ്ട് സമഗ്രമായ ഒരന്വേഷണം നടത്തണമെങ്കിൽ ജുഡീഷ്യലന്വേഷണം ആയാലേ പറ്റൂ എന്നുള്ളതുകൊണ്ടാണ് അതുതന്നെ വേണമെന്ന് പറഞ്ഞത്. ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ നിഷ്പക്ഷമായാണ് ഞങ്ങൾ റിപ്പോർട്ടു തയ്യാറാക്കിയത്. ഡാമിന്റെ ഡിസൈനിംഗിൽ വന്ന വ്യതിയാനങ്ങളെക്കുറിച്ച് അത് എം. എൻ. ഗോവിന്ദൻ നായരുടെ കാലത്തായാലും പി. കെ. വാസുദേവൻ നായരുടെ കാലത്തായാലും, എന്റെ സുഹൃത്തിന്റെ കാലഘട്ടത്തിലായാലും അതിനെപ്പറ്റി അന്വേഷിക്കട്ടെ. ആരാണ് ഉത്തരവാദി എന്നറിയട്ടെ. ഉത്തരവാദികളായവരെ പിടികൂടി അവരുടെ കയ്യിൽനിന്നും നഷ്ടം ഈടാക്കട്ടെ. ഇക്കാര്യത്തിൽ ഞങ്ങൾക്കാർക്കും യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ആദ്യം മുതൽ ഇന്നുവരെയുള്ള കാര്യങ്ങളെക്കുറിച്ച് നിഷ്പക്ഷമായി അന്വേഷണം നടത്തണം. ഇവിടെ ടേംസ് ഓഫ് റഫറൻസിനെക്കുറിച്ച് പറഞ്ഞു. ഈ സഭയുടെ ചരിത്രത്തിൽ എന്നെങ്കിലും നിയമസഭ പ്രതിപക്ഷവും ആയി ആലോചിച്ചു തീരുമാനിച്ച ഒരു ടേംസ് ഓഫ് റഫറൻസ് ഉണ്ടായിട്ടുണ്ടോ ? ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഈ സഭയുടെ ചരിത്രത്തിൽ എന്നെങ്കിലും ഇതുപോലെ രണ്ട് കമ്മിറ്റികൾ പ്രശ്നത്തിന്റെ അടിയിലേക്ക് പോയി അന്വേഷിച്ച് ഇതുപോലെ പ്രഥമദൃഷ്ട്യാ കേസുണ്ടെന്നു തെളിഞ്ഞു ജുഡീഷ്യൽ എൻക്വയറിക്ക് തയ്യാറായിട്ടുണ്ടോ ?

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, അന്വേഷണം നടത്തണമെന്ന ആവശ്യത്തെ പിൻതാങ്ങുന്നു. ശ്രീമാൻ തങ്കച്ചൻ പറഞ്ഞു മന്ത്രി ശ്രീ. എം.പി. ഗംഗാധരന്റെ കാലത്ത് കല്ലടയിൽ ചെറിയ വർക്കേ നടന്നിട്ടുള്ളുഎന്ന്. അദ്ദേഹം പറഞ്ഞത് അതിനുമുമ്പ് നടന്ന പണിയിലാണ് ചോർച്ച ഉണ്ടായതെന്നാണ്. ഞാൻ അദ്ദേഹത്തിന്റെ കാലത്ത് നടന്ന വളരെ ചെറിയ ഒരു പ്രവർത്തനത്തെക്കുറിച്ചാണ് പറയുന്നത്. കല്ലടയിൽ മെയിൻറനൻസ് ആൻറ് കൺവെയൻസ് സിസ്റ്റം ഏർപ്പെടുത്തിയപ്പോൾ അദ്ദേഹം ഒരു കച്ചവടം നടത്തി. കെമിക്കൽസ് ആൻഡ് പ്ലാസ്റ്റിക്സ് ഇൻഡ്യാ ലിമിറ്റഡ് മദിരാശിയിലെ കമ്പനിയുമായി ഒരു കരാറുണ്ടാക്കി ഒരു കോടി ഏഴുലക്ഷം രൂപയുടെ പി. വി. സി. പൈപ്പുകൾ വാങ്ങി. വയലിൽ വെള്ളം എത്തിക്കാനാണെങ്കിൽ അതിനു പി.വി.സി. പൈപ്പുകൾ എന്തിനാണെന്നു മനസിലാകുന്നില്ല. ഇപ്പോൾ അവർ അയയ്ക്കുന്ന പൈപ്പുകൾ ഇവിടെ എടുക്കുന്നില്ല. കോട്ടയം റെയിൽവേ സ്റ്റേഷനിൽ കെട്ടിക്കിടക്കുകയാണ്. അതിനു ഡെമറേജ് കൊടുക്കണം. ഒരു കോടി ഏഴു ലക്ഷം രൂപയുടെ പൈപ്പ് വാങ്ങാൻ ഓർഡർ വന്നത് ജനുവരിയിലാണ്. എന്നാൽ ആ ഓർഡറിന് കാത്തുനിൽക്കാതെ 4 മാസം മുമ്പേ പൈപ്പ് വാങ്ങിച്ചു. അതിന്റെ റിപ്പോർട്ട് മുഴുവൻ വായിക്കാൻ സമയമില്ല. മെയിൻറനൻസ് ആൻറ് കൺവേയൻസ് സിസ്റ്റത്തിന് ഗവൺമെൻറിന്റെ അംഗീകാരംപോലും അന്ന് കിട്ടിയിരുന്നില്ല. ഇപ്പോൾ മുഖ്യമന്ത്രി കൊടുത്തിട്ടുണ്ടോ എന്നറിയില്ല. ഗവൺമെൻറ് അംഗീകാരം ഇല്ലാതെ ഓർഡർ പോലും വരുന്നതിന് കാത്തുനിൽക്കാതെ ഒരുകോടി ഏഴുലക്ഷം രൂപയുടെ പൈപ്പ് പെട്ടെന്നു വാങ്ങിച്ചു. അതു കേടുകൂടാതെ സൂക്ഷിക്കാൻ 40,000 ഉറുപ്പിക ചെലവു ചെയ്തെന്നാണ് പറയുന്നത്. ഇപ്പോൾ കേൾക്കുന്നത് കഴിഞ്ഞ മാസം ഇതു മണ്ണിനടിയിലാക്കണമെന്നു വിളിച്ചു പറഞ്ഞെന്നാണ്. മണ്ണിനടിയിലായാൽ കേടുകൂടാതെ ഇരിക്കും. അതാണല്ലോ വാട്ടർ ആൻറ് സെയിസ്റ്റ് വാട്ടർ അതോറിറ്റി ചെയ്യുന്നത്. എനിക്ക് വിനയപൂർവ്വം ചോദിക്കാനുള്ളത് കുടിവെള്ളം കൊടുക്കാൻ വേണ്ടി പൈപ്പ് വാങ്ങിച്ചതിനെപ്പറ്റി ആക്ഷേപം ഉന്നയിച്ചപ്പോൾ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു യുദ്ധകാലാടിസ്ഥാനത്തിൽ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി വാങ്ങിയതിന്റെ ഉത്തരവാദിത്വം അദ്ദേഹം ഏറ്റെടുക്കുന്നു എന്ന്. കല്ലട ഡാമിനുവേണ്ടി മദ്രാസിലെ കെമിക്കൽസ് ആൻറ് പ്ലാസ്റ്റിക്സ് ഇൻഡ്യ ലിമിറ്റഡ് കമ്പനിയിൽ നിന്നു പൈപ്പ് വാങ്ങിയതിന്റെഉത്തരവാദിത്വവും അദ്ദേഹം ഏറ്റെടുക്കുമോ?അങ്ങ് ശ്രദ്ധിക്കുന്നില്ലെന്നു തോന്നുന്നു. അഥവാ ശ്രദ്ധിക്കുന്നില്ലെന്നു വരുത്തി ഇരിക്കുന്നതാണ് നല്ലതെന്നുകരുതി അങ്ങനെയിരിക്കുന്നതാണോ ? കല്ലടയ്ക്കുവേണ്ടി പൈപ്പ് വാങ്ങിയതിന്റെ ഉത്തരവാദിത്വം അങ്ങ് ഏറ്റെടുക്കുന്നുണ്ടോ ? ഒരു കൊല്ലമായി പൈപ്പ് അവിടെ കെട്ടിക്കിടപ്പാണ്.

(ബഹളം)

ശ്രീ. ഗംഗാധരന്റെ എല്ലാ കാര്യവും ശ്രീ. കരുണാകരൻ ഏറ്റെടുത്താൽ അദ്ദേഹത്തിന്റെയും ഗതി ഇതുതന്നെയാകും. വളരെ ഗുരുതരമായ അഴിമതിയാണ് ഇപ്പോഴും ഈ രംഗത്ത് നടന്നുകൊണ്ടിരിക്കുന്നത്. വാങ്ങിച്ച പൈപ്പിന്റെ സൈസിനെക്കുറിച്ചും അതിന്റെ ഓർഡറിനെക്കുറിച്ചും ഞാൻ പറയാം. വീടുകൾക്ക് വെള്ളം സപ്ലൈ ചെയ്യാൻ പാടുന്ന തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

90 എം. എം. പൈപ്പും 110 എം. എം പൈപ്പുമാണ് വാങ്ങിയത്. എൻജിനീയർമാർ പറഞ്ഞത് അവിടെ അതുകൊണ്ട് യാതൊരു ഉപയോഗവുമില്ലെന്നാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : സർ, ഒരു ക്ലാരിഫിക്കേഷൻ ഉണ്ട്. പെട്ടെന്ന് അബദ്ധങ്ങൾ ഇങ്ങനെ പറഞ്ഞുപോകണ്ട, അതിനുവേണ്ടിയാണ് പറയുന്നത്. കൃഷിക്കാർക്ക് വെള്ളം എത്തിക്കുന്നതിന് മെയിൻറനൻസ് ആൻറ് കൺവയൻസ് സിസ്റ്റത്തിൽ പി. വി. സി. പൈപ്പ് ആവശ്യമാണ്. വേൾഡ് ബാങ്ക് അപ്രൂവ് ചെയ്ത പ്രോജക്റ്റിന്റെ ഒരു ഭാഗമാണ് ഇതെന്നെങ്കിലും മനസിലാക്കണം.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, വേൾഡ് ബാങ്ക് അപ്രൂവ് ചെയ്തത് പി. വി. സി. പൈപ്പ് വാങ്ങണമെന്നല്ല. എൻജിനീയർ പറയുന്നത് കല്ലടഡാമിൽ ഇതുകൊണ്ട് യാതൊരു ഉപയോഗവുമില്ലെന്നാണ്. ഇങ്ങനെയൊരു നിർദ്ദേശം വന്നതുകൊണ്ട് വാങ്ങി ശേഖരിച്ചിരിക്കുന്നു. സൂക്ഷിക്കാൻ സ്ഥലമില്ല. ഡെലിവറി ചെയ്യാൻ സാധിക്കുന്നില്ല. ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറുണ്ടോ ? കൊളളയ്ക്കും അഴിമതിക്കും കൂട്ടുനിന്ന മദ്രാസ് കെമിക്കൽസ് ആൻറ് പ്ലാസ്റ്റിക്സ് കമ്പനിയിൽ നിന്നു കാര്യമായ സംഖ്യ ആനുകൂല്യം പറ്റിയ മന്ത്രിയെ ഒഴിച്ചു നിർത്തിക്കൊണ്ട് അന്വേഷണം നടത്താമോ എന്നു ഞാൻ ശ്രീ. കരുണാകരനോടു ചോദിക്കുകയാണ്. അദ്ദേഹം കുറ്റക്കാരനല്ലെന്നു തെളിഞ്ഞാൽ അദ്ദേഹത്തിന് കൂടുതൽ തേജസ്സോടുകൂടി തിരിച്ചുവരാമല്ലോ ? അതുകൊണ്ട് ഞാൻ വിനയപൂർവ്വം ആവശ്യപ്പെടുന്നത് ഈ അന്വേഷണത്തിൽ പൈപ്പ് കച്ചവടം കൂടി ഉൾപ്പെടുത്തണം. ആരാണ് പി. വി. സി. പൈപ്പ് വാങ്ങാൻ തീരുമാനിച്ചത്; ഇതു വാങ്ങാൻ സാങ്കേതിക ഉപദേശം കിട്ടിയിരുന്നോ.....

(ബഹളം)

ഇക്കാര്യത്തെക്കുറിച്ചുകൂടി അന്വേഷണം നടത്താൻ തയ്യാറാകുകയാണെങ്കിൽ കേരള മന്ത്രിസഭയിൽ മന്ത്രിമാരുടെ എണ്ണം ഒന്നുകൂടി കുറയുമെന്നകാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ആരോപണം ഉന്നയിച്ചു വെല്ലുവിളിക്കുകയാണ്. കമ്മിറ്റ്മെൻറുള്ള ജഡ്ജിയെന്നു ജനങ്ങൾക്കു തോന്നാതിരിക്കാൻ വേണ്ടി അയൽ സംസ്ഥാനത്തു നിന്നു വിശ്വസ്തനായ ഒരു ജഡ്ജിയെവച്ചു കുറ്റക്കാരനെന്നു സംശയമുള്ള ആളിനെ ഒഴിച്ചുനിർത്തിക്കൊണ്ട് അന്വേഷണം നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

[അദ്ധ്യക്ഷവേദിയിൽ മി: സ്പീക്കർ]

ശ്രീ. എ. സി. ജോസ് : സർ, ഇവിടെ സമുന്നതനായ ശ്രീ. ബേബിജോൺ ഒരു ചർച്ച തുടങ്ങിവച്ചു. അതിനെത്തുടർന്ന് അങ്ങേഭാഗത്തു നിന്നുള്ള ചർച്ച തുടരുന്നതു കേൾക്കുമ്പോൾ ആവശ്യമില്ലാതെ വാശിപിടിക്കുന്ന കുട്ടിയെപ്പോലെയാണ് തോന്നുന്നത്. ഈ ചർച്ചയ്ക്ക് ആരും എതിരല്ല. ഇടമലയാറിലും കല്ലടയിലും ഉണ്ടായ തകരാറുകളെക്കുറിച്ച് അന്വേഷണം നടത്തണമെന്നുള്ള കാര്യത്തിൽ ഏകകണ്ഠമായ തീരുമാനം എടുക്കുകയും ഒരു സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ക്യാബിനറ്റിൽ തീരുമാനം എടുക്കുകയുംചെയ്തകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഈ വിവരം ആദ്യം പുറത്തുകൊണ്ടുവന്നത് പ്രതിപക്ഷങ്ങളൊന്നുമല്ല. ഇവിടത്തെ ചില പ്രധാനപ്പെട്ട പത്രങ്ങളാണ് അത് പുറത്തു കൊണ്ടുവന്നത്. ഗവൺമെൻറും സഭയും വളരെ ഉത്തരവാദിത്വത്തോടുകൂടിയാണ് ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടുള്ളത്. കഴിഞ്ഞ സമ്മേളനം ഇവിടെ

12 Noon] നടക്കുമ്പോഴും ജൂലൈ മാസത്തിലെ ആദ്യത്തെ ആഴ്ചയിലാണ് ആ വാർത്ത വന്നത്. വളരെ താമസിയാതെതന്നെ ഈ സഭയിലെ രണ്ടു വിഭാഗത്തിലുംപെട്ട മെമ്പർമാർ ഉൾക്കൊള്ളുന്ന പി. എ. സി. അവിടം സന്ദർശിച്ചു. ഇത് ഏതാണ്ട് പ്രതിപക്ഷത്തിൻെറ മാത്രം ഉത്തരവാദിത്വമായിട്ട് ഏറെടുക്കുകയാണ്. വഴിയിൽ കിടക്കുന്ന എന്തിനേറെയും പിതൃത്വം ആരും ഏറെടുക്കരുത്. അവിടെ പി. എ. സി. പോയി അന്വേഷണം നടത്തി. ഒരു വിയോജനക്കുറിപ്പുപോലുമുണ്ടായിരുന്നില്ല. ഭരണകക്ഷികളും അതിലുൾപ്പെട്ടിട്ടുണ്ട്. ഇതിൽ തകരാറുണ്ടെന്നു അവരും പറയുകയുണ്ടായി. അതുകഴിഞ്ഞ് ഉടനെതന്നെ ഈ ഗവൺമെൻറ്, ബഹുമാനപ്പെട്ട ഇറിഗേഷൻ മന്ത്രി മുൻകൈയെടുത്തുകൊണ്ട് അതിൻെറ അന്വേഷണത്തിന് ഉത്തരവിട്ടു. സെൻട്രൽ വാട്ടർ ആൻറ് പവ്വർ കമ്മീഷനിലെ അംഗങ്ങളായ ശ്രീ. മാധവനും, ഡയറക്ടർ ആയ ശ്രീ. റെഡ്ഡിയും ഇവിടെ വന്ന് അന്വേഷിച്ചു. ഇതിനെക്കുറിച്ച് അന്വേഷിക്കാനും ആധികാരികമായ മറുപടി പറയാനും കഴിവുള്ള ഒരു സമിതിയിൽപ്പെട്ട രണ്ടുപേരെ കൊണ്ടുവന്ന് അന്വേഷിപ്പിച്ചു. ആ റിപ്പോർട്ടല്ലാതെ മന്ത്രിക്ക് ഈ സഭയിൽ എന്ത് വയ്ക്കാൻ കഴിയും? ശ്രീ. മാധവൻ അണക്കെട്ടുകളുടെ വിദഗ്ദ്ധനാണ്. അവർ പറയുന്നു ഇതിൽ തകരാറില്ലെന്ന്. അതുകഴിഞ്ഞ് വേൾഡ് ബാങ്ക് ഡാം റെവ്യൂ കമ്മിറ്റിയിലെ അംഗങ്ങളായ ശ്രീ. എം. ജി. കെ. മൂർത്തി, ശ്രീ. വൈ. കെ. മൂർത്തി, ശ്രീ. എം. എസ്. ബാലസുന്ദരം—അവർ മൂന്നുപേരും ഇവിടെ വന്നു പരിശോധിച്ചു. ഇവരെല്ലാപേരും ഇൻറർനാഷണൽ റെപ്യൂട്ടേഷൻ ഉള്ളവരാണ്. അവർ വന്ന് ഇതു പരിശോധിച്ചു. അവർ പറഞ്ഞു ഇതിനൊരു തകരാറുമില്ലെന്ന്. ഇവിടത്തെ പ്രതിപക്ഷ നേതാക്കൻമാർക്കും സബ്ജക്ട് കമ്മിറ്റിക്കും അവിടെ പോകണമെന്നു പറഞ്ഞു. ഈ സഭയിലും ആക്ഷേപം ഉണ്ടായതാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഈ നിയമസഭയുടെ സെക്രട്ടറിയും അവിടെ നേരത്തെ പോയി. എന്നാൽ പ്രതിപക്ഷത്തുനിന്ന് പറഞ്ഞവരാരും അവിടെ ചെന്നില്ല. എൻെറ അഭിപ്രായം ഈ അണക്കെട്ടിനെക്കുറിച്ചും ഇടമലയാർ പദ്ധതിയെക്കുറിച്ചും യാതൊരു വിധത്തിലുമുള്ള ആത്മാർത്ഥതയും കാണിക്കാത്തത് പ്രതിപക്ഷമാണെന്നാണ്. പ്രതിപക്ഷ നേതാക്കൻമാരും സബ്ജക്ട് കമ്മിറ്റിയും അവിടെ വരുമെന്ന് പറഞ്ഞിരുന്നു. പക്ഷേ അവരാരും ചെന്നില്ല. എന്ത് ആത്മാർത്ഥതയാണ് അപ്പുറത്തുള്ളവർക്കുള്ളത്? നേരെമറിച്ച് നിങ്ങളെല്ലാവരും കണ്ണാടിക്കൂട്ടിൽ കയറിയിരുത്തി കല്ലെറിയുന്ന ഈ മന്ത്രി അവിടെ ചെന്നിരുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ : പ്രതിപക്ഷം ചെല്ലാം എന്ന് പറഞ്ഞിട്ട് ചെല്ലാതിരുന്നത് എന്താണെന്നറിയാമോ ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട അങ്ങ് സംസാരിക്കുമ്പോഴും വിയോജനക്കുറിപ്പുള്ള കാര്യങ്ങളേ സംസാരിക്കാവൂ എന്നുള്ളതാണ്.

ശ്രീ. എ. സി. ജോസ് : സർ, സബ്ജക്ട് കമ്മിറ്റി മെമ്പേഴ്സ് ചെന്നില്ല. ഇതെല്ലാം പത്രത്തിൽ വന്നതാണ്. പി. എ. സി. യും പി. യു. സി. യും പ്രതിപക്ഷ നേതാക്കൻമാരും ഒക്കെ പോയപ്പോഴും ഏതെങ്കിലും ഉദ്യോഗസ്ഥൻമാരോടോ ആ കമ്മിറ്റിയുമായോ നേതാക്കളുമായോ സഹകരിക്കരുതെന്നോ ഗവൺമെൻറ് പറഞ്ഞിട്ടില്ല. മറിച്ച് ഈ ഗവൺമെൻറ് അവരോടെല്ലാം സഹകരിക്കാനാണ് പറഞ്ഞത്. ബഹുമാനപ്പെട്ട നായനാർക്കും ബേബിജോണിനും കെ. പി. പ്രഭാകരനുമൊക്കെ അറിയാമല്ലോ വേണമെങ്കിൽ ഒരു മന്ത്രിക്ക് ഈ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥൻമാരെയൊക്കെ നിയന്ത്രിക്കാമായിരുന്നു. നേരെമറിച്ച് കലവാ യില്ലാതെ എല്ലാവരുമായി സഹകരിക്കാനാണ് പറഞ്ഞിട്ടുള്ളത്. പി. യു. സി. മൂന്ന് ദിവസം മുമ്പാണ് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയത്. ശ്രീ. ബേബി ജോണിന്റെ പ്രസംഗം കേട്ടാൽ നിങ്ങളെ പേടിച്ചിട്ടാണ് ഞങ്ങളിതൊക്കെ ചെയ്യുന്നതെന്നു തോന്നും. ഇവിടെ ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റമെന്ന് പറഞ്ഞതുപോലെ യാണ്. ശ്രീ. കെ. കരുണാകരൻ ചെയ്തതാണെങ്കിൽ അതെല്ലാം തെറ്റ്. ശ്രീ. എം. പി. ഗംഗാധരൻ ചെയ്തതാണെങ്കിൽ അത് തെറ്റ്.

ഇപ്പോഴും വാദം മൂന്നാണ്. ടേംസ് ഓഫ് റഫറൻസ് പ്രതിപക്ഷത്തോട് ആലോചിക്കണം. രണ്ട്, അന്വേഷണത്തിന് വേറൊരു ജഡ്ജിയെ പുറത്തു നിന്നും കൊണ്ടുവരണം. മൂന്ന്, ശ്രീ. എം. പി. ഗംഗാധരൻ രാജിവയ്ക്കണം. ഞാൻ അവസാനഭാഗത്തെത് ആദ്യമെടുക്കുകയാണ്. ഈ പദ്ധതി തുടങ്ങിയത് 1960-ൽ ആണ്. അതിനെക്കുറിച്ച് ശ്രീ. സുരേന്ദ്രൻ പിള്ള ഇവിടെ പറഞ്ഞു. ഇടമലയാർ പദ്ധതി തുടങ്ങിയത് ശ്രീ. ആർ. ബാലകൃഷ്ണപിള്ള മന്ത്രിയാകു ന്നതിനുമുമ്പാണ് കല്ലടപദ്ധതിതുടങ്ങിയത് എം. പി. ഗംഗാധരനുമുമ്പാണ്. ആത്മാർത്ഥതയുണ്ടെങ്കിൽ ശ്രീ. സുബ്ബറാവു എം. എൽ. എ. സ്ഥാനം രാജിവയ്ക്കണം. ഈ അന്വേഷണത്തിന്റെ മുമ്പിൽ നില്ക്കാൻ ഇവിടെയിരി ക്കുന്ന എല്ലാവരും രാജിവയ്ക്കണം. 1960 മുതൽ കേരളം ഭരിച്ചിട്ടുള്ള എല്ലാ മന്ത്രിമാർക്കും ഇതിൽ പങ്കുണ്ട്. 320 അടിക്ക് മുകളിലാണ് ശ്രീ. എം. പി. ഗംഗാധരൻ വന്നതിനുശേഷം പണി തുടങ്ങിയിട്ടുള്ളത്. ഞാൻ ആരെയും ഡിഫെൻറു ചെയ്യാൻ ശ്രമിക്കുകയല്ല. 1960 തൊട്ട് അല്ലെങ്കിൽ 1970 തൊട്ട് ഇവിടെ ആരംഭിച്ചിട്ടുള്ള 2 പദ്ധതികളുടെയും അന്വേഷണം നടത്തുമ്പോൾ അതിന്റെ ചരിത്രം, ഭൂമിശാസ്ത്രം എല്ലാം അന്വേഷിക്കേണ്ടതാണ്. അതിന് ഉത്തരവാദികളായ എല്ലാവരും വരട്ടെ. അതിന് തയ്യാറാണെന്ന് പറയട്ടെ. പന്നിയുടെ മുമ്പിൽ എന്തിന് പവിഴം വിതറുന്നു എന്ന് പറയുന്നതുപോലെ ശ്രീ. ബേബി ജോണിന്റെ മുമ്പിൽ അല്ലെങ്കിൽ പ്രതിപക്ഷത്തിനോട് ഇതൊന്നും പറഞ്ഞിട്ട് കാര്യമില്ല എന്ന് ഞങ്ങൾക്കറിയാം. അവരെ സംബന്ധിച്ചിടത്തോളം നനഞ്ഞിടത്ത് ഒന്നുകൂടി കുഴിക്കണമെന്നേയുള്ളൂ. കിട്ടുന്ന അവസരങ്ങളിലെല്ലാം ചീത്ത പറയണം. ഇവിടെ ശ്രീ. കെ. പി. അരവിന്ദാക്ഷന് പൈപ്പിനെപ്പറ്റിയേ പറയാനുള്ളൂ.

(ബഹളം)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട ബേബി ജോണിനെപ്പറ്റി 'പന്നിയുടെ മുമ്പിൽ....' എന്നു പറഞ്ഞത് ശരിയാണോ ?

മി. സ്പീക്കർ : അത് ബഹുമാനപ്പെട്ട ബേബി ജോണിനെ ഉദ്ദേശിച്ചല്ല, ഒരു അലങ്കാരം പറഞ്ഞുവെന്നേയുള്ളൂ.

ശ്രീ. എ. സി. ജോസ് : സർ, നമ്മളെല്ലാം ബഹുമാനിക്കുന്ന ശ്രീ. ടി. വി. തോമസിന്റെ പ്രയോഗമാണിത്.

ഇവിടെ കല്ലടയും ഇടമലയാറും മാത്രമല്ല, നമ്മുടെ നാട്ടിൽ നിർമ്മിക്കുന്ന, നിർമ്മിക്കാൻ ആലോചിക്കുന്ന രണ്ടോ മൂന്നോ കോടി രൂപയ്ക്കുപുറത്തുള്ള എല്ലാ പ്രോജക്ടുകളെക്കുറിച്ചും നിയമസഭയുടെ ചുമതലയിൽപ്പെട്ട കമ്മറ്റി കളെക്കൊണ്ട് സൂപ്പർവിഷനും അന്വേഷണത്തിനുമുള്ള സംവിധാനമുണ്ടാ ക്കണം. വളരെ മുമ്പ് തുടങ്ങിയ ഒരു പദ്ധതിയെക്കുറിച്ച് ഇപ്പോഴുള്ളവരെ മാത്രം കുറ്റപ്പെടുത്തരുത്. ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞു കല്ലട ഡാമിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള സിമൻറ് പുറത്തു കിട്ടാനുണ്ടെന്ന്. എന്തിന് ശ്രീ. എം. പി. ഗംഗാധരനെ കുറ്റം പറയുന്നു. 1960 തൊട്ട് അല്ലെങ്കിൽ 1970 മുതൽ ഇവിടെ ഭരിച്ചിട്ടുള്ള എല്ലാവരും അതിനുത്തരവാദികളാണ്. അതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ ഇതുവരെ ആരും തയ്യാറായിട്ടില്ല.

രണ്ടാമത്തെ വാദം ഇപ്പുറത്തുനിന്നും ഒരു ജഡ്ജിയെ കൊണ്ടുവരണം എന്നതാണ്. 'ഇന്നലെ കിടുക്കണം' എന്ന ഒരു കഥയുണ്ട്. ഒരു വക്കീൽ വായിച്ചുകൊണ്ടിരിക്കുമ്പോഴും മകനും വാതുക്കൽ വന്ന് കിടുക്കി. രണ്ടുമൂന്നു പ്രാവശ്യമായപ്പോഴും വക്കീലിന് ദേഷ്യം വന്ന് തല്ലുകൊടുത്തു. പിറെ ദിവസം അദ്ദേഹത്തിന് അതിൽ വലിയ വിഷമം തോന്നി. മകളെ വിളിച്ചിട്ട് ഒന്നുകൂടി കിടുക്കിക്കൊള്ളാൻ പറഞ്ഞു. അപ്പോഴും കുട്ടി പറഞ്ഞു എനിക്ക് ഇന്നലെ കിടുക്കണമെന്ന്. അതുപോലെ ഇന്ന് കാലത്ത് ഒരു അന്വേഷണം നടത്താമെന്നു പറഞ്ഞപ്പോഴും സിറ്റിംഗ് ജഡ്ജി വേണ്ട പുറത്തുനിന്നുള്ള ജഡ്ജി വേണമെന്നായി. അവസാനം ചൈനയിൽനിന്നും ഒരു ജഡ്ജി വേണമെന്ന് ആവശ്യപ്പെടാതിരുന്നാൽ മതിയായിരുന്നു. ഖേദകരമാണ് സഭയിൽ ഇത്തരം പരാമർശങ്ങളും നടത്തുന്നത്. ഇവിടെ 17 ജഡ്ജിമാരുണ്ട്. അവരെല്ലാം സംശയത്തിന് അധീനർ ആണെന്ന് വരുന്നത് ഈ സഭയുടെ അന്തസ്സിനു ചേർന്നതല്ല. നമ്മുടെ ജഡ്ജിമാർ എല്ലാവരും കളങ്കമുള്ളവരാണെന്നും അവരെല്ലാം സത്യസന്ധൻമാർ അല്ലെന്നും അതുകൊണ്ട് പുറത്തുനിന്നും ആളെ വരണം എന്നും പറയുന്നത് ശരിയല്ല. കഴിഞ്ഞ കുറേ ദിവസങ്ങളായി ഉണ്ടാകുന്ന വിധിവാചകങ്ങളും അപ്പുറത്തിരിക്കുന്നവർക്ക് ഇഷ്ടമല്ലാത്തതുകൊണ്ട് അവർക്ക് ആ ജഡ്ജിമാരെല്ലാം കുറ്റക്കാരാണ്.

ഒരു ഗവൺമെൻറും ഒരുകാലത്തും ടേംസ് ഓഫ് റഫറൻസ് പ്രതിപക്ഷത്തോട് ആലോചിച്ച് പ്രഖ്യാപിച്ചിട്ടില്ല. അന്വേഷണമേ പ്രഖ്യാപിച്ചിട്ടുള്ളൂ. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം സഭ നന്നായി ചർച്ച ചെയ്തു, എല്ലാവരും വികാരം പ്രകടിപ്പിച്ചു, അതുകൊണ്ട് ഗവൺമെൻറ് നിർദ്ദേശം സ്വാഗതം ചെയ്ത് ഈ ചർച്ച അവസാനിപ്പിക്കണമെന്നാണ് .

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ജനങ്ങളോട് ഉത്തരവാദിത്വപ്പെട്ട രണ്ട് നിയമസഭാ കമ്മിറ്റികളുടെ റിപ്പോർട്ട് അംഗീകരിച്ച് ശരിയായ രീതിയിലുള്ള ഒരു അന്വേഷണം നടത്താൻ തീരുമാനം എടുത്ത ഈ ഗവൺമെൻറിനെ ഞാൻ അഭിനന്ദിക്കുകയാണ്. മുൻകാല ചരിത്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോഴും ഇത് ആദ്യത്തെ സംഭവമാണ്. ഇന്ന് രാവിലെ ശ്രീ. ബേബി ജോൺ ഇങ്ങോട്ടു പോന്നത് വലിയ ഒരു അമിട്ടുകുറ്റിയുമായിട്ടാണ്. ഇവിടെ വന്നുകഴിഞ്ഞപ്പോഴും ഐക്യജനാധിപത്യമുന്നണി അതിൽ വെള്ളം നിറച്ചുകഴിഞ്ഞിരുന്നുവെന്ന വസ്തുത അദ്ദേഹം മനസ്സിലാക്കി. ഇവിടെ വന്നില്ലായിരുന്നുവെങ്കിൽ അദ്ദേഹം അത് മനസ്സിലാക്കുകയില്ലായിരുന്നു. എന്താണ് ഇവിടത്തെ വലിയ പ്രശ്നം ? ഇടമലയാറും കല്ലടയും പദ്ധതികളാണ്.

സർ, ഇടമലയാർ പ്രോജക്റ്റിനെക്കുറിച്ച് അന്വേഷണം നടത്തുന്നതിൽ ഞങ്ങൾക്കാർക്കും ഒരു തർക്കവുമില്ല. ഇവിടെ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടത് പ്രതിപക്ഷമായിരുന്നു. ശ്രീ. എ. സി. ജോസ് ഇവിടെ സൂചിപ്പിച്ചു, കല്ലട, ഇടമലയാർ എന്നീ പദ്ധതികളുടെ പണിയിൽ അപാകതകളും ഉണ്ടെന്ന് ഈ രാജ്യത്തെ ജനങ്ങളെ അറിയിച്ചത് ഉത്തരവാദപ്പെട്ട പത്രങ്ങളാണെന്ന്. നിങ്ങളുടെ പ്രവർത്തകർ അത് കണ്ടില്ല, ചീഫ്. എൽ. എ. മാർ കണ്ടില്ല. പക്ഷേ പത്രപ്രവർത്തകർ ഈ വസ്തുത ജനങ്ങളുടെ മുമ്പിൽ കൊണ്ടുവന്നപ്പോഴും ഗവൺമെൻറ് അത് മനസ്സിലാക്കുകയും അതിനുവേണ്ട

LIBRARY ARCHIVES Kerala Legislative Assembly

പരിഹാരമാർഗ്ഗങ്ങളും എന്തെന്ന് ആലോചിക്കുകയും ചെയ്തു. ശ്രീ. ബേബി ജോൺ ഈ സഭയിലെ ബഹുമാനപ്പെട്ട ഒരംഗമാണ്. വലിയൊരു നേതാവാണ്. അദ്ദേഹത്തിന്റെ മുള്ളുകൊണ്ടുള്ള കുത്ത് തേനിൽ മുക്കിയ മുള്ളുകൊണ്ടുള്ള കുത്താണ്. ആ കുത്തിനു മധുരമുണ്ട്. അത് ഞാൻ സമ്മതിക്കുന്നു.

സർ, ഇടമലയാറിന്റെ ചരിത്രമെടുക്കാം. ഈ പ്രോജക്ടിന്റെ റിപ്പോർട്ട് തയ്യാറാക്കിയതെന്നാണ് ? എന്നാണ് ഇതിന്റെ പണിയാരംഭിച്ചത് ? എന്നാണ് അതിന്റെ റിപ്പോർട്ടുകൾക്ക് അംഗീകാരം നൽകിയത് ? ഇതിനെക്കുറിച്ചൊക്കെ നമ്മൾ ആലോചിക്കണം. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് ഇതിന്റെ അന്വേഷണം നടത്തുമ്പോൾ ശ്രീ. സീതിഹാജിയുടെ കമ്മിറ്റിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ പദ്ധതിയുടെ ആരംഭം മുതൽ അന്വേഷണം നടത്തണമെന്നാണ്. അങ്ങനെ അന്വേഷണം നടത്തിയാൽ ബഹുമാനപ്പെട്ട കെ. പി. പ്രഭാകരനും അതുപോലുള്ള പല നേതാക്കൻമാരും അന്വേഷണത്തിന്റെ പരിധിയിൽ വരുമെന്നാണെന്റെ വിശ്വാസം.

ഏതോ ഒരു രാജ്യത്ത് ഇതുപോലെ ഡാം പണി നടത്തിയിട്ട് അത് പൊട്ടി ജനങ്ങൾ മരിക്കാനിടയായി. അവിടെ നിയമത്തിൽത്തന്നെ മാറ്റം വരുത്തിക്കൊണ്ട് അവിടത്തെ മന്ത്രിയെയും ഡാം പണിത ഉദ്യോഗസ്ഥൻമാരെയും ഒക്കെ തൂക്കിക്കൊന്നതായി ഞാൻ വായിക്കുകയുണ്ടായി. ഇത് ഇറാലിയിലാണെന്നു തോന്നുന്നു നടന്നത്. എനിക്ക് ഇതിനകത്ത് യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. അന്വേഷണം നടത്തി കുറ്റക്കാരനാണെന്നു കണ്ടാൽ, ആർ. ബാലകൃഷ്ണ പിള്ളയായാലും, എം. പി. ഗംഗാധരനായാലും, കരുണാകരനായാലും തൂക്കിക്കൊല്ലാൻ നിയമം ഉണ്ടാക്കിയാലും എനിക്ക് പരാതിയില്ല. ഇറാലിയിലെ കോൺട്രാക്ടറെയും തൂക്കിക്കൊന്നു. ഇവിടെ ട്രയൽ റൺ നടത്തിയപ്പോൾ ആണ് ഒരു കാര്യം മനസ്സിലാക്കാൻ കഴിഞ്ഞത്. അതായത്, ഇടമലയാർ പ്രോജക്ടിൽ ആകെ 1716 മീറ്റർ നീളത്തിൽ പാറ തുരന്ന് ഉണ്ടാക്കിയപ്പോൾ ആകെ 24 മീറ്ററിലാണ്. ടെണ്ടർ നടത്തിയിരിക്കുന്നത്. ആ 24 മീറ്റർ ദൂരം മാത്രമേ അഴിമതിയുള്ളുവെന്നാണോ നിങ്ങൾ പറയുന്നത് ? അങ്ങനെയാണെങ്കിൽ നേരത്തെ ആലോചിക്കേണ്ടേ? പ്രോജക്ട് റിപ്പോർട്ടിലെ ഭേദഗതിയനുസരിച്ച് ടണലിന്റെ അലൈൻമെന്റ് 1972-ലും 1973-ലും മാറ്റം ഉണ്ടായി. അപ്പോൾ ശ്രീ. ബാലകൃഷ്ണ പിള്ളയോ, കെ. എം. മാണിയോ ആണോ ഭരണം നടത്തിയിരുന്നത് ? അലൈൻമെന്റ് അനുസരിച്ച് അവസാനം തീരുമാനമെടുത്തത് 1970 നവംബറിലായിരുന്നു. അന്ന് കെ. എം. മാണിയോ ബാലകൃഷ്ണപിള്ളയോ ആയിരുന്നില്ല മന്ത്രി. അതുപോലെ ടണലിന്റെ അവസാനരൂപംകോൺക്രീറ്റ് അലൈൻമെന്റ്എന്നിവയെക്കുറിച്ച് 1977 ആഗസ്റ്റിൽ ആണ് തീരുമാനമെടുത്തത്. ഈ ടണലിന്റെ പണിയെക്കുറിച്ചുള്ളആദ്യത്തെ റിപ്പോർട്ടിൽപ്രകടമായമാറ്റം വരുത്തിയനടപടി ഈ ജോലിയുടെ ഭദ്രതയെ സാരമായി ബാധിച്ചുവെന്നുവേണം അനുമാനിക്കാൻ എന്നാണ് കമ്മിറ്റിയിൽ പറഞ്ഞിരിക്കുന്നത്. ഇതിനാരാണ് മാറ്റം വരുത്തിയത് ? വെറുതെ ബാലകൃഷ്ണപിള്ള, ബാലകൃഷ്ണപിള്ളയെന്നു ചാടിയാൽ പോരാ, അതിനു മാറ്റം വരുത്തിക്കൊണ്ട് തീരുമാനമെടുത്ത ഗവൺമെന്റ് ഏതോ ആ ഗവൺമെന്റ് തന്നെ ഗുരുതരമായ കൃത്യനിർവ്വഹണത്തിൽനിന്ന് മാറിനിന്നു എന്നു പറഞ്ഞാൽ അത് അംഗീകരിക്കാൻ നിഷ്പക്ഷനായ ഒരു അംഗമെന്നുള്ള നിലയിൽ എനിക്ക് സാദ്ധ്യമല്ല. ഇതിനൊക്കെ അപാകതകൾ ഉണ്ട്. ഈ സഭയെ സംബന്ധിച്ച്, ഐക്യജനാധിപത്യമുന്നണിയെ സംബന്ധിച്ച്, അപാകതകൾ ഉണ്ടെങ്കിൽ അത് മാറ്റാനും തെറ്റ്പറ്റിട്ടുണ്ടെങ്കിൽ അവരെ ശിക്ഷിക്കാനും ഒരു മടിയുമില്ല. ഇടമലയാർ ഡാമിൽ ചോർച്ചയുണ്ടായിരിക്കുന്നു. അതിൽ അപാകതകൾ ഉണ്ടെന്നു പറഞ്ഞപ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ ചാർജ് വഹിക്കുന്ന ഐക്യജനാധിപത്യമുന്നണിയിലെ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയായ ശ്രീ. കെ. എം. മാണി അവിടെപ്പോയി പൂർണ്ണമായി അന്വേഷിച്ചു വസ്തുതകൾ മനസ്സിലാക്കി, അപാകതകളെന്താണെന്നു അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ തികളാഴ്ച നിയമസഭയിൽ അതിനെക്കുറിച്ച് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. എന്ത് നടപടിയും സ്വീകരിക്കാൻ തയ്യാറാണ്. ആരോപണങ്ങളോ, അപാകതകളോ ഉണ്ടെങ്കിൽ അതിന് മാറ്റം വരുത്തി, ഈ രാജ്യത്തെ ജനങ്ങളെ രക്ഷിക്കാൻ എന്തു നടപടിയും സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കാമെന്ന് പറഞ്ഞു. എനിക്ക് ഒരു കാര്യം മാത്രമേ പ്രതിപക്ഷങ്ങളോട് പറയാനുള്ളു. ഇവിടെ സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കാമെന്നു പറഞ്ഞപ്പോൾ പ്രതിപക്ഷത്തിന്റെ ആവശ്യം ഈ സംസ്ഥാനത്തിനു പുറത്തുള്ള ജഡ്ജിയെക്കൊണ്ട് അന്വേഷിക്കണമെന്നാണ്. ഇപ്പോൾ പറയുന്നത് ഇടമലയാറിന്റെ അന്വേഷണവും കല്ലട ഡാമിന്റെ അന്വേഷണവും തമ്മിൽ വ്യത്യാസമുണ്ടെന്നാണ്. ആ വേല നിങ്ങളുടെ മനസ്സിലിരിക്കട്ടെ. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കല്ലടഡാമിമന്റയും,ഇടമലയാർ ഡാമിന്റെയും അന്വേഷണങ്ങൾതമ്മിൽയാതൊരു വ്യത്യാസവുമില്ല. അന്വേഷണത്തിൽ ഏത് പദ്ധതിയിലാണ് അപാകതകളുള്ളത് എന്നു കണ്ടുപിടിച്ച് മാറ്റാൻ ഉള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. ഇടമലയാർ പദ്ധതിയേയും കല്ലട പദ്ധതിയേയും രണ്ടായി ഗവൺമെന്റ് കാണുന്നില്ല. ആ രീതിയിൽ രാഷ്ട്രീയമായ ഒരു കളിക്ക് നിങ്ങൾ ശ്രമിക്കേണ്ട. നിങ്ങളുടെ കളിയെല്ലാം വെളളത്തിലാണെന്ന് കഴിഞ്ഞ ദിവസംതന്നെ ബോദ്ധ്യപ്പെട്ടിട്ടുണ്ടല്ലോ. അതുകൊണ്ട് നിങ്ങൾ അതിലേക്ക് കടക്കേണ്ട. ഇടതുപക്ഷത്തിന്റെ കളിയിൽ കാര്യമൊന്നുമില്ല. നിങ്ങളുടെ കളി അവസാനിച്ചു. ഭരിക്കുന്ന ഗവൺമെന്റിലുള്ള വിവിധ കക്ഷികളെ തമ്മിൽ തല്ലിക്കുകയെന്നുള്ളത് നിങ്ങളുടെ ജോലിയാണ്. അതിൽ തർക്കമില്ല. നിങ്ങളുടെ ജോലി മനസ്സിലാക്കിക്കൊണ്ട് തമ്മിൽ തല്ലാതിരിക്കുകയെന്നുള്ളതാണ് ഞങ്ങളുടെ ജോലി. അതാണ് ഞങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് അന്വേഷണം നടത്താൻ ശക്തമായ തീരുമാനമെടുത്തുകൊണ്ട് മുന്നോട്ടു നീങ്ങുന്ന ഈ ഗവൺമെന്റിനേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഞാൻ അഭിനന്ദിക്കുന്നു.

ശ്രീ. സി. കെ. തങ്കപ്പൻ : സർ, ഞാനീ ഉപക്ഷേപത്തെ അനുകൂലിക്കുകയാണ്. അതോടൊപ്പംതന്നെ കേരളത്തിനു പുറത്തുള്ള ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തണമെന്ന് ശ്രീമാൻ ബേബി ജോൺ ഇവിടെ അവതരിപ്പിച്ച അഭിപ്രായത്തോടു പൂർണ്ണമായും യോജിക്കുകയാണ്. അങ്ങനെ അന്വേഷണം നടത്താൻ ഇപ്പോൾ ഗവൺമെന്റ് ഉത്തരവിട്ടുവെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞപ്പോൾ തന്നെ നാടൻ ഭാഷയിൽ പറഞ്ഞാൽ ' വഞ്ചി മറിയുമ്പോൾ മാത്രം നീന്തലറിയാവുന്നവനെക്കുറിച്ച് ആലോചിക്കുന്നത് ' പോലെയാണ്. അതാണെനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്. ഇടമലയാർ പദ്ധതിയും കല്ലട പദ്ധതിയുമാണ് ഇന്നത്തെ ചർച്ചാ വിഷയം. ഞാൻ ഇടമലയാർ പദ്ധതിയെക്കുറിച്ചൊന്നും പറയാനാഗ്രഹിക്കുന്നില്ല. എനിക്ക് ആ വിഷയത്തെക്കുറിച്ച് വലിയ പിടിയില്ലാത്തതുകൊണ്ടുതന്നെയാണ്. നേരെ മറിച്ച്, കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ പ്രധാന ഭാഗമായ ഡാമിന്റെ പണി തുടങ്ങിയത് 1961-ലാണ്. അന്ന് ഇതിനുവേണ്ടി നീക്കിവച്ച ആകെത്തുക പതിമൂന്നുകോടി അറുപത്തിയഞ്ച് ലക്ഷമായിരുന്നു. അത് ഇപ്പോൾ വളർന്നു, വളർന്നു ഏകദേശം 210 കോടി രൂപ വരെ വേണ്ടിവന്നിരിക്കുന്നു. അതിന്റെ സിംഹഭാഗവും ഇതിനുവേണ്ടി ചെലവാക്കിയിട്ടുമുണ്ട്. കല്ലട പദ്ധതി യഥാർത്ഥത്തിൽ ഇന്ന് കൊല്ലം ജില്ലയ്ക്ക് ഒരു ഭീഷണിയായി മാറിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കൊല്ലം ജില്ലയ്ക്ക് ഭീഷണിയാണെന്ന് ഞാൻ പറയുമ്പോൾ എനിക്ക് മന്ത്രിയോട് പറയാനുള്ളത് ഏതവസരത്തിലും മഴക്കാലത്ത് അപകടം സംഭവിക്കാവുന്ന ഒരു സ്ഥിതിയാണ് ഈ ഡാമിലുള്ളതെന്നാണ്. അത് മന്ത്രി പോലും സമ്മതിച്ചിട്ടുള്ളതാണ്. അതുകൊണ്ട് കൊല്ലം ജില്ലയിലെ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി അവരുടെ ശ്രദ്ധയ്ക്കുവേണ്ടി അപകടം വിളിച്ചറിയിക്കുന്ന ഒരു സൈറൺ അവിടെ സ്ഥാപിക്കാൻ തയ്യാറാകണം എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അവിടത്തെ ഈ കുഴപ്പം സംബന്ധിച്ച് ഈ നിയമസഭയിലെ രണ്ടു കമ്മിറ്റികളും, കമ്മിറ്റിയിൽ ഇല്ലാത്ത എന്നെപ്പോലെയുള്ള ആളുകളും അവിടെ പോയി അന്വേഷിച്ചതാണ്. ഈ ഡാമിൽ എങ്ങനെ ചോർച്ചയുണ്ടായി എന്നു ചോദിച്ചപ്പോൾ അതിന് ഉത്തരവാദപ്പെട്ട ആഫീസർമാർ ഒറ്റയടിക്ക് മറുപടി പറഞ്ഞത് സിമൻറ് മോഷണം കൊണ്ടാണെന്നാണ്. ഈ സിമൻറ് മോഷണം ഇന്നും ഇന്നലെയുമൊന്നും തുടങ്ങിയതല്ല. ശ്രീ. സുരേന്ദ്രൻ പിള്ള പറഞ്ഞതുപോലെ ഞാൻ അതിലെ അഡ്വൈസറി കമ്മിറ്റി അംഗമാണ്. എത്രയോ വർഷക്കാലമായി അത് തുടരുകയാണ്. ഈ അടുത്ത കാലത്തും അഡ്വൈസറി ബോർഡിൽ സിമൻറ് കടത്തിക്കൊണ്ടു പോകുന്നതിനെപ്പറ്റി പച്ചയായി നാട്ടുകാർ പട്ടാപ്പകൽ പിടികൂടിയതിനെ സംബന്ധിച്ച് ഞാൻ തന്നെ പ്രമേയം അവതരിപ്പിച്ചതാണ്. അവതരിപ്പിച്ച പ്രമേയം ഏകകണ്ഠമായി പാസ്സാക്കി സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. അതിൽ യാതൊരു നടപടിയും സ്വീകരിക്കാൻ മന്ത്രി തയ്യാറായില്ല. എന്നു മാത്രമല്ല, അവിടെ നടന്നിട്ടുള്ള ഇതുവരെയുള്ള പ്രവർത്തനങ്ങളെപ്പറ്റി പരിശോധിക്കുമ്പോൾ അവിടെ, ഇവിടെ പറഞ്ഞതുപോലെ വൻപിച്ച മണി മന്ദിരങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട എം. പി. ഗംഗാധരൻ ഈ വകുപ്പ് ഏറ്റെടുത്തശേഷം പണിതിട്ടുള്ള സ്ഥലത്ത് ചോർച്ചയുണ്ടായിട്ടില്ലെന്നുള്ള അവകാശവാദം ഇവിടെ പലരും ഉന്നയിക്കുന്നതു കേട്ടു. എനിക്ക് പറയാനുള്ളത് ശ്രീമാൻ ഗംഗാധരൻ ഈ വകുപ്പ് ഏറ്റെടുത്തതിനുശേഷം നടന്നിട്ടുള്ള ഒന്നു രണ്ടു ചെറിയ കാര്യങ്ങളെക്കുറിച്ചാണ്. മന്ത്രിയെ ഞാൻ പുനലൂർക്ക് ക്ഷണിക്കുകയാണ്. പുനലൂർ പോലീസ് സ്റ്റേഷന്റെ തിണ്ണയിൽ ഇരിക്കുന്ന സിമൻറ് അങ്ങ് പരിശോധിക്കണം. പുനലൂർ പോലീസ് സ്റ്റേഷന്റെ തിണ്ണയിലിരിക്കുന്ന സിമൻറ് സന്ദർഭവശാൽ പേരുദോഷം കേൾക്കാൻവേണ്ടി പോലീസുകാരെ വച്ച് പിടിപ്പിച്ചതാണ്. അവിടെ സിമൻറ് കള്ളക്കടത്തു നടത്തിയതിനെപ്പറ്റി, കമ്പി കട്ടു വിറ്റതിനെ സംബന്ധിച്ച്, കോൺട്രാക്ടർമാർ തമ്മിൽ നിരവധി കേസുകളും ഇപ്പോൾ പുനലൂർ കോടതിയിൽ നിലവിലിരിക്കുന്നു. എന്നു മാത്രമല്ല, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ, ബഹുമാനപ്പെട്ട മന്ത്രി അതിന് അന്തസ്സായി മറുപടി പറയണം. അങ്ങയുടെ അരുമ ശിഷ്യനുണ്ടല്ലോ, ഭാരതീപുരം ശശി. ഓയിൽ പാം ഇൻഡ്യയുടെ ചെയർമാനാണ് അദ്ദേഹം. ശശി അംബരചുംബിയായ മനോഹരമായ കെട്ടിടം തീർത്തിരിക്കുന്ന സിമൻറ് എവിടെ നിന്നാണ് ? പാരസ്യമായി കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ സിമൻറും, കമ്പിയും എഞ്ചിനീയർമാരുടക്കം വണ്ടിയിൽ ലോഡ് ചെയ്ത് അവിടെ കൊണ്ടുപോയി സൂപ്പർവിഷൻ നടത്തി പണിതുകൊടുത്ത വീടിന്റെ കാര്യമാണ് ഞാൻ പറയുന്നത്. അതിനെക്കുറിച്ച് അന്വേഷിക്കുവാൻ തയ്യാറുണ്ടോ ? തയ്യാറുണ്ടെങ്കിൽ അന്വേഷിക്കണം. അതാണ് എനിക്ക് അതേപ്പറ്റി പറയുവാനുള്ളത്. അവിടെ സിമൻറ് കടത്തിക്കൊണ്ടു പോകുന്നതിനെപ്പറ്റി ഈ രാജ്യത്താകെ വൻപിച്ച പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. അവിടെ നേരത്തെ പണി ചെയ്തിരുന്ന കോൺട്രാക്ടർമാർക്ക് മൈസൂറിൽ സിമൻറ് കരിഞ്ചന്തയിൽ കച്ചവടം നടത്തുന്ന കേന്ദ്രം ഉണ്ടായിരുന്നു. ആന്ധ്രയിലെ പ്രധാനപ്പെട്ട സ്ഥലമായ വിജയവാഡയിൽ

LIBRARY ARCHIVES Kerala Legislative Assembly

സിമൻറ് കട്ട് വില്ക്കുന്ന കേന്ദ്രമുണ്ടായിരുന്നു. വാഗണിൽ വരുന്ന സിമൻറ് തെൻമല റെയിൽവെ സ്റ്റേഷനിൽ കോൺട്രാക്ടർമാർ വണ്ടി കൊണ്ടിട്ട് അതിനകത്ത് കടത്തി അന്യ സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോവുകയാണ്. അതൊന്നും തടയാൻ ഈ ഗവൺമെൻറിന് കഴിഞ്ഞില്ല. ബഹുമാനപ്പെട്ട മന്ത്രി അവിടെ പോയി എന്നാണ് പറയുന്നത്. ഇപ്പോൾ കൊല്ലം ജില്ലയിൽ പത്തനാപുരത്തിന് പടിഞ്ഞാറുഭാഗം, കൊട്ടാരക്കര താലൂക്ക്, അതുപോലെ കൊല്ലം താലൂക്കിൻെറ കിഴക്കേഭാഗം, കരുനാഗപ്പള്ളി തെക്കു കിഴക്കേഭാഗം, കുന്നത്തൂർ താലൂക്ക് മുഴുവനും. ജനങ്ങൾ ഭയവിഹ്വലരായി കഴിയുകയാണ്. ഏതവസരത്തിൽ മഴയുണ്ടായാലും അതിനകത്ത് വെള്ളം കൊണ്ടു എപ്പോഴെങ്കിലും അത് പൊട്ടി ഞങ്ങളെല്ലാം വെള്ളത്തിനടിയിലാകുമോയെന്ന് ഭയപ്പെട്ടാണ് കഴിയുന്നത്. എന്നു മാത്ര മല്ല അതിൻെറ ഇപ്പുറത്തു പുനലൂർ ടൗൺ പരിസരത്ത് ഒരു സെൻറു ഭൂമിക്ക് ആറു മാസത്തിനു മുമ്പുവരെ ഇരുപത്തിയയ്യായിരം രൂപ വരെ വിലയുണ്ടായിരുന്നു. അത് ഇപ്പോൾ ചുമ്മാ കൊടുത്താലും ആർക്കും വേണ്ട. ഈ ഡാമിൻെറ അപകടസ്ഥിതി മനസ്സിലാക്കിക്കൊണ്ടാണ് അവിടെ ആർക്കും ഭൂമി വാങ്ങിച്ച് താമസം ഉറപ്പിക്കാൻ കഴിയാത്തതെന്നാണ് എനിക്ക് പറയാനുള്ളത്. മന്ത്രിയും ഗവൺമെൻറും അന്വേഷണത്തിന് തയ്യാറാകുന്നുവെങ്കിൽ ഈ മന്ത്രി പുറത്ത് നില്ക്കണം. മന്ത്രി സ്വയം അധികാരം ഒഴിഞ്ഞ് പുറത്ത് നില്ക്കണം. ഏതെല്ലാം വിഷയത്തെപ്പറ്റിയാണ്, അന്വേഷിക്കുന്നത് ? അതിന് ആവശ്യമായ, ഗവൺമെൻറ് തയ്യാറാക്കുന്ന ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ച് പ്രതിപക്ഷവുമായി ആലോചിച്ച് അത് തയ്യാറാക്കി ആത്മാർത്ഥമായി നിങ്ങൾ അന്വേഷിക്കണം. ഇന്ന് പൊതുജനങ്ങൾക്കും ഈ സഭയ്ക്കും ബോധ്യപ്പെടണമെങ്കിൽ അത്തരം ഒരു നടപടി സ്വീകരിക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. സീനിഹാജി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രഖ്യാപിച്ചത് കേരളത്തിലെ ജനങ്ങളുടെ ഭയാശങ്കകൾ ദൂരീകരിക്കാൻ ഉപയോഗപ്രദമായ സുദീർഘമായ പ്രഖ്യാപനമാണ്. ഇവിടെ ശ്രീ. എം. പി ഗംഗാധരനെയോ, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയേയോ പ്രതിക്കൂട്ടിൽ കയറാൻ അല്ല രണ്ട് കമ്മിറ്റികളും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. 1960-ൽ തുടങ്ങിയ കല്ലട പദ്ധതിക്ക്, 1982-ൽ മന്ത്രിയായ ഗംഗാധരൻെറ കാല ത്താണ് ഈ ഗുരുതരമായ അവസ്ഥയെല്ലാം ഉണ്ടായതെന്ന അഭിപ്രായം ഞങ്ങൾക്കില്ല. ഇവിടെ കൊടുത്ത റിപ്പോർട്ടുകളും പ്രോജക്ടിൻെറ ദിശയിൽ തുടങ്ങി ഇപ്പോൾ ചോർച്ച കണ്ട കാലം വരെയുള്ള എല്ലാ കാലത്തും ഉണ്ടായ പ്രവർത്തനങ്ങളെപ്പറ്റിയും അന്വേഷിക്കണമെന്നുള്ളതാണ് പറഞ്ഞത്. അതിന് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ഞാൻ ചെയർമാനായ കമ്മിറ്റി പറഞ്ഞിട്ടുണ്ട്. അത് ഞങ്ങളുടെ സത്യസന്ധതയാണ്. ഈ മുന്നണിയുടെ സത്യസന്ധതയാണ്. കാരണം ഇതിൽ ഞങ്ങൾക്കാർക്കും രാഷ്ട്രീയം ഒട്ടുമില്ല. ഞാൻ ചെയർമാനായ പി. യു. സി. യിൽ രേണുകക്ഷിക്ക് ഭൂരി പക്ഷമാണ്. ഇത് രാഷ്ട്രത്തിൻെറ ഒരു പദ്ധതിയാണ് ഈ പദ്ധതിയിൽ വല്ലതും നടന്നിട്ടുണ്ടോയെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടി യാണ് ജുഡീഷ്യൽ സ്വഭാവമുള്ള അന്വേഷണം നടത്തുമെന്ന് പറഞ്ഞത്. അതാണ് ഈ ഗവൺമെൻറ് സ്വീകരിച്ചത്. ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചപ്പോൾ പ്രതിപക്ഷം പറയുന്നു പുറത്തുനിന്ന് ജഡ്ജിയെകൊണ്ടു വരണമെന്ന്. ഇത് ഞങ്ങളുടെ നാട്ടിലൊക്കെ ചില സ്ത്രീകൾ കല്യാണ ത്തിന് പോയാൽ അവിടെയുണ്ടാക്കുന്ന വിഭവങ്ങൾക്ക് ഒരു കുറവും പറയാനില്ലെങ്കിൽ അവർ പറയും പൂവൻ പഴം കുറച്ച് വണ്ണം കൂടിപ്പോയി, അത് വായിൽ കൊള്ളുകില്ലായെന്ന്. അതുപോലെയാണ് ഇവിടത്തെ പ്രതി

LIBRARY ARCHIVES Kerala Legislative Assembly

പക്ഷത്തിന്റെ നിലപാടും. പണ്ട് ഇവിടെ അന്വേഷണ കമ്മിഷനായി ശ്രീമതി ജാനകിയമ്മയെ വച്ചു. അപ്പോഴും പറഞ്ഞു അവർ റിട്ടയേർഡ് ജഡ്ജിയാണ്, സ്വീകാര്യമല്ലായെന്ന്. അഥവാ ഒരു വാദത്തിനുവേണ്ടി ഞങ്ങൾ വേറെ എവിടെ നിന്നെങ്കിലും ഒരു ജഡ്ജിയെ കൊണ്ടുവന്നാൽ പറയും അത് കോൺഗ്രസ് ഭരിക്കുന്നിടത്തുള്ളതാണെന്ന്. അതുകൊണ്ട് ബംഗാളിൽ ജ്യോതിബാസു ഭരിക്കുന്ന സ്റ്റേറ്റിൽ നിന്ന് കൊണ്ടുവരണമെന്നും പറയാനും ഇവർ മടിക്കുകയില്ല. ഇത് രാഷ്ട്രീയമാണ്. ഈ ഗവൺമെന്റിനും, മുന്നണിക്കും സത്യസന്ധത മാത്രമാണുള്ളത്. ഉപ്പു തിന്നുന്നവർ വെള്ളം കുടിച്ചോട്ടെ. പിന്നെ രാജി വയ്ക്കണമെന്ന് പറഞ്ഞു. ശ്രീ. നായനാർക്ക് അത് പറയാൻ പറ്റുമോ ? അങ്ങ് മുഖ്യമന്ത്രി ആയപ്പോഴും അല്ലേ പുനലൂർ വിഷമദ്യദുരന്തത്തിന ജുഡീഷ്യൽ എൻക്വയറി വച്ചത്. അപ്പോഴും എന്തേ രാജി വയ്പ്പിക്കാത്തത് ? സത്യസന്ധനാണെന്ന് പറയുന്ന സഖാവ് ഇ. എം. എസ്., നീതിമാനാണെന്ന് പറയുന്ന സഖാവ് ഇ. എം. എസ്. 1967-ൽ ഇവിടെ മുഖ്യമന്ത്രിയായിരുന്നപ്പോഴും ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടു- വേലുപ്പിള്ള കമ്മിഷൻ--ശ്രീ. ടി. വി. തോമസും, ശ്രീ. എം. എൻ. ഗോവിന്ദൻ നായരും, രാജി വയ്ക്കണ്ടയെന്ന് ഈ സഭയിൽ പറഞ്ഞു. ഇപ്പോഴും ധൈര്യമായിട്ട് ഇവിടെ വന്ന് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവിട്ടപ്പോഴും പറയുകയാണ് മന്ത്രിയെ മാറി വയ്ക്കണമെന്ന്. ''നിങ്ങളുടെ അയ് മൂന്ന് പതിമൂന്ന്, ഞങ്ങളുടെ അയ് മൂന്ന് പതിനഞ്ച്'' എന്നുള്ള നിലപാട് ശരിയാണോ ? ഈ ജനാധിപത്യ മുന്നണിയുടെ സത്യസന്ധതയാണ് ഈ കാണിച്ചത്. ശ്രീ. നായനാരാണെങ്കിലും ഇത് ചെയ്യുകയില്ലായിരുന്നു. കാരണം അവർക്ക് ബുദ്ധിമുട്ടുവരും. ഞങ്ങൾ അതല്ല ആലോചിച്ചത്. ഈ രാഷ്ട്രത്തിന്റെ നഷ്ടമാണ് ഞങ്ങൾ ആലോചിച്ചത്. ഞങ്ങൾക്ക് ഇതിൽ രാഷ്ട്രീയമൊന്നുമില്ല. ഞങ്ങൾ യുനാനിമസായിട്ട് ആണ് ഈ തീരുമാനമെടുത്തത്. ഇത് ജനങ്ങളുടെ ആവശ്യമാണ്. രാഷ്ട്രത്തിന്റെ ആവശ്യമാണ്. പക്ഷെ പ്രതിപക്ഷം ഒരു വെട്ടിൽ വീണതാണ്. മറ്റ് സ്റ്റേറ്റിൽ നിന്ന് ഒക്കെ ഒരു ജഡ്ജിയെക്കൊണ്ടുവന്ന് അന്വേഷണം നടത്തണമെന്നാണ് അവരുടെ ആവശ്യം. ബുദ്ധിയും വിവേകവുമുള്ള മുഖ്യമന്ത്രിയാണ് ശ്രീ. കരുണാകരൻ. അവർ വാലു പൊക്കുന്നത് എന്തിനാണെന്ന് മനസ്സിലാക്കാനുള്ള കഴിവും പ്രാപ്തിയും ഞങ്ങളുടെ മുഖ്യമന്ത്രിക്കുണ്ട്. അതുകൊണ്ടാണ് അവർ വെട്ടിൽ വീണത്. വെരുക് കൂട്ടിൽ കിടന്ന് കറങ്ങുന്നതുപോലെ കറങ്ങുകയാണ് ഇപ്പോൾ പ്രതിപക്ഷം. ബഹുമാനപ്പെട്ട ബേബിജോണിനോട് എനിക്ക് വളരെ ബഹുമാനമുണ്ട്. അദ്ദേഹത്തിന്റെ ഈ പ്രമേയം ഇന്ന് എടുക്കാതെ ഏതെങ്കിലും ഒരു ബില്ല് പാസ്സാക്കിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

(ബഹളം)

ഇതിൽ അന്വേഷണം നടത്തി കുറ്റവാളികളെ ശിക്ഷിക്കുന്നതിന് യാതൊരു കുഴപ്പവുമില്ല. അന്വേഷണം എങ്ങനെയൊക്കെ വേണമെന്നല്ലേ ? അതിനെപ്പറ്റി രണ്ടു പ്രധാനപ്പെട്ട നിയമസഭാ കമ്മിറ്റികളും ശുപാർശ ചെയ്തിട്ടുണ്ട്. ഞാൻ ചെയർമാനായ കമ്മിറ്റി 15 വ്യവസ്ഥ വച്ചിട്ടുണ്ട്. ഇതെല്ലാം നോക്കി ഗവൺമെന്റ് എന്തൊക്കെയാണ് അന്വേഷിക്കേണ്ടതെന്ന് തീരുമാനിക്കും. അന്വേഷണം നിങ്ങളോട് ചോദിച്ചിട്ട് മാത്രമേ ആകാവൂ എന്നു പറഞ്ഞാൽ പറ്റുമോ ? നിങ്ങൾ പറഞ്ഞിട്ടാണോ ഞങ്ങൾ ജുഡീഷ്യൽ എൻക്വയറി വച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : ശ്രീ. സീതിഹാജി ചെയറിലിരുന്ന് സ്വല്പം നിയമം പഠിച്ചതാണ്. അതുകൊണ്ടാണ് ചോദിക്കുന്നത്. അനേഷണത്തെ അങ്ങ് സ്വാഗതം ചെയ്തു. വളരെ സന്തോഷമുണ്ട്. ഈ അനേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസിനെ സംബന്ധിച്ച് അങ്ങ് പെയർമാനായിട്ടുള്ള കമ്മിറ്റിയോട്, അതുപോലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനോട് അല്ലെങ്കിൽ ആ കമ്മിറ്റിയോട് ഒന്ന് ആലോചിച്ച് അവസാന രൂപം കൊടുക്കണമെന്നുള്ള നിർദ്ദേശത്തോട് അങ്ങയുടെ അഭിപ്രായമെന്താണ്? അങ്ങ് ഇപ്പോഴും ഒരു നിയമജ്ഞൻ കൂടിയല്ലേ ? ഒന്ന് പറഞ്ഞാൽ തരക്കേടില്ല.

ശ്രീ. പി. സീതിഹാജി : അങ്ങനെ ആലോചിക്കേണ്ട പ്രശ്നമില്ല. കമ്മിറ്റിയുടെ അഭിപ്രായം ഗവൺമെന്റിന്റെ മുമ്പിൽ വച്ചിട്ടുണ്ട്. പിന്നെ എന്താണ് ആലോചിക്കാനുള്ളത് ? അങ്ങ് എവിടെയാണ് ബി. എ., ബി.എൽ. പാസ്സായത് ? ഈ രണ്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണ് ഗവൺമെന്റ് തീരുമാനം എടുത്തതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനനുസരിച്ച് അതിന്റെ കാര്യങ്ങളൊക്കെ അവർ നോക്കികൊള്ളും. ഏതായാലും ഇതിന് ധൈര്യം കാണിച്ചിട്ടുണ്ട്. മുമ്പ് ഇവിടെ പലതുമുണ്ടായി. അതുകൊണ്ട് ബഹുമാനപ്പെട്ട ബേബി ജോൺ അങ്ങയുടെ പ്രമേയം പിൻവലിക്കണം. പിൻവലിക്കേണ്ട പ്രശ്നമില്ല. പ്രമേയമില്ലെന്നാണ് പറഞ്ഞത്. അതിന്റെ ആവശ്യം ഇവിടെ ഇല്ലല്ലോ ?

ശ്രീ. ബേബി ജോൺ : പ്രമേയമില്ല. നിങ്ങളും ഇവിടെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്ന് മാത്രമേ പറഞ്ഞുള്ളൂ. അതിൽ നിന്ന് മാറരുത്.

ശ്രീ. പി. സീതിഹാജി : അതാണ് ഞാൻ പറഞ്ഞത്, ഞങ്ങളുടെ ഗവർമെന്റിന്റെ പവർ അതാണ്. ഇങ്ങനെ പ്രതിപക്ഷം മനസ്സിൽ കരുതുന്നത് ഞങ്ങളും പ്രവൃത്തിയിൽ കൊണ്ടു വരുന്നു.

ശ്രീ. എം. വി. രാഘവൻ : ബംഗാളിലെ ജഡ്ജി വേണ്ട. ശ്രീ. രാധാകൃഷ്ണ മേനോനെപ്പോലെയുള്ള ജഡ്ജിയെപ്പറ്റി പല പരാമർശനങ്ങളും ഇവിടെ നടന്നതാണ്. അങ്ങ് അത് കേട്ടിരിക്കുമല്ലോ. ഇന്നലെ ഞാനും പറഞ്ഞതാണ്. ശ്രീ. രാധാകൃഷ്ണ മേനോൻ ഒഴികെയുള്ള ജഡ്ജിയെ നിശ്ചയിച്ചാൽ മതിയെന്ന് ഹൈക്കോടതിയോട് പറയുമോ ?

മി. സ്പീക്കർ : ജഡ്ജിമാരെക്കുറിച്ച് പക്ഷപാതപരമായിട്ട് പറയുന്നത് ശരിയല്ല.

ശ്രീ. പി. സീതി ഹാജി : ശ്രീ. രാധാകൃഷ്ണ മേനോൻ മോശപ്പെട്ട ജഡ്ജിയാണെന്ന അഭിപ്രായം എനിക്കില്ല. നല്ല ജഡ്ജിയാണ്. ശ്രീ. എം. വി. രാഘവൻ നിർഭാഗ്യത്തിന് ഹൈക്കോടതി ജഡ്ജിയായാൽ അദ്ദേഹത്തിന്റെ വിധി ഞങ്ങളും സ്വീകരിക്കാൻ ബാധ്യസ്ഥനാണ്. ജഡ്ജിമാരെപ്പറ്റി ഞങ്ങൾക്ക് അങ്ങനെ അഭിപ്രായമില്ല.

മി. സ്പീക്കർ : ശ്രീ. എം. വി. രാഘവനായാലും ശ്രീ. സീതി ഹാജിയായാലും ജഡ്ജിയുടെ സ്ഥാനത്ത് ഇരിക്കുമ്പോൾ ആ സ്ഥാനത്തെ ബഹുമാനിക്കണം.

ശ്രീ. പി. സീതി ഹാജി : അങ്ങ് ചെയറിനെ എത്രമാത്രം ബഹുമാനിക്കുന്നുവോ അതിനെക്കാളും ബഹുമാനിക്കും. ഈ ഗവൺമെന്റ് എടുത്ത ധീരമായ നടപടിയെ ഇനി വരുന്ന ഗവൺമെന്റിനും മാതൃകയാക്കണമെന്നും കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

മാവിയിലെ കുട്ടികൾക്ക് പഠിക്കാനും അവസരമുണ്ടാകട്ടെ. ഈ കമ്മിറ്റിയുടെ തീരുമാനത്തിന് ഇത്രയും വില കല്പിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യമന്ത്രിയോടും ഈ കമ്മിറ്റിയുടെ ചെയർമാൻ എന്നുള്ളനിലയിൽ എനിക്കുള്ള നന്ദികൂടി പ്രകാശിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് വളരെയേറെ ആശങ്ക ഉണ്ടാക്കിയിട്ടുള്ള ഈ രണ്ട് പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം ഇപ്പോഴെങ്കിലും ജുഡീഷ്യലന്വേഷണം നടത്താൻ തയ്യാറായത് നല്ല കാര്യമാണ്. ഇതാണ് കഴിഞ്ഞ സെഷനിൽ ആവശ്യപ്പെട്ടത്. ഇത് പറയുമ്പോൾ ശ്രീ. തങ്കച്ചനും ശ്രീ. ജോസും ഒക്കെ പറയുകയുണ്ടായി 3-ാം തീയതി കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടി. 11-ാം തീയതി അന്വേഷണം പ്രഖ്യാപിച്ചുവെന്ന്, കഴിഞ്ഞ സെഷനിൽ നടന്നതൊക്കെ മറന്നു. അടിയന്തിരപ്രമേയം ഉന്നയിച്ചതും ചോദ്യോത്തരവേളയിൽ ചോദ്യങ്ങൾ ചോദിച്ചതും ഒക്കെ മറന്നു. പി. എ. സി. യും പി. യു. സി. യും എസ്റ്റിമേറ്റ് കമ്മിറ്റിയും ഭരണഘടനാപരമായി രൂപീകരിക്കപ്പെടുന്ന തുല്യ സ്റ്റാറ്റസുള്ള കമ്മിറ്റികളാണ്. പി. എ. സി. യുടെ ചെയർമാൻ പ്രതിപക്ഷമാണെന്നുള്ള വ്യത്യാസം ഒഴിച്ച് രണ്ട് കമ്മിറ്റിക്കും തുല്യ സ്റ്റാറ്റസാണുള്ളത്. പി. എ. സി. ജൂലൈ 25-ാം തീയതി സ്ഥലം സന്ദർശിക്കുകയും 30-ാം തീയതി സഭയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതെപ്പറ്റി ആരും ഒന്നും പറയുന്നില്ല. 3-ാം തീയതി പി. യു. സി. കൊടുത്ത റിപ്പോർട്ടിനെപ്പറ്റി ആണ് പറയുന്നത്. അന്ന് ആ റിപ്പോർട്ട് കൊടുത്തിട്ട് അതിനോടുള്ള സമീപനം എന്തായിരുന്നു. അതോറിട്ടയർ ചെയ്ത ആളെ വരുത്തി പരിശോധിക്കുന്നുവെന്നാണ് അടിയന്തിരപ്രമേയത്തിന് മറുപടി പറഞ്ഞത്. പി. എ. സി. 30-ാം തീയതി റിപ്പോർട്ട് സമർപ്പിച്ചു. അന്ന് ഇടമലയാർ പരിശോധിക്കുവാൻ വന്ന വാട്ടർ ആൻഡ് പവർ കമ്മീഷന്റെ ടീമിനെ കല്ലടയിൽ പറഞ്ഞയച്ചു. 31-ാം തീയതി സഭ പിരിയുന്നതിന് മുമ്പ് സൈക്ലോസ്റ്റൈലിൽ ചെയ്തത് നമുക്കെല്ലാം റിപ്പോർട്ട് വിതരണം ചെയ്തു. അതിൽ എന്താണ് പറഞ്ഞത്. പി. എ. സി. റിപ്പോർട്ടിൽ പറയുന്നതുപോലെ മെമ്പർമാർക്ക് ആശങ്കയ്ക്കുള്ള യാതൊരു സ്ഥിതിയും കല്ലട ഡാമിനെ സംബന്ധിച്ചിടത്തോളമില്ല, ഗ്യാലറിയിൽ ചോർച്ചയുണ്ട്. അത് സാധാരണ ഉണ്ടാകുന്നതാണ്. സ്ട്രക്ചർ ചെയ്യാവുന്നതാണ് എന്ന് പറഞ്ഞ് നിശേഷം തേച്ചുമാച്ചു കളയുന്ന റിപ്പോർട്ട് ധൃതിപിടിച്ച് സർക്കുലേറ്റ് ചെയ്തു. അതിനുശേഷം എന്തൊക്കെ നടന്നു. പ്രതിപക്ഷനേതാക്കൻമാർ പോയി സ്ഥലം സന്ദർശിച്ചു. മുഖ്യമന്ത്രിക്ക് മെമ്മോറാണ്ടം കൊടുത്തിരുന്നു. പ്രധാനമന്ത്രിക്ക് മെമ്മോറാണ്ടം കൊടുത്തതിലും ഞങ്ങൾ ഈ കാര്യം ആവശ്യപ്പെട്ടിരുന്നു. ഗവൺമെന്റാണ് സഭാപരിപാടികൾ നിശ്ചയിക്കുന്നത്. സമ്മേളനം നിശ്ചയിച്ചപ്പോൾ ഇത് ചർച്ച ചെയ്യാൻ അജണ്ട നിശ്ചയിച്ചില്ല. റൂൾ 130 അനുസരിച്ച് ശ്രീ. ബേബിജോൺ നോട്ടീസ് കൊടുത്തു. ചർച്ചചെയ്യാൻ അവസരം കിട്ടണമെന്ന് ബിസിനസ് അഡ്വൈസറി കമ്മറ്റിയിൽ ഞങ്ങൾ ശക്തിയായി വാദിച്ചതിനുശേഷം ഇന്ന് ഏഴര മണിവരെ ഇരിക്കാമെന്ന് ഞങ്ങൾ സമ്മതിച്ചതിനു ശേഷമാണ് ചർച്ചചെയ്യാൻ തയ്യാറായത്. ചർച്ച വന്നപ്പോഴാണ് ജുഡീഷ്യലന്വേഷണം പ്രഖ്യാപിച്ചത്. ഇതെല്ലാം മറച്ചു വച്ച് 3-ാം തീയതി റിപ്പോർട്ട് സമർപ്പിച്ചു. 11-ാം തീയതി അന്വേഷണത്തിന് ഉത്തരവിട്ടുവെന്നാണ് പറയുന്നത്. 30-ാം തീയതി പി. എ. സി. റിപ്പോർട്ട് കൊടുത്തു. പി. എ. സി. യുടെ റിപ്പോർട്ടിന് ഒരു വിലയുമില്ലേ ? രണ്ടാംതരം പൗരൻമാരാണോ ? പി. എ. സി. അന്വേഷണം ആവശ്യപ്പെട്ടില്ലേ ? ഭരണകക്ഷിക്ക് പ്രതിപക്ഷമുള്ള കമ്മിറ്റിയാണ്... ഇപ്പോഴെങ്കിലും ഇതിന്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറായത്. പ്രതിപക്ഷത്തുനിന്നുള്ള ശക്തിയായ സമ്മർദ്ദം വന്നതിന്റെ അടിസ്ഥാനത്തിലാണ്. പി. യു. സി. യുടെ റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിലാണെന്നു കാണരുത്. അത് പി. എ. സി. യോടുള്ള അനാദരവാണെന്ന് ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. അന്വേഷണത്തിന് ഉത്തരവിട്ടു. അന്വേഷണത്തിന് ഉത്തരവിട്ടു. കഴിഞ്ഞപ്പോഴും പുറത്തുനിന്നുള്ള ജഡ്ജി വേണം ടേംസ് ഓഫ് റഫറൻസിനെ സംബന്ധിച്ച് പ്രതിപക്ഷവുമായി ചർച്ചചെയ്യണം എന്നൊക്കെ പറയുമ്പോഴും ഇത്രയും വികാരം കൊള്ളേണ്ട കാര്യമെന്താണ്? പ്രതിപക്ഷത്തുള്ളവരും ഈ സഭയിലെ മെമ്പർമാരാണ്. മുഖ്യമന്ത്രി ഇങ്ങനെയൊരു നടപടി സ്വീകരിക്കുമ്പോഴും അതിൽ നമുക്കുള്ള അഭിപ്രായം നിർദ്ദേശിക്കുന്നതിൽ എന്താണ് തെറ്റ്? അന്വേഷണം നിഷ്പക്ഷമാണെന്ന് ഈ സഭയ്ക്ക് ബോദ്ധ്യപ്പെട്ടാൽ മാത്രം പോര, ഈ രാജ്യത്തെ ജനങ്ങൾക്ക് ബോദ്ധ്യമാകണം. അത്തരത്തിലുള്ള ഒരു അന്വേഷണ നടപടിക്രമം വേണമെന്ന് പറഞ്ഞുകൂടേ? ജഡ്ജിയെ നിയമിച്ചു കഴിഞ്ഞിട്ടില്ല. ജഡ്ജിയെ നിയമിക്കുമ്പോഴും ഈ കാര്യങ്ങളും പരിഗണിക്കണമെന്നു പറയുന്നതിൽ എന്താണ് തെറ്റ്? അത് അസാധാരണ നടപടിയൊന്നുമല്ല. ഇതിനുമുമ്പുള്ളതാണ്, ബഹുമാനപ്പെട്ടമന്ത്രി ആ സ്ഥാനത്ത് നിന്ന് ഒഴിഞ്ഞുനില്ക്കണമെന്ന് പറഞ്ഞു. അതിന് ഇത്രയൊക്കെ പറയേണ്ട കാര്യമുണ്ടോ? ശ്രീ. ജോർജ് പറയുന്നത് ശ്രീ. പ്രഭാകരനും ശ്രീ. സുബ്ബറാവുവുമൊക്കെ എം. എൽ. എ. സ്ഥാനം രാജിവെക്കണമെന്നാണ്. അത് വിചിത്രമായിപ്പോയി. തീരുമാനമെടുക്കുമ്പോഴും കെ. പി. പ്രഭാകരൻ മന്ത്രിയല്ല. എം. എൻ. ഗോവിന്ദൻ നായരും വാസുദേവൻനായരുമൊക്കെ മന്ത്രിയായിരുന്നിട്ടുണ്ട്. എനിക്ക് വ്യക്തിപരമായിട്ട് കാര്യമൊന്നുമില്ല. അന്വേഷണം നടക്കുമ്പോഴും അധികാരം കയ്യാളുന്ന മന്ത്രി മന്ത്രിസ്ഥാനത്തുനിന്ന് ഒഴിഞ്ഞുനിൽക്കുന്ന കീഴ്വഴക്കമില്ലെന്ന് പറയുന്നത് ശരിയല്ല. ശ്രീ. ബാലകൃഷ്ണപിള്ള മന്ത്രിസ്ഥാനത്തില്ല. എം. എൽ. എ. സ്ഥാനം രാജിവെയ്ക്കണമെന്ന് ആരും പറഞ്ഞില്ല. എം. എൻ. ഗോവിന്ദൻ നായർക്ക് എതിരായും ടി. വി. തോമസിനെതിരായും മുഖ്യമന്ത്രി അന്വേഷണത്തിന് ഉത്തരവ് ഇട്ടപ്പോഴും രാജിവയ്ക്കാൻ പറഞ്ഞിട്ടല്ല അവർ രാജിവച്ചത്. അവർ സ്വയംരാജിവച്ചുകൊണ്ട് അന്വേഷണത്തെ നേരിടാൻ തയ്യാറാവുകയാണ് ചെയ്തത്. ആ വ്യക്തികളുടെ അന്തസ്സിന്റെയും സത്യസന്ധതയുടെയും പ്രശ്നമാണ്. ശ്രീ. ഗംഗാധരൻ അത് പാലിക്കണമെന്നാണ് പറഞ്ഞത്. ഒന്നു രണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കല്ലടയുടെ കാര്യം പറയുമ്പോഴും ഗ്രൗട്ടിങ്ങ് നടത്തുകയെന്നുള്ളതു ചോർച്ച കണ്ടാൽ അടയ്ക്കാനുള്ള എർപ്പാടല്ല. ചോർച്ച വരാതിരിക്കാനുള്ള പ്രിക്കാഷണറി മെഷർ ആണ്. ഗ്രൗട്ടിങ്ങ് നടത്തി സുരക്ഷിതത്വം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ പ്ലഗ്ഗിങ്ങ് നടത്താൻ പാടുള്ളൂ. ഈ മന്ത്രിയുടെ കാലത്ത് കോൺട്രാക്ടല്ല ഇതിനു മുമ്പുള്ള കോൺട്രാക്ടറുടെ കാലത്തും വർക്ക് പൂർത്തിയായതാണ്, ആ സമയത്തൊന്നും ഗ്രൗട്ടിങ്ങ് നടന്നിട്ടില്ല. ഗ്രൗട്ടിങ്ങ് പൂർത്തിയാക്കാതെ ധൃതിപിടിച്ച് പ്ലഗ്ഗ് ചെയ്തത് ചോർച്ചയ്ക്ക് ഒരു കാരണമാണ്. ഉപയോഗിച്ച സിമൻറ് വളരെ മോശമായിരുന്നു. വളരെയധികം വെട്ടിപ്പ് നടന്നിട്ടുണ്ട്. പി. എ. സി. 1984-ൽ അവിടെപോയി കണ്ടതാണ്. ടി. എസ്. ജോണും ഉണ്ടായിരുന്നു. അവിടത്തെ വർക്ക് പോയികണ്ടു. സിമൻറിന്റെ പ്രൊപ്പോർഷൻ മോശമാണെന്ന സംപിൾ ഇവിടെകൊണ്ടുവന്നുകാണിച്ചു. എന്നിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഇടമലയാർ ഡാമിനെക്കുറിച്ച് പറഞ്ഞപ്പോഴും ശ്രീ. പി. സി. ജോർജ്ജ് പി. എ. സി. റിപ്പോർട്ടിലെ കൂട്ടേഷൻസ് വായിച്ചു. 1972-ലും 73-ലും 76-ലും 77-ലുമൊക്കെ പ്രോജക്ട് റിപ്പോർട്ടിൽ ഭേദഗതി വരുത്തിയതിനെപ്പററി

LIBRARY ARCHIVES Kerala Legislative Assembly

ആ റിപ്പോർട്ടിൽതന്നെ വേറൊരു ഭാഗത്ത് പറയുന്നുണ്ട്. അത് ശ്രീ. പി. സി. ജോർജ്ജ് മറച്ചുവച്ചു. എന്നാണ് സ്റ്റേറ്റിൽ ലൈനിംഗിനു പകരം ഷോർട്ട് ട്രീറ്റ് നടത്തിയാൽ മതിയെന്ന് ബോർഡ് തീരുമാനമെടുത്തത് ജിയോളജി സ്റ്റേറ്റിന്റെയും സെൻട്രൽ വാട്ടർ അതോറിറ്റിയുടെയും വിദഗ്ധോപദേശത്തിന്റെ അടിസ്ഥാനത്തിൽ അങ്ങനെ തീരുമാനിച്ചിട്ടുണ്ടായിരിക്കാം. പക്ഷേ ഇതിൽ പറയാത്തതും പി. യു. സി. യുടെ ശ്രദ്ധയിൽ കൊണ്ടുവരാത്തതുമായ മറ്റൊരു സംഗതിയുണ്ട്. ചോർച്ച കണ്ട ഭാഗവുമായിട്ട് ബന്ധപ്പെട്ടതാണ്. 1973-ൽ തന്നെ മറ്റൊരു തീരുമാനമെടുത്തിരുന്നു. അതിപ്പോഴ ബോർഡ് പരിശോധിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അന്ന് ചുമതല വഹിച്ചിരുന്ന ഇട്ടി ഡാർവിന്റെ ഒരു ഡിസിഷൻ ഉണ്ടായിരുന്നു. അത് വളരെ സാങ്കേതികമാണ്. ഡാമിന്റെ ഭിത്തിയിൽ നിന്ന് വിട്ട് 36 മീറ്റർ സ്റ്റേറ്റിൽ ലൈനിംഗ് നടത്തണമെന്ന് ഡിസിഷനുണ്ടായിരുന്നു. അത് ഇതിലൊന്നും പറഞ്ഞിട്ടില്ല. ആ 36 മീറ്റർ അദ്ദേഹം നിശ്ചയിച്ചത് സാങ്കേതികശാസ്ത്രമനുസരിച്ചാണ് 5 എച്ചിൽ അതായത് ഡാമിന്റെ മതിൽതൊട്ട് 300 അടി ഉയരം ആണെങ്കിൽ അതിൽ 5-ൽ പ്രഷറിന്റെ കൂടുതൽ ആധിക്യം വരുന്ന ഭാഗം ടണലിന്റെ സുരക്ഷിതത്വത്തിന് വേണ്ടിയിട്ട് സ്റ്റേറ്റിൽ ലൈനിംഗ് വേണമെന്ന് നിശ്ചയിച്ചു. അത് വേണ്ടെന്നു വച്ചത് എന്തുകൊണ്ടാണെന്ന് പറഞ്ഞിട്ടില്ല. അത് എവിടെയും പറഞ്ഞിട്ടില്ല. ഇപ്പോഴ ചോർച്ച കണ്ടത് അവിടെയാണ്. അത് വേണമെന്ന് തീരുമാനിച്ചത് 1973-ലാണ് അത് എടുത്ത് കളഞ്ഞത് പുതിയ കോൺട്രാക്ട് കൊടുത്ത സമയത്താണ് അതിന്റെ സ്പെസിഫിക്കേഷൻ തീരുമാനിക്കുന്ന സമയത്ത് ഒരു കൊല്ലക്കാലം കോൺട്രാക്ട് ഉറപ്പിക്കാതെകണ്ട് ടൈം എക്സ്റ്റൻഡ് ചെയ്തു പോയത് സ്പെസിഫിക്കേഷൻ കൊടുക്കാഞ്ഞതുകൊണ്ടാണ്. ആ സമയത്തെടുത്ത ഡിസിഷനാണ്. അവിടെയാണ് ഇപ്പോഴ ചോർച്ച വന്നിരിക്കുന്നത്.

അതുപോലെതന്നെ പി. യു. സി. യുടെ ശ്രദ്ധയിൽ കൊണ്ടുവരാത്ത വളരെ ഗൗരവതരമായ മറ്റൊരു കാര്യമുണ്ട്, സർജ്ഷാഫ്റ്റ്. അതിനെക്കുറിച്ച്. പി. യു. സി. റിപ്പോർട്ടിൽ ഒരിടത്തും പറയുന്നില്ല. ഏറ്റവും പ്രധാനപ്പെട്ടതും ടണലിന്റെ സുരക്ഷിതത്വത്തിന് വേണ്ടിയുള്ളതുമാണ്. സർജ്ഷാഫ്റ്റ്. കോൺക്രീറ്റ് ലൈനിംഗ് വേണമെന്നായിരുന്നു പ്രോജക്റ്റ് റിപ്പോർട്ട്. അത് വേണമെന്ന് തീരുമാനിച്ചത് ഈ ഗവൺമെന്റാണ്. പി. യു. സി. യുടെ ശ്രദ്ധയിൽ വരാത്ത കാര്യമാണ്. ഞങ്ങളം പോയപ്പോഴം നേരിട്ട് കണ്ടതാണ്. അത് വേണ്ടെന്നുവച്ചു. ഞങ്ങളോട് പറഞ്ഞത് കോൺക്രീറ്റ് ലൈനിംഗ് ഉപേക്ഷിച്ചപ്പോഴം 50 ലക്ഷം രൂപ സേവിംഗ്സ് ഉണ്ടെന്നാണ്. അതിനുവേണ്ടി ചെയ്തതാണെന്നു പറഞ്ഞു. ഇതിന്റെ പ്രോജക്ട് റിപ്പോർട്ടിലും വാട്ടർ കമ്മിഷന്റെ റിപ്പോർട്ടിലും സർജ്ഷാഫ്റ്റിനു കോൺക്രീറ്റ് ലൈനിംഗ് വേണമെന്നുള്ളത് നിർബന്ധമായിരുന്നു. ഇതിൽ നടന്ന കളിയെന്താണെന്നുവച്ചാൽ ഇത് ഏറ്റവും പ്രയാസകരമായ വർക്കാണ്. സർജ്ഷാഫ്റ്റിന്റേയും പൗവ്വർ ടണലിന്റേയും രണ്ടു ടെൻഡറാണ്. ആ രണ്ട് ടെൻഡറും ഒന്നിച്ച് കൈകാര്യം ചെയ്തത് ഏറ്റവും കൂടുതൽ ചെലവ് വരുന്ന സർജ്ഷാഫ്റ്റിന്റെ റേറ്റ് കൂടി പൗവ്വർ ടണലിൽ കിട്ടാൻവേണ്ടിയിട്ട് രണ്ടുംകൂടി ഒന്നിച്ച് ഒരു കോൺട്രാക്ടായി. ഇതിൽ 162 ശതമാനത്തിന്റേതേ പറയുന്നുള്ളൂ. 162 ശതമാനം ഹയർറേറ്റ് സർജ്ഷാഫ്റ്റിനും 188 ശതമാനം ഹയർറേറ്റ് പൗവ്വർ ടണലിലും ഇത് രണ്ടുംകൂടി ഒരൊറ്റ കോൺട്രാക്ടാക്കി ഉറപ്പിച്ച് കൊടുക്കുകയാണ് ചെയ്തത്. കോൺക്രീറ്റ് ലൈനിംഗ് വേണ്ടെന്നുവച്ചത് കോൺട്രാക്ടർക്ക് അത് ചെയ്യാൻ അറിയുകയില്ല. രണ്ടാമത് വേഗം പണി തീർക്കണം, ടണലിന്റെതന്നെ, കോൺക്രീറ്റ് തന്നെ ഒസറ്റ് ചെയ്യാൻ സമയം കൊടുക്കാതെ ഇത് പെട്ടെന്ന് ചെയ്യിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

പീനൽ വ്യവസ്ഥയിൽനിന്നു രക്ഷപ്പെടാൻ വേണ്ടിയാണു. 48 മാസംകൊണ്ടു തീർക്കാനാണു കോൺട്രാക്ടു വ്യവസ്ഥ. അതു 12-82-ൽ കോൺട്രാക്ടു കൊടുത്തിട്ടു 6-85ലാണു തീർത്തതു. ഏകദേശം 30 മാസം കഴിഞ്ഞു. പതിനെട്ടു മാസം കഴിഞ്ഞാൽ പണി തീരാതെ വരുന്ന ഓരോ മീറ്ററിനും 1,500 രൂപ വച്ചു കൊടുക്കണമെന്നാണു പീനൽ വ്യവസ്ഥ. ആ പീനൽ വ്യവസ്ഥയിൽ നിന്നു രക്ഷപ്പെടാൻവേണ്ടി എങ്ങനെയെങ്കിലും ഇതിന്റെ പണി പെട്ടെന്നു തീർക്കാൻ തീരുമാനിച്ചു. ഈ കാര്യങ്ങളൊന്നും പി. യു. സി. യുടെ ശ്രദ്ധയിൽപോലും കൊണ്ടുവന്നിട്ടില്ല. ആ കാര്യങ്ങളൊക്കെ അന്വേഷണത്തിനു വിധേയമാക്കണമെന്നുകൂടി പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എച്ചു. മുസ്തഫ : ഇടമലയാറിലും കല്ലടയിലും പൊന്തിവന്ന പ്രശ്നങ്ങൾക്കു, അവിടെനിന്നു ഉയർന്നുവന്ന ആരോപണങ്ങൾക്കു, അതിനെ അടിസ്ഥാനമാക്കി നടത്തിയ അന്വേഷണത്തിന്റെ ഫലമായി, ഈ സഭയിലെ ഉത്തരവാദപ്പെട്ട കമ്മിറ്റികളുടെ പി. എ. സി. യുടേയും പി. യു. സി. യുടേയുമൊക്കെ റിപ്പോർട്ടിന്റെ ഫലമായി ഇടമലയാറിലും കല്ലടയിലും എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോയെന്നു പരിശോധിച്ചു, എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അതിനു ഉത്തരവാദി ആരാണെന്നു കണ്ടുപിടിച്ചു അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനും ആ പദ്ധതി പ്രവർത്തനത്തിന്റെ യഥാർത്ഥരൂപം ജനങ്ങളുടെ മുമ്പിൽ കൊണ്ടുവരുന്നതിനും ഇന്നു അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് വളരെ കരുതലോടുകൂടി കർക്കശമായി പെരുമാറുന്നുവെന്നു ഈ സംബന്ധിച്ചു എല്ലാ കാര്യങ്ങളും ജുഡീഷ്യൽ എൻക്വയറിക്കു വിധേയമാക്കാൻ തീരുമാനിച്ചതുവഴി നമുക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടു. ഇതോടുകൂടി ഈ പ്രശ്നത്തിനു തിരശ്ശീല വീഴേണ്ടതായിരുന്നു. ജുഡീഷ്യൽ എൻക്വയറി നടത്താൻ തീരുമാനിച്ച ഒരു കാര്യത്തെക്കുറിച്ചു വീണ്ടും വീണ്ടും ചർച്ച നടത്തുന്നതിൽ എന്തെങ്കിലും പ്രസക്തിയുണ്ടെന്നു എനിക്കു തോന്നുന്നില്ല. എങ്കിലും ഇവിടെ ഒരു ചർച്ച വരുകയും ആ ചർച്ചയിൽ പങ്കെടുക്കുകയും ചെയ്യുന്നതുകൊണ്ടു ഞാനുംകൂടി അതിൽ പങ്കാളിയാവുകയാണു. ഇതിനെക്കുറിച്ചു അന്വേഷിക്കേണ്ടതു, ഇതിനെകുറിച്ചു തീരുമാനിക്കേണ്ടതു, ഇതിൽ എന്തെല്ലാം നടന്നുവെന്നു കണ്ടുപിടിക്കേണ്ടതു, വരാൻ പോകുന്ന അന്വേഷണ കമ്മിഷന്റെ ബാദ്ധ്യതയാണു. ആ അന്വേഷണ കമ്മിഷൻ നീതിപൂർവ്വമായ, നിഷ്പക്ഷമായ അന്വേഷണമാണെന്നു ബോദ്ധ്യമായി. ജുഡീഷ്യൽ എൻക്വയറിയെന്നു പറഞ്ഞാൽ സിറ്റിംഗ് ജഡ്ജിയെകൊണ്ടു നടത്തുന്ന എൻക്വയറിയാണു. സിറ്റിംഗ് ജഡ്ജിയെന്നു പറഞ്ഞപ്പോഴും ഇപ്പോഴും പറയുന്നതു സംസ്ഥാനത്തിനു വെളിയിലുള്ള ജഡ്ജിയെക്കൊണ്ടു അന്വേഷിപ്പിക്കണമെന്നാണു. ഇവിടെ ഇൻന്ത്യയ്ക്കു വെളിയിലുള്ള ജഡ്ജിവേണമെന്നു ആവശ്യപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. കാരണം എന്തെങ്കിലും പറയാൻ ആഗ്രഹിച്ചവർ, എന്തെങ്കിലുമൊക്കെ ആരോപിക്കാൻ ആഗ്രഹിച്ചവർ, അതിനു അവസരം നഷ്ടപ്പെട്ടപ്പോഴും പറയാൻ വന്നതൊന്നും പറയാൻ സാധിക്കാതെ വന്നപ്പോഴും ഇൻഡ്യയ്ക്കു വെളിയിലുള്ള ജഡ്ജിയെകൊണ്ടു അന്വേഷിപ്പിക്കണമെന്നു പറയാതിരുന്നതു ഇവിടത്തെ സിറ്റിംഗ് ജഡ്ജിയെകൊണ്ടു അന്വേഷിപ്പിക്കുമെന്നു പറഞ്ഞതുകൊണ്ടാണു. അതുകൊണ്ടു ഇപ്പോഴും നമ്മുടെ സംസ്ഥാനത്തിനു വെളിയിലുള്ള ആളിനെകൊണ്ടു അന്വേഷിപ്പിക്കണമെന്നാണു പറയുന്നതു. എന്തായിരുന്നാലും കേരളത്തിലെ ഹൈക്കോടതി ജഡ്ജിയെ സംബന്ധിച്ചിടത്തോളം രാജ്യത്തെ നീതിപീഠത്തിലിരുന്നു നീതിന്യായം കൈകാര്യം ചെയ്യുന്ന ആളിനെ സംബന്ധിച്ചിടത്തോളം നമുക്കു പൂർണ്ണമായ വിശ്വാസമുണ്ടു. ആ വിശ്വാസമുള്ള ആളിനെകൊണ്ടുവന്നു അന്വേഷിപ്പിച്ചു ഇതിന്റെ സത്യാവസ്ഥ പുറത്തു കൊണ്ടുവരേണ്ടതാണു. ഇക്കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നമുക്കാർക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷേ, അപ്പോഴും സംസാരിക്കുമ്പോഴും, ഡാമിന്റെ ചോർച്ച, ടണലിന്റെ ചോർച്ച, അതിൽ വിള്ളൽ ഉണ്ടായത് ഇതൊക്കെ മന്ത്രിയുടെ തലയിൽ കെട്ടിവയ്ക്കാനുള്ള ശ്രമമാണ് നടത്തുന്നത്. 1961-ൽ ആരംഭിച്ചതാണ് കല്ലട പദ്ധതി. 1982-ൽ മന്ത്രിയായിവന്ന ശ്രീ. എം. പി. ഗംഗാധരനാണ് കല്ലട ഡാമിന്റെ ചോർച്ചയ്ക്കു കാരണമെന്നാണ് ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്. എന്താണ് ഇതിലുള്ള യാഥാർത്ഥ്യം ? മന്ത്രിയാണോ ഡാം കെട്ടുന്നത് ? മന്ത്രിക്ക് ഡാം പണിയാൻ അറിയാമോ ? ആശാരിപ്പണി മന്ത്രി പഠിച്ചിട്ടുണ്ടോ, സിമന്റ് കൂട്ടാൻ മന്ത്രിയ്ക്ക് അറിയാമോ ? എഞ്ചിനീയറിംഗ് മന്ത്രി പഠിച്ചിട്ടുണ്ടോ ? സൂപ്പർവിഷൻ മന്ത്രിയ്ക്കുണ്ടോ ? അഡ്മിനിസ്ട്രേഷനാണ് മന്ത്രിക്ക്. കോൺട്രാക്ടർ തെറ്റു ചെയ്താൽ, സൂപ്പർവൈസറി ബോഡി തെറ്റു ചെയ്താൽ അതുകണ്ടുപിടിച്ച് അവരുടെ പേരിൽ നടപടിയെടുക്കേണ്ടതാണ് മന്ത്രിയുടെ ജോലി. മന്ത്രിയെന്ന നിലയിൽ കല്ലടയുടെ പണി പൂർത്തിയാക്കുന്നതിന്, 1984-85-ൽ തന്നെ കല്ലട കമ്മീഷൻ ചെയ്യുന്നതിന് ധൃതഗതിയിൽ പണി നടത്തുന്നതിന് ശ്രീ. എം. പി. ഗംഗാധരൻ മന്ത്രിയായതിനുശേഷം ശ്രമിച്ചിട്ടുണ്ട് എന്നുള്ളതുമാ തമാണ് ശ്രീ. ഗംഗാധരൻ ചെയ്ത തെറ്റ്. 1985-ൽ ഇത് കമ്മീഷൻ ചെയ്യാൻവേണ്ടി, അതിന്റെ താഴ്വരയിലുള്ള കൃഷിക്കാരെ രക്ഷിക്കാൻ വേണ്ടി, അവിടെയുള്ള കൃഷി എന്നും വെള്ളം കൊണ്ട് നഷ്ടപ്പെട്ടുപോകുന്ന താണ പ്രദേശങ്ങളിലുള്ള കൃഷിക്കാരെ രക്ഷിക്കാനും ഡാമിൽ വെള്ളം നിറച്ച് അത് കൃഷിക്ക് ഉപയോഗപ്രദമാക്കാനുമുള്ള നടപടി സ്വീകരിച്ച് ഡാം പ്ലഗ് ചെയ്തു. കഴിഞ്ഞ വർഷകാലത്ത് ആ ഡാം നിറച്ചെടുക്കുന്നതിനു വേണ്ടി ശ്രമംനടത്തി. അത് നിറഞ്ഞു. അത് നിറഞ്ഞപ്പോൾ ചോർച്ച ഉണ്ടായി. ഇത് മേസൺറി ഡാമാണ്. അത് ചോരുമെന്ന് ആർക്കുമറിയാം. ചോരുമെന്നുള്ളതുകൊണ്ടുതന്നെയാണ് അതിന് ഇൻസ്പെക്ഷൻ ഗ്യാലറിയും ഡ്രെയിനേജ് ഗ്യാലറിയുമൊക്കെ ഉണ്ടാക്കിവച്ചിട്ടുള്ളത്. അവിടെ ഡ്രെയിനേജ് ഗ്യാലറിയിൽ വെള്ളം നിറഞ്ഞു. വെള്ളം നിറഞ്ഞാൽ പമ്പ് ചെയ്യാൻ സംവിധാനമുണ്ട്. പ്ലാനിൽ തന്നെ, പ്രോജക്ട് റിപ്പോർട്ടിൽ തന്നെ ഇതൊക്കെ ഉള്ളതാണ്. പമ്പ് ചെയ്തു. ചില ദിവസങ്ങളിൽ കറൻറ് കിട്ടാതെ മോട്ടോർ പ്രവർത്തിക്കാതിരുന്നു. അന്ന് കൂടുതൽ വെള്ളമുയർന്നു. കറൻറ് വന്നു, പമ്പ് പ്രവർത്തിച്ചു, വെള്ളം വറ്റി. ഇപ്പോൾ അവിടെ ചെറിയൊരു നനവ് മാത്രമാണുള്ളതെന്നാണ് അന്വേഷിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. സാധാരണഗതിയിൽ ഒരു മേസൺറി ഡാമിന് ഉണ്ടാകാവുന്ന ചോർച്ചപോലും കല്ലട ഡാമിൽ ഉണ്ടായിട്ടില്ലായെന്നാണ് വിദഗ്ദ്ധൻമാർ അന്വേഷിച്ചപ്പോൾ അവർക്ക് ബോദ്ധ്യമായത്.

സർ, സെൻട്രൽ വാട്ടർ കമ്മീഷൻ മെമ്പർ ശ്രീ. മാധവനും ഡയറക്ടർ എൻ. ജി. കെ. മൂർത്തിയും കെ വൈ. മൂർത്തിയും കല്ലട പ്രോജക്ട് പരിശോധിച്ചു. അവരുടെ റിപ്പോർട്ടുകളെല്ലാം ഇവിടെയുണ്ട്. ഇതിൽ എന്തെങ്കിലും സംഭവിച്ചിട്ടുണ്ട്, എന്തെങ്കിലും കുഴപ്പങ്ങളുണ്ട്, എന്തെങ്കിലും ആശങ്കക്ക് വകയുണ്ടെന്ന് അവരുടെ റിപ്പോർട്ടുകളിൽ ഒന്നുമില്ല. അസാധാരണമായ കാരണങ്ങളൊന്നും അവിടെ നടന്നില്ല. സെൻട്രൽ വാട്ടർ കമ്മീഷന്റെതായാലും റഡ്ഡി കമ്മീഷന്റേതായാലും ഈ വിദഗ്ദ്ധൻമാരുടെ കമ്മറിക്കളിലൊന്നുമില്ല. വിദഗ്ദ്ധമായ പഠനം അവിടെ നടത്തി. ഇന്ത്യയിൽ കിട്ടാവുന്ന എക്സ്പെർട്ടസിൽ ഏറ്റവും പ്രധാനപ്പെട്ടവരാണ് അവിടെ വന്നത്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി നടത്തപ്പെട്ട ഒരു പദ്ധതിയാണിത്. വേൾഡ് ബാങ്ക് സമയാസമയങ്ങളിൽ ഇത് പരിശോധിക്കുകയും നല്ല

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ നടക്കുന്നുവെന്ന് റിപ്പോർട്ട് നൽകുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുള്ള ഒരു ഡാമാണ്.

ഗ്രൗട്ടിങ് ചെയ്തതിനെക്കുറിച്ച് ഇവിടെ ശ്രീ. പ്രഭാകരൻ പറയുകയുണ്ടായി. ഗ്രൗട്ടിങ് നടത്തുന്നത് എപ്പോഴാണ് ? ഗ്രൗട്ടിങ് നടത്തേണ്ടത് പണി നടക്കുമ്പോഴല്ല, പണി തീർന്നതിനുശേഷമാണ് ഗ്രൗട്ടിങ് നടത്തേണ്ടത്. അതായത് പണി തീർന്നതിനുശേഷം ഗ്രൗട്ടിങ് നടത്തി ചോർച്ചയുണ്ടെങ്കിൽ അത് മാറി. ചോരുന്ന വെള്ളം ഉണ്ടെങ്കിൽ അത് ഡ്രെയിനേജ് ഗാലറിയിൽ നിന്ന് പമ്പ് ചെയ്ത് Inspection ഗാലറി വഴി പുറത്ത് കളഞ്ഞ് സംരക്ഷിക്കേണ്ടതാണെന്ന് അതിന്റെ പ്രോജക്ട് റിപ്പോർട്ടിലുണ്ട്. പ്ലാനിലുള്ള പദ്ധതി അനുസരിച്ചുള്ള പ്രവർത്തനങ്ങൾ അവിടെ നടന്നിട്ടുണ്ട്, അതിൽ യാതൊരു അപാകതയും ഉണ്ടായിട്ടില്ല.

പിന്നെ പറയുന്ന ഒരു കാര്യം ഒരു കോൺട്രാക്ടറുടെ ലോറി ഈ ഡാമിന്റെ മുകളിൽക്കൂടി പോയതാണ് ഈ ഡാം പോകാൻ കാരണം, ചോരാൻ കാരണം എന്നാണ്. ആനയുടെ പുറത്ത് കൊതുക് ഇരുന്നതുകൊണ്ടാണ് ആന മറിഞ്ഞുപോയതെന്നു പറയുന്നതു പോലെയാണിത്. ഞാൻ അതിൽ വിദഗ്ദ്ധനൊന്നുമല്ല; എങ്കിൽ പോലും ഞാൻ ചോദിക്കുന്നു എന്തിന് ഈ രാജ്യത്തെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി ഇത്രയും കള്ളപ്രചരണങ്ങൾ നടത്തുന്നു ? എത്രയോ ടൺ ഭാരം കയറ്റാവുന്ന, എത്രയോ ടൺ ഭാരം താങ്ങാവുന്ന അടിത്തറയോടുകൂടി കെട്ടിപ്പടുത്തിട്ടുള്ള ഡാം ഭിത്തികളുടെ മുകളിൽക്കൂടി ലോറി പോയാൽ തകരുന്നതാണ്, ചോരുന്നതാണെന്നു പറഞ്ഞാൽ ഈ വിഡ്ഢിവേഷം കെട്ടിയതു കാണാനും കേൾക്കാനുമുള്ള ഗതികേട് ഉണ്ടായല്ലോ എന്നു വിചാരിക്കുകയാണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഇത് അന്വേഷണക്കമ്മീഷന്റെ മുമ്പിലാണ്. അന്വേഷണത്തിന് പോകട്ടെ.

ഇവിടെ ഇപ്പോൾ ഇടമലയാറിന്റെ കാര്യം പറഞ്ഞു. സ്റ്റഡീൽ കവറിംഗ് നടത്തിയിട്ടില്ല, അതിന്റെ പാറയ്ക്കു ഉറപ്പു പോര, ചോർച്ചയുണ്ടെന്നു പറഞ്ഞു. ഇലക്ട്രിസിറ്റി ബോർഡിന് ലാഭം ഉണ്ടാക്കാൻ വേണ്ടിയാണ് സ്റ്റഡീൽ കവറിംഗ് നടത്താതിരിക്കുന്നതെന്നു പറഞ്ഞു. ഇതൊക്കെ അന്വേഷിക്കേണ്ടയോ? ഏതായാലും അന്വേഷണക്കമ്മീഷന്റെ മുമ്പിൽ പോകുന്ന, ഒരു ജുഡീഷ്യറിയുടെ മുമ്പിൽ പോകുന്ന, ഒരു സിറ്റിംഗ് ജഡ്ജി അന്വേഷിക്കാൻ പോകുന്ന കാര്യത്തിൽ വെപ്രാളപ്പെടണ്ട. ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുന്നത് മന്ത്രിമാരെ തേജോവധം ചെയ്യാൻ ഡാമിന്റെ ചോർച്ചയെ ഉപയോഗപ്പെടുത്തുന്നത് ഒരിക്കലും ശരിയല്ല എന്നാണ്. ഇപ്പോൾ ഉണ്ടായത് ഡാമിന്റെ ചോർച്ച സംരക്ഷിക്കലല്ല ഗംഗാധരനെ ശരിപ്പെടുത്തലാണെന്നു പ്രതിപക്ഷത്തുള്ളവരുടെ പ്രസംഗം വ്യക്തമാക്കി. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഇവിടെ ശ്രീ. എം. എൻ. ഗോവിന്ദൻ നായരെക്കുറിച്ചും ശ്രീ. ടി. വി. തോമസിനെക്കുറിച്ചും അന്വേഷണം നടന്നപ്പോൾ അവർ മാറി നിന്നുവെന്നു പറഞ്ഞു. അന്ന് ശ്രീ. എം. എൻ. ഗോവിന്ദൻ നായരെക്കുറിച്ചും, ശ്രീ. ടി. വി. തോമസിനെക്കുറിച്ചുമാണ് ആരോപണം ഉണ്ടായത്. അതുകൊണ്ട് അവർ മാറിനിന്നു. ഇവിടെ ശ്രീ. എം. പി. ഗംഗാധരനെക്കുറിച്ചല്ല ആരോപണം, ശ്രീ. മാണിയെക്കുറിച്ചല്ല ആരോപണം ഇടമലയാർ പ്രോജക്ടിനെക്കുറിച്ചും കല്ലട പ്രോജക്ടിനെക്കുറിച്ചുമാണ് ആരോപണം. ഈ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്ന സമയത്ത് രാജിവെയ്ക്കണമെന്നു പറയുന്നത് ശരിയല്ല. ഇത് രണ്ടും രണ്ടു കേസാണ്.

LIBRARY ARCHIVES Kerala Legislative Assembly

പരസ്പരബന്ധമില്ലാത്ത കാര്യങ്ങളും പറഞ്ഞ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന, പുകമറ സൃഷ്ടിച്ച് ഈ മന്ത്രിമാരെ തേജോവധം ചെയ്യാനുള്ള പ്രതിപക്ഷത്തിന്റെ കരുതിക്കൂട്ടിയുള്ള ശ്രമം ഈ രാജ്യത്തെ ജനങ്ങൾക്ക് ബോദ്ധ്യമുണ്ടെന്നു മാത്രം പറഞ്ഞുകൊണ്ട് ഇതിന്റെ സത്യാവസ്ഥ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ ചങ്കൂറ്റത്തോടുകൂടി ഈ ഗവൺമെന്റ് എടുത്ത തീരുമാനങ്ങളെ സഹർഷം ഞാൻ സ്വാഗതം ചെയ്യുകയാണ്, പിന്താങ്ങുകയാണ്.

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, ഞങ്ങളുടെ നിർദ്ദേശം വളരെ ശരിയാണെന്ന് ഇപ്പോൾ ബോദ്ധ്യമായി. പി. എ. സി. യുടേയും പി. യു. സി. യുടേയും റിപ്പോർട്ടുകളിലാണ് പറഞ്ഞിട്ടുള്ളത്, ബേബി ജോൺ അല്ല പറഞ്ഞതാ. ഈ ഡാമിന്റെ മുകളിൽക്കൂടി ലോറി പോകുന്നുവെന്ന് ശ്രീ. രാമചന്ദ്രൻ മാസ്റ്ററാണ് പറഞ്ഞത്, പി. എ. സി. റിപ്പോർട്ടിലാണ് പറഞ്ഞത്. അതിനെ നിഷേധിക്കുകയും വിമർശിക്കുകയുമാണ് ഇപ്പോൾ മുസ്തഫ ചെയ്തത്. നിങ്ങൾ പരസ്പരം കഴുത്തിന് പിടിക്കുകയാണ് നല്ലത്. ബേബി ജോൺ ഈ കാര്യങ്ങളൊക്കെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒരു അന്വേഷണം നടത്തണമെന്ന് പി. എ. സി. യുടേയും പി. യു. സി. യുടേയും റിപ്പോർട്ട് വരുന്നത് ആദ്യമായിട്ടാണ്. നമ്മുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഇങ്ങനെയൊരു അന്വേഷണം നടത്തണമെന്നു പറഞ്ഞു ഈ രണ്ടു കമ്മിറ്റികളും ഐകകണ്ഠ്യേന റിപ്പോർട്ട് വച്ചത്. ജുഡീഷ്യൽ എൻക്വയറി ഒരു മഹാകാര്യമാണെന്ന് കൊട്ടിഘോഷിക്കേണ്ട കാര്യമില്ല. ഭരണകക്ഷിക്ക് ഭൂരിപക്ഷമുള്ള രണ്ടു കമ്മിറ്റികളാണിത്. ഒരു കമ്മിറ്റിയുടെ ചെയർമാൻ മാത്രമാണ് പ്രതിപക്ഷത്തുള്ള ശ്രീ. വാസുദേവമേനോൻ. ഈ രണ്ടു കമ്മിറ്റികളും വച്ചിട്ടുള്ള റിപ്പോർട്ട് കോടിക്കണക്കിന് രൂപയുടെ കള്ളത്തരത്തിന്റെയും വെട്ടിപ്പിന്റെയും തട്ടിപ്പിന്റെയും ഒഴുക്കിന്റെയുമാണ് കഥ പറയുന്നത്.

ആന എങ്ങനെയിരിക്കുന്നു എന്നു ചോദിച്ചപ്പോൾ മുറംപോലെ ഇരിക്കുന്നു എന്നാണ് ശ്രീ. മുസ്തഫ പറഞ്ഞത്. കാരണം ആനയുടെ ചെവി മുറം പോലെയിരിക്കുന്നു. ആന ഉരൽപോലെയിരിക്കുന്നുവെന്നാണ് മുസ്തഫ പറഞ്ഞത് കാരണം അതിന്റെ കാൽ. ഇത്തരത്തിലാണ് ശ്രീ. മുസ്തഫ പ്രസംഗിച്ചത്. ഞങ്ങൾ അവിടെ പോയതാണ് ടണൽ എന്താണ്, വെള്ളം എന്താണ് എന്നുള്ളതു അറിയാതെയാണ് മുസ്തഫ പ്രസംഗിച്ചത്. 13 കോടി രൂപയിൽ തുടങ്ങി 210 കോടി രൂപ വെള്ളത്തിലാക്കാനാണ് കല്ലട പദ്ധതിവഴി ശ്രമിക്കുന്നത്. 23 കോടി രൂപയിൽ തുടങ്ങി 88 കോടി രൂപ വെള്ളത്തിലാക്കാനാണ് ഇടമലയാർ പദ്ധതി കൊണ്ട് ശ്രമിക്കുന്നത്. ഇത്തരത്തിൽ ഈ രണ്ടു ഡാമുകളേയും തകർക്കാൻ ശ്രമിച്ചത് ഏത് കക്ഷി ആയിരുന്നാലും തരക്കേടില്ല അതിനെപ്പറ്റി അന്വേഷണം വേണം. ആരാണ് ഇവിടെ ഈ ചർച്ച കൊണ്ടുവന്നത്, എങ്ങനെയാണ് ഈ ചർച്ച വന്നത്, എന്തുകൊണ്ടാണ് ജുഡീഷ്യൽ അന്വേഷണം വന്നത്? നിങ്ങൾ ഇഷ്ടപ്പെട്ട് വന്നതാണോ ഇത്? കഴിഞ്ഞ അസംബ്ലിയിൽ ഇത് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ട് നിങ്ങൾ സമ്മതിച്ചില്ല, ജോസ് ഇത് മനസ്സിലാക്കണം. ഈ അസംബ്ലിയിൽ ഇത് ചർച്ച ചെയ്യണമെങ്കിൽ വൈകുന്നേരം വരെ ഇരിക്കണമെന്നു പറഞ്ഞു, ഞങ്ങൾ സമ്മതിച്ചു. അങ്ങനെയാണ് ഇത് ചർച്ച ചെയ്തത്. കഴിഞ്ഞ അസംബ്ലി സമയത്ത് ഞാൻ ഈ രണ്ടു സ്ഥലത്തും പോയതാണ്. അതിന്റെ ഉള്ളിലിറങ്ങി നോക്കി, വെള്ളത്തിലും ഇറങ്ങി നോക്കി. മുസ്തഫയെപ്പോലെയല്ല ഞാൻ ഇവിടെ ഈ പ്രോജക്ടുകളെക്കുറിച്ച് പറയുന്നത്. കഴിഞ്ഞ തവണ

LIBRARY ARCHIVES Kerala Legislative Assembly

ഇത് ചർച്ച ചെയ്യണമെന്നു പറഞ്ഞിട്ട് സമ്മതിച്ചില്ല, അടിയന്തിര പ്രമേയത്തിൽ ചർച്ച ചെയ്യാൻ എഴുതി കൊടുത്തു; സമ്മതിച്ചില്ല. ഇപ്പോൾ എന്തിനാണ് ഇത് സമ്മതിച്ചത്? പി. എ. സി. യുടേയും പി യു. സി.യുടേയും റിപ്പോർട്ടു വന്നു. ഒരുകുന്നേരംവരെ ഇരിക്കണമെന്നു ഞങ്ങളോട് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിലാണ് ചർച്ച വന്നത് അല്ലാതെ നിങ്ങളുടെ ഹൃദയത്തിന്റെ ആനുഷംഗികമായ, അഴിമതിക്ക എതിരായ വികാരത്തിന്റെ ഫലമായി വന്നതാണോ ? അല്ല, കല്ലടയെക്കുറിച്ച് ന്യായീകരിച്ചു പ്രസംഗിച്ചല്ലോ മുസ്തഫ. ഇടമലയാറിനെക്കുറിച്ച് എന്തെങ്കിലും പ്രസംഗിച്ചോ ? കല്ലടയുടെ കാര്യം പറഞ്ഞത് ഗംഗാധരനെ രക്ഷിക്കാനാണ്. ബാലകൃഷ്ണപിള്ളയെ വെള്ളത്തിൽ തള്ളിക്കളയണമെന്നാണ് പ്രസംഗിച്ചത്. അതല്ലേ നിങ്ങളുടെ സമീപനം? അതാണ് നിങ്ങടെ ഈ അന്വേഷണത്തെ സംബന്ധിച്ച് പറഞ്ഞത്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

ശ്രീ. ടി. എച്ച്. മുസ്തഫയുടെ പ്രസംഗത്തിൽ ആകെയുള്ളത് എന്താണ്? ഗംഗാധരനെ രക്ഷിക്കണം, ബാലകൃഷ്ണപിള്ളയെ വെള്ളത്തിൽ തള്ളിക്കളയണം. ഇവിടെ നടത്തിയ പ്രസംഗത്തിന്റെ സംഗ്രഹം അതാണ്. ആ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി വച്ചിട്ടുള്ള ജുഡീഷ്യൽ എൻക്വയറിയെപ്പറ്റി .....

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. എന്റെ പ്രസംഗത്തിന്റെ ഉദ്ദേശം എന്താണെന്ന് എനിക്കറിയാം. എനിക്ക് ഉദ്ദേശമില്ലാത്ത കാര്യവും എന്റെ പ്രസംഗത്തിൽ ഞാൻ പറയാത്തതും ഞാൻ പ്രസംഗിച്ചു എന്ന് ഒരു മെമ്പർ പറയുന്നത് ഓർഡറിലാണോ ?

മി. സ്പീക്കർ : ഇതിൽ പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. ഇ. കെ. നായനാർ : ഇതിൽ പോയിന്റും ഇല്ല, ഓർഡറും ഇല്ല, എന്നിട്ട് വിഡ്ഢിത്തം പറയുകയാണ്.

ഞങ്ങൾ ഈ കാര്യം മുൻകൂട്ടി പറഞ്ഞതാണ്. എന്റെ പാർട്ടി സെക്രട്ടേറിയറ്റ് ഇതിനെ സംബന്ധിച്ചു കൊടുത്ത ഒരു സ്റ്റേറ്റുമെന്റ് 1985 മാർച്ച്

മാസം പതിനൊന്നാം തീയതിയിലെ 'കേരള കൗമുദി'യിൽ വന്നു. അത്
1 P.M. ഇങ്ങനെയാണ്. 'കോൺക്രീറ്റ് ലൈനിംഗ് കൂടാതെ ഷാഫ്റ്റിന്റെ പണിപൂർത്തിയാക്കിയാൽ വലിയ മർദ്ദത്തോടുകൂടി ഷാഫ്റ്റിൽ ജലം ഉയരുമ്പോൾ പാറയുടെ വിടവുകളിൽ കൂടിയോ വിള്ളലുകൾ സ്വയം ഉണ്ടായോ വെള്ളം പുറത്തു കടക്കാൻ ശ്രമിക്കും. ഇതിനു പുറമെ പാറച്ചീളുകൾ അടർന്ന് ഷാഫ്റ്റിൽ വീഴാനും അത് വൈദ്യുതോല്പാദനത്തെ തടസ്സപ്പെടുത്താനും ഇടയാകും. ചുരുക്കത്തിൽ കോൺക്രീറ്റ് ലൈനിംഗ് ഇല്ലാത്ത സർജ്ഷാഫ്റ്റ് എന്നും ഒരു ഭീഷണിതന്നെയായിരിക്കും'. 1985 മാർച്ച് പതിനൊന്നാം തീയതി വന്ന വാർത്തയാണ്. എന്നിട്ട് നിങ്ങൾ അതൊക്കെ തള്ളി. എന്നിട്ട് ഇപ്പോൾ കമ്മറ്റി റിപ്പോർട്ട് എഴുതി വച്ചിരിക്കുന്നത് കുഴപ്പത്തിലാണെന്നാണ്. നിങ്ങൾ എഴുതിയത് നാലുമാസംകഴി ഞങ്ങൾ അഡ്വാൻസായിട്ട് താക്കീതു നൽകിയതാണ്. രാഷ്ട്രീയ വിരോധത്തിന്റെ പേരിൽ നിങ്ങൾ അതു നോക്കിയില്ല. പതിനായിരക്കണക്കിനു കൃഷിക്കാർക്ക് ഉപയോഗപ്രദമാകേണ്ട ജലവും വൈദ്യുതിയും സംരക്ഷിക്കാനും അഴിമതി നടത്താതിരിക്കാനും ഉള്ള ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ മുന്നറിയിപ്പു നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ജഡ്ജിയെ നിയമിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. എന്താണ് ജഡ്ജിയെ നിയമിക്കുന്നതിൽ തെറ്റ് ? പൊളിറ്റിക്കലായി, നിങ്ങൾ (കോൺഗ്രസ് നേതൃത്വം) നോക്കിയിട്ടില്ലേ? തമിഴ്നാടിനെപ്പറ്റിയും കേരളത്തെപ്പറ്റിയും അന്വേഷിക്കുന്നതിനു നിശ്ചയിച്ചിരുന്ന റായ് കമ്മിഷൻ ഉണ്ടായിരുന്നില്ലേ ? ശ്രീ. എ. സി. ജോസ് മറുപടിപറയണം. കമ്മിഷൻ ഓഫീസ് പൂട്ടിപ്പോയി. കോടിക്കണക്കിനു രൂപ ചെലവഴിച്ചു നടത്തിയ അന്വേഷണം എവിടെ, റായ് എവിടെ ?.....

(ബഹളം)

മുള്ള കമ്മിഷൻ മുൻപ് ഇവിടെ വന്നു. പീർമുഹമ്മദിന്റെ കോടതിയിൽ നടന്ന രാജൻ കേസിന്റെ കാര്യം ഓർക്കണം. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് കേരളത്തിനു പുറത്തുനിന്നുള്ള ഒരു ജഡ്ജിയെ കൊണ്ടുവന്ന് അന്വേഷണം നടത്തിക്കണമെന്ന്. അതിന് നിങ്ങൾ അനുകൂലമാണോ ? ജസ്റ്റീസ് സദാശിവനെ ഞങ്ങളുടെ ഗവൺമെൻറിന്റെ കാലത്ത് ഇവിടെ നിയമിച്ചു. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹത്തെ ശ്വാസംമുട്ടിച്ചു പുറത്താക്കി. അദ്ദേഹം എഴുതിയ കത്തിനു മറുപടിപോലും കൊടുത്തില്ല. എന്നിട്ട് ന്യായം പറയുകയാണ്. മുറത്തിൽ കയറി കൊത്തുകയാണ്. ഇതൊക്കെ നിങ്ങൾ ചെയ്തു. അതുകൊണ്ടാണ് ഞാൻ ഇതു പറയുന്നത്. ശ്രീ. മുസ്തഫ ഇവിടെ പ്രസംഗിച്ചു. ശ്രീ. ഗംഗാധരനെ രക്ഷിക്കാനുള്ള പ്രസംഗമാണ് അദ്ദേഹം ചെയ്തത് ന്യായാധിപനെ പുറമെനിന്നും കൊണ്ടുവരണമെന്നു ഞങ്ങൾ പറയുന്നതിൽ ന്യായമുണ്ട്. നിങ്ങൾക്ക് അതിനോട് യോജിക്കാൻ കഴിയുമോ ഇല്ലയോ എന്നുള്ളതു വേറെ പ്രശ്നം. എങ്കിലും നാലാളെ ബോദ്ധ്യപ്പെടുത്താനാണ് അത്. അതുകൊണ്ട് കല്ലട ഡാമിനെപ്പറ്റി പറഞ്ഞതെന്താണ്? Sweating-ഉം wetting-ഉം മാത്രമേയുള്ളു എന്നാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മുസ്തഫാ പറയുകയാണ് ലേശം വെള്ളം ചാടുന്നു എന്ന്, ഒരു നനവ് എന്ന്. ഞങ്ങൾ നേരിട്ടുകണ്ടകാര്യമാണ്, വെള്ളം ശരിക്കും ഒഴുകുകയാണ്, മൂന്നുമാസക്കാലത്തേയ്ക്ക് എഞ്ചിൻവച്ച് വെള്ളം പുറത്തേയ്ക്ക് പമ്പുചെയ്തു കളയുകയാണ്. എന്നിട്ടും പറയുന്നതു ലേശം നനവ് ഉണ്ടെന്നാണ്. എന്തു വർത്തമാനമാണ് നിങ്ങൾ പറയുന്നത്! ഞങ്ങൾ ആ സ്പോട്ടിൽ പോയതാണ്. അതു പൊളിഞ്ഞു തകരാൻ പോകുകയാണ്. ഞങ്ങൾ എഞ്ചിനിയറോട് ചോദിച്ചു എത്രനാൾ എടുക്കും എന്ന്. വെള്ളം വറ്റിക്കാൻ മൂന്നുമാസം എടുക്കും എന്നാണ് പറഞ്ഞത്. എന്നിട്ടാണ് ഗംഗാധരന്റെ ഭാഷയിൽ Sweating and wetting എന്നു പറഞ്ഞത്.

ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞത് മറ്റൊന്നാണ്. ഡ്രെയിനേജും ഇൻസ്പെക്ഷൻ ഗ്യാലറിയും മാത്രമല്ല ഡാമിൽ മുഴുവൻ ചോർച്ചയുണ്ട്. യഥാസമയം ഗ്രൗട്ടിംഗ് നടത്താത്തതാണ് ഒരു കാരണം. ഉടൻ ഗ്രൗട്ടിംഗ് നടത്തണം, അപ്പോൾ ചോർച്ച നിൽക്കും എന്നാണ് അവർ പറഞ്ഞത്. പക്ഷേ അത് അസാദ്ധ്യമാണ്. പക്ഷേ ഞങ്ങൾ കാണുമ്പോൾ അണക്കെട്ടിലെ ജലനിരപ്പ് 341.5 അടിയായിരുന്നു അത് 200 അടിയിലേക്ക് താഴ്ന്നാലേ ഗ്രൗട്ടിംഗ് നടത്താൻ സാധിക്കൂ. രണ്ടാഴ്ചത്തെ പമ്പിംഗ്കൊണ്ട് ആറടിയോളമാണ് വെള്ളം താഴ്ന്നത്. ആ നിലയ്ക്ക് മൂന്നുനാലുമാസംകൊണ്ടു മാത്രമേ ജലനിരപ്പ് 200 അടിയായി എത്തിച്ചു ഗ്രൗട്ടിംഗ് നടത്താൻ സാധിക്കൂ എന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചത്. മഴ പെയ്താൽ അതും സാധിക്കുകയില്ല. അത് അവർതന്നെ പറഞ്ഞ കാര്യമാണ്. അണക്കെട്ടു നിർമ്മാണത്തിന്റെ ക്രമക്കേടുകൾ നിമിത്തം അതു ചോർന്നു എന്ന് ഇതിനകം വ്യക്തമായി. വേണ്ടത്ര അളവിൽ സിമന്റു ചേർത്ത് പണിനടത്താത്തതാണ്

LIBRARY ARCHIVES Kerala Legislative Assembly

ചോർച്ചയുടെ മറ്റൊരു കാരണം എന്നും ഞങ്ങൾക്ക് അവരുമായി ചർച്ച നടത്തിയപ്പോൾ മനസ്സിലാക്കാൻ സാധിച്ചു. ഡാംസൈറ്റിൽ സിമൻറു കൊണ്ടു വരും, അത് അൺലോഡ് ചെയ്തതായി രേഖപ്പെടുത്തും, വീണ്ടും അതു തിരിച്ചു കൊണ്ടുപോകും. അതു കരിച്ചന്തയിൽ വിൽക്കും. നമ്മുടെ പി.എ.സി. യുടെ റിപ്പോർട്ടിൽതന്നെ അതു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1983 ജൂലൈ 23-ാം തീയതി കോൺട്രാക്ടർ പണി നിറുത്തിയതിനു ശേഷം 1800 ചാക്കു സിമൻറ് കോൺട്രാക്ടർക്ക് കൊടുത്തു. ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തിയപ്പോൾ കോൺട്രാക്ടരുടെ പക്കൽ 2064 ചാക്ക് സിമൻറ് സ്റ്റോക്ക് ഉണ്ടായിരുന്നതായിട്ട് കാണുകയും ചെയ്തു. പണി നിറുത്തിയതിനുശേഷം 1800 ബാഗ് സിമൻറ് എന്തിനാണ്? ഇതു വിറ്റു കിട്ടുന്ന പണം ഉദ്യോഗസ്ഥൻമാർക്ക് മാത്രമാണോ? ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതിൽ പങ്കില്ലേ? അതാണ് എനിക്ക് അറിയേണ്ടത്. അവിടെ കോൺട്രാക്ടർ നടത്തിയ പണി അതാണ്. വേംഡ് ബാങ്കിൻെറ അസിസ്റ്റൻസ് ഉള്ള പദ്ധതിയാണ് കല്ലട പദ്ധതി. ചീഫ് എഞ്ചിനീയർക്ക് ഡാമിൻെറ സുരക്ഷിതത്വത്തെ സംബന്ധിച്ച് മേൽനോട്ടം വഹിക്കാൻ യാതൊരു അവകാശവുമില്ല എന്നാണോ? 1984-ൽ വേംഡു ബാങ്കിൻെറ ടീം വന്നു. അവർ ഈ പദ്ധതി സന്ദർശിച്ചു അവർ ചീഫ് എഞ്ചിനീയറെ തന്നെ അണക്കെട്ടിൻെറ നിർമ്മാണത്തിൻെറ കാളിറ്റി കൺട്രോൾ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടു പക്ഷേ ഗവണ്മെൻറു സമ്മതിച്ചില്ല. വേംഡ് ബാങ്കിൻെറ ടീം ആവശ്യപ്പെട്ടിട്ടും ഗവൺമെൻറ് സമ്മതിച്ചില്ല. കോൺട്രാക്ടറുടെ എല്ലാ തോന്ന്യാസത്തിനും കൂട്ടുനിന്നുകൊണ്ട് തിരിമറികളും നടത്തി. പണി തീർന്ന അണക്കെട്ടിനു മുകളിലൂടെ സാധനങ്ങൾ ലോറിയിൽ കൊണ്ടുപോയി. അതാണ് ബഹുമാനപ്പെട്ട മുസ്തഫ ഇവിടെ പറഞ്ഞത്. ലോറിയിൽ സാധനങ്ങൾ കൊണ്ടുവരികയും കൊണ്ടുപോവുകയും ചെയ്തു എന്നൊക്കെ.....

(ബഹളം)

പദ്ധതിക്കുവേണ്ടി ഉപയോഗിക്കേണ്ട സിമൻറ് കരിഞ്ചന്തയിൽ എത്തിച്ചു വിൽക്കുകയാണ് എന്നു റിപ്പോർട്ടു കിട്ടിയപ്പോൾ ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധന നടത്തി. 1983 ജൂൺ 16-ാം തീയതി ഗവൺമെൻറിന് റിപ്പോർട്ടു സമർപ്പിച്ചു. ആ റിപ്പോർട്ടിൽ അവിടെ നടന്ന ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചു. ആഗസ്റ്റ് 27-ാം തീയതി കോൺട്രാക്ടർക്ക് ടെണ്ടർ വിളിക്കാതെ വീണ്ടും അഡീഷണൽ വർക്ക് കൊടുത്തതായി പറയുന്നു. പന്ത്രണ്ടരലക്ഷം രൂപയുടെ കോൺട്രാക്ടാണ് കൊടുത്തത്. ക്രമക്കേടുകൾ കാണിച്ച ആൾക്ക് തന്നെ വീണ്ടും വർക്ക് കൊടുത്തു. ഈ മന്ത്രിക്ക് അല്ലാതെ ആർക്കാണ് അതിൻെറ ഉത്തരവാദിത്വം? 1983 ഒക്റ്റോബർ 6-നും 1984 ജനുവരി 31-നും ചീഫ് ടെക്നിക്കൽ എക്സാമിനർ അന്വേഷണ റിപ്പോർട്ടുകൾ അയച്ചിരുന്നു. പക്ഷേ ഉദ്യോഗസ്ഥൻമാരും മന്ത്രിയും കോൺട്രാക്ടർക്ക് കൂട്ടു നിൽക്കുകയാണ് ചെയ്തത്. ഞങ്ങൾ കല്ലട പദ്ധതി സന്ദർശിക്കുന്നതിനു മുൻപ് പി.എ.സി. അവിടെ പോയിരുന്നു. അവർക്ക് ഉദ്യോഗസ്ഥൻമാർ കാണിച്ചു കൊടുത്തത് അണക്കെട്ടിൻെറ ലെഫ്റ്റ് സൈഡിലുള്ള ഗ്യാലറിയാണ്, ലെഫ്റ്റുസൈഡ് മാത്രമേ കാണിച്ചുകൊടുത്തുള്ളൂ മറ്റൊന്നും കാണിച്ചുകൊടുത്തില്ല. ഞങ്ങൾ അതിൻെറ ഉള്ളിൽ താഴെ പോയി. ചോർച്ചകൂടുതലുള്ള റൈറ്റ് സൈഡ് ഗ്യാലറി നിശേഷം കാണിക്കാതെ ഉദ്യോഗസ്ഥൻമാർ പി.എ.സി. അംഗങ്ങളെ മടക്കി അയച്ചു. ഇത് ഉദ്യോഗസ്ഥൻമാരുടെ ധിക്കാരപരമായ നടപടിയല്ലേയെന്നു ഞാൻ ചോദിക്കുകയാണ്. മുഴുവനും കാണിച്ചു കൊടുക്കേണ്ടതല്ലേ? അങ്ങനെ മുഴുവനും കാണിച്ചുകൊടുക്കാതെ ഒരു സൈഡ്മാത്രം കാണിച്ചു തിരിച്ചുവിടുക എന്നു പറഞ്ഞാൽ അത് നിയമസഭാ

LIBRARY ARCHIVES Kerala Legislative Assembly

കമ്മറ്റിയോട് കാണിച്ച നെറികേടും അവഹേളനവും ആണ്. അതാണ് അവിടെ നടന്നത്. പി.എ.സി. യുടെ റിപ്പോർട്ടിൽ എഴുതിവച്ചിരിക്കുന്നത് എന്താണ്?

Here crores of rupees have been spent without any care for the safety of the structure built. There is a battalian of engineers of all grades in this project. But no awareness is there among these engineers that it is their duty to ensure the quality of work being done and the strength and safety of the structure built. The net result is that none is answerable to the public at large. There have been serious lapses on the part of engineers and no proper action has been taken against them for this.

ആരാണ് ആക്ഷൻ എടുക്കേണ്ടത്? ഇതാണ് പി. എ. സി. യുടെ റിപ്പോർട്ടിൽ നിന്നും ഞാൻ കോട്ട് ചെയ്തത്. കോടിക്കണക്കിന് രൂപ ലാപ്സാക്കിയിരിക്കുകയാണ്, ഇതിനെതിരായി ആര് നടപടിയെടുക്കും? ബഹുമാനപ്പെട്ട മന്ത്രിയാണ് നടപടിയെടുക്കേണ്ടത്. അങ്ങനെ ഒരു നടപടിയും മന്ത്രി എടുത്തിട്ടില്ല. അതാണ് ഞാൻ പറയുന്നത് ഈ ഉദ്യോഗസ്ഥൻമാർക്കും എഞ്ചിനീയർമാർക്കും എതിരായി നടപടി എടുക്കേണ്ടതാണ്. രേണപക്ഷ പ്രതിപക്ഷവ്യത്യാസം കൂടാതെ ഈ റിപ്പോർട്ട് എഴുതിയതിനു കാരണം അതാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് 13 കോടിയിൽനിന്ന് 210 കോടി രൂപയിൽ എത്തിയിരിക്കുകയാണ്. ഈ തുക ലാപ്സായിരിക്കുകയാണ്.

കേരളത്തിലെ ജനങ്ങളുടെ ആശാകേന്ദ്രമായ രണ്ടു പദ്ധതിയാണ്; ആ രോഗത്തെ കൃഷിക്കാരുടെ ആശാകേന്ദ്രമായ രണ്ട് പദ്ധതികളാണ് തകർത്തിട്ടുള്ളത്. അവിടത്തെ പ്രകമ്പനങ്ങളെക്കുറിച്ച് വിപുലമായ അന്വേഷണം നടത്തണമെന്ന് പി. എ. സി. ആവശ്യപ്പെട്ടു. ആഗസ്റ്റ് 2, 3 എന്നീ ദിവസങ്ങളിൽ ഞങ്ങളും അവിടെ പോയി. ആഗസ്റ്റ് 13-ാം തീയതി പ്രതിപക്ഷ നേതാക്കളും മുഖ്യമന്ത്രിയെ കണ്ട് മെമ്മോറാണ്ടം സമർപ്പിച്ചു. ഞങ്ങളും ഒരു ജുഡീഷ്യൽ എൻക്വയറി വേണമെന്ന് പറഞ്ഞു. അന്ന് ഞങ്ങളോട് അനുകൂല മായിട്ടുള്ള സമീപനമായിരുന്നോ എടുത്തത്? ജുഡീഷ്യൽ എൻക്വയറി അനുവദിച്ചിരുന്നോ? അന്വേഷണത്തെ അനുകൂലിച്ചിരുന്നോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : നടത്തുകയില്ല എന്നു പറഞ്ഞോ?

ശ്രീ. ഇ. കെ. നായനാർ : നടത്തുകയില്ല എന്നല്ല, നോക്കാമെന്ന് പറഞ്ഞു. നടത്തുകയില്ല എന്ന് നിങ്ങൾ പറഞ്ഞിട്ടില്ല. ഞാൻ പറയുന്നത് അതല്ല. അന്ന് നിങ്ങളുടെ വീക്ഷണം ഒരു ജുഡീഷ്യൽ എൻക്വയറിയായിരുന്നോ? അല്ല ഒരു എൻക്വയറി ഉണ്ടായിരുന്നോ? ഇല്ല. ഇവിടെ പത്രറിപ്പോർട്ടുകളൊക്കെ വന്നിട്ടും ആ തരത്തിൽ ഉണ്ടായില്ല. ഇപ്പോൾ എൻക്വയറി നടത്തുന്നത് എന്തുകൊണ്ടാണെന്ന് വച്ചാൽ അതിൽ രാഷ്ട്രീയമുണ്ട്. ഇതിൽ ബാലകൃഷ്ണപിള്ള പോളിറ്റിക്സ് പ്ലേ ചെയ്തിട്ടില്ലേ? ഉണ്ട്. ശ്രീ. സീതിഹാജിയുടെ കമ്മീഷൻ ഇതിനകത്ത് പ്ലേ ചെയ്തിട്ടില്ലേ? ഉണ്ട്. അതുകൊണ്ടാണ് ഇപ്പോൾ ജുഡീഷ്യൽ എൻക്വയറി കൊണ്ടുവന്നത്. വെറുതെ കൊണ്ടുവന്നതല്ല. ധൈര്യമുണ്ടെങ്കിൽ ഞാൻ അന്വേഷണം നടത്തുകയില്ല എന്ന് മുഖ്യൻ പറയട്ടെ. അപ്പോൾ കാണാം അപ്പുറത്തെ നിലപാട്. ഇപ്പുറത്ത് ഞങ്ങളുണ്ട്. രണ്ടു രോഗത്തും കൂടിനിന്ന് നോക്കിയാൽ അന്വേഷണം വയ്ക്കേണ്ടിവരും. അത് പോരാ. ഇതിൽ പൊളിറ്റിക്സുണ്ട്. ശ്രീമാൻ ബാലകൃഷ്ണപിള്ളയെ നിങ്ങൾ ഒരു സ്ഥലത്തൊതുക്കി; കേരളാ കോൺഗ്രസിനെ ഒരു ഭാഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. പണ്ട് ക്രിസ്തുദേവൻ പറഞ്ഞു പത്രോസേ നീ എന്നെ തള്ളിപ്പറയരുത് കോഴി കൂവുന്നതിനു മുമ്പ് എന്ന്. ഇപ്പോൾ നിങ്ങൾ പിള്ളയെ തള്ളിപറഞ്ഞു. നമുക്കറിയില്ലേ ഇത് എവിടെയാണ് ചെന്നെത്തുകയെന്ന്? ഞങ്ങളും പ്രധാനമന്ത്രിയെ കണ്ടവരാണ്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ക്രിസ്തുദേവൻ ചെകുത്താൻ വേദമോതുന്നതിനെപ്പറ്റിയും പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : യൂദാസായി വർക്ക് ചെയ്യുന്നത് ഞാനല്ല, അപ്പുറത്തിരിക്കുന്നവരാണ്. ഞങ്ങളും പ്രധാനമന്ത്രിയെ കണ്ടവരാണ്. ഞങ്ങളും ചർച്ച ചെയ്തു. ഞങ്ങളോട് ചില കാര്യങ്ങൾ ചോദിച്ചിട്ടുണ്ട്. ഞങ്ങൾ അത് നിങ്ങളോട് പറയുകയും ചെയ്യാം. ശ്രീമാൻ മാണി തള്ളിപ്പറഞ്ഞു. അതുകൊണ്ട് ശ്രീ. കരുണാകരനു ബുദ്ധിമുട്ടില്ല, അപ്പോൾ കസേര വിടുകയുമില്ല. അത് ഉറപ്പാണ്.

ഇടമലയാർ പ്രോജക്ടിലെ ക്രമക്കേടുകളെപ്പറ്റി പബ്ലിക് അണ്ടർ ടേക്കിംഗ്സ് കമ്മറ്റിയുടെ റിപ്പോർട്ട് ഞങ്ങൾ പരിശോധിച്ചു. ഞങ്ങൾ പൂർണ്ണമായും അതിനോട് യോജിക്കുകയാണ്. അതു മാത്രം പോരാ. തീർച്ചയായിട്ടും പി. യു. സി. റിപ്പോർട്ട് നല്ല റിപ്പോർട്ടാണ്. പക്ഷേ കളവ് ഇനിയും പുറത്തുവരേണ്ടതായിട്ടുണ്ട്. കേരളാകോൺഗ്രസിന്റെ കാഷ്യറാണ് അതിന്റെ യഥാർത്ഥത്തിലുള്ള കോൺട്രാക്ടർ. പുന്നാൽ de facto പൗലോസാണ് എന്നാൽ dejure .....

(ബഹളം)

ഇവർ രണ്ടുപേരും കൂടി ചേർന്നാണ് അതിന്റെ ഏർപ്പാട്. ഞാൻ പറയുന്നത് പി. യു. സി. റിപ്പോർട്ടിൽ ഇടമലയാറിൽ നടന്ന കൊള്ളകളെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥൻമാരുടെയും മന്ത്രിയുടേയും അനുഗ്രഹാശിസുകളോടെയാണ് ഇടമലയാറിൽ കോൺട്രാക്ടർ കൊള്ള നടത്തിയത്. പി. യു. സി. റിപ്പോർട്ടിന്റെ സാരമതാണ്. അതിന്റെ ഫലമായി 88 കോടി രൂപ ചെലവഴിച്ച ഒരു പദ്ധതി തകർന്നിരിക്കുന്നു. 23 കോടിയിൽനിന്നാണ് തുടക്കം. 1985 ജൂൺ 15-ന് ഇടമലയാറിൽ ട്രയൽ റൺ നടത്തിയപ്പോഴാണ് ഇടമലയാറിലെ ചോർച്ച വെളിപ്പെട്ടത്. ഇടമലയാറിലെ ടണൽ നിർമ്മാണത്തിനു കോൺട്രാക്ട് കൊടുത്തത് കൂടുതൽ ക്രമക്കേടുകളുടേയും അഴിമതിയുടേയും ചരിത്രം തുടങ്ങാൻ സഹായിച്ചു. പി. യു. സി. റിപ്പോർട്ടിൽ വിശദാംശങ്ങൾ ഉള്ളതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. അതിന്റെ റിപ്പോർട്ടിന്റെ ഒന്നു രണ്ടു ഭാഗം മാത്രം വായിക്കാം. കാരണം ചില സ്നേഹിതൻമാർ അത് നിഷേധിച്ചിരുന്നു. പി. യു. സി. റിപ്പോർട്ട് പറയുന്നു കരാറുകാരനു മുൻപരിചയം ഉണ്ടായിരുന്നതായി ബോർഡ് പറയുന്നുവെങ്കിലും യഥാർത്ഥത്തിൽ ജോലി ചെയ്തത് കരാറുകാരന്റെ ആൾപ്പേരായിരുന്നുവെന്നും ആ വ്യക്തിക്ക് ഈ ജോലിയിൽ വേണ്ടത്ര പ്രാവീണ്യവും മുൻപരിചയവും ഇല്ലായിരുന്നുവെന്നുമാണ് അന്വേഷണത്തിൽ നിന്നും മനസിലാകുന്നത്. എസ്റ്റിമേറ്ററിൽനിന്ന് 102 ശതമാനം കൂട്ടിയാണ് കോൺട്രാക്ടർമാർക്ക് പ്രസ്തുത ജോലിയിൽ കരാർ നൽകിയത്. ഇത് പി. യു. സി. റിപ്പോർട്ടാണ്. ബോർഡിന്റെ യന്ത്രസാമഗ്രികൾ ഉപയോഗിക്കുകയാണെങ്കിൽ ജോലി.....അത് ലംഘിച്ചുകൊണ്ടാണ് കോൺട്രാക്ടർക്ക് അഡ്വാൻസ് നൽകിയതെന്ന് സമിതി മനസിലാക്കുന്നു. ഇത് നടപടിക്രമങ്ങൾക്ക് വിരുദ്ധമായിട്ടാണ് ചെയ്തതെന്ന് വ്യക്ത

LIBRARY ARCHIVES Kerala Legislative Assembly

മാണ്. ഈ വിധത്തിൽ അഡ്വാൻസ് നൽകുന്നത് അനുവദനീയമല്ല എന്ന് ചൂണ്ടിക്കാണിച്ച ഉദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റുകയും ചെയ്തു. ടണലിന്റെ പണിയെക്കുറിച്ചും പ്രോജക്ട് റിപ്പോർട്ടിൽ അവർ പറഞ്ഞിട്ടുണ്ട്. മറ്റൊന്ന് ചൂണ്ടിക്കാണിക്കാനുള്ളത് ഒൻപതാം പേജിലാണ്. ഞങ്ങൾ പറഞ്ഞതിൽ തെറ്റില്ല. പി. യു. സി. യുടെ റിപ്പോർട്ടിൽ തന്നെയാണ് ഞങ്ങൾ ശക്തിയായി ഉന്നയിച്ചത്. ടണൽ പണിയാനുള്ള ടെണ്ടർ ആദ്യമായി കൊടുത്തത് 22-10-1981-നാണ്. ആ തീയതിക്ക് പ്രാധാന്യമുണ്ട്. അതിന്റെ രാഷ്ട്രീയം നിങ്ങൾ മനസിലാക്കിയാൽ മതി. 16-12-1982-നാണ് അവസാനം ടെണ്ടർ സ്വീകരിച്ചത്. ഇതിനിടയിൽ ടെണ്ടർ സ്വീകരിക്കേണ്ടതിന്റെ അവസാന തീയതിയാകുംമുമ്പ് നാലുപ്രാവശ്യം തീയതി നീട്ടിക്കൊടുക്കുകയുണ്ടായി. ഇതിനിടയിൽ ആരിൽ നിന്നെങ്കിലും ടെണ്ടർ സ്വീകരിച്ചതായോ ആരിൽ നിന്നെങ്കിലും ടെണ്ടർ കിട്ടാത്തതുകൊണ്ട് തീയതി ദീർഘിപ്പിച്ചതായോ വ്യക്തമാക്കിയിട്ടില്ല. ഇത് തികച്ചും അസാധാരണമായ ഒരു നടപടിയാണ്. പി. യു. സി. യുടെ റിപ്പോർട്ടാണ്. കോൺട്രാക്ട് നൽകിയതിനുശേഷം വളരെ വൈകിയാണ് ജോലി ആരംഭിച്ചത്. അനാവശ്യമായ കാലതാമസത്തേയും ടെണ്ടർ സ്വീകരിക്കുന്നതിൽ നടന്ന അസാധാരണ നടപടികളേയും നാലു പ്രാവശ്യം തീയതി നീട്ടിയതിനുശേഷം 162 ശതമാനം കൂടുതൽ തുക വച്ച് നൽകി ഒറ്റ കരാറുകാരനു ടെണ്ടർ അനുവദിച്ച നടപടിയും ഗൗരവമായി എടുക്കേണ്ടതാണ്. അപ്പോൾ അതിൽ കള്ളത്തരമുണ്ടെന്നുള്ളത് വ്യക്തമല്ലേ? പി. യു. സി. പറഞ്ഞത് വ്യക്തമല്ലേ? ഈ റിപ്പോർട്ടിൽ തന്നെ പറയുന്നുണ്ട്, പ്രഷർഗ്രൗട്ടിംഗിനു എത്ര ബാഗ് സിമന്റാണ് ഉപയോഗിച്ചത്? 300 ബാഗ് എന്നതിന്റെ സ്ഥാനത്ത് 3373 ബാഗ് സിമന്റ് ഉപയോഗിച്ചു എന്നാണ് കാണുന്നത്. 300-നു പകരം 3373 ബാഗ് കള്ളമാർക്കറ്റിൽ വിറ്റാൽ എത്ര രൂപ കിട്ടും ? ഒരു ബാഗിനു എത്ര രൂപ കിട്ടുമെന്നു കണക്കു കൂട്ടിയാൽ മതി. മുന്നൂറേ ആവശ്യമുള്ളൂ. പി. യു. സി. ക്കാർ കണ്ടത് 3373-ന്റെ രേഖയാണ്. അപ്പോൾ ആരാണ് പണം കട്ടത് ? ഈ പണം ആർക്കു കൊടുത്തു എന്നു പറയണം. കണക്കു സൂചിപ്പിക്കുന്നത് ടണലിന്റെ മൊത്തത്തിലുള്ള പണിയിൽ എസ്റ്റിമേറ്റനുസരിച്ചുള്ള ജോലിയിൽനിന്നും വളരെ വ്യത്യാസം ഉണ്ടായി എന്നാണ്. എസ്റ്റിമേറ്റും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല. ഇതിന്റെ അർത്ഥം എന്താണ് ? പരസ്യമായ കൊള്ളയാണ് ഇവിടെ നടന്നിട്ടുള്ളത്. ഇത്രയും പരസ്യമായ കൊള്ളയെപ്പറ്റി നീതിപൂർവ്വകമായ അന്വേഷണം നടത്തണമെന്ന് പ്രതിപക്ഷം പറഞ്ഞു.

ഇടമലയാർ കോൺട്രാക്ടുകാരായ എച്ച്. സി. സി. ക്ക് 145 ലക്ഷം രൂപ നഷ്ടപരിഹാരം നല്കിയതിനു മന്ത്രി ഇടപെട്ട് അഴിമതി നടത്തിയെന്ന് ഈ നിയമസഭയിൽ തന്നെ ഞങ്ങൾ ആരോപണം ഉന്നയിച്ചിരുന്നു. മുൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കെതിരായി 14 ആരോപണങ്ങൾ ഞങ്ങൾ എഴുതിക്കൊടുത്തു. 1983 ആഗസ്റ്റ് 3-ാം തീയതി ഇത് മുഖ്യമന്ത്രിക്ക് കൊടുത്തു. ക്യാബിനറ്റിൽ ഇരുന്നുകൊണ്ട് ഞങ്ങളുടെ 14 ആരോപണത്തിൽ രണ്ടെണ്ണം തള്ളി. ആ തള്ളിയതിൽ നാലാമത്തേതായ ആരോപണം എച്ച്. സി. സി. ക്ക് 145 ലക്ഷം രൂപ കോൺട്രാക്ട് കൊടുത്തതിനേറ്റതായിരുന്നു. വെറുതെപറഞ്ഞതല്ല. ശ്രീ. ബാലകൃഷ്ണപിള്ളയെ രക്ഷിക്കാൻ വേണ്ടി തള്ളിയതാണ്. ക്യാബിനറ്റു നടക്കുമ്പോഴാണ് തള്ളിയത്. 145 ലക്ഷം രൂപ. അങ്ങനെ രണ്ട് ആരോപണങ്ങൾ തള്ളിയിട്ട് 12 ആരോപണങ്ങളാണ് ജനങ്ങൾക്ക് കൊടുത്തത്. അതുകൊണ്ട് ഞങ്ങൾ സഹകരിക്കുകയില്ല, ആ അന്വേഷണത്തിന്. ഇപ്പോൾ ഇത്രയും ആരോപണ വിധേയമായിട്ടുള്ള ഇടമലയാർ പദ്ധതിയുടെ തകർച്ച, കല്ലട പദ്ധതിയുടെ തകർച്ച ഇവയെ സംബന്ധിച്ച് നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണം നടത്തി

LIBRARY ARCHIVES Kerala Legislative Assembly

കോടിക്കണക്കിന് രൂപ–എനിക്കുതന്നെ സംശയമുണ്ടായിരുന്നു, ഈ കോടികണക്കാൻ കഴിയുമോ ? ഇത് കണ്ടപ്പോഴാണ് എന്റെ തല പോയത്–ലക്ഷക്കണക്കിന് രൂപ ഇങ്ങനെ കൊള്ളയടിച്ച് അതിന് കൂട്ടു നില്ക്കുന്നവർ ഭരണമുന്നണിയായി വന്നാൽ പറ്റുമോ ? നല്ലവർ അപ്പുറത്തുണ്ട്, കക്കാൻ പാടില്ല എന്നുള്ളവരുമുണ്ട്. പക്ഷേ നല്ലൊരു ഭാഗം മറ്റേ രീതിയിലുള്ള ആളുകളാണ്. ഞാൻ പറയുന്നു നമ്മെ യോജിച്ചുകൊണ്ട് നമുക്ക് ബോദ്ധ്യപ്പെടത്തക്ക വിധത്തിൽ പുറത്തുനിന്ന് ഒരു ജഡ്ജി വേണമെന്നു പറഞ്ഞത് ആ ജഡ്ജി വല്ലതോ നിഷ്പക്ഷനോ എന്നുള്ളതല്ല നാലാളെ ബോദ്ധപ്പെടുത്തണം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ജസ്റ്റിസ് റേ ഉണ്ടായിരുന്നില്ലേ, നിങ്ങൾ നിശ്ചയിച്ച ആൾ, ഇപ്പോൾ അദ്ദേഹം എവിടെ പോയി ? കടലിൽ പോയോ ? റേയും ഇല്ല, ആഫീസും ഇല്ല, പൈസയുമില്ല.

ടേംസ് ഓഫ് റഫറൻസിനെപ്പറ്റി പറഞ്ഞത് എന്താ ? ഞങ്ങളുമായി ട്രൈബ്യൂണലിൽ എന്താണ് നിങ്ങൾ സഹകരിക്കാത്തത് ? നിങ്ങൾ ഇപ്പോൾ പ്രതിപക്ഷത്തെപ്പറ്റി വിമർശിച്ചോ, ഞങ്ങൾക്ക് നിങ്ങളോട് വിരോധവുമില്ല. പക്ഷേ ഞങ്ങളിൽനിന്ന് പരിക്ക് നിങ്ങൾക്കും കിട്ടും, അപ്പോൾ നിങ്ങൾക്ക് ദേഷ്യം ഉണ്ടാകരുത്. ഞങ്ങളെപ്പറ്റി പറയുമ്പോൾ ഞങ്ങൾക്ക് ഒരു ദേഷ്യവും ഇല്ല, ഇഷ്ടംപോലെ പറയാം പക്ഷേ നിങ്ങൾക്ക് തിരിച്ചു കിട്ടുമ്പോൾ ദേഷ്യം വരാൻ പാടില്ല. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് ട്രൈബ്യൂണലുമായി ഞങ്ങൾ സഹകരിക്കുന്നില്ല എന്ന്. പ്രധാനമന്ത്രി ഞങ്ങളോട് ചോദിച്ചു ഈ ട്രൈബ്യൂണലിന് എന്താ നിങ്ങൾക്കു കൊടുത്തുകൂടെ എന്ന്. ഞങ്ങൾ പറഞ്ഞു കൊടുക്കുകയില്ല എന്ന്. കാരണം ഏകപക്ഷ ട്രൈബ്യൂണൽ വച്ച് പ്രതിപക്ഷവുമായി ഒരു സഹകരണവും ഇല്ലാതെ ശ്രീ. വയലാർ രവിയുടെ നേതൃത്വത്തിൽ ഒരു നിയമം ഇവിടെ പാസാക്കി എടുത്താൽ ഞങ്ങൾ എങ്ങനെ സഹകരിക്കും ? ഞാൻ പറയാതിരുന്നില്ല. നൂറുകണക്കിന് അമൻറ്മെൻറ് കൊടുത്തിട്ട് ഒരൊറ്റ അമൻറ്മെൻറ് പോലും അംഗീകരിക്കാതെ കേസ്സൊക്കെ അവിടെ കൊടുക്കും, അതുകൊണ്ട് ഞങ്ങൾ പറയുന്നത് പ്രതിപക്ഷവുമായി സഹകരിക്കുക. നിങ്ങൾ ഡൽഹിയിൽ കൂടിയാലോചന നടത്തുന്നുണ്ട്, ബന്ധപ്പെടുന്നുണ്ട്, അത് വേറെ. ഇവിടെ അതല്ല. ഇത്തരത്തിൽ അഴിമതിയെപ്പറ്റി ഞങ്ങൾ മൂന്നു ആളുകളെക്കുറിച്ച് ആണ് എഴുതിക്കൊടുത്തത്. അതിനെപ്പറ്റി ഞങ്ങൾ സംസാരിച്ചു. എൻക്വയറി നടത്തണമെന്ന് ഞങ്ങൾ പറഞ്ഞു. തീർച്ചയായും ഈ രണ്ട് റിപ്പോർട്ടുകളും ഞങ്ങൾ അംഗീകരിക്കുന്നു. പി. യു. സി. യും പി. എ. സി. യും മാത്രമല്ല നിഷ്പക്ഷമായ അന്വേഷണം കുറേക്കൂടി ആഴത്തിൽ നടത്തണം. കോടിക്കണക്കിന് രൂപയുടെ നഷ്ടം സ്റ്റേറ്റിനു ഉണ്ടായിട്ടുണ്ട്. വളരെയധികം വെട്ടിപ്പും, തട്ടിപ്പും അട്ടിമറിയും നടന്നിട്ടുള്ളതുകൊണ്ട് കുറ്റവാളികളുടെ പേരിൽ, അത് ഏതു ഭാഗത്ത് നിന്നായാലും ശരിയായ നടപടി എടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇടമലയാറിനെ സംബന്ധിച്ചും കല്ലടയെ സംബന്ധിച്ചും—കല്ലടയെ സംബന്ധിച്ച് ശ്രീ. ഗംഗാധരൻ മറുപടി പറയും—അടുത്ത കാലത്ത് ഉയർന്നുവന്ന വിവാദങ്ങളും, ആ വിവാദത്തിൽ പല കാര്യങ്ങളിലേക്കും കടന്ന് ചർച്ച ചെയ്യുവാനും ചില തെറ്റിദ്ധാരണകളൊക്കെ നീക്കുവാനും ഒക്കെത്തന്നെ ഈ ചർച്ച വളരെയധികം ഉപകരിച്ചിട്ടുണ്ട് എന്ന് ഞാൻ കരുതുകയാണ്. തീർച്ചയായും ഈ ചർച്ച വളരെ ഫലപ്രദമായിരുന്നു. ഏതായാലും ഈ ചർച്ച ഇപ്പോൾ എങ്കിലും ഉണ്ടായത് വളരെ നന്നായി. പോരെങ്കിൽ ഇന്നലത്തെ ക്യാബിനറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളെല്ലാപേരും ഒരുമിച്ചിരുന്നുകൊണ്ട് വളരെ വളരെ കാര്യമായി, അവഗാഢമായി ചിന്തിച്ചു. ഇതിനകത്ത് ഒരു സംശയത്തിന്റെ ആവശ്യമില്ല. ഇത് ഒരു തുറന്ന അദ്ധ്യായമായിത്തന്നെ കിടക്കട്ടെ. നമുക്കു കൂടുതലായി ഒരു അന്വേഷണത്തിലേക്കും തെളിവുകളിലേക്കും കടക്കാം. അതിനുള്ള അവസരം കേരളത്തിലെ എല്ലാപേർക്കും നല്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇപ്പോഴും ഒരു ജുഡീഷ്യൽ എൻക്വയറികൂടി ഓർഡർ ചെയ്തിരിക്കുന്ന സ്ഥിതിക്ക് ഇനിയും കൂടുതൽ ചർച്ചയിലേക്ക് കടക്കാം. അതുകൊണ്ട് മുഴുവൻ ചർച്ചയും ഇന്ന് നടത്താൻ സൗകര്യം ഇല്ലെങ്കിൽപ്പോലും അത് ഒന്നുകൂടി ഫലപ്രദമായിത്തീരാൻ പോകുകയാണ്. ഇപ്പോഴും ആകെയുള്ള ഒരു പ്രശ്നം ഞങ്ങൾ എൻക്വയറി ഓർഡർ ചെയ്യുമെന്ന് പ്രതിപക്ഷം വിചാരിച്ചിരുന്നില്ല. ഓർഡർ ചെയ്തപ്പോൾ ഇനി ഇവിടത്തെ ജഡ്ജി പോരാ പുറത്തെ ജഡ്ജി വേണം. ഇപ്പോൾ ശ്രീ. നായനാർ ഒന്നുകൂടി പറഞ്ഞുവച്ചു. ഇവിടത്തെ അഴിമതി അന്വേഷണ ട്രൈബ്യൂണലിന്റെ മുമ്പാകെ മുമ്പ് ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരായി ഗവൺമെന്റ് ഒരു അന്വേഷണം ഏർപ്പെടുത്തിയപ്പോൾ ഞങ്ങൾ പങ്കെടുത്തില്ല, ഞങ്ങൾ നിരാകരിച്ചു, ഞങ്ങൾ സഹകരിച്ചില്ല എന്ന്. ബഹുമാനപ്പെട്ട നായനാരോട് ഞാൻ പറയാൻ പോകുന്നത് അന്ന് എടുത്ത മാതിരി ഈ കമ്മീഷനുമായി നിങ്ങൾ—ഹൈക്കോടതി ജഡ്ജിയെ ഞങ്ങൾ വയ്ക്കാൻ പോകുകയാണ്, ഒരു ഹൈക്കോടതി സിറ്റിങ്ങ് ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ പോകുന്ന ഈ അന്വേഷണവുമായി—സഹകരിക്കാതെ ഇത് ബോയ്ക്കോട്ട് ചെയ്തുകൊണ്ട് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാണ് തുടങ്ങുന്നത് എങ്കിൽ അങ്ങ് ചെയ്യുന്നത് ഏറ്റവും വലിയ കൃത്യവിലോപമായിരിക്കും. ധൈര്യമുണ്ടെങ്കിൽ വരണം.

ശ്രീ. ഇ. കെ. നായനാർ : ഞങ്ങളുമായി അന്വേഷിക്കാതെ ഏത് കാര്യത്തിലും വൺവേട്രാഫിക്ക് ആണെങ്കിൽ എങ്ങനെ സഹകരിക്കും ?

ശ്രീ. കെ. എം. മാണി : നമുക്ക് ഈ രാജ്യത്തോട് ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് ഇതിൽ സഹകരിക്കണം. അങ്ങനെ സഹകരിച്ചാൽ നമുക്ക് ഇതിൽ ആരാണ് കുറ്റക്കാർ എന്ന് കാണാൻ കഴിയും. ഞാൻ ആദ്യം മുതൽ ഇടമലയാറിനെ സംബന്ധിച്ച ഒരു നിലപാട് സ്വീകരിക്കുകയുണ്ടായി. 1973-ൽ ആരംഭിച്ച ഇടമലയാർ പ്രോജക്ടിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് ചെയ്തത് മുങ്ങിക്കിടന്നിരുന്ന ഇടമലയാർ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പൂർത്തിയാക്കി. 15-7-1985-ൽ ട്രയൽ റണ്ണിൽവരെ എത്തുകയുണ്ടായി. ആ സമയത്ത് ടണലിൽ ചോർച്ച കണ്ടു. 1740 മീറ്റർ നീളമുള്ള ടണലിന്റെ ആദ്യഭാഗത്ത് 20 മീറ്ററിനകത്താണ് ചോർച്ച കണ്ടത്. പത്രത്തിൽ ന്യൂസ് വന്നു. നിയമസഭയിൽ അതിനെ സംബന്ധിച്ച് ചർച്ച വന്നു. ഞാൻ നിയമസഭയിൽ പറഞ്ഞു, ഞാൻ തന്നെ നേരിട്ട് അവിടെപ്പോയി അന്വേഷിച്ചു. ഞാൻ വളരെ ഗൗരവമായി ആ വിഷയം എടുത്തുകൊണ്ടുപോയി അന്വേഷണം നടത്തി. ഒന്നും മാച്ചു വച്ചില്ല. നിയമസഭയിലേക്കു വന്നു. അവിടെ കണ്ടത് പറഞ്ഞു. നടപടി എടുക്കാൻ ആരംഭിച്ച് അന്വേഷണത്തിനു ഉത്തരവിട്ടു. വിദഗ്ദ്ധൻമാരെ നിയമിച്ചു. വിദഗ്ദ്ധൻമാരുടെ അന്വേഷണ റിപ്പോർട്ട് കിട്ടി. ആ അന്വേഷണ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചു സെൻട്രൽ വാട്ടർ കമ്മീഷൻ മെമ്പർ ശ്രീ. മാധവന്റെ നേതൃത്വത്തിൽ ഉള്ള വിദഗ്ദ്ധസംഘം 26, 27, 28, തീയതികളിൽ അന്വേഷണം നടത്തി. ശ്രീ. മാധവൻ റിപ്പോർട്ട് നല്കി. അതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഈ നിയമസഭയിൽ ഒരു സ്റ്റേറ്റ്മെന്റ് 31-7-1985-ൽ നല്കി. ഇതൊന്നും

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷം പറഞ്ഞിട്ടല്ല ചെയ്തത്. പ്രതിപക്ഷം പറയാതെ തന്നെ മനഃസാക്ഷിയുടെ പ്രേരണകൊണ്ടുമാത്രം യാതൊന്നും മറച്ചുവയ്ക്കാതെ നിയമസഭയിലേക്ക് ആവശ്യമായ ഇൻഫർമേഷൻ ഞങ്ങൾ നല്കുകയാണ് ചെയ്തത്. അതിന് ശ്രീ. മാധവന്റെ റിപ്പോർട്ട് 30-7-1985-ൽ എനിക്കു തന്നു. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. "The reason for the leakage is due to nature and thickness of the rocks surrounding the tunnel. There is no exact method of calculation" ഇതിനെ സംബന്ധിച്ചിടത്തോളം ഇവിടെ ഉണ്ടായത് ടണലിന്റെ ചോർച്ച, ചോർച്ചയെ തുടർന്നുള്ള നിർമ്മാണം അതിനെ തുടർന്നുള്ള പാകപ്പിഴ എന്നിവയെപ്പറ്റി ശ്രീ. മാധവൻ പറയുന്നു. ഈ ചോർച്ചയുടെ കാരണം ആ ടണലിന്റെ പുറത്തുള്ള റോക്കിന്റെ കട്ടിയുടെ കുറവാണ് എന്നാണ് പറയുന്നത്. അതിന് പരിഹാരവും ഇതിനകത്തു പറയുന്നു. പരിഹാരമായി ബഹുമാനപ്പെട്ട മാധവൻ പറയുന്നത് 60 മീറ്റർ സ്റ്റീൽ ലൈനിംഗ് നിർമ്മാണ വേളയിൽ ഇടേണ്ടതായിരുന്നു. 60 മീറ്റർ സ്റ്റീൽ ലൈനിംഗ് ഇടുന്നുവെങ്കിൽ തീർച്ചയായും ആ ചോർച്ച പരിഹരിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞിരിക്കുകയാണ്. അതിന്റെ അർത്ഥം എന്താണ് ? ഒരു രീതിയിൽ പറഞ്ഞാൽ കുറെക്കൂടി സ്റ്റീൽ ലൈനിംഗ് ഇട്ടിരുന്നുവെങ്കിൽ ഈ ചോർച്ച ഉണ്ടാകുകയില്ലായിരുന്നു.

സർ, ഈ ചോർച്ചയുടെ കാരണത്തെ സംബന്ധിച്ച് പറഞ്ഞു. അവിടെ റോക്കിന് തിക്ക്നെസ്സ് ഇല്ലാത്തതുകൊണ്ട് സ്റ്റീൽ ലൈനിംഗ് ചെയ്യേണ്ടതായിരുന്നു. ഇതിന്റെ കാരണം റോക്കിന്റെ തിക്ക്നെസ്സിന്റെ കുറവാണ്. മറ്റൊരു കാരണം സ്റ്റീൽ ലൈനിംഗ് ഇടാഞ്ഞതാണ്. ബഹുമാനപ്പെട്ട നായനാരോട് സഹകരിക്കാൻ അഭ്യർത്ഥിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ഒരു കാര്യം ചോദിക്കട്ടെ. ഇത് ആര് ചെയ്തതാണ് ? ബഹുമാനപ്പെട്ട നായനാർ ഇവിടെ പ്രസംഗിച്ചപ്പോൾ ഇടമലയാറും കല്ലടയും ബാലകൃഷ്ണപിള്ളയിലേക്കും എം. പി. ഗംഗാധരനിലേക്കും ചുരുക്കാൻ, പരിമിതപ്പെടുത്താൻ ശ്രമിച്ചു. എനിക്ക് അതിനോട് യോജിപ്പില്ല. ഇത് അവരിലേക്ക് ചുരുക്കാൻ കഴിയുന്ന ഒരു പദ്ധതിയല്ല.

ഈ റിപ്പോർട്ട് മുഴുവൻ ഞാൻ വായിച്ചു. ശ്രീ. വേബിജോണും നായനാരും റിപ്പോർട്ട് വായിച്ചു. പി.യു.സി. റിപ്പോർട്ടിലെ ഒരു സെന്റൻസ് അവർ മറന്നുപോയി. 'ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടം മുതൽ ട്രയൽ റൺ നടത്തുന്നതുവരെ വിവിധ ഘട്ടങ്ങളെക്കുറിച്ച് നടത്തുന്ന സമഗ്രമായ പഠനവും ഒരു അന്വേഷണവും അനിവാര്യമായിത്തീർന്നിരിക്കുന്നു'. 1980-ൽ ആണ് പണി ആരംഭിക്കുന്നത്. 1970 മുതൽ 1985 വരെയുള്ള കഴിഞ്ഞ 15 വർഷത്തെ ഇലക്ട്രിസിറ്റി വകുപ്പിന്റെ രേഖയും പദ്ധതിയുടെ നിർമ്മാണ വേളയിലെ പാകപ്പിഴയും മനസ്സിലാക്കി നമുക്ക് പരിശോധിക്കാം. അതാണ് പബ്ലിക്ക് അണ്ടർടേക്കിങ്ങ് കമ്മിറ്റി പറയുന്നത്. ബഹുമാനപ്പെട്ട നായനാരോട് ഞാൻ പറയുകയാണ് ഇത് ബാലകൃഷ്ണപിള്ളയിലേക്കും ശ്രീ. എം. പി. ഗംഗാധരനിലേക്കും പരിമിതപ്പെടുത്താവുന്ന വിഷയമല്ല. ബാലകൃഷ്ണപിള്ളയും ഗംഗാധരനും ശ്രീ. അച്യുതമേനോനോടൊപ്പം, ശ്രീ. നായനാരോടും കെ. പി. പ്രഭാകരനോടും ഒപ്പം ആ ചിത്രത്തിലേക്ക് വരുന്നുണ്ട്. അത് ഞാൻ സമ്മതിക്കുന്നു. ഇതിൽ നിന്ന് കൈകഴുകി മാറി നിൽക്കുവാൻ ആരേയുംകൊണ്ട് സാധ്യമല്ല. അതിനെ സംബന്ധിച്ച് ഒരു കാര്യം ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിന്റെ ആരംഭഘട്ടത്തിലേക്ക് കടക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ പ്രാരംഭ ഇൻവെസ്റ്റിഗേഷൻ 1953–55 കാലഘട്ടത്തിലായിരുന്നു. പ്രോജക്ട് റിപ്പോർട്ട് മൂന്ന് എണ്ണം തയ്യാറാക്കി. ടണലിനെ സംബന്ധിച്ച് രണ്ട് പ്രോജക്ട് റിപ്പോർട്ട് ഉണ്ട്. ആദ്യത്തെ പ്രോജക്ട് റിപ്പോർട്ട് 1970-ൽ ആണ് ഉണ്ടാക്കിയത്. ഈ ചോർച്ച ചില പുതിയ വസ്തുതകളെപ്പറ്റി ഈ സഭയ്ക്ക് ചിന്തിക്കുവാൻ അവസരം ഉണ്ടാക്കിത്തന്നു. 1970-ൽ വന്ന പ്രോജക്ട് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരിക്കുന്ന സ്റ്റീൽ ലൈനിംഗ് എത്രയാണെന്ന് ബഹുമാനപ്പെട്ട നായനാർക്ക് അറിയാമോ? ആകെ 1956 മീറ്ററാണ് ടണലിന്റെ നീളമെങ്കിൽ അതിൽ 826 മീറ്റർ സ്റ്റീൽ ലൈനിംഗ് വേണമെന്ന് ആയിരുന്നു ആദ്യത്തെ പ്രോജക്ട് റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. അത് 1970-ൽ ആണ്. അത് ശ്രീ. അച്യുതമേനോന്റെ കാലഘട്ടത്തിലായിരുന്നു. പക്ഷേ സെൻട്രൽ വാട്ടർപവർ കമ്മീഷൻ ഇത് പരിശോധിച്ചിട്ട് പറഞ്ഞു, നിങ്ങൾ ഇതങ്ങനെ സ്റ്റീൽ ലൈനിംഗ് ഇട്ടാൽ അതിന്റെ ചെലവ് വളരെ കൂടുമെന്ന്. കോസ്റ്റ് കുറയ്ക്കാൻ വേണ്ടി സ്റ്റീൽ ലൈനിംഗ് ഇത്ര നീളത്തിൽ ഇടാൻ പാടില്ല, അത് കുറയ്ക്കണമെന്ന് 1977-ൽ ശ്രീ. അച്യുതമേനോന്റെ കാലഘട്ടത്തിൽ തന്നെ പറഞ്ഞു. 1973-ൽ മൂന്നാമത്തെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. അങ്ങയുടെ അറിവിലേയ്ക്ക് വേണ്ടി ഒരു കാര്യം പറയുകയാണ്. 1973-ൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയപ്പോഴും 826 മീറ്റർ സ്റ്റീൽ ലൈനിംഗ് വേണമെന്നു പറഞ്ഞത് 36 മീറ്റർ സ്റ്റീൽ ലൈനിങ്ങ് ആയിട്ട് കട്ട് ചെയ്തു. 826 മീറ്റർ സ്റ്റീൽ ലൈനിംഗ് പെട്ടെന്ന് 36 മീറ്ററാക്കി വെട്ടിച്ചുരുക്കിയത് ശ്രീ. അച്ചുതമേനോന്റെ കാലഘട്ടത്തിലായിരുന്നു.

മൂന്നാമത്തെ പ്രോജക്ട് റിപ്പോർട്ടിൽ വന്ന അങ്ങനെയുള്ള വസ്തുത ഇപ്പോഴെങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മനസ്സിലാക്കണമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അവിടേയും കാര്യങ്ങൾ നിന്നില്ല. അന്ന് മന്ത്രി യശ്ശഃശരീരനായ എം. എൻ. ഗോവിന്ദൻ നായരായിരുന്നു. അത് മന്ത്രിമാരുടെ കുഴപ്പമാണെന്ന് ഞാൻ പറയുന്നില്ല. അതിനെപ്പറ്റി ഞാൻ അങ്ങനെയൊരു അഭിപ്രായക്കാരനല്ല. ചരിത്രം അവിടെ നിന്നില്ല. അവിടെ നിന്നിരുന്നുവെങ്കിൽ എനിക്ക് മനസ്സിലാക്കാമായിരുന്നു. ഞാൻ ബഹുമാനപ്പെട്ട കെ. പി. പ്രഭാകരന്റെ പ്രസംഗം വളരെ ആദരവോടുകൂടി കേട്ടിരിക്കുകയായിരുന്നു. 36 മീറ്റർ അന്ന് ഡ്രോയിംഗ് ഉണ്ടായിരുന്നിട്ട് 36 മീറ്റർ സ്റ്റീൽ ലൈനിംഗ് വേണമെന്നു പറഞ്ഞത് 15 മീറ്ററായിട്ട് വെട്ടിക്കുറച്ചതാണ് കാരണമെന്ന് അദ്ദേഹം പറഞ്ഞു. എന്തുകൊണ്ട് അത് വെട്ടിക്കുറച്ചു? ശ്രീ. കെ. പി. പ്രഭാകരൻ ഒരു വാക്കുകൂടി കൂട്ടിച്ചേർത്ത് ഒരു ചലഞ്ചുകൂടി അദ്ദേഹം നടത്തി. 15 മീറ്ററായിട്ട് വെട്ടിക്കുറച്ചതു കോൺട്രാക്ടറായ കെ. പി. പൗലോസിനെ സഹായിക്കാൻ വേണ്ടിയാണ് എന്ന് പറഞ്ഞു. കെ. പി. പൗലോസിന് കോൺട്രാക്ട് കൊടുത്ത സന്ദർഭത്തിലാണ് 36 മീറ്റർ എന്നുള്ളത് 15 മീറ്ററായിട്ട് വെട്ടിക്കുറച്ചതെന്നു പറഞ്ഞുകൊണ്ടാണ് ശ്രീ. കെ. പി. പ്രഭാകരൻ അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചത്. ശ്രീ. പ്രഭാകരൻ ഒരു കാര്യം കൂടി പറഞ്ഞു. ഞാൻ അദ്ദേഹത്തോട് ഒരു കാര്യത്തിൽ യോജിക്കുന്നു. 36 മീറ്റർ 15 ആയിട്ട് വെട്ടിക്കുറച്ചതാണ് ചോർച്ചയുടെ കാരണമെന്നു അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞു. ഞാൻ ശ്രീ. കെ. പി. പ്രഭാകരനോട് യോജിക്കുകയാണ്; പ്രതിപക്ഷത്തോട് യോജിക്കുകയാണ്. നിയമസഭാ റെക്കാർഡിൽ ശ്രീ. കെ. പി. പ്രഭാകരന്റെ പ്രസംഗമുണ്ട്. ഞാൻ അതിനോട് യോജിക്കുന്നു. ഇതിനു കാരണം വെട്ടിക്കുറയ്ക്കലല്ല എന്നതിനോട് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യിക്കുന്നില്ല. അത് വെട്ടിക്കുറച്ചത് ശ്രീ. ബാലകൃഷ്ണപിള്ളയുടെ കാലഘട്ടത്തിലല്ല. നിങ്ങൾ സജീവ് എന്നു വിശേഷിപ്പിക്കപ്പെടുന്ന കെ. പി. പൗലോസ് കോൺട്രാക്ട് എടുത്തത് 1982-ൽ ആണ്. 1982-ൽ കെ. പി. പൗലോസ് ടണലിന്റെ കോൺട്രാക്ട് എടുക്കുന്നതിനു് എത്രയോ വർഷങ്ങൾക്ക് മുൻപാണ് ഇത് വെട്ടിക്കുറച്ചത്. 1976-77-ൽ ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് 36 മീറ്റർ 15 മീറ്ററായി വെട്ടിക്കുറച്ചത് എങ്കിൽ ശ്രീ. കെ. പി. പ്രഭാകരൻ പ്രതിക്കൂട്ടിലേക്ക് പോകാൻ പോകുകയാണ്. 1976-77-ൽ ടണലിന്റെ അലൈൻമെന്റ് മാറ്റിയ സന്ദർഭത്തിൽ അതിന്റെ ദൈർഘ്യം 36-ൽ നിന്ന 15 മീറ്ററിലേക്ക് വെട്ടിച്ചുരുക്കിയതാണെന്നു വളരെ വിനയപൂർവ്വം പറയാൻ ഞാനാഗ്രഹിക്കുകയാണ്. നമുക്ക് അന്വേഷിക്കാം. വാദി ചിലപ്പോൾ പ്രതിസ്ഥാനത്തേക്ക് വന്നുവെന്നുവരാം. നമുക്ക് ഇക്കാര്യത്തെ സംബന്ധിച്ച് വളരെ വിനയപൂർവ്വം പരിശോധിക്കാം. എല്ലാം ബാലകൃഷ്ണപിള്ള എന്നു പറഞ്ഞുകൊണ്ട് 15 വർഷക്കാലത്തെ ഈ പദ്ധതിയുടെ നിർമ്മാണത്തിന്റെ ഉത്തരവാദിത്വം ഏല്പിക്കരുത്. രാഷ്ട്രീയ തിമിരം ബാധിച്ച കണ്ണുകൊണ്ടാണ് നിങ്ങൾ ഇടമലയാറിലേക്ക് കടന്നുചെന്നത്. ഇടമലയാറിനെ മുഴുവൻ കാണാൻ കഴിഞ്ഞില്ല. നിങ്ങളുടെ പഴയ രേണകാലത്തെ വിലയിരുത്തുവാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. റിപ്പോർട്ട് വായിച്ചുനോക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. പ്രിജൂഡിസോടെ നിയമസഭയിലേക്ക് വന്നിട്ട് അത് ബാലകൃഷ്ണപിള്ളയുടെ തലയിലേക്ക് വച്ചുകെട്ടാൻ നടത്തിയ ശ്രമം നീചമായ ശ്രമമാണ് എന്ന് കൂടി കൂട്ടിച്ചേർക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞു, ടേംസ് ഓഫ് റഫറൻസിനെപ്പറ്റി ഞങ്ങളോട് ആലോചിക്കണമെന്ന്. ഒരു കാര്യം പറയാം. ശ്രീ. അച്യുതമേനോന്റെ കാലഘട്ടം വിട്ടുകൊണ്ടുള്ള ഒരു എൻക്വയറി അല്ല, ആരംഭം മുതൽ ഇന്നുവരെയുള്ള കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇത് വച്ചത് ഒരു വിനയാകാൻ പാടില്ല. ഒരു കാര്യം കോടതിയിലേക്ക് വന്നാൽ അത് മുഴുവൻ അന്വേഷിച്ചേ തീരൂ. അതിനകത്തു നിന്ന് ഒരാൾക്ക് പോലും രക്ഷപ്പെടാൻ കഴിയുകയില്ല. ഞാൻ അതിനെ സംബന്ധിച്ച് പറയാം. ശ്രീ. ഇ. കെ. നായനാർ പ്രസംഗം നിർത്തിയത് ഞാൻ നാലാമതവണ ടെൻഡർ നീട്ടിക്കൊടുത്തുവെന്നു പറഞ്ഞുകൊണ്ടാണ്. ഈ ടെൻഡർ എന്റെ കാലഘട്ടത്തിൽ നടത്തിയതല്ല. എനിക്ക് അതിന്റെ ഡീറെയിൽസിലേക്ക് കടക്കേണ്ട കാര്യമില്ല. ഒരു ജൂഡിഷ്യൽ എൻക്വയറിക്ക് പോകുന്ന കാര്യത്തെപ്പറ്റി മുഴുവൻ ചർച്ച ചെയ്യേണ്ടതില്ല. എനിക്ക് യാതൊരു അസൗകര്യവും ഇല്ലാതെ ശ്രീ. ബേബിജോണും നായനാരും സാമാന്യ തത്വങ്ങൾക്ക് വിപരീതമായി അടിസ്ഥാനരഹിതമായി നാലാം പ്രാവശ്യം നീട്ടിക്കൊടുത്തത് കളളത്തരത്തിനു കൂട്ടുനിൽക്കാനാണ് എന്നു പറഞ്ഞു. ഈ കോൺട്രാക്ടറെ സഹായിക്കാൻ വേണ്ടിയാണെന്നുള്ള അർത്ഥം വരത്തക്കരീതിയിൽ നടത്തിയ പരാമർശം അന്തസ്സാരവിഹീനമാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ഹൈക്കോടതി ജഡ്ജ്മെന്റുകൾക്കു വരെ തെറ്റ് പറയാം. റിപ്പോർട്ടുകളിൽ തെറ്റുകൾ ഉണ്ടെങ്കിൽ തെറ്റുകൾ ഉൾക്കൊള്ളാൻ തയ്യാറാകണം. തെറ്റുകൾ ചൂണ്ടിക്കാണിച്ചാൽ തെറ്റുകളാണെന്ന് അംഗീകരിക്കാൻ തയ്യാറാകണം. നാലാം തവണ ടെൻഡർ ക്ഷണിച്ചു. ആദ്യം ടെൻഡർ ക്ഷണിച്ചത് 5-6-1981-ൽ ആയിരുന്നു. അതിന് ആരും വന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അത് 20-8-1981 വരെ എക്സ്റ്റൻഡ് ചെയ്തു. എന്നിട്ടും ആരും വന്നില്ല. ആരെയെങ്കിലും പോയി വിളിച്ചുകൊണ്ടുവരാൻ പറയുമോ? ഇതു നായനാർ ഗവണ്മെൻറല്ലല്ലോ. (ബഹളം)

മി. സ്പീക്കർ : ഇവിടെ ഇരുപതോളം മെമ്പർമാർ സംസാരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോഴും ഡിസ്റ്റർബ് ചെയ്യരുതെന്നു പറഞ്ഞു. അതുപോലെ ബഹുമാനപ്പെട്ട മന്ത്രിക്കും മറുപടി പറയാൻ സ്വാവകാശം കൊടുക്കണം. (ബഹളം)

ശ്രീ. കെ. എം. മാണി : സർ, രണ്ടാമത്തെ തവണയും ആരും വന്നില്ല. 2-12-1981 വരെ നീട്ടി. ആരും വന്നില്ല. പിന്നെ 4-3-1982 വരെ നീട്ടി. ആരും വന്നില്ല. (ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിക്ക് അദ്ദേഹത്തിന് പറയാനുള്ളത് പറയാനുള്ള അവകാശമുണ്ട്.

ശ്രീ. കെ. എം. മാണി : 5-6-1981 മുതൽ 16-4-1982 വരെ ആരും ടെൻഡർ നൽകാൻ തയ്യാറായി വന്നില്ല. സ്പെസിഫിക്കേഷൻ പൂർത്തിയായിരുന്നില്ല. (ബഹളം) ഞാൻ സംസാരിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡിന്റെ ഫയലുകളുടെ അടിസ്ഥാനത്തിലാണ്. (ബഹളം)

ശ്രീ. ബേബിജോൺ : സർ, ഒരു ക്ലാരിഫിക്കേഷൻ വേണം. ഏതു വർക്കിന്റെ ടെൻഡർ വിളിച്ചതിനെക്കുറിച്ചാണ് പറയുന്നത് ?

മി. സ്പീക്കർ : അദ്ദേഹം രേഖകൾ വച്ചുകൊണ്ടാണ് സംസാരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ളത് കേൾക്കണം. മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുന്നു എന്ന വിശ്വാസം ഉണ്ടെങ്കിൽ അതിന് വേറെ മാർഗ്ഗം ഉണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം രേഖകൾ വച്ചുകൊണ്ടാണ് സംസാരിക്കുന്നത്. അതു തെറ്റാണെങ്കിൽ അതിനു വേറെ മാർഗ്ഗമുണ്ട്. അവിടെ അവർക്കതു ബോധിപ്പിക്കാം. അല്ലാതെ പ്രസംഗിക്കാൻ അനുവദിക്കാതിരിക്കുന്നത് ശരിയല്ല. (ബഹളം)

ശ്രീ. കെ. എം. മാണി : ഞാൻ ഇടമലയാർ ഡാമിൽ ചോർച്ച ഉണ്ടായതായി പറയപ്പെടുന്ന ടണലിന്റെ കോൺട്രാക്റ്റിനെ സംബന്ധിച്ചിടത്തോളം 16-4-1982-ൽ എക്സ്റ്റൻഡ് ചെയ്തുകൊടുത്ത ടെൻഡറിനെപ്പറ്റിയാണ് പറയുന്നത്. ശ്രീ. കെ. പി. പൗലോസിന് കൊടുത്ത ടെൻഡറിന്റെ കാര്യമാണ് പറയുന്നത്. ഇപ്പോൾ വ്യക്തമായല്ലോ. അങ്ങനെ 5 പ്രാവശ്യം നീട്ടികൊടുത്തത് കോൺട്രാക്ടറെ സഹായിക്കാനാണെന്നു പറയുന്നതിൽ അർത്ഥമില്ല. ആരും വന്നില്ലെങ്കിൽ ഇലക്ട്രിസിറ്റി ബോർഡിന് ഒന്നും ചെയ്യാൻ പറ്റുകയില്ല. ടെൻഡർ വിളിച്ചാൽ അതു പിടിക്കാൻ തയ്യാറായി ആരെങ്കിലും വരണം. ആരും വരാത്തതുകൊണ്ടാണ് നീട്ടിക്കൊടുത്തത്. സ്പെസിഫിക്കേഷനെ സംബന്ധിച്ചിടത്തോളം അതു പൂർത്തിയാക്കുന്നതിനും കാലതാമസം ഉണ്ടാകും. രണ്ട് ടെൻഡർ കിട്ടി. ടെൻഡർ സിസ്റ്റം ഇവിടെ എങ്ങനെയാണെന്ന് ചോദിച്ചു. 50 ലക്ഷത്തിൽ കൂടുതൽ തുകയുള്ള പ്രോജക്റ്റുകളെ സംബന്ധിച്ചിടത്തോളം 3 കവറുണ്ട്. ഒന്നു പ്രീ കാളിഫിക്കേഷൻ. രണ്ട് ഡിവിയേഷൻ. മൂന്ന് പ്രൈസ് ബിഡ്. പ്രീ കാളിഫിക്കേഷൻ എന്നു പറഞ്ഞാൽ പരിചയം. 3 കവറും പ്രത്യേകം എടുത്തിട്ട് ആദ്യത്തെ കവർ പൊട്ടിക്കും. ആദ്യത്തെ കവർ പൊട്ടിക്കുമ്പോൾ പ്രീ കാളിഫിക്കേഷൻ ഇല്ലെന്നു കണ്ടാൽ

LIBRARY ARCHIVES Kerala Legislative Assembly

അതും തഴയും. ആദ്യത്തെ കവർ പൊട്ടിച്ചപ്പോൾ പ്രീ ക്വാളിഫിക്കേഷൻ ഇല്ലെന്നു കണ്ടു അതു നിരസിച്ചു. പിന്നീട് പ്രീ ക്വാളിഫിക്കേഷനുള്ളതു ഒരു കോൺട്രാക്റ്ററാണ്. അതുകൊണ്ട് അർഹതയുള്ള ഏക കോൺട്രാക്ടർ എന്ന നിലയ്ക്ക് ലോകത്താകമാനം പരസ്യം ചെയ്തിട്ടും ആകെ കിട്ടിയ രണ്ട് കോൺട്രാക്റ്റുകളിൽ ഒന്നു ഡിസ്ക്വാളിഫൈഡ് ആയതുകൊണ്ട് (ബഹളം) അവശേഷിച്ച ഒരു കാൺട്രാക്റ്റർക്ക് കോൺട്രാക്റ്റ് കൊടുത്തു. (ബഹളം) അങ്ങനെ കോൺട്രാക്റ്റ് കൊടുത്തതിൽ ഒരു അപാകതയും ഇല്ല.

188 ശതമാനം നിരക്ക് കൂടി എന്നു പറഞ്ഞത് ശരിയാണ്. അതെന്തുകൊണ്ടാണെന്നു ബേബിജോണും ആർ. എസ്. പി. ക്കും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുമെല്ലാം അറിയാം. ഇടമലയാറിലെ തുരങ്കം പണിയുന്നതിനുവേണ്ടി ഇടുക്കിയിൽനിന്ന് വന്ന തൊഴിലാളികൾ 24 മീറ്റർ തുരങ്കം തുരക്കുവാൻ അവശേഷിക്കുന്ന സന്ദർഭത്തിൽ പണിമുടക്കി. 80 മുതൽ 82 വരെ സമരമായിരുന്നു. അവിടം സംഘർഷ മേഖലയായിരുന്നു. അങ്ങനെ കോൺട്രാക്റ്റർമാരാരും കടന്നുവരാൻ തയ്യാറാകാതിരുന്ന ഒരു മേഖലയിൽ ഒരു കോൺട്രാക്റ്റർ കടന്നുവന്നു. അപ്പോൾ റേറ്റു കൂടിയെങ്കിൽ അതിന് ഒരു ഘട്ടം വരെ സഹായിച്ചത് നിങ്ങളുടെ ട്രെയിഡ് യൂണിയനാണ്. (ബഹളം) മൊബിലൈസേഷൻ അഡ്വാൻസ് കോൺട്രാക്റ്റിലുള്ള ഒരു വ്യവസ്ഥയാണ്. ഒരു വ്യവസ്ഥ എന്നുള്ള നിലയ്ക്ക് മൊബിലൈസേഷൻഅഡ്വാൻസ് കൊടുത്തതിൽ നിയമ വിരുദ്ധമായി ഒന്നും സംഭവിച്ചിട്ടില്ല. (ബഹളം)

ശ്രീ. എ. വി. താമരാക്ഷൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. റൂൾ 133. കല്ലട ഡാമിന്റെ ചോർച്ചയെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഹൈക്കോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയെ കൊണ്ട് അന്വേഷണം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ എല്ലാ വശങ്ങളും ഒരു കമ്മീഷന്റെ പരിഗണനയിൽ ഇരിക്കെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇങ്ങനെയൊരു ചർച്ച അനുവദിക്കാൻ പാടില്ല. ഇതു ആ കമ്മിറ്റിയെ ബാധിക്കാൻ ഇടയുണ്ട്.

മി. സ്പീക്കർ : ജുഡീഷ്യൽ അന്വേഷണത്തിന് തീരുമാനിച്ചിട്ടേയുള്ളൂ. ജുഡീഷ്യൽ കമ്മീഷനെ വച്ചിട്ടില്ല. സഭയുടെ എല്ലാ ഭാഗത്തു നിന്നും ഇതിന്റെ വിശദാംശങ്ങളിലേക്ക് പോയതുകൊണ്ട് മന്ത്രിമാർക്കും അതിന്റെ വിശദാംശങ്ങൾ പറയാം.

ശ്രീ. കെ. എം. മാണി : സർ, ഗ്രൗട്ടിങ്ങിന് 3373 ചാക്ക് സിമന്റിന്റെ സ്ഥാനത്ത് 300 ചാക്ക് ഉപയോഗിച്ച്, 300 ടൺ കമ്പി Reinforcement ചെയ്യേണ്ട സ്ഥാനത്ത് 112 ടൺ ഉപയോഗിച്ച്, എസ്റ്റിമേറ്റും ആക്ചൽ യൂസും തമ്മിൽ വ്യത്യാസം വന്നുവെന്ന് പറഞ്ഞു. വ്യത്യാസം പലപ്പോഴും സ്വാഭാവികമാണ്. എന്താണ് Reinforcement ? എന്താണ് ഗ്രൗട്ടിങ്ങ് ? പാറയുടെ വിള്ളലുകളിലേക്ക് സിമന്റിന്റെ സൊലൂഷൻ അതു പ്രസ് ചെയ്ത് അകത്തേക്ക് ഒഴുക്കുന്നതാണ് ഗ്രൗട്ടിങ്ങ്. അങ്ങനെ ഒഴുക്കുമ്പോൾ മാത്രമേ അതിന്റെ വ്യത്യാസം കണക്കാക്കാൻ കഴിയൂ. പലപ്പോഴും എസ്റ്റിമേറ്റ് അനുസരിച്ചായിരിക്കണമെന്നില്ല. മറ്റൊരു കാര്യം ഞാൻ പറഞ്ഞു. സിമന്റ് അയാൾ കൊണ്ടുപോയി വിറ്റെങ്കിൽ കമ്പി പറഞ്ഞിടത്തോളം ഉപയോഗിച്ചില്ലല്ലോ. കമ്പി 300 ടണ്ണിനുപകരം 112 ടണ്ണാണ് ഉപയോഗിച്ചത്. 300 ടൺ കമ്പി ഉപയോഗിക്കാൻ കഴിയുമായിരിക്കെ 112 ടൺ കമ്പിയെ ഉപയോഗിച്ചിട്ടുള്ളുവെങ്കിൽ അവിടെ എന്തുകൊണ്ട് അതു മുഴുവൻ ഉപയോഗിച്ചില്ല? അപ്പോൾ ഈ സംശയമൊക്കെ അവിടെ നിൽക്കട്ടെ. ടണലിനെ സംബന്ധിച്ചിടത്തോളം കമ്പിയുടേയും സിമന്റിന്റേയും എസ്റ്റിമേറ്റിൽ വേരിയേഷൻ

LIBRARY ARCHIVES Kerala Legislative Assembly

വന്നുവെന്ന് കണ്ടുകൊണ്ട് ആ വേരിയേഷൻ മുഴുവൻ അഴിമതി എന്നുള്ള നിഗമനങ്ങളിലേക്ക് കടക്കുന്നത് ശരിയല്ല. ശ്രീ. അച്യുതമേനോൻറെയോ, നായനാരുടേയോ ശ്രീ. കെ. കരുണാകരൻറെയോ, എൻറെ പാർട്ടിയിലെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടേയോ, ആരുടെ കാലഘട്ടത്തിലായാലും. ഇതിന് എന്തു മൈനർ ആയിട്ടുള്ള പാകപ്പിഴകൾ ഉണ്ടെങ്കിൽപ്പോലും അത് ശരിക്കും മനസ്സിലാക്കാൻവേണ്ടി നടത്തിയ ജുഡീഷ്യൽ എൻക്വയറിയാണിത്. ഞങ്ങൾക്ക് മനഃസാക്ഷിക്കുത്തൊന്നുമില്ല. ഈ ഗവൺമെൻറ് ഇവിടെ നിയമ വിരുദ്ധമായി യാതൊന്നും ചെയ്തിട്ടില്ല. ഈ ഗവൺമെൻറ് അഴിമതി നട ത്തിയിട്ടില്ല. സീസറുടെ ഭാര്യ സംശയത്തിന് അതീതയായിരിക്കണം എന്നുണ്ടെങ്കിൽ, സംശുദ്ധമായ കൈകളോടുകൂടി പുറത്തുവരുവാൻ ആഗ്രഹി ക്കുന്നതുകൊണ്ട്, പ്രതിപക്ഷം അവരുടെ കാലഘട്ടത്തിൽ തെറ്റുകൾ വരുത്തി യിട്ടുണ്ടെങ്കിൽ അതിൻറെകൂടി ഉത്തരവാദിത്വം വഹിക്കണം. നമുക്ക് ചർച്ച പര്യവസാനിപ്പിക്കാം. ഹൈക്കോർട്ട് ജഡ്ജിയെ നിയമിച്ചു കഴിഞ്ഞാൽ കമ്മീഷനു മുമ്പാകെ നമ്മുടെ തെളിവുകൾ കൊടുക്കാം. സത്യം പുറത്തു വരട്ടെ. അതുകൊണ്ട് ' ഇടമലയാർ, ഇടമലയാർ, അതു മുഴുവൻ ആർ. ബാലകൃഷ്ണപിള്ള ' ഈ മുദ്രാവാക്യം അവസാനിപ്പിക്കണം. ആ മുദ്ര വാക്യത്തിൽ കഴമ്പില്ല. ഇതു മാത്രമേ എനിക്ക് ഇതിനെപ്പറ്റി പറയാനുള്ളു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : സർ, കല്ലട ഡാമിൻറെ ചോർച്ചയെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ചർച്ച വളരെ ഉപകാരപ്രദമായിരുന്നുവെന്നാണ് എൻറെ അഭിപ്രായം. ഞാൻ വളരെയധികം സന്തുഷ്ടനാണ്. ഈ കഴിഞ്ഞ നിയമസഭ കൂടിയപ്പോൾ....

(ബഹളം)

മി. സ്പീക്കർ : ഇതിനകത്ത് സമയ നിയന്ത്രണം പാലിച്ചിരുന്നു. ശ്രീ. ബേബിജോൺ 4 മിനിട്ടിലധികമെടുത്തു സംസാരിച്ചു. പ്രതിപക്ഷ നേതാവ് 11 മിനിട്ട് കൂടുതലെടുത്തു സംസാരിച്ചു. ശ്രീ. കെ. പി. പ്രഭാകരൻ 6 മിനിട്ട് കൂടുതൽ സംസാരിച്ചു. ഇതെല്ലാം നോട്ട്ചെയ്തു വച്ചിരിക്കുകയാണ്. അതുകൊണ്ട് മറുപടിക്ക് സമയം വേണം എന്നുള്ളതിന് സംശയം വേണ്ട. ദയവായി ബഹുമാനപ്പെട്ട അംഗങ്ങൾ അസ്വസ്ഥരാകരുത്. മറുപടി വേണം. അതു നീട്ടിക്കൊണ്ടു പോകരുത്.

ശ്രീ. ആർ. എസ്. ഉണ്ണി : സർ, I raise a point of order. ചട്ടപ്രകാരം സമയം അലോട്ട് ചെയ്യേണ്ടതാണ്. അതിൽ അധികം എടുത്ത സമയത്തെപ്പറ്റി യാണ് പറയുന്നത്. ഒരു ദിവസത്തെ ഡിസ്ക്ഷനിൽ ഗവൺമെൻറിന് മറു പടി പറയാൻ ഒരു സമയം വച്ചിട്ടുണ്ട്. അതിൽ എത്ര മിനിട്ട് അധികം കൊടുക്കും. ഇപ്പോൾ എത്ര മിനിട്ട് ആയി. ഇത് അങ്ങ് തീരുമാനിക്കണം.

മി. സ്പീക്കർ : ഇതിനകത്ത് അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ പ്രസ ക്തമായ പോയിൻറാണ്. അതിൽ സംശയമില്ല. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ വരാതിരിക്കാൻ വേണ്ടിയാണ് ആദ്യംമുതൽ തന്നെ ശക്തമായ നിയന്ത്രണം ചെയർ പാലിച്ചത്. എങ്കിലും ബഹുമാനപ്പെട്ട ചില കക്ഷി നേതാക്കൻമാർ സംസാരിക്കുമ്പോൾ കൂടുതൽ സമയമെടുത്തുപോയി. അതു കൊണ്ടുതന്നെ ഇത്തരം പ്രശ്നങ്ങളുടെ ഗൗരവാവസ്ഥ കണക്കിലെടുത്ത് അൽപ്പ സമയം കൂട്ടിക്കൊടുക്കുന്നതിന് വിരോധമില്ല.

ശ്രീ. എം. പി. ഗംഗാധരൻ : കഴിഞ്ഞ നിയമസഭ കൂടുമ്പോഴാണ് മാതൃ ഭൂമി പത്രത്തിൽ കല്ലട ഡാമിൻറെ ചോർച്ചയെ സംബന്ധിച്ച വാർത്ത

LIBRARY ARCHIVES Kerala Legislative Assembly

വന്നത്. അതിനെത്തുടർന്ന് നിയമസഭയിൽ പരാമർശനമുണ്ടായി. ആ സമയം തന്നെയാണ് ഇൻഡ്യൻ പാർലമെൻറിലും ശ്രീ. തമ്പാൻ തോമസ് ഈ പ്രശ്നം അവതരിപ്പിച്ചത്. ഭോപ്പാൽ ദുരന്തത്തെക്കാൾ വലിയൊരു അപകടമാണെന്നും ഈ ഡാമെല്ലാം പൊട്ടിത്തകരാൻ പോകുന്നുവെന്നും അദ്ദേഹം ഇൻഡ്യൻ പാർലമെൻറിനെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതും പത്രങ്ങളിൽ വന്നു. ഉടനെതന്നെ ഞാൻ സ്ഥലത്തു പോവുകയും ഉദ്യോഗസ്ഥൻമാരുമായി അതു പരിശോധിക്കുകയും ചെയ്തു. തിരിച്ചുവന്ന് ഈ നിയമസഭയിൽ അതിനെക്കുറിച്ച് പ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തു. ഞാൻ പറഞ്ഞു, എനിക്ക് കിട്ടിയിടത്തോളം വിവരം വച്ച് അവിടെ സീപ്പേജ് ഉണ്ടെന്ന്. ഈ ഡാം മേസൺറി ഡാമാണ്. ആ ഡാം ഉയർന്നുകഴിഞ്ഞാൽ, റിസർവോയർ ഉണ്ടായിക്കഴിഞ്ഞാൽ ആദ്യത്തെ ഫില്ലിങ്ങിൽ ചോർച്ച അനിവാര്യമാണ്. എല്ലാ ഡാമുകളിലും അതു സംഭവിച്ചിട്ടുണ്ട്. ഇൻഡ്യയിൽ പല സംസ്ഥാനങ്ങളിലും ഇത് സംഭവിച്ചിട്ടുണ്ട്. വിദഗ്ധോപദേശം എനിക്ക് തന്നത് അങ്ങനെയാണ്. ഏതായാലും ഈ ഡാമിൻറെ പണി പുരോഗമിക്കുമ്പോഴും ഈ ചോർച്ച നിൽക്കും. അതിനുള്ള പ്രതിവിധി ഗ്രൗട്ടിങ്ങും ഗണ്ണൈറിങ്ങുമാണ്. അതിൻറെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. അതു തീരുമ്പോഴേക്കും ലീക്കേജും സീപ്പേജും ഉണ്ടാവുകയില്ലായെന്നും ഞാൻ അന്ന് പറയുകയുണ്ടായി. അതിനുശേഷം ധാരാളം ഊഹാപോഹങ്ങളും പത്രങ്ങളിൽ വന്നതിൻറെ ഫലമായി ഈ ഡാമിൽ ഇത് പരിശോധിക്കുന്നതിനു വേണ്ടി ഇൻഡ്യൻ വാട്ടർ കമ്മീഷനിലെ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാരെ വരുത്തി ആവശ്യപ്പെട്ടു. ഇത് ഇൻഡ്യൻ പാർലമെൻറിലും ഉന്നയിച്ചതുകൊണ്ട് സെൻട്രൽ ഇറിഗേഷൻ മിനിസ്റ്റർ വാട്ടർകമ്മീഷനിലെ ഉദ്യോഗസ്ഥൻമാരെ ഇത് പരിശോധിക്കാൻ അയച്ചു. ഞാനൊരു ടെക്നിക്കൽ എക്സ്പെർട്ടല്ല. നായനാരെപ്പോലെയോ ബേബി ജോണിനെപ്പോലെയോ എനിക്ക് ടെക്നിക്കൽ എക്സ്പർട്ടൈസ് അറിയില്ല. പക്ഷേ ടെക്നിക്കൽ എക്സ്പർട്ടിനെക്കൊണ്ട് പരിശോധിപ്പിക്കേണ്ട ചുമതല എനിക്കുണ്ട്. അതുകൊണ്ട് ടെക്നിക്കൽ എക്സ്പെർട്ട് ശ്രീ. മാധവനെക്കൊണ്ട് പരിശോധിപ്പിച്ചു. വാട്ടർ കമ്മീഷൻ അംഗീകരിച്ചു, ഇൻഡ്യ അംഗീകരിച്ചു, ധാരാളം ഡാമുകളും പരിശോധിച്ച് പ്രതിവിധി കണ്ട, വിവരമുള്ള ആളാണ് ശ്രീ. മാധവൻ. അതുപോലെ വാട്ടർ കമ്മീഷൻറെ മറെറാരു ഡയറക്ടർ ആയ ശ്രീ. റെഡ്ഡിയും വന്ന് പരിശോധിച്ചു.

Seepage of water is noticed on the downstream face of the dam in block 4 to 10. It is seen that there is no significant seepage from the foundation drainage hole.

അവരുടെ opinion: The reported lugion valves which were obtained in permisibility test are not excessively high and seepage can be controlled by grouting the masonry followed by grouting at the upstream face and gunneiting of the upstream face of the dam as suggested in para 4.

There is no danger to the safety of the dam at present and there is no cause for alarm. With the treatment proposed above the seepage can be controlled. (അതായത് treatment - grouting and gunneiting). With the treatment proposed above the long term safety and satisfactory performance of the dam can be ensured. However, the foundation base shall be monitored constantly for signs of any abnormal flows. We note that the plugging of the construction sluice of the dam could be done atleast this season. This has enabled the early commission of the project bringing long cherished awaited benefit to the State. ഇതാണ് എക്സ്പെർട്ടായിട്ടുള്ള വാട്ടർ കമ്മീഷ

LIBRARY ARCHIVES Kerala Legislative Assembly

നിലെ ഉദ്യോഗസ്ഥൻമാർ ഇവിടെ വന്ന് രണ്ടു ദിവസമെടുത്ത് പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട്. ഇതിന്റെ കോപ്പി ഞാൻ അന്നുതന്നെ മെമ്പർമാർക്ക് കൊടുക്കുകയും ചെയ്തു.

ഡാമിന്റെ ചോർച്ചയെ സംശയത്തിനതീതമായി ജനങ്ങളെ ബോദ്ധ്യപ്പെടുത്തണമെന്നുണ്ട്. ഇത് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടിയുള്ള ഒരു പ്രോജക്ടാണ്. വേൾഡ് ബാങ്ക് തന്നെ ഈ പ്രോജക്ടിന്റെ ഓരോ
2 p. m.] ഘട്ടങ്ങളും പരിശോധിക്കാനും റിപ്പോർട്ട് തയ്യാറാക്കാനും ഒരു 'ഡാം റിവ്യൂ പാനൽ' ഉണ്ടാക്കിയിട്ടുണ്ട്. ഇൻഡ്യയിൽ മാത്രമല്ല, ഇൻറർനാഷണൽ രംഗത്തും ഡാം കൺസ്ട്രക്ഷനിൽ പ്രശസ്തരായി അംഗീകരിക്കപ്പെട്ടിട്ടുള്ള ശ്രീ. എം. ജി. കെ. മൂർത്തി, ഡോ. വൈ. കെ. മൂർത്തി, ശ്രീ. എം. എസ്. ബാലസുബ്രഹ്മണ്യം തുടങ്ങിയ മൂന്നുപേരാണ് ഇതിലെ അംഗങ്ങൾ. അവർ ഇവിടെയുള്ള ഡാമുകൾ മാത്രമല്ല, ലോകത്തുള്ള പല ഡാമുകളും പരിശോധിക്കുകയും അഭിപ്രായം പറയുകയും ചെയ്തിട്ടുള്ള ഇൻറർനാഷണൽ റെപ്യൂട്ടേഷൻ ഉള്ളവരാണ്. ഞാൻതന്നെ വളരെ നിർബന്ധമായി വാട്ടർ കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയതിനു ശേഷം ഇതിനെക്കുറിച്ച് പഠിക്കാനും ഇതിന് പ്രതിവിധികൾ കാണാനും നടപടികൾ സ്വീകരിക്കാനും വേണ്ടപ്പെട്ടവരോട് വരാൻ പറഞ്ഞു. ടെലഗ്രാഫിക് ഇൻഫർമേഷൻ കൊടുത്തു. അവർ വന്ന് രണ്ടു ദിവസത്തെ പരിശോധനകൾ നടത്തി. 1985 ആഗസ്റ്റ് 25, 27 തീയതികളിൽ പരിശോധനകൾ നടത്തി റിപ്പോർട്ട് തന്നു. അവർ തന്ന റിപ്പോർട്ടിൽ വളരെ വ്യക്തമായി സീപേജിനെക്കുറിച്ചുള്ള ടേബിൾ കൊടുത്തിട്ടുണ്ട്. ഇതും ബഹുമാനപ്പെട്ട മെമ്പർമാർക്ക് തരാൻ ശ്രമിക്കാം. അല്ലെങ്കിൽ വന്നാലതു പരിശോധിക്കാവുന്നതാണ്. ഏറ്റവും കൂടുതൽ സീപ്പേജ് ഉണ്ടായത് 29-9-1985-ലാണ്. അത് 903.43 ലിറ്റർ പെർ മിനിറ്റായിരുന്നുവെന്ന് അവർ പറഞ്ഞു. ഇത് യാതൊരു നിലയ്ക്കും കുഴപ്പത്തിനു വകയില്ലെന്നും അപകടമില്ലെന്നും സാധാരണ മേൺസറി ഡാമുകളിൽ സംഭവിക്കാവുന്നതിന്റെ വളരെ കുറച്ചു മാത്രമേയുള്ളുവെന്നും അവർ പറഞ്ഞു.

During the present visit of the panel it was found that there was hardly been any seepage observed on the downstream slope even though the reservoir level was plus 333 height. However, some parts of the downstream face are wet. Thus the seepage through the body of the dam coming out on the downstream face appears insignificant. ഇതാണ് പാനലിന്റെ അഭിപ്രായം. അവർ വന്നപ്പോഴും ആണ് നമ്മൾ ഗ്രൗട്ടിങ്ങിന്റെ കുറെ പ്രവർത്തനങ്ങൾ നടത്തിയത്. ശ്രീ. നായനാരും ശ്രീ. ബേബി ജോണും അവിടെ സന്ദർശിച്ചതിനുശേഷവും ഗ്രൗട്ടിങ്ങ് പ്രവർത്തനം നടത്തിയിരുന്നു. അതുകൊണ്ട് കുറെ ലീക്കേജ് മാറി. മാതൃഭൂമി പത്രത്തിൽത്തന്നെ ലീക്കേജ് കുറഞ്ഞതായി പിന്നീട് റിപ്പോർട്ട് വന്നിരുന്നു. നിങ്ങൾ പോയസമയത്തും കുറെ സീപ്പേജ് ഉണ്ടായിരുന്നു. ഗ്യാലറിയിൽ വെള്ളവും ഉണ്ടായിരുന്നു. പവ്വർ ഇല്ലാത്തതുകൊണ്ട് ഗ്യാലറിയിൽ നിന്ന് വെള്ളം പമ്പ് ഔട്ട് ചെയ്യാൻ കഴിഞ്ഞില്ല. അങ്ങനെയാണ് ഗ്യാലറിയിൽ വെള്ളം കെട്ടിനിന്നത്. ലീക്കേജിന്റെ വെള്ളം മുഴുവൻ അന്ന് സ്റ്റോറാർ ചെയ്ത് നിൽക്കുകയായിരുന്നു. നിങ്ങളത് മനസ്സിലാക്കിയില്ല. പിന്നീട് അത് പമ്പ് ഔട്ട് ചെയ്തു. ഇങ്ങനെ ഗ്യാലറിയിൽ വെള്ളം നിറയുന്നതും സീപ്പേജുണ്ടാകുന്നതും വെള്ളം പമ്പ് ഔട്ട് ചെയ്യുന്നതും എല്ലാ ഡാമുകളിലും സാധാരണമാണ്. നിങ്ങളതു മനസ്സിലാക്കാതെ വെള്ളം കണ്ടപ്പോഴേ പരിഭ്രമിച്ചുപോയി. ഇതാണ് സംഭവിച്ചത്. അതിനുശേഷമാണ് പാനലിന്റെ വ്യക്തമായ അഭിപ്രായം വരുന്നത്, അത് ഞാനിവിടെ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

The panel is of the view that the seepage problems that are encountered in Kallada Dam are neither unusual nor abnormal and not a case for any anxiety with regard to the safety of the dam subject to the obser, vation made above. ഇതാണ് ആ പാനലിന്റെ റിപ്പോർട്ട്. ഇത് കൂടാതെ പ്ലഗ് ചെയ്യുന്നതിനു മുമ്പുതന്നെ വളരെ ക്രഡിറ്റഡ് എഞ്ചിനീയേഴ്സ് ഇവിടെ വന്ന് പരിശോധനകൾ നടത്തിയതിന്റെ റിപ്പോർട്ടുകളും ഇവിടെയുണ്ട്. അവർ പരിശോധന നടത്തിയത് 1985 മാർച്ച് മാസത്തിലാണ്. ജൂൺ 25-ാം തീയതി അതിന്റെ റിപ്പോർട്ട് അയച്ചുതന്നു. ആ റിപ്പോർട്ടിൽ അവർ പറയുന്നത്.

The mission was generally satisfied with the overall progress and quality of the construction achieved until March 1985 on the dam spill way lying the main and branch canal structures. The achievement on the distribution and net works, distribution systems and minor conveyance systems is however beyond schedule and this has to be accelerated. ഇതെല്ലാം ഞാൻ കഴിഞ്ഞ തവണ സഭയിൽ പറഞ്ഞുവച്ചതാണ്. ഡാമിനെക്കുറിച്ച് യാതൊന്നും തന്നെ പറയേണ്ടതില്ല. നമ്മെ കണ്ടുവരുന്ന സീപ്പേജ് വളരെ അബ്നോർമലല്ല, നോർമലാണ്. അതു മാത്രമല്ല, വേറൊരു കാര്യം കൂടി ഓർമ്മപ്പെടുത്തുകയാണ്. ഇൻഡ്യയിലെ എല്ലാ മേസൻറി ഡാമുകൾക്കും ഇതേ അനുഭവമാണ്. 1953-ൽ മേസൻറി ഡാമുകളിൽ എത്രയാണ് ഇങ്ങനെയുള്ള സീപ്പേജുകൾ ഉണ്ടാകുന്നു- ഇതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആഗ്രാ ഇൻഡ്യാ ലെവലിൽ ഒരു സിമ്പോസിയം നടന്നു. പല സംസ്ഥാനങ്ങളിലുമുള്ള എഞ്ചിനീയർമാരും ചീഫ് എഞ്ചിനീയർമാരുമെല്ലാം ഈ സിമ്പോസിയത്തിൽ പങ്കെടുത്തു. അവർ പരിശോധന നടത്തി. അതിൻപ്രകാരം പറയുന്നത്, മദ്ധ്യപ്രദേശിലെ ബർണാഡാം 1969-74 കാലഘട്ടത്തിൽ പണി തീർത്തതാണ്. അവിടെ ചോർച്ച 6800 ലിറ്റർ പെർ മിനിറ്റാണ്. അതുപോലെ കർണ്ണാടകത്തിലെ തൽക്കാലയാ ഡാമിൽ ചോർച്ച 6650 ലിറ്റർ പെർമിനിറ്റാണ്. ഞാനതിനെ ന്യായീകരിക്കുകയല്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, കോട്ട് ചെയ്യുന്ന പേപ്പറുകൾ മേശപ്പുറത്തു വയ്ക്കണം.

.. .. (ബഹളം) .. ..

ശ്രീ. എം. പി. ഗംഗാധരൻ : അതുപോലെ ജോൺബറായി ഡാമിലെ ചോർച്ച 6650 ലിറ്റർ പെർമിനിറ്റും ഹേമാവതി ഡാമിലേത് 1100 ലിറ്റർ പെർമിനിറ്റും അതുപോലെ കർണ്ണാടകത്തിലെ മറ്റു ഡാമുകളായ ഭദ്രാഡാം, ബദ്ഗരിഡാം എന്നിവയിലുമൊക്കെ ചോർച്ചയുണ്ടായിട്ടുണ്ട്. ....(ബഹളം)..

മി. സ്പീക്കർ : ആ പേപ്പറുകളൊക്കെ മേശപ്പുറത്തു വയ്ക്കാനുള്ള ഉത്തരവ് കൊടുത്തിട്ടുണ്ട്.

ശ്രീ. എം. പി. ഗംഗാധരൻ : സർ, ഈ ഡാമുകളിലൊക്കെ തന്നെ അയ്യായിരവും ആറായിരവും ലിറ്റർ പെർമിനിറ്റ് വരെ സീപ്പേജുള്ളപ്പോൾ കല്ലട ഡാമിനെ സംബന്ധിച്ചിടത്തോളം ആയിരത്തിൽ താഴെയാണ് സീപ്പേജ് കാണുന്നത്. അതാണ് അവർ പറഞ്ഞത്.

It is insignificant. There is no cause of alarm. അവർ അത് വിശദീകരിക്കുകയും ചെയ്തു. ഇപ്പോഴത്തെ സ്ഥിതിയെന്താണ് ?

റിപ്പോർട്ടനുസരിച്ച് 232.08 ലിറ്റർ പെർമിനിറ്റായി കുറഞ്ഞിരിക്കുകയാണ്. .. .. (ബഹളം) .. ..

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അന്ന് തന്നെ ഈ നിയമസഭയിൽ ബോധിപ്പിച്ചതാണ് ഗണ്ണയിറിങ്ങ്, ഗ്രൗട്ടിങ്ങ് എന്നിവ നടത്തിയാൽ പൂർണ്ണമായും സീപ്പേജ് പോകുമെന്ന്. അതിന്ന് സത്യമായി വന്നിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളിലെ ഡാമു കളം പോകട്ടെ. കല്ലട ഡാമിൽ ചോർച്ച വന്നപ്പോൾ 'ഗംഗാധരൻ രാജിവയ്ക്ക ണ'മെന്ന് പറഞ്ഞവരോട് ഞാനൊന്നു പറയട്ടെ, കേരളത്തിൽ എത്ര ഡാമുണ്ട്? കഴിഞ്ഞ വർഷം കുറ്റ്യാടി ഡാമിൽ ചോർച്ചയുണ്ടായില്ലേ? അതും മേൻസൻറി ഡാമാണ്. ശ്രീ. നായനാർ കമ്മീഷൻ ചെയ്ത പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാമിൽ കഴിഞ്ഞ വർഷം ഗ്യാലറിയിൽ മുഴുവനും വെള്ളമായി രുന്നു. ഞാൻ ഭരിച്ച കാലത്താണോ ആ ഡാം കെട്ടിയത്? നിങ്ങളിന്ന് പ്രതി നിധാനം ചെയ്യുന്ന മലമ്പുഴ ഡാമിൽ മിക്ക കൊല്ലങ്ങളിലും ചോർച്ചയുണ്ടാകാ റുണ്ട്. അതൊന്നു പോയി പരിശോധിക്കണം. കേരളത്തിലെ പല ഡാമുക ളിലും ഇത് സംഭവിച്ചിട്ടുണ്ട്. കല്ലട ഡാമിലും സംഭവിച്ചതിന് പരിഹാര മാർഗ്ഗങ്ങളം നടത്തിയിട്ടുമുണ്ട്. ആത് പൂർത്തീകരിച്ചുകൊണ്ടിരിക്കുക യാണ്. അതുകൊണ്ട് അതിനെക്കുറിച്ച് ആശങ്കയ്ക്ക് വഴിയില്ല. സീപ്പേജ് പരിഹരിക്കുന്നതിനുവേണ്ടി എല്ലാ നടപടികളും നിയമപരമായും കൺസ്ട്ര ക്ഷൻ വഴിയും എടുത്തു വരുന്നുണ്ട്. ഇന്ന് സീപ്പേജ് വളരെ കുറഞ്ഞിരിക്കു കയാണ്. ഒരു നിലയിലും ഉൽക്കണ്ഠ ആവശ്യമില്ല. പി. എ. സി. മെമ്പർമാർ അവിടെ പോയി പരിശോധിച്ച് സീപ്പേജ് കണ്ടപ്പോൾ അവർക്ക് ഭയം തോന്നി. അതിലൊന്നും ഞാൻ തെറ്റ് കാണുന്നില്ല. പി. എ. സി. റിപ്പോർട്ടിൽ ഡിപ്പാർട്ടുമെൻറിൽ നിന്ന് കിട്ടിയ വിവരങ്ങളാണ്. ഗവൺ മെൻറിനോട് ചോദിക്കുകയോ വിശദീകരണം കൊടുക്കുകയോ തെളിവെടുപ്പ് നടത്തുകയോ ചെയ്തിട്ട് submit ചെയ്തതല്ല.

സർ, പി. എ. സി. യുടെ സജഷൻ ഗവൺമെൻറ് സ്വീകരിക്കും; പരിഹാരം കണ്ടെത്തും. ആദരവോടുകൂടി സ്വീകരിക്കും. അതിന് തർക്കമില്ല. പി. എ. സി. റിപ്പോർട്ട് ഞങ്ങൾക്ക് കിട്ടി. ഞങ്ങൾ അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അതിൽപ്പറഞ്ഞ ചില കാര്യങ്ങൾ ശരിയാണോയെന്ന് പരിശോധിക്കുകയാണ്. പി. എ. സി. യിൽ ടെക്നിക്കൽ മെമ്പറൻമാരാരു മില്ല. ഇത് ഡിപ്പാർട്ടുമെൻറിൽ നിന്നു കിട്ടിയ വിവരങ്ങളാണ്. അതുകൊ ണ്ടാണ് അത് പരിശോധിച്ചുകൊണ്ടിരിക്കുന്നത്. ഡിപ്പാർട്ടുമെൻറുദ്യോഗ സ്ഥൻമാരിൽനിന്നു കിട്ടിയ ഒരു റിപ്പോർട്ടുപ്രകാരം കല്ലട ഡാമിനെപ്പറ്റി ഒരു ജുഡീഷ്യൽ എൻകയറി വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഞാൻ പറയു ന്നത്, പി. എ. സി. പോലും അവിടെ ജുഡീഷ്യൽ എൻകയറി വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഒരു എൻകയറി വേണമെന്നേ പറഞ്ഞുള്ളൂ. എങ്കിലും ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഒരു ജുഡീഷ്യൽ എൻകയറി തന്നെ വേണമെന്നത് ഞാൻ സന്തോഷത്തോടുകൂടി സ്വീകരിച്ചിരിക്കുന്നു.

ഒന്നു രണ്ടു കാര്യങ്ങൾ ഈ ചർച്ചയിൽ പറഞ്ഞു. ഞാൻ പൈപ്പു വാങ്ങി യെന്ന്. എന്താ പൈപ്പു വാങ്ങിയാൽ? കല്ലട ഡാമിൻെറ പ്രോജക്ട് റിപ്പോർ ട്ടിൽ, വേൾഡ് ബാങ്കിൻെറ റിപ്പോർട്ടിൽ അൻപത്തേഴായിരം ഹെക്ടർ പറമ്പു കളിൽ പി. വി. സി. പൈപ്പുമുഖേന വെള്ളം കൊടുക്കണമെന്നാണ് പറഞ്ഞത്. അതുപ്രകാരമുള്ള മൈനർ കൺവയൻസ് നമ്മൾ ഉണ്ടാക്കിയിരിക്കുകയാണ്. പക്ഷേ കഴിഞ്ഞ കൊല്ലം നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. കാരണം, അതിന് കമാൻഡ് ഏരിയാ ഡവലപ്പ്മെൻറ് അതോറിറ്റി ഉണ്ടാക്കണം. എൻെറ വകുപ്പി ലേക്ക് കമാൻഡ് ഏരിയാ ഡവലപ്പ്മെൻറ് മാറ്റിയശേഷം അതിന് ഒരു ഓർഡി നൻസ് ഉണ്ടാക്കി—1985 ജനുവരിയിൽ. മാർച്ചിൽ അതിൻെറ അതോറിറ്റി ഉണ്ടാക്കി. മാർച്ച് 31-ന് വേൾഡ് ബാങ്കിൽനിന്ന് ആ ഇനത്തിൽ കിട്ടുന്ന പണം ലാപ്സാകും. അല്ലെങ്കിൽ ചെലവഴിക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് മൈനർ കൺവയൻസ് പ്രകാരം നടപ്പിൽ വരുത്തുവാനുള്ള പി. വി. സി.

LIBRARY ARCHIVES Kerala Legislative Assembly

പൈപ്പുകൾ വാങ്ങിയത്. അത് വേൾഡ് ബാങ്ക് അപ്രൂവ് ചെയ്ത് വാങ്ങിയതാണ്. റേറ്റ് കോൺട്രാക്ടിൽ ആണ് വാങ്ങിയത്. ഇൻഡ്യാ ഗവൺമെൻറ് അംഗീകരിച്ച റേറ്റ് കോൺട്രാക്ടിലാണ് ഇതു മുഴുവൻ വാങ്ങിയത്. ആ പണം റീഇംബേഴ്സ് ചെയ്തു കിട്ടുകയും ചെയ്തു. അത് വാങ്ങിയിരുന്നില്ലായെങ്കിൽ വേൾഡ് ബാങ്കിൽനിന്ന് റീഇംബേഴ്സ് ചെയ്ത് കിട്ടുമായിരുന്നില്ല. അത് നേരാംവണ്ണം ചെയ്തതാണോ തെറ്റായി പറയുന്നത്? അവിഹിതമായിപ്പോയിയെന്ന് ഇവിടെ [ശ്രീ. അരവിന്ദാക്ഷൻ പറഞ്ഞു. പൈപ്പ് ഇനിയും വേണം. അതിന് ഗ്ലോബൽ ടെൻഡർ വിളിച്ചിരിക്കുകയാണ്. അൻപത്തേഴായിരം ഹെക്ടറിൽ ചാനലിൽനിന്ന് പൈപ്പ് വഴി വെള്ളം നൽകുന്ന സമ്പ്രദായം അംഗീകരിച്ച ബഡ്ജറാണ്. [ശ്രീ. ബേബിജോണിന് അതറിയുകയില്ല. പൈപ്പില്ലാതെ അത് നടക്കുമോ? അതിനാണ് അഴിമതിയെന്നു പറയുന്നത്?

അതുപോലെതന്നെ ശ്രീ. നായനാർ സിമൻറിൻെറ കാര്യം പറഞ്ഞു. ഈ ഗവൺമെൻറ് വന്നതിനുശേഷം സിമൻറിന് കരാറുകളും ഏർപ്പാടുകളും ഉണ്ടായി. ശരിയാണ്. എനിക്ക് ആക്ഷേപം കിട്ടി. സി. ടി. ഇ. റിപ്പോർട്ട് ശ്രീ. കരുണാകരൻ ഉണ്ടാക്കിയതല്ല. [ശ്രീ. ബേബിജോൺ ചോദിച്ചു സി.ടി.ഇ. റിപ്പോർട്ടിൽ എന്ത് ആക്ഷൻ എടുത്തുവെന്ന്. ഡാമിൽ ക്രാക്കുണ്ട്. അവിടെ സിമൻറ് കവർച്ച നടക്കുന്നു. അവിടെ വലിയ അക്രമങ്ങൾ നടക്കുന്നു. എനിക്ക് ആക്ഷേപം കിട്ടിയപ്പോൾ ഞാനാണ് സി. ടി. ഇ. യ്ക്ക് അയച്ചത്. സി.ടി.ഇ. പോയി റിപ്പോർട്ട് തന്നു. അദ്ദേഹം നോക്കി. സിമൻറ് തിരിമറി ചെയ്തിട്ടില്ല, സിമൻറ് ഷോർട്ട് ഇല്ല. പക്ഷേ രണ്ടായിരത്തിൽ ചില്ലാനം ചാക്ക് അവിടെയുണ്ട്. എന്തിനാ തിന്നാനാണോ ആ ചാക്ക് എന്ന് ശ്രീ. നായനാർ ചോദിച്ചു. ഞാൻ ഒന്നു പരിശോധിച്ചു. ശ്രീ. നായനാർ മുഖ്യമന്ത്രി ആയിരുന്ന കാലത്ത്, ശ്രീ. സുബ്ബറാവു ഭരിച്ചിരുന്ന കാലത്ത് എന്തായിരുന്നു സ്ഥിതി? 28-3-1980 മുതൽ 19-6-1982 വരെ സിമൻറ് ഡിസ്ട്രിബ്യൂട്ട് ചെയ്തതിൻെറ ലിസ്റ്റ് എൻെറ കൈവശമുണ്ട്. ഞാൻ അത് ഇവിടെ വയ്ക്കാം. എനിക്ക് കിട്ടിയ ലിസ്റ്റ് 17-6-ന് അയ്യായിരം ടൺ, 17-6-ന് വീണ്ടും അയ്യായിരം ടൺ. 2-7-ന് ഒൻപതിനായിരം ടൺ, 28-7-ന് അയ്യായിരം ടൺ. ഒരേ തീയതിയിൽത്തന്നെ രണ്ട് അയ്യായിരം. എന്നാൽ എനിക്ക് ആക്ഷേപം കിട്ടിയ ശേഷം അതാത് ദിവസത്തേക്ക് വേണ്ടത് 600 ചാക്ക് സിമൻറ് മാത്രമാണ്. അത് എണ്ണിയേ കൊടുക്കാവൂ എന്ന് ഒരു നിബന്ധന വച്ചിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട അതിൻെറ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഞാൻ പണിഷ്മെൻറ് ട്രാൻസ്ഫർ നൽകിക്കൊണ്ട് മാറ്റി. ഒരു ദിവസംപോലും പിന്നെ 600-ന് മുകളിൽ കൊടുക്കേണ്ടി വന്നിട്ടില്ല. അയ്യായിരം, എണ്ണായിരം അങ്ങനെയായിരുന്നു പഴയ കാലത്ത് കൊടുത്തിരുന്നത്. ഏതായാലും അതിനെക്കുറിച്ച് നിബന്ധനയുണ്ടാക്കി കർശനമായ നടപടികളും എടുത്തു.

അതുപോലെ തന്നെ സ്റ്റൂയിസ് വാൽവിനെപ്പറ്റി ഞാൻ ഇവിടെ വ്യക്തമാക്കിയതാണ്. ശ്രീ. നായനാർ 1981-ൽ ഭരിച്ചിരുന്ന കാലത്ത് ശ്രീ. സുബ്ബറാവു മന്ത്രിയായിരുന്ന കാലത്ത്, ശ്രീ. അബൂബക്കർ മരാമത്തു മന്ത്രിയായിരുന്ന കാലത്ത് ആണ് സ്റ്റൂയിസ് വാൽവിൻെറ ഇടപാടുകൾ നടന്നത്. ശ്രീ. ഉദയകുമാറിൻെറ ഇന്ദിരാ എഞ്ചിനീയറിംഗ് കമ്പനിയോട് അവർക്ക് പ്രേമമുണ്ടായി. അതിന് ഒരു ലക്ഷത്തിൻെറ ടെണ്ടർ വിളിച്ച് 62 ലക്ഷത്തിന് വാങ്ങി. മാത്രമല്ല ഇതിൻെറ സ്റ്റൂയിസേ എല്ലാ ഡിവിഷനിലും വാങ്ങാവൂ എന്ന് റിപ്പീറ്റഡ് ഓർഡേഴ്സ് കൊടുക്കണമെന്ന് ഉത്തരവിട്ട ശേഷം ഇറങ്ങിപ്പോയി. ഞാൻ വന്നതിനുശേഷം എനിക്ക് anonymous letter കിട്ടി. ഞാൻ അന്വേഷണത്തിന് വിട്ടു. വിജിലൻസ് എൻക്വയറി നടത്താൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു. വിജിലൻസ് എൻക്വയറി കഴിഞ്ഞ് റിപ്പോർട്ട് വന്നുവെന്ന് പത്രത്തിൽ കണ്ടു. ഞങ്ങൾക്ക് കിട്ടിയിട്ടില്ല. കിട്ടിക്കഴിഞ്ഞാൽ ഉടനെ കർശനമായ നടപടി എടുക്കുന്നതാണ്. നിങ്ങൾ പറഞ്ഞ പത്തുശതമാനം, ഉദയകുമാറിന്റെ പേരിൽ എടുക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ശ്രീ. മാണി പറഞ്ഞതുപോലെ പലപ്പോഴും വാഗ്ദാനം പ്രതികളാകും. എന്നിട്ട് കിടന്ന് ഉരുണ്ടുകളിച്ചാൽ കാര്യമില്ല.

ഏതായാലും കല്ലട ഡാമിനെ സംബന്ധിച്ചിടത്തോളം അതിന്റെ സീപ്പേജ് സാധാരണ ഗതിയിൽ മേസൺറി ഡാമിൽ സംഭവിക്കുന്നതു സംഭവിച്ചിരിക്കുകയാണ്. ഏതായാലും അത് പരിഹരിക്കാനുള്ള എല്ലാ നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്. ഒരു ജുഡീഷ്യൽ എൻക്വയറിയെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷത്തോടുകൂടിയാണ് തീരുമാനിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ ഒരു ബുദ്ധിമുട്ട് പ്രത്യേകിച്ച് പ്രതിപക്ഷത്തിനുണ്ട്. 1960-61 കാലഘട്ടം മുതൽ ഈ പദ്ധതി കേൾക്കാൻ തുടങ്ങിയതാണ്. 1982-ൽ ഞങ്ങൾ അധികാരത്തിൽ വരുന്നതുവരെ ഈ പദ്ധതി പ്രവർത്തനം ഇഴഞ്ഞുപോയിരുന്നു. ഇന്ന് ഈ പദ്ധതിക്ക് 176 കോടി രൂപ എസ്റ്റിമേറ്റ് തുകയാണ്. അതിൽ 134 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. എന്നാൽ ഇത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഈ ഗവൺമെൻറ് വന്നതിനുശേഷമാണ് ഈ ഡാമിന്റെ പണി പൂർത്തീകരിച്ചത്, റിസർവോയർ ഉണ്ടായത്. അതുമാത്രമല്ല ഈ ഡാമിനെ സംബന്ധിച്ചിടത്തോളം മൂന്നു കൊല്ലക്കാലം കൊണ്ട് 134 കോടി രൂപ ചെലവഴിച്ചു. 76 കോടിയോളം ചെലവഴിക്കും. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ആശ്വാസം കണ്ടെത്തുവാൻ നടപടികളും സ്വീകരിച്ചതാണ് ഈ ഗവൺമെൻറിന്റെ കുറ്റം. അതാണെങ്കിൽ അത് ഏറ്റെടുക്കാൻ ഞങ്ങൾ തയ്യാറാണ്. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. ഏതായാലും ഇവിടെ പറഞ്ഞ പരാമർശങ്ങൾക്ക് യാതൊരു കഴമ്പുമില്ല. അടിസ്ഥാനരഹിതമാണ്; അസത്യമാണ് എന്ന് ഈ സഭയെ ബോദ്ധ്യപ്പെടുത്താനാണ് ഈ സന്ദർഭം വിനിയോഗിക്കുന്നത്.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഇന്ന് വൈകുന്നേരം നാലു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ ഉച്ചയ്ക്കുശേഷം 2.18-ന് പിരിഞ്ഞു.)

VII. നിയമനിർമ്മാണ കാര്യം

(നിയമസഭ വൈകുന്നേരം 4-മണിക്ക് വീണ്ടും ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു)

(1) 1985-ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 1985-ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

1985-ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ, ഭൂനികുതി, വനം, മൽസ്യബന്ധനം എന്ന രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ഡോ. കെ. സി. ജോസഫ്: ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. ജെ. ജോസഫ്: ലാൻഡ് അക്വിസിഷനെ സംബന്ധിച്ച് സെൻട്രൽ ആക്ടിൽ കാര്യമായ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തി

LIBRARY ARCHIVES Kerala Legislative Assembly